LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസൽ ചെയ്യാനുള്ള അധികാരം ഈ ഡയറക്ടർക്ക് ഇല്ല. നിയമവിരുദ്ധമാണിത്. വെറും രാഷ്ട്രീയ താൽപ്പര്യം വച്ചുകൊണ്ട് ഒരു ഡയറക്ടർ ചെയ്തിട്ടുള്ളതാണ്. ആദ്യത്തെ രണ്ടു നോട്ടിഫിക്കേഷനുകളുടെ അടിസ്ഥാനത്തിൽ, തെറ്റ് ചെയ്ത ഡയറക്ടറുടെ പേരിൽ നടപടി കൈകൊള്ളുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പ് നടത്താൻ 7.6.99 ലെ എൽ.എഫ്. 15266/എസ്.എസ്. 97 നമ്പരായി ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് 14.6.1999-ൽ തുടങ്ങി 19.7.99-ൽ തീരത്തക്ക രീതിയിലുള്ള സമയവിവരപ്പട്ടിക റദ്ദ് ചെയ്തു. നിശ്ചയിച്ചിരുന്ന തെരഞ്ഞെടുപ്പ് സമയവിവരപ്പട്ടിക റദ്ദ് ചെയ്തുകൊണ്ട് പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് ആ ഡിപ്പാർട്ടുമെന്റിൽ ആർക്കും പരാതിയില്ലാതെ പരമാവധി ജീവനക്കാർക്ക് വോട്ട് അവകാശം നൽകി നടത്താൻവേണ്ടിയാണ്. ഇനി തെരഞ്ഞെടുപ്പ് എന്ന് നടത്താൻ കഴിയുമെന്ന് ഉടനെതന്നെ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ കഴിഞ്ഞ നിയമസഭയിൽ തന്നതാണ്. ഒരുപാട് ദിവസമായി അങ്ങ് പറയുന്നു നാളെ നാളെ എന്ന്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി വന്നപ്പോൾ പറഞ്ഞു ആ റിപ്പോർട്ട് കൊണ്ടുവന്നില്ല; ഇന്ന് തരാമെന്ന്.

മി. സ്പീക്കർ : ഇതൊക്കെ ക്രമപ്രശ്നമാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി വന്നപ്പോൾ റിപ്പോർട്ട് കൊണ്ടുവന്നില്ലെന്ന് പറഞ്ഞു. ഒരു ദിവസം താമസിച്ചാലും കുഴപ്പമുള്ള വിഷയമല്ല. നാളെ എടുക്കാം.

IV. ധനകാര്യം

1999-2000 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു: സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള സംവിധാനമില്ലാത്തതിനാൽ നഗരം ചീഞ്ഞുനാറാനിടയാകുന്നതായി പറയപ്പെടുന്ന സാഹചര്യം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്.)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഒരു നഗരസഭ കൗൺസിലിന്റെ കാലാവധിക്കുള്ളിൽ നഗരസഭാംഗങ്ങൾ കക്ഷി മാറുന്നപക്ഷം അവർ രാജിവച്ച് പുതിയ തെരഞ്ഞെടുപ്പിനെ നേരിടുന്ന വിധമുള്ള നിയമം നിർമ്മിക്കണമെന്നാവശ്യപ്പെടുന്നതിന്.)

ശ്രീ. ബി. വിജയകുമാർ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തിരുവനന്തപുരം നഗരത്തിൽ ഓടകൾ പൊളിഞ്ഞും ഡ്രെയിനേജുകൾ പൊട്ടിയും ദുർഗന്ധം വമിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. കെ.പി.എ. മജീദ് : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ചചെയ്യുന്നതിന്.)

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി.എം. ജേക്കബ് : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. പി.കെ. അബ്ദു റബ്ബ്: സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. നാലകത്ത് സൂപ്പി : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. സുധാകരൻ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി. പി. തങ്കച്ചൻ : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. വി.ജെ. പൗലോസ് : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ.സി. വേണുഗോപാൽ : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി.ജെ. ജോയി : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. പാലോട് രവി : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. ജോണി നെല്ലൂർ : സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ,

നഗര വികസനം എന്ന XXII-ാം നമ്പർ ധനാർഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,23,11,75,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV-പഞ്ചായത്ത്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ബി. വിജയകുമാർ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജനകീയാസൂത്രണ പ്രകാരം ത്രിതല. പഞ്ചായത്തുകളിൽ നടത്തുന്ന പണികൾ ബനിഫിഷിറി കമ്മിറ്റിയെക്കൊണ്ട് നടത്തിക്കുന്നതിനു പകരം കോൺട്രാക്ടർമാരെ ബിനാമികളായി വച്ചു നടത്തുന്നതായി പറയപ്പെടുന്നതി നെപ്പറ്റി അന്വേഷണം നടത്തുന്നതിനും കുറ്റക്കാരെ ശിക്ഷാവിധേയരാക്കുന്ന തിനും അനുയോജ്യമായ നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ,

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന അർഹരായ വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുപകരം ബന്ധപ്പെട്ട ഗ്രാമപ ഞ്ചായത്തുകൾ അവർക്കിഷ്ടം പോലെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന തായി പറയപ്പെടുന്നതിനെ ഫലപ്രദമായി തടയുന്നതിനുള്ള നയം സ്വീകരിക്ക ണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. കെ.സി. ജോസഫ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പി കയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ത്രിതല ഗ്രാമപഞ്ചായത്തുകൾ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങ ളുടെ ലിസ്റ്റ് പഞ്ചായത്താഫീസിലും, വില്ലേജാഫീസിലും പ്രസിദ്ധീകരിക്കണ മെന്ന നയം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്).

ശ്രീ. കെ.സി. വേണുഗോപാൽ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗ്രാമ പഞ്ചായത്തുകളിൽ ശ്വാനശല്യം ഒഴിവാക്കുന്നതിനുള്ള നയം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. പൗലോസ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്ത് മാനേജ്മെന്റിലുള്ള സ്കൂളുകളിലെ നിയമനം പി.എസ്.സി. വഴി നടത്തണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാതിരുന്ന നയം തിരുത്തിക്കുറിക്കണമെന്നാവശ്യപ്പെടുന്നതിന്).

പ്രൊഫ : സാവിത്രി ലക്ഷ്മണൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൊല്ലം ജില്ലയിൽ കല്ലുവാതുക്കൽ പഞ്ചായത്തും മറ്റു പഞ്ചായത്തുകളും നടത്തുന്ന ഹൈസ്കൂളിൽ നിരവധി ഒഴിവുണ്ടായിട്ടും അവയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താത്തതായി പറയപ്പെടുന്ന നയം തിരുത്തിക്കുറിക്കണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. പി.ജെ. ജോയി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണത്തിൽപ്പെടുത്തി നൽകിയ തുക വകമാറ്റി ചെലവു ചെയ്തതിനെപ്പറ്റി അന്വേഷിക്കുകയും തുകയുടെ വിനിയോഗത്തിൽ ന്യൂനത വരുത്തിയവരുടെ മേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്).

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ജോണി നെല്ലൂർ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക.യിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ബാബു : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. മാമ്മൻ മത്തായി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. മൊയിൻകുട്ടി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി.എ. മജീദ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.പി. തങ്കച്ചൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. സുധാകരൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പാലോട് രവി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,13,22,55,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ബി. വിജയകുമാർ : സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. അധികാരവികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും ഫണ്ടും ലഭ്യമാക്കി ജനാഭിലാഷ പദ്ധതികൾ അതിവേഗം നടപ്പിലാക്കാനാണ് പഞ്ചായത്ത് രാജ്, നഗരപാലിക ബിൽ കൊണ്ടുവന്നത്. എന്നാൽ ഈ പദ്ധതിയെ അട്ടിമറിച്ചുകൊണ്ട്, പഞ്ചാ യത്ത് അംഗങ്ങളുടെ സ്വയംഭരണാവകാശത്തെ തകർത്തുകൊണ്ട്, തെരഞ്ഞെ ടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളെ നോക്കുകുത്തികളാക്കിക്കൊണ്ട് അധി കാരം മാർക്സിസ്റ്റ് തത്വചിന്തകരിൽ അഥവാ പ്ലാനിംഗ് ബോർഡിൽ കേന്ദ്രീക രിക്കുകയും മാർക്സിസ്റ്റ് സഹയാത്രികരിലൂടെ അഥവാ Co-Ordinators, Resources persons and Expert Committee Members- ലൂടെ നടത്തുന്ന ഒരു അഴി മതി വികസന പ്രക്രിയയാണ് ജനകീയാസൂത്രണ പ്രക്രിയ.

പണ്ട്, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്ന കാലത്ത് ചില ഹോട്ടലുകളിലും ബാർബർ ഷാപ്പുകളിലും ''പ്രവേശനം ബ്രാഹ്മണർക്കും നായന്മാർക്കും മാത്രം'' എന്ന് എഴുതി വച്ചിരുന്നതുപോലെ ആസൂത്രണബോർഡിൽ പ്രവേശനം സി.പി.എം-കാർക്കും സഹയാത്രി കർക്കും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ് ഈ 1999-ൽപ്പോലും. നാമമാത്രമായ പരിശീലനം ലഭിച്ച റിസോഴ്സസ് പേഴ്സൺസ് എന്ന മാർക്സിസ്റ്റ് സന്ദേശവാഹകർ പരിണിതപ്രജ്ഞരായ ഉദ്യോഗസ്ഥന്മാർക്ക് ക്ലാസ് എടുക്കുന്നു. പല ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥന്മാരെ വിളിച്ച് ക്ലാസെടുക്കുന്നത് നാമമാത്രമായ പരിശീലനം ലഭിച്ച റിസോഴ്സസ് പേഴ്സൺസ് ആണ്. നീർക്കോലിയെ നീന്തൽ പഠിപ്പിക്കുന്നതുപോലെയാണ് റിസോഴ്സസ് പേഴ്സൺസ് ഈ വ്യായാമം നടത്തുന്നത്, നിലാവത്ത് കോഴിയെ ഇറക്കിവിട്ടതുപോലെ പദ്ധതി നടത്തിപ്പിന് ചില സി.പി.എം. സുഹൃ ത്തുകളെ ഈ റിസോഴ്സസ് പേഴ്സൺസായി ഇറക്കിവിട്ടിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ കഴിഞ്ഞതിന്റെ മുമ്പിലത്തെ സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ട് വാങ്ങി ജയിച്ച നമ്മുടെ ബഹുമാ നപ്പെട്ട മന്ത്രി ശ്രീ. പാലോളി മുഹമ്മദ്കുട്ടി കഴിഞ്ഞ സംസ്ഥാന കമ്മിറ്റി തെര ഞ്ഞെടുപ്പിൽ പിൻതള്ളപ്പെട്ടുപോയതുകൊണ്ട് ആ നഷ്ടപ്പെട്ട സ്വാധീനം വീണ്ടെടുക്കാൻ മാർക്സിസ്റ്റുകാർ നടത്തുന്ന അഴിമതിക്ക് അദ്ദേഹം കൂട്ടു നിൽക്കുകയാണ്. ഇ.എം. ശങ്കരൻനമ്പൂതിരിപ്പാട് കൊണ്ടുവന്ന ജനകീയാസൂ ത്രണ സംവിധാനത്തോട് അൽപ്പെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നുവെ ങ്കിൽ ആവശ്യമായ ഫണ്ടും അതിനുള്ള അധികാരവും കൊടുക്കുന്നതോ ടൊപ്പം വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരെക്കൂടി വിഭജിച്ച് തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണമായിരുന്നു. അങ്ങനെ കൊടു ത്തിരുന്നുവെങ്കിൽ സി.പി.ഐ.യും ആർ.എസ്.പി.യും ഞങ്ങളും പറയുന്നതു പോലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളെ ഭരിക്കുന്ന എക്സ് പെർട്ട് കമ്മിറ്റി അംഗങ്ങളെ ഒഴിവാക്കാൻ കഴിയുമായിരുന്നു. അപ്പോൾ മാർക്സിസ്റ്റുകാരെ ഈ ജനകീയാസൂത്രണ പ്രക്രിയയിൽ തീരുകിക്കയറ്റി അവർക്ക് അധികാരവും സമ്പത്തും ഉണ്ടാക്കിക്കൊടുക്കാൻ ബോധപൂർവ്വം നടത്തുന്ന ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെ വിഭജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാതിരിക്കുന്നത്. എന്താണ് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന ഘടകം? നമ്മുടെ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഗ്രാമസഭയാണ്. നിങ്ങളുടെ ജനകീയാസൂത്രണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും ഗ്രാമസഭയാണ്. 1994-ലെ ബിൽപ്രകാരം ഈ ഗ്രാമസഭ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം കൂടണം. ഇപ്പോൾ മൂന്നു വർഷമാക്കി. ആ ഗ്രാമസഭയിൽ മുൻവർഷത്തെ വികസന പരിപാടികളെയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വികസന പരിപാടികളെയും അതിനുവേണ്ടിവരുന്ന ചെലവിനെയും സംബന്ധിച്ചുള്ള ഒരു റിപ്പോർട്ടും വാർഷിക കണക്കുകളുടെ സ്റ്റേറ്റുമെന്റും വയ്ക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി, ഈ സംസ്ഥാനത്ത് കൂടുന്ന ഏതെങ്കിലും ഗ്രാമസഭകളിൽ കഴിഞ്ഞ വർഷത്തെ വരവുചെലവ് കണക്കുകളുടെയും നടപ്പാക്കിയ പദ്ധതികളുടെയും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും രൂപരേഖ വയ്ക്കുന്നുണ്ടോ? ചർച്ച ചെയ്യുന്നുണ്ടോ? അങ്ങ് മറുപടി പറയണം. ഈ സംസ്ഥാനത്ത് ഒരു ഗ്രാമസഭയിലും അത്തരത്തിലുള്ള ഒരു ചർച്ച ഇപ്പോൾ നടക്കുന്നില്ല. വഴിപാടുപോലെ ഗ്രാമസഭകൾ നടക്കുന്നുവെന്നതിനപ്പുറം ഒന്നും നടക്കുന്നില്ല. 1997-98-ൽ ജനകീയാസൂത്രണത്തിന് കൊടുത്ത കാശ് ചെലവാക്കാൻ കഴിയാത്തതുകൊണ്ട് 1998 ജൂൺ വരെ സമയം നീട്ടിക്കൊടുത്തു. എന്നിട്ടും ചെലവാക്കിയത് എങ്ങനെയാണ്? മന്ത്രിപരിശോധിക്കണം. ബെനിഫിഷ്യറി കമ്മിറ്റി ഉണ്ടാക്കി, കമ്മിറ്റിയുടെ ചെയർമാന്റെയും കൺവീനറുടെയും പേരിൽ ചെക്ക് എഴുതിക്കൊടുത്തു. ആ ചെക്കുകൾ അടുത്തുള്ള സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചു. പിറ്റേ ദിവസം ആ ചെക്കുകൾ മാറി. പണം എങ്ങോട്ട് പോകുന്നുവെന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനവും ഈ സംസ്ഥാനത്ത് ഇന്നേവരെ ഉണ്ടാക്കിയിട്ടില്ല. പലയിടത്തും സെക്രട്ടറിമാർ വ്യാജ ചെക്കുകൾ എഴുതിവച്ച് ചെലവ് കാണിക്കുന്നുണ്ട്. ഉദാഹരണത്തിന്, തിരുവനന്തപുരം കോർപ്പറേഷനിൽ 23.6.99-ൽ, 30-ാം തീയതി അവസാനിക്കുന്ന കാലാവധിക്ക് ഏഴുദിവസം മുമ്പ് 23-ാം തീയതി 30 ചെക്കുകൾ എഴുതി. 24.6.99-ൽ 27 ചെക്കുകൾ എഴുതി, 25.6.99-ൽ 50 ചെക്കുകൾ എഴുതി. 26.6.99-ൽ 77 ചെക്കുകൾ എഴുതി. 30-ാം തീയതി, ആ ഒറ്റ ദിവസംകൊണ്ട് 446 ചെക്കുകൾ തിരുവനന്തപുരം നഗരസഭയിൽ ഒന്നിച്ച് എഴുതി. ആകെ 982 ചെക്കുകൾ എഴുതി ഒരു മാസംകൊണ്ട് 11,11,27,929 രൂപയുടെ കണക്ക് കാണിച്ചു. മുഴുവൻ രേഖയും എന്റെ കൈയിലുണ്ട്. ആർക്കെല്ലാം ചെക്കുകൾ കൊടുത്തുവെന്നതിന്റെ രേഖയുണ്ട്. ആ 11 കോടി രൂപയുടെ ചെക്ക് ഒരു മാസംകൊണ്ട് എഴുതി. അത് ആർക്ക് കൊടുത്തു? ആർക്കെങ്കിലും കൊടുത്തതായിട്ടുള്ള റിക്കോർഡ് പരിശോധിച്ചിട്ടുണ്ടോ? അങ്ങ് പരിശോധിക്കണം. നിങ്ങളുടെ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗും ലോക്കൽ ഫണ്ട് ആഡിറ്റ് വിംഗും പരിശോധിച്ചില്ലേ? ആ പരിശോധിച്ചതിൽ ക്രമക്കേടുണ്ടെന്ന് ഗവൺമെന്റിന് എഴുതി തന്നില്ലേ? നിങ്ങൾ എന്തെങ്കിലും നടപടിയെടുത്തോ? എന്നിട്ട് നിങ്ങളുടെ ഗവൺമെന്റിന് ഹൈക്കോടതിയിൽനിന്നും ഒരു കത്ത് വന്നു. എന്താണ് അത്? കോർപ്പറേഷനിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞു. 982 ചെക്ക് എഴുതി ഒരു മാസംകൊണ്ട് 11 കോടി രൂപ ചെലവാക്കിയതായി കാണിച്ചുവെങ്കിൽ ഗവൺമെന്റ് സെക്രട്ടറി കൊടുത്ത മറുപടി എന്താണ്? "Government do not find it necessary, order an enquiry by Vigilance and Anti-Corruption Bureau."

ഇതാണ് മറുപടി. അത് ആവശ്യമില്ലെന്നാണ് അങ്ങേയ്ക്കുവേണ്ടി അങ്ങയുടെ സെക്രട്ടറി ഹൈക്കോടതിയിൽ കേസ് കൊടുത്തവർക്ക് കൊടുത്ത മറുപടി. എങ്ങനെ ഈ പണം ചെലവാക്കി? 800 പാക്കറ്റ് സിമന്റ് വാങ്ങി അഞ്ചുകൊല്ലത്തേയ്ക്ക് നിർമ്മിക്കാനുള്ള കമ്പി വാങ്ങിയ സംഭവമുണ്ട്. വാട്ടർ അതോറിറ്റിക്ക് ഇതിൽ 50 ലക്ഷം രൂപ കൊടുത്തു. 1998-ൽ കൊടുത്തത് 1999 വരെ ചെലവാക്കിയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിന് കൊടുത്തു, ഒരു

LIBRARY ARCHIVES Kerala Legislative Assembly

പൈസ ചെലവാക്കിയിട്ടില്ല. ഇങ്ങനെ വ്യാജ ചെക്കുകൾ എഴുതി പെർസന്റേജ് എത്ര കാണിച്ചു? 96 ശതമാനം ചെലവാക്കിയതായി കണക്ക് കാണിച്ചു. ഇതല്ലേ ഈ സംസ്ഥാനത്ത് നടന്നത്? 12 കോടി രൂപയുടെ വ്യാജ ചെക്കുകൾ എഴുതി, അത് കൊടുക്കാതെ, കൊടുത്തത് ചെലവാക്കിയോയെന്ന് പരിശോധിക്കാതെ തിരുവനന്തപുരം കോർപ്പറേഷൻ നടത്തിയ 1997-98-ലെ പദ്ധതിനിർവ്വഹണത്തെക്കുറിച്ച് അങ്ങ് എന്തെങ്കിലും അന്വേഷിച്ചോ?

കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമല്ലേ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ കൈയിൽ പണം കൊടുക്കുന്നത്? എം.പി. ഫണ്ടിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞില്ലേ? ആർക്കെങ്കിലും കൈയിൽ പണം കൊടുക്കുന്നുണ്ടോ? ബെനിഫിഷ്യറി കമ്മിറ്റിയുടെ ചെയർമാൻ ആരാണ്? വാർഡ് കൗൺസിലർമാർ, പഞ്ചായത്ത് അംഗങ്ങൾ, കൺവീനറെക്കൂടെ തെരഞ്ഞെടുത്താൽ ചെക്ക് എഴുതിക്കൊടുക്കുന്നു. പിന്നെ ആ ചെക്ക് എങ്ങോട്ടുപോകുന്നുവെന്ന് പരിശോധിക്കാനുള്ള സംവിധാനം ഇന്ന് ഈ സംസ്ഥാനത്തുണ്ടോ? ഓംബുഡ്സ്മാനും മറ്റു സംവിധാനങ്ങളുമൊക്കെ വരുന്നുവെന്ന് നിങ്ങൾ പറയുന്നു. കഴിഞ്ഞ മൂന്നുവർക്കാലമായി സംസ്ഥാനത്തൊട്ടാകെ കൊടുത്ത കോടിക്കണക്കിന് രൂപയുടെ ചെലവിനെക്കുറിച്ച് പരിശോധിക്കാൻ ഒരു സംവിധാനവും ഈ സംസ്ഥാനത്തില്ല. സെക്രട്ടേറിയറ്റിലെ ഫിനാൻസ് ഇൻസ്പെക്ഷൻവിംഗ്, ലോക്കൽ ഫണ്ട് ആഡിറ്റ്, എ.ജി.യുടെ ആഡിറ്റ്, ഇവർ കൊടുത്ത രേഖകൾപോലും പൂഴ്ത്തി വച്ചുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിക്കുന്നില്ല.

നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ വായനശാലകളും ഗ്രന്ഥശാലകളുമുണ്ട്. അങ്ങേയ്ക്കറിയാമല്ലോ, നാട്ടിൽനിന്ന് പണം പിരിച്ചാണ് ആ വായനശാലകളും ഗ്രന്ഥശാലകളും ഇന്നേവരെ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. എവിടെയെങ്കിലും സർക്കാർ ഖജനാവിൽനിന്ന് പണം കൊടുത്തിട്ടുണ്ടോ? കൊടുക്കും. 5,000 രൂപ മുതൽ 10,000 രൂപവരെ സഹായധനം കൊടുക്കും. മുഴുവൻ ജനങ്ങളിൽ നിന്ന് പിരിക്കുന്ന കാശാണ്. ഈ ജനകീയാസൂത്രണത്തിന്റെ പേരിൽ സംസ്ഥാനത്തൊട്ടാകെ മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒഴുക്കിയത് കോടിക്കണക്കിന് രൂപയാണ്. വായനശാല കെട്ടിടങ്ങൾ, ഗ്രന്ഥശാല കെട്ടിടങ്ങൾ, എന്നിവ നിർമ്മിക്കുന്നതിലൂടെ ജനങ്ങളുടെ പട്ടിണി മാറുമോ? എന്താണ് ഇവിടെ പറഞ്ഞിരിക്കുന്നത്. രണ്ടു വർഷക്കാലത്തെ ഭൗതിക നേട്ടങ്ങൾ കണ്ണഞ്ചിപ്പിക്കുന്നതാണ്. ആദ്യം ആടും മാടും കോഴിയും കൊടുത്തു. അതു നിറുത്തി. ഞാൻ അതു വിശദമായി പറയുന്നില്ല. അതുകൊണ്ട് കേരളത്തിലെ സമ്പദ് വ്യവസ്ഥയ്ക്ക് എന്തെങ്കിലും മാറ്റമുണ്ടോ? ഇവിടെ ചില അംഗങ്ങൾ ചോദിച്ചില്ലേ? ആടും മാടും കൊടുത്ത കണക്കനുസരിച്ചാണെങ്കിൽ പാലുല്പാദനത്തിലും കോഴി കൊടുത്ത കണക്കനുസരിച്ചാണെങ്കിൽ മുട്ട ഉൽപ്പാദനത്തിലും കേരളീയരുടെ ആവശ്യം നിറവേറണം. പക്ഷെ ഇവിടെ ഇന്നും പാലും മുട്ടയും തമിഴ്നാട്ടിൽ നിന്നും വരണം. ചാകാൻ കിടന്ന ആടും മാടും കോഴിയും തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ കൊണ്ടുവന്നു. തമിഴ്നാട്ടിലെ സമ്പദ്വ്യവസ്ഥ മെച്ചപ്പെട്ടു. അതുകൊണ്ട് കേരളത്തിന് നേട്ടമൊന്നും ഉണ്ടായിയിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ ഇതൊന്നും കൊടുത്തിട്ടില്ല. തിരുവനന്തപുരം കോർപ്പറേഷനിൽ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ ആകെക്കൂടി കൊടുത്തത് 150 പേർക്കാണ്. അങ്ങു പരിശോധിക്കണം. തിരുവനന്തപുരം കോർപ്പറേഷനിൽ

[11. A.M]

LIBRARY ARCHIVES Kerala Legislative Assembly

ആയിരക്കണക്കിന് ആളുകളുടെ അഗതി പെൻഷനും വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനും വേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നു. 150 പേർക്കാണ് ഈ പെൻഷനുകൾ കൊടുത്തത്. കഴിഞ്ഞ ഓണത്തിനു കൊടുത്തശേഷം അടുത്ത ഓണം വരുന്നു. ഒരു രൂപ പോലും കൂടിശ്ശിക കൊടുത്തിട്ടില്ല. ഈ പണം എങ്ങോട്ടു പോകുന്നു. നിങ്ങൾ ജനകീയാസൂത്രണത്തിനു ചെലവഴിക്കാൻ 50, 40, 30 എന്ന ശതമാന കണക്ക് കൊടുത്തിട്ടില്ലേ? അതുപോലെ സോഷ്യൽ വെൽഫെയർ മെമ്പേഴ്സിനുള്ള പണം എങ്ങോട്ടു പോകുന്നു?

മി. ചെയർമാൻ : അങ്ങയുടെ പാർട്ടി അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ബി. വിജയകുമാർ : പാർട്ടി അനുവദിച്ച സമയം കഴിയും. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്താണ് പറഞ്ഞത്. ആശുപത്രികെട്ടിടങ്ങളും സ്കൂൾ കെട്ടിടങ്ങളും റോഡുകളുടെ നിർമ്മാണവുമല്ല വികസന പ്രവർത്തനമെന്നാണ്. എന്താണ് ഇപ്പോൾ ഇവിടെ നടക്കുന്നത്? ഇപ്പോൾ നടക്കുന്നത് അതു തന്നെയല്ലേ? തിരുവനന്തപുരം കോർപ്പറേഷന്റെ കണക്കു മാത്രമേ ഞാൻ എടുക്കുന്നുള്ളൂ. നിങ്ങൾ 12 കോടി രൂപ കൊടുത്തതിൽ എട്ടു കോടി രൂപയും ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസിനുവേണ്ടിയാണ് ചെലവഴിച്ചത്. അപ്പോൾ എന്താണ് നടക്കുന്നത് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്താണോ ഉദ്ദേശിച്ചത് അതിന് കടകവിരുദ്ധമായി റോഡുകളും തോടുകളും കുളങ്ങളും മാത്രമാണ് നിങ്ങൾ നിർമ്മിക്കുന്നത്. 1998-99-ൽ കൃഷിക്ക് തിരുവനന്തപുരം നഗരസഭയ്ക്ക് കൊടുത്തത് 29 ലക്ഷം രൂപ. അതിൽ ചെലവഴിച്ചത് 14 ലക്ഷം രൂപ ഇങ്ങനെ ഓരോ ഡിപ്പാർട്ടുമെന്റിനും നിങ്ങൾ കൊടുത്തതിൽ 60 ശതമാനം പോലും ചെലവഴിച്ചിട്ടില്ല.

മി. ചെയർമാൻ : അങ്ങ് ചെയറിനോട് സഹകരിക്കണം. അങ്ങയുടെ പാർട്ടി അനുവദിച്ചതിനേക്കാൾ കൂടുതൽ സമയം അങ്ങേക്ക് അനുവദിച്ചു.

ശ്രീ. ബി. വിജയകുമാർ : എനിക്ക് അൽപ്പസമയം കൂടി വേണമെന്ന് ഞാൻ സ്പീക്കറോടു പറഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിൽ ഇ.എം.എസ്സിന്റെ മറ്റൊരു ഉദ്ദേശലക്ഷ്യമുണ്ട്. ജനകീയാസൂത്രണത്തിൽ ബെനിഫിഷ്യറി കമ്മിറ്റികളുണ്ടാക്കി ജനപങ്കാളിത്തത്തോടുകൂടി വികസനം നടപ്പാക്കണമെന്നാണ് ഇ.എം.എസ് പറഞ്ഞത്. ഇപ്പോൾ എന്താണു നടക്കുന്നത്? ബെനിഫിഷ്യറി കമ്മിറ്റികളിൽ കോൺട്രാക്ടർമാരെ ബിനാമികളാക്കിക്കൊണ്ട്, അംഗങ്ങളാക്കിക്കൊണ്ട് ആ കോൺട്രാക്ടർമാരാണ് ഇന്നു സംസ്ഥാനത്തുടനീളം വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഞാൻ തെളിവുതരാം. കോൺട്രാക്ടർമാരെ ബെനിഫിഷ്യറി കമ്മിറ്റികളിൽ അംഗങ്ങളാക്കിക്കൊണ്ട് വർക്കുകൾ ചെയ്യിപ്പിക്കുന്നു. ഗവൺമെന്റ് ഇറക്കിയ പുതിയ ഉത്തരവിൽ എന്താണ് പറയുന്നത്, വേണമെങ്കിൽ ടെൻഡർ ചെയ്യാം. ജനകീയാസൂത്രണത്തിന്റെ അടിത്തറ നിങ്ങൾതകർത്തു. സഖാവ് ഇ.എം.എസ്സിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ നിങ്ങൾ തകർത്തു. ഗ്രാമസഭകളിൽ കണക്കുകൾ അവതരിപ്പിക്കുന്നില്ല. ടെൻഡർ ചെയ്യാതെ വർക്കുകൾ നിങ്ങൾ ചെയ്യുന്നു. ജനകീയ പങ്കാളിത്തം നിങ്ങൾ അവസാനിപ്പിച്ചില്ലേ? സഖാവ് ഇ.എം.എസ്-ന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടാണ് ജനകീയാസൂത്രണ പ്രക്രിയ നിങ്ങൾ നടപ്പാക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനെക്കുറിച്ച് ആഡിറ്റ് ഒബ്ജക്ഷൻ വന്നു. ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ ആഡിറ്റ് റിപ്പോർട്ടിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ശ്രീമതി എൻ.കെ. രാധ ...

ശ്രീമതി എൻ.കെ. രാധ : സർ, വളരെ സന്തോഷത്തോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു....(ബഹളം)..

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. വിജയകുമാറിനെ അദ്ദേഹത്തിന്റെ പ്രസംഗം കൺക്ലൂഡു ചെയ്യാൻ അനുവദിക്കണം....

മി. ചെയർമാൻ : അങ്ങ് അദ്ദേഹത്തിന് അല്പസമയം കൂടി കൊടുക്കണമായിരുന്നു. അദ്ദേഹത്തിന് മൂന്നു മിനിട്ട് അധികം കൊടുത്തു ഇനി കൂടുതൽ സമയം കൊടുക്കാൻ നിവൃത്തിയില്ല... നിരവധി തവണ പറഞ്ഞില്ലേ പ്രസംഗം അവസാനിപ്പിക്കണമെന്ന്..പ്രസംഗം അവസാനിപ്പിക്കാതെ ചെയറിനെ ധിക്കരിച്ചാൽ എന്തു ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : .....(ബഹളം).....

മി. ചെയർമാൻ : മര്യാദ എന്നെല്ലാം പറഞ്ഞാൽ... മര്യാദ വേണ്ട.. ശ്രീമതി എൻ.കെ. രാധ... ശ്രീമതി എൻ.കെ. രാധ.....(ബഹളം)... മര്യാദ എന്നു പറഞ്ഞാൽ അനുവദിക്കാൻ നിവൃത്തിയില്ല. ശ്രീമതി എൻ.കെ. രാധ.... അങ്ങയെപ്പോലെയുള്ള ആളുകൾ മര്യാദ എന്നെല്ലാം പറഞ്ഞാൽ സമയം അധികം അനുവദിക്കാൻ കഴിയില്ല. കക്ഷി കൊടുക്കുന്ന സമയത്തിൽ അധികം കൊടുക്കാൻ പറ്റില്ല. അങ്ങയെപ്പോലെയുള്ള സീനിയർ മെമ്പർമാർ അവിടെയിരുന്നു പറയുന്ന വാക്കുകൾ ശ്രദ്ധിക്കണം. അങ്ങ് മര്യാദ പാലിക്കണമെന്നു പറഞ്ഞില്ലേ? സമയത്തിനു പ്രസംഗം നിറുത്തുന്നതല്ലേ മര്യാദ. സമയം കൂടുതൽ എടുക്കുന്നതാണോ മര്യാദ.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ശ്രീ. വിജയകുമാറിനെ പ്രസംഗം കൺക്ലൂഡു ചെയ്യാൻ അനുവദിക്കണം.

മി. ചെയർമാൻ : ദയവായി ശ്രീ. ആര്യാടൻ ഇരിക്കണം. സമയം കൂടുതൽ കൊടുക്കാൻ നിവൃത്തിയില്ല. മര്യാദ എന്നുപറഞ്ഞുകൊണ്ട്... മര്യാദ കൃത്യസമയത്ത് പ്രസംഗം നിറുത്തുകയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള ആളുകളോട് ചെയറിനോട് സംസാരിക്കുന്നത് കുറച്ച് മാന്യതയോടുകൂടി വേണമെന്ന് അങ്ങ് പറയണം. കക്ഷി അനുവദിക്കുന്ന സമയത്തിലധികം കൊടുക്കാൻ പറ്റില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചെയറിനെ ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട. ശ്രീ. വിജയകുമാർ പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. ബി. വിജയകുമാർ : ഞാൻ എന്റെ പ്രസംഗം കൺക്ലൂഡു ചെയ്യുന്നു. അക്കൗണ്ടന്റ് ജനറൽ ഓഫീസിലെയും ലോക്കൽ ഫണ്ട് ആഡിറ്റിന്റെയും ഫൈനാൻസ് വിംഗിന്റെയും ആഡിറ്റ് റിപ്പോർട്ടു പരിശോധിച്ചാൽ കോടിക്കണക്കിനു രൂപയുടെ അഴിമതി കഥകൾ നടന്നിട്ടുണ്ടെന്ന് കാണാം. ഇതു വച്ചുക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ പറയുന്നു. അങ്ങു ഹൈക്കോടതിയിൽ കൊടുത്ത മറുപടി പിൻവലിക്കണം. മാത്രവുമല്ല കേരളത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടന്ന കോടിക്കണക്കിനു രൂപയുടെ അഴിമതിയെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ അങ്ങ് ഉത്തരവിടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീമതി എൻ.കെ. രാധ : സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി ഞാൻ അനുകൂലിക്കുന്നു. അപ്പുറത്തു നിന്നുള്ള പ്രസംഗം

LIBRARY ARCHIVES Kerala Legislative Assembly

കേട്ട സന്ദർഭത്തിൽ എനിക്ക് തോന്നുന്നത് വേശ്യ ചാരിത്ര്യ പ്രസംഗം നടത്തുന്ന അനുഭവമാണ്. അധികാരം ജനങ്ങളുടെ കൈകളിലേക്ക് എന്ന ആശയത്തിന് പ്രാധാന്യമുണ്ട്. അതു ഇവിടെ നടപ്പിലാക്കാൻ അങ്ങേയറ്റത്തെ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടാണ്. 1957-ലെ സഖാവ് ഇ.എം. എസ്സ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിലാണ് അധികാരം ജനങ്ങളിലേക്ക് എന്ന ആശയത്തിനു തുടക്കം കുറിച്ചത്. അതു ഇവിടെ നടപ്പിലാക്കാൻ 1987-ലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരേണ്ടിവന്നു. 1990-ൽ ഇവിടെ ജില്ലാകൗൺസിലുകൾ രൂപീകരിച്ചു. ആ ജില്ലാകൗൺസിലുകളുടെ പ്രവർത്തനങ്ങളെ ആരാണ് ഇല്ലാതാക്കിയത്. അധികാരം ജനങ്ങളിലേക്ക് എന്നുപറഞ്ഞുകൊണ്ട് ജില്ലാകൗൺസിലുകൾക്ക് നൽകിയിരുന്ന അധികാരം 1991-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ് ഗവൺമെന്റ് ഓരോന്നോരോന്നായി കവർന്നെടുക്കുകയാണ് ചെയ്തത്. പിന്നീട് ജില്ലാകൗൺസിലുകളെ മരവിപ്പിക്കുകയും അതിനെ നോക്കുകുത്തികളാക്കി പിരിച്ചു വിടുകയും ചെയ്ത അനുഭവമാണ് അപ്പുറത്തിരിക്കുന്നവർക്കുള്ളത്. അവരുടെ അനുഭവം വച്ചുകൊണ്ടാണ് ഇന്ന് ഇവിടെ 9-ാം പഞ്ചവൽസരപദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഈ രൂപത്തിൽ അധിക്ഷേപിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് സഹിക്കുകയില്ലെന്നുള്ളത് വളരെ വ്യക്തമായി പറയാൻ കഴിയും. കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സന്ദർഭത്തിൽ വിപ്ലവകരമായ ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. അധികാരങ്ങൾ സ്വന്തം കൈകളിലേക്ക് കേന്ദ്രീകരിക്കുന്ന അനുഭവമാണ് അവരെ സംബന്ധിച്ചിടത്തോളമുള്ളത്. ആ അധികാരങ്ങൾ കൈകളിൽനിന്ന് വിട്ട് ജനങ്ങൾക്ക് കൈമാറിയ സന്ദർഭത്തിലുണ്ടാകുന്ന അങ്കലാപ്പ് മാത്രവുമല്ല, വരാനിരിക്കുന്ന തെരഞ്ഞെടുപ്പടക്കം മുന്നിൽ കണ്ടുകൊണ്ട് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന മനോഭാവമാണ് കാണാൻ കഴിയുന്നത്. എല്ലാ രംഗത്തും അഴിമതി നടക്കുന്നുവെന്നാണ് അവർ പറയുന്നത്. ആരാണ് അഴിമതി നടത്തിക്കൊണ്ടിരിക്കുന്നത്? നമുക്ക് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും, അവരുടെ പാർട്ടിക്കുള്ളിലെ അഴിമതിയെ സംബന്ധിച്ചിടത്തോളം ആരോപണങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. അങ്ങ് ഇന്നലത്തെ പത്രം വായിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. അതിൽ കാണാൻ കഴിയും, പത്തനംതിട്ട ജില്ലയിൽ അവരുടെ ഡി.സി.സി. ഓഫീസിനുവേണ്ടി പിരിച്ചിട്ടുള്ള ഫണ്ടിന്റെ കണക്ക്. ഡി.സി.സി. ഓഫീസ് അവിടെ രൂപം കൊണ്ടില്ലെന്ന് മാത്രമല്ല, ആ ഫണ്ടിന്റെ കണക്ക് പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസിന്റെ പ്രവർത്തകർ അവിടെ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ..... അവർ വളരെ വ്യക്തമായി പിരിച്ച സംഖ്യയുടെ കണക്ക് പറയണം. ഡി.സി.സി. ഓഫീസ് അവിടെയുണ്ടാക്കാൻ കഴിയുന്നില്ല. ഇതല്ലേ നമുക്ക് അവിടെ കാണാൻ കഴിയുന്നത്? ഇത് പത്രം പറയുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ചയിൽ വരാത്ത, സാധാരണഗതിയിൽ ഈ ചർച്ചയിൽ പ്രൊജക്ടുചെയ്യേണ്ടതല്ലാത്ത പത്തനംതിട്ട ജില്ലാ കമ്മിറ്റിയുമായി ബന്ധപ്പെട്ട, സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു കാര്യം പർപ്പസ്ഫുൾ ആയി ഈ ചർച്ചയുടെ ഗതി തിരിക്കുന്നതിനുവേണ്ടി ഒരാൾ വിനിയോഗിക്കുന്നത് ഓർഡറിലാണോ? അല്ലെങ്കിൽ അത് രേഖയിൽനിന്ന് എക്സ്പഞ്ച് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ.കെ. രാധ : സർ, ഇന്നലത്തെ പത്രത്തിൽ വന്ന കാര്യമാണ് ഞാൻ പറഞ്ഞത്. പത്രത്തിൽ വന്നിട്ടുള്ള കാര്യമാണ് ഞാൻ ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ പത്രത്തിൽ വന്ന ഒരു വാർത്തയെ ഉദ്ധരിച്ചാണ് സംസാരിക്കുന്നത്. അത് ശരിയല്ലെങ്കിൽ അങ്ങയുടെ പാർട്ടിക്ക് നിഷേധിക്കാം, അല്ലെങ്കിൽ സഭയിൽ നിഷേധിക്കാം.

ശ്രീമതി എൻ.കെ. രാധ : സത്യം പറയുന്ന സന്ദർഭത്തിൽ ഇവർക്ക് പൊള്ളുമെന്നുള്ളത് നമുക്ക് വളരെ വ്യക്തമായി അറിയാൻ കഴിയും. അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ പറയുന്നതല്ല, പത്രങ്ങൾ പറയുന്ന കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. തിരുവനന്തപുരം കോർപ്പറേഷനിലും അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള അഴിമതിയെക്കുറിച്ചാണിവിടെ പറയുന്നത്. അഴിമതി തെളിയിക്കാനുള്ള ആർജ്ജവം നിങ്ങളെ സംബന്ധിച്ചിടത്തോളമുണ്ട്. അത് തെളിയിക്കുകയാണ് വേണ്ടത്. അല്ലാതെ അതും ഇതും പറഞ്ഞ് അവിടെ അഴിമതി നടക്കുന്നു എന്നുള്ള ..... അഴിമതിയുടെ പാരമ്പര്യം ആർക്കാണുള്ളത് എന്നുള്ളത് നമുക്കറിയാം. ഞാൻ അതിന്റെ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇവിടെ നടപ്പിലാക്കിയിരുന്ന ഓരോ വികസന പ്രവർത്തനങ്ങളും ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി, ജനങ്ങളെ അങ്ങേയറ്റം സഹകരിപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ 8 പഞ്ചവൽസര പദ്ധതികൾ കടന്നുപോയിട്ടുണ്ട്. 8 പഞ്ചവൽസര പദ്ധതികളിലുണ്ടായിട്ടുള്ള ആസൂത്രണ പ്രക്രിയ നമ്മുടെ ഓർമ്മയിലുണ്ട്. അതിൽനിന്ന് വ്യത്യസ്തമായി അധികാരങ്ങൾ ജനങ്ങൾക്ക് കൊടുത്തുകൊണ്ട് നല്ല രീതിയിലുള്ള വികസന പ്രക്രിയയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. 8-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഇവിടെ ഉപാധിരഹിത ഫണ്ടും മറ്റുമായി കൊടുത്തിട്ടുള്ളത് 20 കോടി രൂപ മാത്രമാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനകീയാസൂത്രണത്തിന്റെ ഭാഗമായി ആദ്യഗഡുവായിത്തന്നെ 749 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുവാനുള്ള ആർജ്ജവം, ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിച്ചു. അതുപോലെ 1998-99 കാലത്ത് 950 കോടി രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ളത്. 1999-2000-ാമാണ്ടാകുമ്പോഴേക്കും 1020 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കണമെന്നാണ് പറയുന്നത്. നേരത്തേയുണ്ടായിരുന്നതെന്താണ്? ഇവിടെ വികസന പ്രവർത്തനങ്ങൾ ആരാണ് നടപ്പിലാക്കിയിരുന്നത്? ഡൽഹിയിലും മറ്റുമിരുന്നുകൊണ്ട് ഇവിടെ എന്ത് വികസ പ്രവർത്തനങ്ങൾ നടക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്കായിരുന്നു. അത് മാറ്റിയെടുത്തുകൊണ്ട് ഈ രാജ്യത്തിലെ ജനങ്ങൾക്ക് ഇന്ന വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് തീരുമാനിക്കാനുള്ള ബാദ്ധ്യതയുണ്ട്. ഗ്രാമസഭകളാണ് എന്ത് വികസനമാണ് ഇവിടെ നടത്തേണ്ടതെന്നുള്ളത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. ഗ്രാമസഭകൾക്ക് അധികാരം കൊടുത്തുകൊണ്ട് ആ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. അഴിമതി നടക്കുന്നുണ്ടോയെന്നുള്ളത് ജനങ്ങൾ പരിശോധിക്കട്ടെ. ഇവിടെ അഴിമതി നടക്കുന്നുണ്ടോയെന്നുള്ളത് ജനങ്ങൾ പറയട്ടെ. പക്ഷേ നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഇവിടെ സംസാരിക്കുന്നത്

എന്ത് ലാക്കോടുകൂടിയാണെന്ന് വളരെ വ്യക്തമായി നമുക്കറിയാം. സംസ്ഥാനങ്ങളാണല്ലോ അധികാരങ്ങൾ വികേന്ദ്രീകരിച്ച് കീഴോട്ട് കൊടുത്തിരിക്കുന്നത്. കേന്ദ്രത്തിന്റെ അധികാരം വിട്ടുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി പ്രകാരം പഞ്ചായത്ത് രാജ് നഗരപാലികാ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ ഇവിടെ ഭരിച്ചിരുന്നത് ആരായിരുന്നു? ബഹുമാനപ്പെട്ട നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്. ശ്രീമാൻ കരുണാകരനും ശ്രീമാൻ ആന്റണിയുമാണ് സംസ്ഥാനം മാറിമാറി ഭരിച്ചിരുന്നത്. പക്ഷേ അന്നത്തെ അനുഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. യാതൊരു വൈമനസവുമില്ലാതെയാണ് അധികാരങ്ങൾ കീഴോട്ടുകൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. ജില്ലാ കൗൺസിലുകളെ പിരിച്ചുവിട്ട പാരമ്പര്യമുള്ളവരാണ് അപ്പുറത്തിരിക്കുന്നത്. അതുകൊണ്ടാണ് അവർ ഈ രൂപത്തിലൊക്കെ സംസാരിച്ചുകൊണ്ടിരിക്കുന്നതെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണനേതൃത്വമുള്ള എല്ലാ ജില്ലകളിലും അടിസ്ഥാനപരമായിട്ടുള്ള മാറ്റങ്ങളുണ്ടാക്കിയെടുക്കാൻ ചുരുങ്ങിയ കാലത്തെ ഭരണത്തിന്റെ ഭാഗമായി സാധിച്ചുവെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പാക്കിയിട്ടുള്ള പ്രവർത്തനത്തന്റെ നേട്ടമാണ്. നേരത്തെയുണ്ടായിരുന്ന കേന്ദ്രീകൃത ആസൂത്രണ ഭരണരീതിയുടെ അലകും പിടിയും ചുരുങ്ങിയ കാലത്തിനുള്ളിൽ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. സമഗ്ര വികസനവും ജനങ്ങളുടെ സാർവ്വത്രികമായ ക്ഷേമവും നടപ്പിലാക്കാൻ കഴിയുകയില്ലെന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. യു.ഡി.എഫിന്റെ ഭരണകാലത്ത് പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങൾ കൊണ്ടുവന്നത് ശരിയാണ്. എന്നാൽ അതിനാവശ്യമായ ചട്ടങ്ങൾ തയ്യാറാക്കുന്നതിൽ ആ കാലഘട്ടത്തിൽ യാതൊരു മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായില്ലെന്നുള്ളത് വളരെ വ്യക്തമായി കാണാൻ കഴിയും. മറ്റൊരു കാര്യം, അധികാര വികേന്ദ്രീകരണം പൂർണ്ണമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെന്ന് പരിശോധിക്കാൻ വേണ്ടിയാണ് എസ്.പി. സെൻ-ന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ചത്. ആ കമ്മിറ്റി റിപ്പോർട്ടിനകത്ത് പറഞ്ഞിരിക്കുന്ന ഭൂരിഭാഗം കാര്യങ്ങളും ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അതുപോലെ ഡോ. പി.എം. അബ്രഹാം ചെയർമാനായിട്ടുള്ള ധനകാര്യ കമ്മീഷന്റെ ശുപാർശകളും അംഗീകരിച്ചുനടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും ആടിനേയും കോഴിയേയുമൊക്കെ ഇവിടെ കൊണ്ടുവന്ന് വിതരണം ചെയ്തുവെന്ന് ആക്ഷേപസ്വരത്തിൽ പറയുന്നതു കേട്ടു. വികസന പ്രവർത്തനത്തിൽ, അതുപോലെ വിഹിതങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഒരൊറ്റ അനർഹരും പെട്ടിട്ടില്ല. അർഹരായിട്ടുള്ളവർക്കാണ് ഈ രീതിയിലുള്ള ആനുകൂല്യങ്ങളൊക്കെ കൊടുത്തിട്ടുള്ളത്. അതിനകത്ത് രാഷ്ട്രീയ വ്യത്യാസമൊന്നും കാണിച്ചിട്ടില്ല. യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തിലും എൽ.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തിലും ഒരേ രൂപത്തിലാണ് ആനുകൂല്യങ്ങളൊക്കെ വിതരണം ചെയ്തിട്ടുള്ളത്. അതുപോലെ പദ്ധതി വിഹിതം നടപ്പിലാക്കുന്ന കാര്യത്തിലും യു.ഡി.എഫ്. എൽ.ഡി.എഫ് വ്യത്യാസമില്ലാതെ ഒരേ രൂപത്തിൽത്തന്നെയാണ് കൊടുത്തിട്ടുള്ളത്. അതിൽ യാതൊരു പക്ഷപാതവും ഇന്നുവരെ കാണിച്ചിട്ടില്ല എന്നുള്ളത് ഏതൊരാൾക്കും പറയാൻ കഴിയും. കഴിഞ്ഞ കാലത്ത് അതായിരുന്നോ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിരുന്നത്? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പക്ഷപാതപരമായിട്ടുള്ള സമീപനം അപ്പുറത്തിരിക്കുന്നവർ കാണിച്ചിരിക്കുന്നുവെന്നുള്ളത് വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ അതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു അനുഭവം ..... യു.ഡി.എഫ്-ലെ ആളുകൾക്ക് ആർക്കെങ്കിലും ആനുകൂല്യങ്ങൾ കിട്ടിയില്ലെന്ന് പറയാൻ കഴിയാത്ത ഒരവസ്ഥ ഇതിന്റെ ഭാഗമായി ഇവിടെ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി തന്നെയാണ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. പഞ്ചായത്ത് രാജ് സംവിധാനം നടപ്പാക്കിയ സന്ദർഭത്തിൽ മുഖംതിരിഞ്ഞു നടന്നിട്ടുള്ള ആളുകൾ പിന്നീട് അതിനോട് യോജിക്കുകയാണുണ്ടായത്. ജനങ്ങൾ അവരെ കൈകാര്യം ചെയ്യുമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ആദ്യം മുഖംതിരിഞ്ഞു നിന്നവർ പിന്നീട് യോജിക്കാൻ തയ്യാറായത്. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. ജനങ്ങളുടെ അദ്ധ്വാനമടക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിരവധി വികസന പ്രവർത്തനങ്ങൾ ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ പുതിയ ഒരു വികസന സംസ്കാരം കേരളത്തിൽ ഉടലെടുത്തു കഴിഞ്ഞിരിക്കുയാണ്. അതിന്റെ ഫലമായി കേരള സംസ്ഥാനത്തിന് ലോകശ്രദ്ധ പിടിച്ചുപറ്റാൻ കഴിഞ്ഞു. ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് പഠിക്കാനും മനസ്സിലാക്കാനും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽനിന്നും ആളുകൾ വന്നുകൊണ്ടിരിക്കുന്നു. മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ശ്രീ. ദിഗ്വിജയ്സിംഗ് ഇവിടെ വന്ന് നമ്മുടെ മുഖ്യമന്ത്രിയുമായിട്ട് സംസാരിക്കുകയും വകുപ്പുമന്ത്രിയുമായിട്ട് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നുള്ളതു സംബന്ധിച്ച് പഠിക്കാനും ശ്രമിക്കുന്നുണ്ട്. പല ആളുകളും നമ്മുടെ സംസ്ഥാനത്തു വരുന്നത് ലോകജനതയുടെ ശ്രദ്ധ പിടിച്ചുപറ്റിയതുകൊണ്ടാണ്. ഈ രീതിയിലുള്ള നല്ല പ്രവർത്തനങ്ങൾ നടക്കുന്നത് അപ്പുറത്തിരിക്കുന്ന ആളുകൾക്ക് സഹിക്കാൻ കഴിയുന്നില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ എന്തെങ്കിലും നൊടു നുയായം പറഞ്ഞുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പിരിച്ചു വിടാറില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ കൈക്കൊള്ളേണ്ട ഭരണപരമായിട്ടുള്ള നടപടികൾക്ക് ഗവൺമെന്റിനുണ്ടായിരുന്ന അപ്പീൽ അധികാരം എടുത്തുമാറ്റി അപ്പലേറ്റ് ട്രൈബ്യൂണുകളിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ജനകീയാസൂത്രണം ലോകജനശ്രദ്ധ പിടിച്ചുപറ്റിയെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതൊരു പ്രസ്ഥാനമായിട്ട് ഇവിടെ മാറിയിട്ടുണ്ട്. ജനകീയാസൂത്രണത്തെപ്പറ്റി ലോകബാങ്ക് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത് ലോകത്ത് ഏറ്റവും വിപുലമായിട്ടുള്ള അധികാര വികേന്ദ്രീകരണമാണ് കേരളത്തിലെ ജനകീയാസൂത്രണത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നാണ്. പ്രാദേശിക ഭരണത്തിലും ഗ്രാമസഭകളിലും ഏറ്റവും ധീരവും ആധുനികവും ദീർഘവീക്ഷണമുള്ളതുമായ പ്രക്രിയയാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഇവിടെ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളതെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലതന്നെ ജനകീയാസൂത്രണത്തിന്റെ നേട്ടവും ഈ പ്രക്രിയയിലുണ്ടായ വിജയകരമായ പ്രാരംഭ നടപടികളും ഭാവിയെ സംബന്ധിച്ചിടത്തോളം ശുഭപ്രതീക്ഷയ്ക്കു വക നൽകുന്നതാണ്. ഇവിടെ തുടങ്ങി വച്ചിട്ടുള്ള പരിപാടികൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ മാത്രമല്ല, സമൂഹത്തെ തന്നെ സ്വാധീനിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രാദേശിക തല

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ മനുഷ്യസേവനവും, വിഭവങ്ങളും സമാഹരിച്ച് സംസ്ഥാന സർക്കാരിന്റെ സഹായവും കൂടി ചേരുകയാണെങ്കിൽ 21-ാം നൂറ്റാണ്ടിലേയ്ക്ക് പ്രവേശിക്കുന്നതോടുകൂടി കേരളത്തിൽ വമ്പിച്ച മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. എല്ലാവർക്കും പാർപ്പിടം, ശുചിത്വം, കുടിവെള്ളം ഈ ആശയംകൂടി നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. അതിനെ കണ്ടില്ലെന്നു നടിക്കുന്ന ആളുകളോട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി ജനപിൻതുണയോടുകൂടി തന്നെ മുന്നോട്ടു പോകും അതിന് യാതൊരു സംശയവുമില്ല എന്നാണ്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പഞ്ചായത്തു വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനയാകുമ്പോൾ സ്വാഭാവികമായും വളരെ സജീവമായി ചർച്ച ചെയ്യപ്പെടുക ജനകീയാസൂത്രണത്തെക്കുറിച്ച് തന്നെയാണ്. ജനകീയാസൂത്രണ പദ്ധതി 2 വർഷം കഴിഞ്ഞ് മൂന്നാം വർഷത്തിലേയ്ക്കു കടന്നിരിക്കുകയാണ്. ആ പദ്ധതി പൂർണ്ണതയിൽ എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. മാത്രമല്ല കഴിഞ്ഞ രണ്ട് വർഷങ്ങളിലും കാലാവധി നീട്ടിക്കൊടുത്തിട്ടുപോലും പഞ്ചായത്തുകൾക്ക് ഉദ്ദേശിച്ച രീതിയിൽ സർക്കാരിന്റെ നിഷ്കർഷ അനുസരിച്ച് പണം ചെലവ് ചെയ്യാൻ സാധിച്ചിട്ടില്ല. ആദ്യത്തെ വർഷം കാലാവധി ജൂൺമാസം വരെ നീട്ടിക്കൊടുത്തു. മാത്രമല്ല കെ.എസ്.ഇ.ബി, പി.ഡബ്ല്യൂ.ഡി. നിർമ്മിതി കേന്ദ്രം ഹൗസിംഗ് ബോർഡ് അവിടെയൊക്കെ വേണമെങ്കിൽ ഡെപ്പോസിറ്റ് ചെയ്യാനുള്ള അനുവാദവും കൊടുത്തിട്ടുപോലും 95 ശതമാനമാണ് സംസ്ഥാനാടിസ്ഥാനത്തിൽ ചെലവഴിക്കാൻ സാധിച്ചത്. കഴിഞ്ഞ വർഷത്തെ കണക്ക് ലഭ്യമായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞെങ്കിലും എനിക്ക് കിട്ടിയ കണക്കനുസരിച്ച് 315 പഞ്ചായത്തുകൾക്ക് 75 ശതമാനം തുക പോലും ചെലവ് ചെയ്യാൻ സാധിച്ചില്ല. മൂന്നിലൊന്നു പഞ്ചായത്തുകൾക്കുപോലും 75 ശതമാനം തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ സാധിക്കാത്ത പഞ്ചായത്തുകൾക്ക് അവരുടെ വിഹിതം ഈ വർഷം കുറവു ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്. 75 ശതമാനം തുക ചെലവഴിക്കാൻ കഴിയാത്തതിനുള്ള സാഹചര്യം കൂടി നമ്മൾ കണക്കിലെടുക്കണം. ഈ വർഷത്തിന്റെ ആരംഭത്തിൽ കോഴിക്കോട് ടാഗോർ ഹാളിൽ വച്ച് നടന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ കഴിഞ്ഞ പദ്ധതി നടപ്പിലാക്കിയതിൽ പാളിച്ചകൾ സംഭവിച്ചിട്ടുണ്ടെന്നും അതിനുള്ള പ്രധാന കാരണം ജീവനക്കാരുടെ അഭാവമാണെന്നും പറയുകയുണ്ടായി. അത് പരിഹരിക്കാൻ 3000 ജീവനക്കാരെ ഈ വർഷം നിയമിക്കുമെന്നും എൻജിനീയറിംഗ് തസ്തിക സൃഷ്ടിക്കുമെന്നും പറയുകയുണ്ടായി. അതേ യോഗത്തിൽ തന്നെയാണ് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. തോമസ് ഐസക് പറഞ്ഞ് ഇടയ്ക്കിടയ്ക്കുള്ള ഉത്തരവുകൾ വന്നിരിക്കുന്നതുകൊണ്ടാണ് കാലതാമസമുണ്ടായത് ഇനി അങ്ങനെ ഉണ്ടാവുകയില്ല. ആദ്യ ഘട്ടത്തിൽതന്നെ ഉത്തരവിറക്കുമെന്നാണ്. അപ്പോൾ ഈ രണ്ട് കാരണങ്ങൾ നിലനിൽക്കുന്നു. അതോടൊപ്പംതന്നെ കഴിഞ്ഞ നിയമസഭയിൽ പഞ്ചായത്ത് രാജ് ഭേദഗതി നിയമത്തിന്റെ ചർച്ച വന്നപ്പോൾ വിദഗ്ദ്ധ സമിതികളുടെ ഇടപെടലുകൾകൊണ്ട് കാലതാമസം വന്നു. അതിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാൻ കഴിയാതെ പോയതുകൊണ്ട് പഞ്ചായത്തുകൾക്ക് ആ പണം ലാപ്സാക്കുക, കൊടുക്കാതിരിക്കുക എന്നത് ശരിയല്ലെന്നാണ് ഒരു പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽക്കൂടി എനിക്ക് അഭിപ്രായപ്പെടാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. കാരണം പഞ്ചായത്തുകളിൽനിന്നും രണ്ട് വർഷം മുമ്പ് ഫോട്ടോസ്റ്റാറ്റ് മെഷീനുവേണ്ടി ഒരു ലക്ഷം രൂപ സ്വരൂപിച്ചു വച്ചിട്ട് അതുവാങ്ങിക്കൊടുക്കാൻ നമ്മുടെ സർക്കാരിനോ പഞ്ചായത്തു വകുപ്പിനോ കഴിയാത്ത സാഹചര്യത്തിൽ കാലതാമസം വന്നതിന് അവരെ ശിക്ഷിക്കുകയെന്നു പറയുന്നത് യുക്തിയും ന്യായവുമില്ല. അവർക്ക് കഴിഞ്ഞ വർഷം കൊടുക്കാനുള്ള പണം ലാപ്സാകാതെ നോക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ക്രമക്കേടുകളെക്കുറിച്ച് ഇവിടെ പറഞ്ഞു പത്രങ്ങളിലും വാർത്തകൾ വരുന്നുണ്ട്. പക്ഷെ പല സന്ദർഭങ്ങളിലും ക്രമക്കേടുകളെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണവും നടപടിയും ഉണ്ടാകുന്നില്ല. അവിടെ രാഷ്ട്രീയമായി ആ പഞ്ചായത്തു ഭരിക്കുന്ന പാർട്ടിയുടെ കൊടിയുടെ നിറം നോക്കിക്കൊണ്ടാണ് നടപടി എടുക്കുന്നത്. അത്തരത്തിൽ അന്വേഷണ ഉത്തരവിടുന്ന സമ്പ്രദായം നിലനിൽക്കുകയാണ്. മലപ്പുറം ജില്ലയിൽ എനിക്ക് നേരിട്ടറിയാവുന്ന ഒരുപാട് കേസുകളുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ തവണ നിയമസഭയിൽ 151 പഞ്ചായത്തുകൾക്ക് എൽ.ഡി.സി. തസ്തിക അനുവദിക്കാത്തതു സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. ഈ സെഷൻ തുടങ്ങുന്നതിനുമുമ്പ് ആ 151 തസ്തികകളിലും നിയമനം നടത്താൻ ക്യാബിനറ്റ് തീരുമാനമെടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പംതന്നെ ആ തസ്തികകൾക്ക് സൂപ്പർവൈസറി തസ്തികകൾ കൂടി നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എപ്പോഴും പറയാറുള്ളത് ജീവനക്കാരുടെ അഭാവം മാറ്റാൻ പുനർവിന്യാസം നടത്തുമെന്നാണ്. അതിന് സെൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നാണ് പറയുന്നത്. ഭരണകക്ഷി അനുകൂല സംഘടനകളുടെ സമ്മർദ്ദമാണ് ഈ റിപ്പോർട്ട് ഇനിയും വെളിച്ചം കാണാത്തതെന്നാണ് പൊതുവേ പറയുന്നത്. ആ സമ്മർദ്ദങ്ങളൊക്കെ ഒഴിവാക്കി പെട്ടെന്നു തന്നെ ജീവനക്കാരെ പുനർവിന്യാസം നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ഇപ്പോൾത്തന്നെ സെൻകമ്മീഷന്റെ ഒരു പണിയാണ് അലൈഡ് ആക്ടിൽ വരുക എന്നുള്ളത്. അലൈഡ് ആക്ടിലെ ഭേദഗതികൾ പൂർണ്ണമായാൽ മാത്രമേ പഞ്ചായത്ത് രാജ് നിയമം ഫലപ്രദമായി നടപ്പിലാക്കാനും അതനുസരിച്ച് ഉദ്യോഗസ്ഥന്മാർക്ക് പ്രവർത്തിക്കാനും സാധിക്കുകയുള്ളൂ. അതിന് സെക്രട്ടേറിയേറ്റ് തലത്തിലും ബന്ധപ്പെട്ട മന്ത്രിതലത്തിലുമൊക്കെ ആ ഭേദഗതികൾ കൊണ്ടുവരുന്നതിന് എതിരായിട്ടുള്ള സമ്മർദ്ദം ഉണ്ടായിയെന്നാണ് പൊതുവേ പറഞ്ഞു കേൾക്കുന്നത്. അതുകൂടി പരിഹരിച്ചുകൊണ്ട് പെട്ടെന്ന് തന്നെ അലൈഡ് ആക്ടിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് പഞ്ചായത്തുകൾ ഫലപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. ജനകീയാസൂത്രണ പദ്ധതി സമയബന്ധിതമായി പരിശോധിക്കാനും അതിന്റെ ആഡിറ്റ് സംവിധാനത്തിലുമൊക്കെ പഞ്ചായത്തുകളെ സഹായിക്കാൻ വേണ്ടിയാണ് പെർഫോർമൻസ് ആഡിറ്റ് കൊണ്ടുവന്നത്. ഓരോ പഞ്ചായത്തിനും മൂന്നുപേർ അടങ്ങുന്ന 117 സംഘങ്ങളെ നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റിലേയും ഡെപ്യൂട്ടി ഡയറക്ടറേറ്റിലേയും സ്റ്റാഫിനെ ഉൾപ്പെടുത്തിക്കൊണ്ടാണ് അത് നടപ്പിലാക്കിയിട്ടുള്ളത്. അങ്ങനെ ഒരുതവണ ആഡിറ്റ് നടത്തുകയുണ്ടായി. അത് കഴിഞ്ഞ് അതിനെപ്പറ്റി യാതൊരു വിവരവുമില്ല. ആഡിറ്റ് ചെയ്യപ്പെട്ട റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഡി.ഡി.പി. സർക്കാരിനയച്ചു. സർക്കാർ അത് പഞ്ചായത്ത് ഡയറക്ടറേറ്റിലേക്കും റൂറൽ ഡെപ്യൂട്ടി കമ്മീഷണർക്കും അയച്ചുകൊടുത്തിരിക്കുകയാണ്. അതവിടെ പൊടി അടിച്ചു കിടക്കുകയാണ്. ഞാൻ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ആ ഒരു സംവിധാനം കൊണ്ട് യാതൊരു പ്രയോജനവുമില്ല. അത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. പെർഫോർമെൻസ് ആഡിറ്റ് ടീമിന്റെ കാര്യത്തിൽ മാത്രമല്ല പഞ്ചായത്ത് ഡയറക്ടറേറ്റിലേയും ഡെപ്യൂട്ടി ഡയറക്ടറേറ്റിലേയും സ്റ്റാഫിനെ ഇതിന് ഉപയോഗിക്കുന്നതുകൊണ്ട് പഞ്ചായത്തിൽ അവർ ചെയ്യേണ്ട ജോലികൾ ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് വന്നിട്ടുള്ളത്. പെർഫോർമെൻസ് ആഡിറ്റ് മൂന്നു വർഷത്തിലൊരിക്കൽ നടത്തണമെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെവരുമ്പോൾ ഒരു പഞ്ചായത്തിൽ തന്നെ നാലുതവണ പെർഫോർമെൻസ് ആഡിറ്റ് നടത്തണം. നമ്മുടെ സംസ്ഥാനത്ത് ആയിരം പഞ്ചായത്തുകളുണ്ട്. 4000 റിപ്പോർട്ടുകൾ അതിന്റെ കെയറോഫിൽതന്നെ വരും. അതിനു പുറമേ സാധാരണ ഗതിയിൽ നടക്കുന്ന ലോക്കൽ ഫണ്ട് ആഡിറ്റിന്റെ റിപ്പോർട്ടുമുണ്ടാകും. ഇതൊക്കെ പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം ഇന്ന് വകുപ്പിലും സർക്കാർ തലത്തിലുമില്ല. അതുകൂടി പരിഹരിക്കാൻ വേണ്ടി നടപടിയെടുക്കണമെന്ന് ഞാനപേക്ഷിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ പഞ്ചായത്തുകൾക്ക് കൊടുക്കാൻ തുടങ്ങിയപ്പോൾ നേരത്തെയുണ്ടായിരുന്ന ജോലികളെല്ലാം മുടങ്ങിയിരിക്കുകയാണ്. ഒരു കാര്യവും അവിടെ നടക്കുന്നില്ല. നേരത്തെയുണ്ടായിരുന്ന ജോലികൾക്കു പുറമേ പെൻഷനുകളായിട്ടും സഹായങ്ങളായിട്ടുമൊക്കെ ഒരുപാട് പുതിയ പരിപാടികൾ അവിടെ വന്നുചേർന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ അക്കാര്യത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം നേരത്തെയുള്ളതിനേക്കാൾ വളരെയധികം കുറഞ്ഞിരിക്കുകയാണ്. കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസൊക്കെ പിരിക്കുന്നതിൽ അവർ ശുഷ്കാന്തി കാണിക്കുന്നില്ല. പണ്ടു കാലങ്ങളിലൊക്കെ 100 ശതമാനം ടാക്സ് പിരിക്കുന്ന സംവിധാനമുണ്ടായിരുന്നു. ഇപ്പോൾ അത് നടക്കുന്നില്ല. അതുപോലെതന്നെ വിനോദ നികുതി ചെക്കിംഗും ഒരുപാട് വിനോദ നികുതി തട്ടിച്ചപ്പോൾ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. പരസ്യ നികുതി പിരിക്കുന്ന കാര്യം പഞ്ചായത്ത് സ്വന്തമായി വരുമാനമുണ്ടാക്കുന്ന കാര്യത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്തതുകൊണ്ട് പഞ്ചായത്തിന് തനത് വരുമാനം കുറയുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പളം കൊടുക്കുവാൻ പോലും കഴിയാത്ത പഞ്ചായത്തുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. പദ്ധതി പണം അതിന് ഉപയോഗിച്ചാൽ 18 ശതമാനം പലിശ അടക്കം തിരിച്ചടയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട സെക്രട്ടറി പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം. ആ കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും അഭാവം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അത് മാറ്റിയെടുക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പഞ്ചായത്ത് രാജ് നിയമം വന്നിട്ട് ഇപ്പോൾ അഞ്ചു വർഷമായി. പക്ഷേ പഞ്ചായത്തുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ബഡ്ജറ്റ് ചട്ടങ്ങളും അക്കൗണ്ട് ചട്ടങ്ങളും ഇതുവരെ ആയിട്ടില്ല. അതിനുവേണ്ടി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഒരാളെപ്പോലും നിയമിച്ചിട്ടില്ല. പക്ഷേ പഞ്ചായത്ത് ഡയറക്ടറേറ്റിൽനിന്നു കൊടുക്കുന്ന ചട്ടങ്ങൾ പരിശോധിക്കുവാൻ സെക്രട്ടേറിയറ്റിലും പ്ലാനിംഗ് ബോർഡിലും പുതിയ സ്റ്റാഫിനെ നിയമിച്ചിരിക്കുന്നു. അത് പെട്ടെന്നു തന്നെ പൂർത്തിയാക്കണമെങ്കിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലും സെക്രട്ടേറിയറ്റിലുമൊക്കെ പുനർവിന്യാസം നടക്കുമ്പോൾ താഴേക്കു വരുമെന്നാണ് പറയുന്നത്. പക്ഷേ അവിടെയിപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ തസ്തികകളുണ്ടാക്കുകയും ഭരണ നിയമങ്ങൾ ഉണ്ടാക്കേണ്ട പഞ്ചായത്ത് ഡയറക്ടറേറ്റിൽ പുതിയ സ്റ്റാഫിനെ കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുപോലെതന്നെ കെട്ടിട നിർമ്മാണ ഫീയെ സംബന്ധിക്കുന്ന 220 (ബി).

മി. ചെയർമാൻ : സമയം കഴിഞ്ഞു.

ശ്രീ. പി.കെ. അബ്ദുറബ്ബ് : ഒരു മിനിട്ടുകൂടി.

മി. ചെയർമാൻ : അനുവദിച്ചതുകൂടാതെ രണ്ടു മിനിട്ടു എടുത്തു.

ശ്രീ. പി.കെ. അബ്ദുറബ്ബ് : 220 (ബി) അതിനോട് .....

മി. ചെയർമാൻ : ആ പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. പി.കെ. അബ്ദുറബ്ബ് : ..... പഞ്ചായത്തുകൾ വലിയ പ്രയാസങ്ങൾ നേരിടുകയാണ്. നേരത്തെയുണ്ടായിരുന്ന Exemption Power പഞ്ചായത്തുകൾക്ക് ഇല്ലാത്തതുകൊണ്ട് നമ്പർ ഇടാനും വയ്യ. നമ്പർ ഇടാതിരിക്കാനും വയ്യ എന്നുള്ള ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. മറ്റൊരു കാര്യം, രണ്ടാം പഞ്ചായത്ത് ധനകാര്യ കമ്മീഷന്റെ രണ്ടാമത്തെ കമ്മിറ്റി ഏപ്രിൽ മാസത്തിൽ രൂപീകരിക്കുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. ഒന്നാമത്തെ ഫൈനാൻസ് കമ്മിറ്റി തീരുമാനിച്ചതും ഗവൺമെന്റ് അംഗീകരിച്ചതുമായ ശുപാർശകൾപോലും നടപ്പിലാക്കിയിട്ടില്ല. അതിൽപ്പെട്ടതാണ് Rural Development Board ന്റെ പ്രവർത്തനം അതിനെയൊരു ഫൈനാൻഷ്യൽ ഏജൻസിയാക്കാനുള്ള പ്രവർത്തനങ്ങൾക്ക് മൂന്നു കൊല്ലമായിട്ടും ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുപോലെത്തന്നെ റവന്യൂ ടാക്സ്. അത് പഞ്ചായത്തുകൾക്കു നൽകാനുള്ള തീരുമാനമാണ്. ആ തീരുമാനവും ഇന്നുവരെ നടപ്പിലാക്കിയിട്ടില്ല. മറ്റൊന്ന് അറവുശാലകളുടെ പ്രശ്നമാണ്. സബ്ജക്ട് കമ്മിറ്റിയിലൊക്കെ ആ പ്രശ്നം വന്നതാണ്. ഹൈക്കോടതിയുടെ തീരുമാനം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതുകൊണ്ടുതന്നെ അറവുശാലകൾ ഓരോ പഞ്ചായത്തിലും നിർബന്ധിതമായി സ്ഥാപിക്കാനാവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റ് ചെയ്യണം. കാരണം ആധുനിക സജ്ജീകരണമുള്ള അറവുശാലകൾ നിർമ്മിക്കുവാൻ പഞ്ചായത്തുകൾക്ക് സാധിക്കുകയില്ല. ഹൈക്കോടതി വിധിയുടെ വെളിച്ചത്തിലും ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടു പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് അറവുശാലകൾ നിർമ്മിക്കാനുള്ള നടപടിയുണ്ടാകണം. അടുത്തത് ക്രഷിനെപ്പറ്റിയാണ് പറയുവാനുള്ളത്. പഞ്ചായത്തുകളുടെ ഷെയർ വാങ്ങിയിട്ടാണ് ക്രഷുകൾ നിലനിൽക്കുന്നത്. പഞ്ചായത്തുകൾക്കാവശ്യമായ ഫോറങ്ങളും ബുക്കുകളും സമയബന്ധിതമായി ലഭിക്കുന്നില്ല. മാത്രമല്ല, പുറം മാർക്കറ്റിൽ കിട്ടുന്നതിനേക്കാൾ വലിയ വിലയാണ് അവർ ഈടാക്കുന്നത്. ആ കാര്യം പരിശോധിച്ച് അതിൽ വേണ്ട മാറ്റങ്ങൾ വരുത്തണമെന്ന് അപേക്ഷിക്കുകയാണ്. അതുപോലെതന്നെ പഞ്ചായത്തു വകുപ്പിലെ സ്ഥലംമാറ്റം ഇപ്പോൾ വലിയ ചർച്ചാ വിഷയമായിരിക്കുകയാണ്. പഞ്ചായത്തു വകുപ്പിലെ മാർക്സിസ്റ്റ് യൂണിയനിലെ ആളുകൾ തമ്മിലുള്ള പരസ്പര വിരുദ്ധമായ പ്രസ്താവനകളും അടിപിടിവരെ എത്തുന്ന രീതിയിലാണ് ഇപ്പോൾ സ്ഥലം മാറ്റ പരിപാടികൾ നടക്കുന്നത്. അത് പരിശോധിച്ച് രാഷ്ട്രീയ വിവേചനമില്ലാതെ നല്ല രീതിയിൽ സ്ഥലംമാറ്റം നടത്താനുള്ള തീരുമാനമുണ്ടാകണം. ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങളിൽ അനുകൂല തീരുമാനങ്ങളുണ്ടാക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ഡിമാന്റുകളെ എതിർത്തു കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ ഓപ്പണിംഗ് ബാറ്റ്സ്മാൻ ശ്രീ. ബി. വിജയകുമാർ ആദ്യമേ തന്നെ ഔട്ടായിപ്പോയിരിക്കുകയാണ്. ഇവിടെയെങ്ങും കാണുന്നില്ല. ശ്രീ. ബി. വിജയകുമാറിന് ഈ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് ആകെ പറയാനുണ്ടായിരുന്നത് തിരുവനന്തപുരം കോർപ്പറേഷനുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ചില രാഷ്ട്രീയ വൈരം മൂത്ത അഭിപ്രായങ്ങൾ മാത്രമായിരുന്നു. അദ്ദേഹം ഉൾപ്പെടെയുള്ള കോൺഗ്രസ്സിന്റെ സുഹൃത്തുക്കൾ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെ കണ്ണുതുറന്നു കാണണം എന്ന് ഞാൻ അവരോട് അഭ്യർത്ഥിക്കുകയാണ്. ശ്രീ. അബ്ദുറബ്ബ് പഞ്ചായത്ത് പ്രസിഡന്റ് എന്നുള്ള നിലയിൽ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ശ്രീ. അബ്ദുറബ്ബിന്റെ വ്യക്തിപരമായ ചില അഭിപ്രായങ്ങളുണ്ട്. അതിനോടൊന്നും എനിക്ക് യാതൊരു യോജിപ്പുമില്ല. എന്നാൽ അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുമെന്നു തന്നെയാണ് എന്റെ വിശ്വാസം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ ഓരോന്നോരോന്നായി പാലിച്ചു കൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിച്ചുകൊണ്ട് ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിതെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുക എന്നത് ഈ ഗവൺമെന്റിന്റെ അജണ്ടയിലെ ഒന്നാമത്തെ ഇനമായിരുന്നു. അതുപോലെ പലതുമുണ്ട്. അതൊക്കെ പലപ്പോഴും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയിലെത്തുക, വർഗ്ഗീയ കലാപങ്ങളെ അടിച്ചമർത്തിക്കൊണ്ട് സൈരജീവിതമുറപ്പിക്കുക, ശക്തവും വ്യാപകവുമായ പൊതുവിതരണ ശൃംഖല കെട്ടിപ്പടുക്കുക, അങ്ങനെ മുൻഗണനാക്രമത്തിൽ വളരെ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്നുള്ള കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. ശ്രീ. ഡൊമിനിക് വേറൊന്നിലേയ്ക്കും പോകേണ്ട. അങ്കമാലി സംഭവത്തിൽ ഗവൺമെന്റ് പ്രതിനിധിയെന്നുള്ള നിലയ്ക്കു തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ശർമ്മയും അവിടെ എത്തുകയും അവർക്ക് ഏറ്റവും ആശ്വാസകരമായ രീതിയിൽ മാതൃകാപരമായി ആ സംഭവത്തിൽ പ്രതികരിക്കുകയും ചെയ്തു. നിങ്ങളുടെ ഒരു മുതലെടുപ്പും അതിൽ നടക്കാൻ പോകുന്നില്ല. ആ പ്രശ്നവും പരിഹരിക്കപ്പെട്ടു. നിങ്ങൾ അതിലൊന്നും നോക്കുകയേ വേണ്ട. ഞാൻ വിഷയത്തിലേക്കു വരട്ടെ. അധികാര വികേന്ദ്രീകരണത്തിൽ കേരളം ഇന്ത്യയ്ക്കാകെ മാതൃകയാണ്. ബംഗാൾ, മഹാരാഷ്ട്ര, കർണ്ണാടക, മധ്യപ്രദേശ് ഉൾപ്പെടെ ഈ പഞ്ചായത്തു സംവിധാനങ്ങൾ വളരെ മുൻപുമുതലെ തുടങ്ങിയ സംവിധാനങ്ങൾക്ക് ഒക്കെ മാതൃകയായി വരാൻ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനകരമായി പറയാനാഗ്രഹിക്കുന്നു. അതിൽ ത്രിതല പഞ്ചായത്തുകളെ ഒരു സ്വയംഭരണ ഗവൺമെന്റാക്കാൻ, പഞ്ചായത്തെന്നുള്ള - ഗ്രാമസ്വരാജ് എന്നുള്ള കൺസെപ്റ്റിൽ നിന്നുകൊണ്ട് തികച്ചും സ്വയംഭരണ ഗവൺമെന്റാക്കി മാറ്റുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് ആവശ്യമായ അധികാരവും പണവും കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളതാണ് ഈ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1996-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമ്മുടെ പഞ്ചായത്തുകളുടെ സ്ഥിതി എന്തായിരുന്നു? 1994-ൽ നമ്മൾ പഞ്ചായത്തു രാജ് നിയമം പാസ്സാക്കിയെന്നത് ഒരു വസ്തുത തന്നെയാണ്. 1995-ൽ പുതിയ പഞ്ചായത്തുകൾ അധികാരത്തിൽ വന്നു. പക്ഷേ 1996-ൽ ഈ ഗവൺമെന്റ് വരുമ്പോൾ ഒരു ഗ്രാമ പഞ്ചായത്തിന് കിട്ടിക്കൊണ്ടിരുന്നത് കേവലം രണ്ടുലക്ഷം രൂപ, മൂന്നുലക്ഷം രൂപ, ചിലപ്പോൾ നാലഞ്ചു ലക്ഷം രൂപവരെയായിരുന്നു. ആകെ ആ പഞ്ചായത്തുകൾക്ക് സഹായകരമായിട്ടുണ്ടായിരുന്നത് ഒരേ ഒരു ഫണ്ട്-അൺടൈഡ് ഫണ്ടാണ്. ആ അൺടൈഡ് ഫണ്ട് 1987-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്നതാണ്. ആ അൺടൈഡ് ഫണ്ടാണ് ആകെ പഞ്ചായത്തുകൾക്ക് സഹായകരമായിട്ടുണ്ടായിരുന്നത്. ആ സ്ഥാനത്ത് ഇപ്പോൾ നമ്മുടെ സംസ്ഥാനം എത്തിനിൽക്കുന്നത്, ഒരു ഗ്രാമപഞ്ചായത്തിന് ഒരു കോടി രൂപ മുതൽ ഒന്നരക്കോടി രൂപ വരെയും ജില്ലാപഞ്ചായത്തുകൾക്ക് 5 കോടി രൂപ മുതൽ 15 കോടി രൂപ വരെ. അങ്ങനെ അധികാരവും സമ്പത്തും കൊടുത്ത് ത്രിതല പഞ്ചായത്തുകളെ സംപുഷ്ടമാക്കുന്ന ഒരു ഭരണസംവിധാനമാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് ജനകീയാസൂത്രണത്തെക്കുറിച്ചാണല്ലോ ഇപ്പോൾ പറയുന്നത്, വളരെ വിജയകരമായി കൊണ്ടുപോകുന്നുവെന്നുപറഞ്ഞു. അങ്ങ് ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുന്നതിൽ വിദഗ്ദ്ധസമിതിയുടെ ഇന്നത്തെ പ്രവർത്തനത്തെക്കുറിച്ച് ഒന്ന് വ്യക്തമാക്കണം. അതോടൊപ്പം തന്നെ ജനകീയാസൂത്രണപരിപാടിയനുസരിച്ച് സർക്കാർ നടപ്പിലാക്കുന്ന പരിപാടികൾക്ക് അങ്ങയുടെ പാർട്ടിയുടെ മന്ത്രി കൈകാര്യം ചെയ്യുന്ന കൃഷിവകുപ്പ് സഹകരിക്കുന്നില്ല. അതിനെ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന സമിതി എടുത്ത തീരുമാനമെന്താണ്?

ശ്രീ. കെ. പ്രകാശ്ബാബു : അതെല്ലാം എന്നേ ചർച്ച ചെയ്തു കഴിഞ്ഞതാണ്, അതിനൊക്കെ മറുപടിയും പറഞ്ഞു. വിദഗ്ദ്ധസമിതികളേയും കൃഷിവകുപ്പിനേയും കുറിച്ചു പറഞ്ഞു, കേരളത്തിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളെക്കുറിച്ചും നമ്മൾ ചർച്ച ചെയ്തതാണ്. ആ പഴയ കഥ ഇവിടെ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? കേരളം എത്രയോ മുന്നോട്ടുപോയിരിക്കുന്നു. ശ്രീ. അബ്ദുറബ്ബ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യമല്ലേ. എന്നാൽ പഞ്ചായത്തുകളുടെ പണം ചെലവാക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്തതാണ് കുഴപ്പമെന്നത് ശ്രീ. അബ്ദുറബ്ബ് പറഞ്ഞത്. അതിനോട് ഒട്ടും യോജിക്കുന്നില്ല. ശ്രീ. അബ്ദുറബ്ബിനു തന്നെ അറിയാം. നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ കഴിഞ്ഞ വർഷത്തിൽ ആരും ഡെപ്പോസിറ്റ് ചെയ്യാൻ പോയില്ലല്ലോ, ഇലക്ട്രിസിറ്റി ബോർഡിനും വാട്ടർ അതോറിറ്റിക്കും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല, അങ്ങ് കണക്കുകൾ പരിശോധിച്ച് നോക്കിക്കോ, ഞാൻ എന്റെ മണ്ഡലത്തിലെ കാര്യം പറയാം. കൊല്ലം ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെടുന്ന ആര്യൻങ്കാവ് പഞ്ചായത്തിൽ 82ശതമാനം എക്സ്പെൻഡിച്ചർ, തൊട്ടടുത്ത തെൻമല പഞ്ചായത്തിന് 76 ശതമാനമുണ്ട്. അങ്ങനെ എല്ലാ ജില്ലയിലെയും കണക്കുകൾ പരിശോധിക്കാം. വികസന സെമിനാറുമായിട്ട് ബന്ധപ്പെട്ട് നമ്മൾ എല്ലാം പോകുന്നതല്ലേ, നിർഭാഗ്യവശാൽ എന്റെ മണ്ഡലത്തിൽ യു.ഡി.എഫ്. പഞ്ചായത്ത് ഇല്ല. എന്നാൽ കൊല്ലം ജില്ലയിൽത്തന്നെ തൊടിയൂർ കോൺഗ്രസിന്റെ പഞ്ചായത്താണ്, അവിടെ 30 ശതമാനമേയുള്ളൂ. പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല എന്ന ധാരണ ഒരിക്കലും ശരിയല്ല. പഞ്ചായത്ത് പണം ഡെപ്പോസിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതനുസരിച്ച് വികസന പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. ഞാൻ അതിലേയ്ക്ക് വരികയല്ല.

ശ്രീ. പി.കെ. അബ്ദുറബ്ബ് : ഇത്തവണ ഡെപ്പോസിറ്റ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് അല്ലെങ്കിൽ ഡെപ്പോസിറ്റ് ചെയ്യാത്തതുകൊണ്ടാണ് 315 പഞ്ചായത്തുകൾ മാത്രം 75 ശതമാനത്തിലും ബാക്കിയുള്ളവ അതിന്റെ താഴെയുമാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പ്രകാശ് ബാബു : എല്ലാ പഞ്ചായത്തുകളും ഈ ആശയത്തെ അതുപോലെ ഉൾക്കൊള്ളുകയും ഗവൺമെന്റ് തീരുമാനങ്ങൾ അതേപടി നടപ്പിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ കുറച്ചുകൂടി മാറ്റം വന്നേനെ, നിർഭാഗ്യവശാൽ യു.ഡി.എഫിന്റെ ചില പഞ്ചായത്തുകൾ ഇല്ലേ, സ്വാഭാവികമായിട്ട് അതൊക്കെ വരും. ശ്രീ. അബ്ദുറബ്ബിനെപ്പോലെ അനുഭവ സമ്പന്നരായിട്ടുള്ള ആളുകൾ പാരമ്പര്യമുള്ള ആളുകൾ അവരെ പറഞ്ഞു മനസ്സിലാക്കി കൂടുതൽ ആ കാര്യക്ഷമതയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കണം. കഴിഞ്ഞ ഗവൺമെന്റിന് അധികാര വികേന്ദ്രീകരണ പ്രക്രിയയോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടുമുള്ള സമീപനം എന്തായിരുന്നു? ആ സമീപനം വ്യക്തമാക്കുന്നതാണ് ഇവിടെ ശ്രീമതി രാധ സൂചിപ്പിച്ച ജില്ലാ കൗൺസിലിനോട് കൈക്കൊണ്ട നടപടി. 1991-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ആദ്യമേ ചെയ്തത് ആ കൗൺസിലുകളെ മുഴുവൻ പിരിച്ചുവിട്ടു. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന്റെ പ്രാഥമിക നടപടിയായി കേരളത്തിൽ കൊണ്ടുവന്ന ജില്ലാ കൗൺസിലുകളെ മുഴുവൻ പിരിച്ചുവിട്ട ഒരു മുന്നണിയുടെ രാഷ്ട്രീയ സംവിധാനത്തിന്റെ ഉടമ അല്ലേ നിങ്ങൾ? അവിടെനിന്നുകൊണ്ടാണ് പുതിയ നിയമനിർമ്മാണത്തിൽക്കൂടി ഇപ്പോഴത്തെ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞത്.

ശ്രീ. പാലോട് രവി : ഈ അധികാരവികേന്ദ്രീകരണത്തിൽ ജില്ലാ കൗൺസിൽ പിരിച്ചുവിട്ടുവെന്നു പറഞ്ഞു. അങ്ങ് പറഞ്ഞ ബംഗാളിന്റെ മാതൃകയിൽ നിയമമുണ്ടാക്കിയത് കേരളത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ്, അങ്ങയും സെലക്ട് കമ്മിറ്റിയിൽ ഉണ്ടായിരുന്നതാണ്. അതിന്റെ അപാകത തീർക്കാനും കൂടുതൽ അധികാരങ്ങൾ നൽകാനും കഴിഞ്ഞ നിയമസഭ പാസ്സാക്കിയ സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിയമം ഈ സംസ്ഥാനത്ത് നടപ്പിലാകുകയില്ലെന്നുള്ള വസ്തുത അങ്ങേയ്ക്കറിയുമോ?

ശ്രീ. കെ. പ്രകാശ് ബാബു : അത് നടപ്പിലാക്കുമെന്ന് ശ്രീ. രവിക്ക് അനുഭവത്തിൽക്കൂടി ബോധ്യമാകുമായിരിക്കും. നമ്മുടെ നിയമസഭ ഏറ്റവും കൂടുതൽ സമയമെടുത്ത് പഞ്ചായത്ത് രാജ് നിയമത്തിൽ മാറ്റങ്ങൾ വരുത്തിയില്ലേ? ഇനിയും നിശ്ചയമായും മാറ്റങ്ങൾ വരും. ഈ ഗവൺമെന്റിന് ആ കാര്യത്തിൽ തുറന്ന സമീപനമേ ഉള്ളൂ. പ്രായോഗികമായ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് രാവുംതോറും കൂടുതൽ മിനുങ്ങുമെന്നാണ് ഞങ്ങൾ പഠിച്ചിട്ടുള്ളത്. വിമർശനങ്ങൾ ഉൾക്കൊള്ളാനും ഉൾക്കൊള്ളുന്നതനുസരിച്ചുതന്നെ കാലോചിതമായി മാറ്റം വരുത്താനും എപ്പോഴും ഈ ഗവൺമെന്റിന് സന്നദ്ധതയെ കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതിലൊന്നും മാറ്റം വരികയില്ല. അതിന് ഒരു സംശയവും വേണ്ട. 1991-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ജില്ലാ കൗൺസിലുകളെ പിരിച്ചുവിട്ടു. ആ നിയമം പാസ്സാക്കുമ്പോൾ യു.ഡി.എഫ്. എന്തൊരു ദുർവാശി കാണിച്ചു. വാർഡുകൾ പുനർവിഭജനം നടത്തുന്ന കാര്യത്തിൽ ഗവൺമെന്റിനുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

അധികാരം വേണമെന്ന് വാശി പിടിച്ചു. അഡ്വക്കേറ്റ് ജനറലിന്റെ പ്രതിനിധിയെ നിയമസഭയിൽ വരുത്തി, അദ്ദേഹത്തെക്കൊണ്ട് ഗവൺമെന്റിനുവേണ്ടി വാദഗതി നടത്തി. ഗവൺമെന്റ് തന്നെ ഇതുമുഴുവൻ ചെയ്യണമെന്നു പറഞ്ഞു. ഈ ഗവൺമെന്റ് തുറന്ന സമീപനം കൈക്കൊണ്ട് ആ അധികാരം ഇലക്ഷൻ കമ്മീഷന് കൊടുത്തു. ഡീ ലിമിറ്റേഷനുള്ള അധികാരം ഇലക്ഷൻ കമ്മീഷന് കൊടുത്തില്ലേ, റിസർവേഷൻ നിശ്ചയിക്കാനുള്ള അധികാരം ഇലക്ഷൻ കമ്മീഷന് കൊടുത്തില്ലേ, മെമ്പർമാർക്ക് അയോഗ്യത കല്പിക്കുന്നതിനുള്ള അധികാരം ഇലക്ഷൻ കമ്മീഷന് കൊടുത്തില്ലേ, ഇപ്പോൾ കൂറുമാറ്റനിയമം വന്നപ്പോൾ അതും തെരഞ്ഞെടുപ്പ് കമ്മീഷന് കൊടുത്തില്ല? ഒരു സ്വതന്ത്രബോഡിക്ക് ഇങ്ങനെ അധികാരം കൊടുത്തുകൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു തുറന്ന സമീപനം ഈ കാര്യത്തിൽ കൈകൊണ്ടുവെന്നത് നിങ്ങൾക്ക് ആർക്കെങ്കിലും നിഷേധിക്കുവാൻ കഴിയുമോ? ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നു വർഷമായി പഞ്ചായത്തുകൾക്ക് കൊടുക്കുന്ന പണത്തെ സംബന്ധിച്ച് അവർ ഒരു നിമിഷം ആലോചിക്കട്ടെ. 1997-98-ൽ 749 കോടി രൂപ ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി ഈ ഗവൺമെന്റ് നീക്കിവച്ചില്ലേ. 1998-1999 -ൽ 950 കോടി രൂപ നീക്കിവച്ചു. 1999-2000 അതായത് ഈ നടപ്പുസാമ്പത്തിക വർഷത്തിൽ 1020 കോടി രൂപയാണ് ത്രിതല പഞ്ചായത്തുകളുടെ ആവശ്യത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. സമ്പത്തും അധികാരങ്ങളും കൈമാറുന്നതിൽ എപ്പോഴും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇന്ത്യയ്ക്ക് ആകെ ഒരു മാതൃകയാണെന്ന് പറഞ്ഞത് അതുകൊണ്ടാണ്. ഗ്രാമസഭകൾക്കുള്ള അധികാരം ഇന്ത്യയിൽ മാറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിൽ കേരളത്തിൽ നടപ്പിലാക്കി. ഗ്രാമപഞ്ചായത്തിലെ മെമ്പർ ബോധപൂർവ്വം ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ആ മെമ്പറെ അയോഗ്യനാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തിയിട്ടുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ആ നിയമനിർമ്മാണത്തിന് നേതൃത്വം കൊടുത്തതും ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയാണ്. മെമ്പറെ പിൻവലിക്കുകയെന്നുള്ള അധികാരമെന്നുപറഞ്ഞാൽ.....

<u>ശ്രീ. ജി. കാർത്തികേയൻ</u> : അങ്ങ് പറഞ്ഞത് ശരിയാണ്, കേരളത്തിൽ കർമ്മസമിതി കൂടി പിന്നെ പഞ്ചായത്തിന്റെ സമിതികൾ കൂടി അതുകഴിഞ്ഞ് വീണ്ടും കർമ്മസമിതി കൂടി, ഗ്രാമസഭ ചേർന്ന് അത് കഴിഞ്ഞ് വികസന സെമിനാറിനുശേഷം അങ്ങ് ഈ പറയുന്ന അർത്ഥത്തിൽ ഒരു പഞ്ചായത്ത് ഒരു പ്രോജക്ടിന്റെ അനുവാദത്തിനുവേണ്ടി നിങ്ങൾ എതിർത്ത വിദഗ്ദ്ധസമിതിയുടെ മുമ്പിൽ കാത്തുകെട്ടി കിടക്കുകയാണ്. അങ്ങ് പറയുന്ന ഗ്രാമസഭകൾ എടുക്കുന്ന തീരുമാനം നിങ്ങൾ എതിർക്കുന്ന വിദഗ്ദ്ധസമിതിയുടെ മുമ്പിൽ അനുവാദത്തിനുവേണ്ടി കാത്തുകെട്ടി കിടക്കുകയാണ് കേരളത്തിൽ.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ഗ്രാമസഭകൾക്ക് അങ്ങനെ അധികാരം കൊടുത്തപ്പോൾ ഒരു കാര്യം കൂടി ചെയ്തു. വിമർശനങ്ങളെ തുറന്ന മനസ്സോടുകൂടി കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഗവൺമെന്റാണിത്. രാവും തോറും മിനിസ്സും കൂടും, ശോഭ കൂടും എന്നുള്ളതുകൊണ്ടുതന്നെ ആ വിമർശനങ്ങളുടെ നല്ല വശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് മാറ്റം വരുത്തുകയും ചെയ്തു. അതിൽ ഗ്രാമസഭകളുടെ തീരുമാനത്തിന് മാറ്റം വരുത്താൻ വ്യക്തിഗതഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ഗ്രാമസഭയുടെ അധികാരത്തിൽ മാറ്റം വരുത്താൻ പഞ്ചായത്ത് ഭരണസമിതികൾക്കുപോലും അവകാശ

LIBRARY ARCHIVES Kerala Legislative Assembly

മില്ല. അതിന്റെ നടപടിക്രമങ്ങളിൽ ചില കാലതാമസമുണ്ടാക്കിയെന്നുള്ളത്. വസ്തുതയാണ്. ശ്രീ. കാർത്തികേയൻ അങ്ങയുടെ മണ്ഡലത്തിലെ പഞ്ചായത്തിൽ ഇപ്പോൾ നോക്കുക. കഴിഞ്ഞവർഷം നവംബർ, ഡിസംബർ മാസം ഇതിൽ ആദ്യഗഡു വിതരണം ചെയ്തു. നവംബർ, ഡിസംബർ മാസങ്ങളിൽ പഞ്ചായത്തുകൾക്ക് ആദ്യഗഡു കിട്ടിയപ്പോൾ, പക്ഷെ ഇത്തവണ ജൂൺമാസത്തിൽ പഞ്ചായത്തുകൾ അവരുടെ പദ്ധതികൾ പൂർത്തിയാക്കി കൊടുത്തവർക്ക് ആദ്യഗഡു അനുവദിച്ചുകഴിഞ്ഞു. അറിഞ്ഞുകൂടെങ്കിൽ ശ്രീ. അബ്ദുറബ്ബിനോട് ചോദിച്ചു നോക്കൂ. ഇപ്പോൾ കാലതാമസം ഒഴിവാക്കാനുള്ള നടപടി ഈ ഗവൺമെന്റ് കൈയോടെ കൈക്കൊണ്ടു. അങ്ങനെ കൈക്കൊണ്ടതിന്റെ ഫലമായി ജൂൺമാസം മുതൽ 9 മാസം ഈ വർഷത്തെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നമ്മുടെ പഞ്ചായത്തുകൾക്ക് കിട്ടുന്നുവെന്നുള്ളത് നമ്മൾ ഒരുമിച്ച് അഭിമാനത്തോടുകൂടി കാണണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എം.വി. ജയരാജൻ</u> : ഇത്തവണ പദ്ധതി നിർവ്വഹണത്തിനുവേണ്ടിയുള്ള കാര്യക്ഷമത കൂടുന്നുവെന്ന് സൂചിപ്പിച്ചതുകൊണ്ട് പറയുകയാണ്. ഇന്നലെ കണ്ണൂർ ജില്ലാ പ്ളാനിംഗ് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. 85 ഗ്രാമസഭകളിൽ ഒരു പഞ്ചായത്ത് ഒഴിച്ച് അത് കോൺഗ്രസിന്റെ പഞ്ചായത്ത് – ബാക്കിയെല്ലാ പഞ്ചായത്തുകളുടെയും പദ്ധതിക്ക് ഡി.പി.സി അംഗീകാരം നൽകിയെന്നുമാത്രമല്ല പദ്ധതി നിർവ്വഹണം അടുത്തദിവസം മുതൽ ആരംഭിക്കുകയും ചെയ്തു. അത് അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ശ്രീ. എം.വി. ജയരാജൻ പറഞ്ഞ നേട്ടം കാണണ്ടേ? ഞാൻ അതാണ് പറഞ്ഞത്. ചില അപാകതകളൊക്കെയുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ എന്ന നിലയ്ക്ക് കാലതാമസം ഉണ്ടായി എന്നുള്ളതും വസ്തുതയാണ്. പക്ഷെ ആ കാലതാമസത്തെ മുഴുവൻ ഒഴിവാക്കിക്കൊണ്ട് ഈ ജൂൺമാസം മുതൽ ആ പ്രവർത്തനങ്ങളിലേക്ക് പോകാൻ കഴിഞ്ഞു. ആ കൂട്ടത്തിൽ ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ. നമ്മുടെ 14 ജില്ലാ പ്ളാനിംഗ് കമ്മിറ്റികളും, ആ കമ്മിറ്റികളുടെ അധികാരവും ചുമതലയും നിയമത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിയമത്തിൽ പറഞ്ഞിട്ടുള്ള ഡി.പി.സിയുടെ അധികാരം എന്നുപറയുന്നത് കൺസോളിഡേഷൻ ഓഫ് പ്ലാൻ ആണ് ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയാറാക്കികൊടുക്കുന്ന പ്ളാൻ കൺസോളിഡേറ്റ് ചെയ്യുകയും ജില്ലയ്ക്ക് മൊത്തത്തിലുള്ള ഡ്രാഫ്റ്റ് പ്ളാൻ പ്രിപ്പയർ ചെയ്യുകയും ചെയ്യുക എന്ന പ്രാഥമികമായ ജോലിയിലേക്ക് നമ്മുടെ ഡി.പി.സി കൾ പോകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. കൈക്കൊണ്ടേ മതിയാകൂ. ഡി.പി.സി. കൾ ഇപ്പോൾ കേവലം ഗ്രാമ, ബ്ളോക്ക്, മുനിസിപ്പൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ളാനുകൾക്ക് അംഗീകാരം കൊടുക്കുന്ന ഒരു നടപടിയിൽ മാത്രമാണ് നിൽക്കുന്നത്. അതുമാറി നിയമം പറയുന്ന ആ ജോലികൾ ചെയ്യുന്നതിലേക്ക് കൊണ്ടുപോകാൻ നമുക്ക് കഴിയണം. നിശ്ചയമായും അത് ഈ സംസ്ഥാനത്തിന്റെ ആസൂത്രണത്തിന് അനിവാര്യഘടകമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജില്ലാ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ഇന്ന് ഒരു റോഡ് രജിസ്റ്റർ ഇല്ല. അത് പലപ്പോഴും പല പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. കാരണം എന്താണെന്നുവച്ചാൽ പി.ഡബ്ല്യൂ.ഡി യുടെ നിരവധി റോഡുകൾ ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുത്തു. പക്ഷെ ജില്ലാ പഞ്ചായത്ത് അവരവരുടെ

LIBRARY ARCHIVES Kerala Legislative Assembly

വാർഡുകളിലെ ചില റോഡുകൾ ചെയ്യുന്നതിലേക്കു പോകുന്നു. അതു കൊണ്ട് ജില്ലാ പഞ്ചായത്തിനും ബ്ളോക്ക് പഞ്ചായത്തിനും അടിയന്തിരമായി ആവശ്യമായ നിർദ്ദേശം കൊടുത്തുകൊണ്ട് റോഡ് രജിസ്റ്റർ ഉണ്ടാക്കുകയും ആ റോഡ് രജിസ്റ്ററിൽ ഉൾപ്പെടുന്ന റോഡുകൾക്കുവേണ്ടി മാത്രമായി റോഡിനുവേണ്ടിയുള്ള ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം നൽകണം. അത് ബഹുമാനപ്പെട്ട മന്ത്രി സജീവ പരിഗണനയിൽ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ ഇന്ന് ധാരാളം അനാവശ്യമായ ബോഡികളും അതോറിറ്റികളും ഉണ്ട്. ആ മൾട്ടിപ്പിൾ സിറ്റി തന്നെ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഒരേ ആവശ്യത്തിനുവേണ്ടി പല തരത്തിലുള്ള ബോഡികൾ. അതു കൊണ്ട് ജില്ലകളിലുള്ള, പ്രത്യേകിച്ചും മുനിസിപ്പൽ പ്രദേശങ്ങളിലുള്ള ഡെവലപ്മെന്റ് അതോറിറ്റികളെ മുനിസിപ്പൽ പ്രദേശത്തിന്റെയും ജില്ലയുടേയും ആസൂത്രണത്തിന്റെ ഭാഗമായി മാറ്റിക്കൊണ്ട് അനാവശ്യമായിട്ടുള്ള വികസന അതോറിറ്റികളെ പൂർണ്ണമായിട്ടും പിരിച്ചുവിടണം എന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് ആ നിലയിൽ ആലോചിച്ചുകൊണ്ട് ആവശ്യമായ നിർദ്ദേശം നൽകണം. ജില്ലാ പ്ളാനിംഗ് കമ്മിറ്റിയുടെ ഭാഗമായി ആ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തണം. അധികാരവികേന്ദ്രീകരണ പ്രക്രിയകൾ ഒരു ലക്ഷ്യത്തോടുകൂടിതന്നെ നീങ്ങുകയും അതിൽ ഏറ്റവും മുൻപിൽ എത്തുകയും ചെയ്ത സംസ്ഥാനമാണ് കേരളം. അഴിമതിയുടെ പേരു പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിനെ ആക്ഷേപിക്കാൻ ശ്രീ. ബി. വിജയകുമാറിനെപ്പോലുള്ള അംഗങ്ങൾ താല്പര്യം കാണിച്ചത് കഷ്ടമായിപ്പോയി എന്നുമാത്രമേ ഈ അവസരത്തിൽ എനിക്കു പറയാനുള്ളൂ. തിരുവനന്തപുരം നഗരസഭ ഉൾപ്പെടെ ഇവിടെ പല പ്രദേശത്തിലും വാഹനം പാർക്ക് ചെയ്യാൻ ഒരിഞ്ചു സ്ഥലം പോലുമില്ലാതെ നാഷണൽ ഹൈവേയിൽ വാഹനം പാർക്കു ചെയ്തുകൊണ്ട് എക്സംപ്ഷനുള്ള അധികാരം ദുർവിനിയോഗം ചെയ്ത ഗവൺമെന്റിന്റെ വക്താക്കളാണ് അപ്പുറത്തിരുന്നുകൊണ്ട് ഇത് പറയുന്നത്. ഞാൻ അതിന്റെ ഉദാഹരണങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഈ ഗവൺമെന്റ് എക്സംപ്ഷനുള്ള അധികാരം പൂർണ്ണമായും എടുത്തുകളഞ്ഞു നിങ്ങൾക്ക് മുനിസിപ്പാലിറ്റിയേയോ പഞ്ചായത്തിനെയോ കോർപ്പറേഷനേയോ പറയാൻ കഴിയൂ. ഈ ഗവൺമെന്റിന്റെ പ്രതിനിധികളെ ആ കാര്യത്തിൽ ചെളിക്കുണ്ടിൽ നിർത്താൻ, അഴിമതിയുടെ കൂട്ടിൽ നിർത്താൻ നിങ്ങൾക്ക് ഒരിക്കലും കഴിയില്ല. അതുകൊണ്ടുതന്നെ എക്സംപ്ഷന്റെ അധികാരം പൂർണ്ണമായി എടുത്തുകളഞ്ഞ ശ്രീ. പാലൊളി മുഹമ്മദ്കുട്ടിയെ ഈ ഗവൺമെന്റിന്റെ പ്രതിനിധിയെന്നനിലയിൽ പൂവിട്ടു നിങ്ങൾ പൂജിക്കണം. അതാണു വേണ്ടത്. അതിനു തയ്യാറാവുകയാണ് നിങ്ങൾ വേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഇന്ന് ഈ നിയമസഭയിൽ ചർച്ചയ്ക്ക് വന്നിട്ടുള്ള ഡിമാന്റ് നഗരവികസനവും പഞ്ചായത്തും ആണെന്നു തോന്നുന്നു. ഇതിനെക്കുറിച്ച് കാര്യമായി ആരും സംസാരിച്ചു കേട്ടിട്ടില്ല. എല്ലാവരും സൂത്രത്തിലേക്ക് കടക്കുകയായിരുന്നു. എഴുന്നേറ്റയുടനെ സൂത്രത്തിലേക്ക് കടന്ന് സൂത്രത്തെപ്പറ്റി അങ്ങോട്ടും ഇങ്ങോട്ടും ചർച്ച ചെയ്തതല്ലാതെ പഞ്ചായത്തിന്റെ ചുമതല എന്താണ്, പഞ്ചായത്ത് എന്നുപറഞ്ഞാൽ ആസൂത്രണം മാത്രമേയുള്ളോ? ..... പഞ്ചായത്തിന് നിയമപരമായ ഒരുപാട് ജോലികളുണ്ട്. വികസന ഏജൻസിപോലെ മാറിയിരിക്കുന്ന തരം താണ ഇന്നത്തെ പഞ്ചായത്തുകൾ അല്ല പരമാർത്ഥത്തിൽ പഞ്ചായത്തുകൾ

LIBRARY ARCHIVES Kerala Legislative Assembly

ആകേണ്ടത്. പഞ്ചായത്തിന് ആ പ്രദേശത്തുള്ള ആളുകളുടെ സാമൂഹികജീവിതത്തിനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നതാണ് പഞ്ചായത്തിന്റെ പ്രവർത്തനംകൊണ്ട് ഉദ്ദേശിക്കുന്നത്. അതിന് ശക്തമായ പഞ്ചായത്തുകൾ വേണം. അങ്ങനെ ശക്തമായ പഞ്ചായത്തുകളാക്കി മാറ്റാൻ ഈ ഗവൺമെന്റോ, അല്ലെങ്കിൽ ആസൂത്രണത്തെപ്പറ്റി പറയുന്നവരോ ഉദ്ദേശിക്കുന്നില്ല എന്നു പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും.

ശ്രീ. ചെർക്കളം അബ്ദുള്ള : ഈ ഗവൺമെന്റിന്റെ ആക്ടും അതുപോലെ റൂൾസും ഒക്കെ രസമാണ്. അപ്പുറത്തുനിന്ന് പറയുന്നത് കേൾക്കാനും വളരെ രസമുണ്ട്. ചേട്ടൻ പറഞ്ഞ സൂത്രം തീരുമാനിക്കുന്നത് ഗ്രാമസഭയാണ്. അതിന് അപ്പുറത്ത് ഭരണസമിതികളും തീരുമാനിക്കുന്നു. പക്ഷെ ത്രിതല പഞ്ചായത്തുകളിൽ മെമ്പർമാർ ഓഹരി വയ്ക്കുന്ന സമ്പ്രദായം നിർത്തൽ ചെയ്യാനാവാശ്യമായ നടപടികളെക്കുറിച്ച് അങ്ങ് വിശദമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : എന്തെങ്കിലും യോഗങ്ങളും ചർച്ചകളും സെമിനാറുകളും നടന്നാലും സദ്യ ഉണ്ടാലും കാപ്പി കുടിച്ചാലും ഇന്നു നടക്കുന്നത് കിട്ടുന്ന തുക പങ്ക് വയ്ക്കലാണ്. ആ പങ്ക് വയ്ക്കുന്ന ഒരു ജോലി മാത്രമാണ് ഇന്ന് യഥാർത്ഥത്തിൽ പഞ്ചായത്തുകളിൽ നടക്കുന്നത്. ഞാനും ഒരു പഞ്ചായത്തിൽ താമസിക്കുന്നവനാണ്. ഞാൻ 18 വർഷം പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ഇപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ ഒന്നുരണ്ടു റോഡുകൾ ടാറിട്ടു എന്നതല്ലാതെ വേറെയൊന്നും ചെയ്തിട്ടില്ല. എന്റെ പഞ്ചായത്തിൽ റോഡരികിൽ 140 കുടികിടപ്പുകൾ ഉണ്ടായിരുന്നു. ഞാൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നപ്പോൾ അവർക്കെല്ലാം സ്വന്തമായി കെട്ടിടങ്ങൾ കൊടുത്തു. അങ്ങനെ കുടികിടപ്പുകാർ ഇല്ലാത്ത ഒരു പഞ്ചായത്തായിരുന്നു അത്. ഇപ്പോൾ പുതിയതായി പത്തിരുപത് കുടികിടപ്പുകാർ വന്നു. ഞാൻ പഞ്ചായത്തിനോട് ഇവരെ എവിടെയെങ്കിലും മാറ്റി താമസിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. അതുപോലും ചെയ്യാൻ കഴിയാത്ത പഞ്ചായത്താണത്. ഞാൻ അവരെ മാത്രമല്ല പറയുന്നത്. ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ ഇവിടെ അഴിമതി, അഴിമതി എന്ന് ആക്രോശിച്ചു. വാഴൂർ പഞ്ചായത്തിൽ ഇടതും വലതും കൂട്ടിച്ചേർന്ന് ഒരു പ്രസിഡന്റിനെ നിയമിച്ചു. അവിടെ പാവപ്പെട്ടവന് വീടു കൊടുത്തു. 3000 രൂപ എഴുതിയാൽ 30 രൂപ കൊടുക്കും. ബാക്കി പണം കൊടുക്കുകയില്ല. അങ്ങനെ സഹിക്കാൻ വയ്യാതെ വന്നപ്പോൾ ശ്രീ. കെ. പ്രകാശ് ബാബുവിന്റെ പാർട്ടിക്കാർ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്നു. രണ്ടു പാർട്ടിക്കാരും കൂടി പങ്കാളികളായി ഉണ്ടാക്കിയ പ്രസിഡന്റാണ്. ഞങ്ങൾ വെറുതെ ഒന്നു താങ്ങി, പ്രസിഡന്റു താഴെ, ഇപ്പോൾ പ്രസിഡന്റും അദ്ദേഹത്തെ അനുകൂലിക്കുന്ന ഒരു വിഭാഗം ആളുകളും ഗ്രാമസഭകളെ ഉഴപ്പുന്നുവെന്നാണ് പറയുന്നത്. ആരൊന്നൊന്നും പറയുന്നില്ല. ഗ്രാമസഭകൾ വിളിച്ചു കൂട്ടിയില്ലെങ്കിൽ പഞ്ചായത്ത് പിരിച്ചുവിടും എന്നൊരു മിഥ്യാ വിചാരം അവർക്കുള്ളതുകൊണ്ടാണ് ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ക്രോഡീകരിച്ച് ഇവിടെവന്ന് പറഞ്ഞാൽ ഭംഗിയാകുമെന്നാണ് ധരിച്ചത്. ശ്രീ. കെ. പ്രകാശ് ബാബുവിന്റെ മനസാക്ഷിക്ക് അനുസരിച്ചല്ല അദ്ദേഹം പ്രസംഗിച്ചത്. ഇന്നത്തെ പഞ്ചായത്ത് ഒരു വികസന ഏജൻസിയാണ്. ഈ പഞ്ചായത്തുകൾക്ക് ആസൂത്രണം മാത്രമേയുള്ളുവോ? അല്ലാതെ നിയമപരമായ എത്രയോ നടപടികൾ നടത്താനുണ്ട്. ഒരു മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളും സ്പർശിക്കാനുള്ള എല്ലാ അവകാശവുമുണ്ട്. അതിന് പഞ്ചായത്ത് ശക്തമായിരിക്കണം. ഇപ്പോഴത്തെ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കാര്യം ഞാൻ പറയുന്നില്ല. വെറും നോക്കുകുത്തികളാണ്. എന്റെ പഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളാണ്. മൂക്കുതുറന്നു നടക്കാൻ വയ്യല്ലോയെന്ന് അദ്ദേഹത്തോട് ഞാൻ പറഞ്ഞു. ഞാൻ പഞ്ചായത്തിൽ പോയിരുന്നാൽ എന്റെ അപ്പുറവും ഇപ്പുറവും രണ്ടുപേരും വന്നിരിക്കും. പിന്നെ അവർ പറയുന്നതേ എനിക്ക് ചെയ്യാൻ പറ്റൂ. പക്ഷെ ഇവിടെ പാർട്ടിക്ക് അനുകൂലമായിട്ടാണ് സംസാരിക്കേണ്ടത്. പാർട്ടിക്ക് അനുകൂലമായി സംസാരിക്കാനല്ല, ജനങ്ങൾക്ക് അനുകൂലമായി സംസാരിക്കാൻ ആദ്യം പഠിക്കണം.

ശ്രീ. പി.ജെ. ജോയി : അങ്ങ് പറയുന്നതൊക്കെ രേഖയിൽ ഉണ്ടാകുമെന്നതുകൊണ്ടാണോ ഇങ്ങനെ സംസാരിക്കുന്നത്? എനിക്ക് പഞ്ചായത്ത് ആസൂത്രണത്തെപ്പറ്റി വളരെയേറെ മതിപ്പുണ്ട്. നിയമസഭയേക്കാൾ കൂടുതൽ ബഹുമാനിക്കുന്നത് പഞ്ചായത്തിനെയാണ്. പഞ്ചായത്താണ് ജനങ്ങളുടെ പ്രാഥമിക ജീവിതത്തിന്റെ അടിത്തറ. പക്ഷെ ഒരു പഞ്ചായത്തിനെ ഇങ്ങനെയൊക്കെ പറഞ്ഞ് ഒന്നുമല്ലാതെയാക്കി മാറ്റുന്ന ഇന്നത്തെ രീതി, ഈ സൂത്രം, ഈ ആസൂത്രണം ശരിയല്ല. ഒരു പുസ്തകം ഈയിടെ കിട്ടി. കടുത്ത സാമ്പത്തിക അച്ചടക്കത്തിലൂടെ സർക്കാരിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തിയെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. അവരങ്ങനെ..... ഇവരിങ്ങനെ..... എനിക്കതൊന്നും പറയാൻ വയ്യ. താഴെ വീഴാതെ സഞ്ചരിക്കണമെന്നു മാത്രമേയുള്ളൂ. ഞാൻ പഞ്ചായത്തിലേക്ക് കടക്കുകയാണ്. പഞ്ചായത്തിൽ ആസൂത്രണമെല്ലാം പിഴച്ചുവെന്നുപറയുന്നതിൽ തെറ്റില്ല. ഏതെങ്കിലും ഒരു പഞ്ചായത്തിന്റെ ചെലവ് ആഡിറ്റു ചെയ്യുന്നതിന് അനുവദിക്കുമോ? അനുവദിക്കാൻ കഴിയുകയില്ല. അവിടെ പഞ്ചായത്തുകൾക്ക് അധികാരമുണ്ടെന്നു പറയുന്നു. നേരത്തേ പ്രസംഗിച്ച ഒരു മെമ്പർ പറഞ്ഞു. 'നോക്കുകുത്തികളാണ്' എന്ന്. ഇപ്പോഴാണ് നോക്കുകുത്തിയായത്. പഞ്ചായത്തുകൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. പഞ്ചായത്തുകൾക്കുമേൽ കുറേ മേൽക്കോയ്മകൾ പതിപ്പിച്ചിരിക്കുയാണ്. ആ മേൽക്കോയ്മകൾക്കിടയിലൂടെ രക്ഷപ്പെടാൻ കഴിയുന്നില്ല. ഇവിടെ പാസ്സാക്കിയാലും അവിടെ വെട്ടിക്കുറയ്ക്കും. അവിടെ വെട്ടിക്കുറച്ചാലും പിന്നെ ജില്ലയിൽ അരിച്ചുകളയും. ഏതായാലും നമ്മുടെ പാർട്ടിക്കു കിട്ടുന്നതുവരെ ഈ പ്രക്രിയ തുടരും എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇവിടെ കോടിക്കണക്കിന് രൂപയുടെ കണക്ക് ശ്രീ. പ്രകാശ് ബാബു പറഞ്ഞു. കോടിക്കണക്കിനുരൂപ എവിടെയാണ് ചെലവാക്കിയത്? 100 രൂപ ചെലവാക്കിയാൽ 80 രൂപ സദ്യ, 20 രൂപ കാപ്പി. പിന്നെ എവിടെ ചെലവാക്കാനാണ്. ഇതിനുമുമ്പ് പഞ്ചായത്തുകളും പാർട്ടികളും ഉണ്ടായിട്ടില്ലേ? കാപ്പി കൊടുക്കുന്നതിനൊന്നും എനിക്ക് വിരോധമില്ല. പഞ്ചായത്തിന്റെ ഫണ്ട് പഞ്ചായത്തിനുവേണ്ടിയും അവിടത്തെ മനുഷ്യർക്കുവേണ്ടിയും ചെലവഴിക്കണം. അല്ലാതെ ഭംഗിയായ വാക്കുകളും പ്രചരണങ്ങളും കൊണ്ട് ഈ രാജ്യം നന്നാവുകയില്ല.

[12.00 Noon]

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. സഭയിൽ വസ്തുതകൾക്ക് കടകവിരുദ്ധമായിട്ടുള്ള പ്രസ്താവന നടത്തുന്നത് ഓർഡറിലാണോ? കാരണം പായസം കൊടുത്തു, ചോറു കൊടുത്തു എന്നു പറയുന്നതൊക്കെ ജനകീയാസൂത്രണത്തിന്റെ പ്രൊപ്പഗാൻഡയ്ക്കുവേണ്ടി, പ്രചരണത്തിനുവേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പഗാൻഡയ്ക്കുവേണ്ടി 7 കോടി രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യ അനുവദിച്ചിട്ടുണ്ട്. അത് അറിയുമോ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : 7 കോടി രൂപ ഈ രാജ്യത്തിന്റെ പണമല്ലല്ലോ. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഒരു പോയിന്റ് ഓഫ് ഓർഡർ എന്റെ പ്രസംഗത്തിൽ കൊണ്ടുവന്നതിൽ ഞാൻ ധന്യനായി. ഞാൻ വലിയവനായി. സംഗതികൾ എല്ലാവർക്കുമറിയാം. നന്നാക്കണമെന്നുമാത്രമേ ഞങ്ങൾ പറയുന്നുള്ളു. ആസൂത്രണത്തിൽ വെള്ളം ചേർത്തതല്ലേ ജനകീയാസൂത്രണം. ഞങ്ങളുടെ കാലത്ത് എന്തായിരുന്നുവെന്നു ചോദിച്ചു. ഞങ്ങളുടെ കാലത്ത് ഇത്രയൊന്നും ചെലവില്ലായിരുന്നു. ഞങ്ങളുടെ കാലത്ത് ചെലവാക്കിയത് ഡിപ്പാർട്ടുമെന്റുകളായിരുന്നു. ഇപ്പോൾ പണം തുത്തുവാരി പഞ്ചായത്തുകൾക്കു കൊടുക്കണം. അത് മറുഭാഗത്തുകൂടി പോകുന്നുവെന്നു മാത്രമേ ഞങ്ങൾക്കു പരാതിയുള്ളൂ. ഏതു പഞ്ചായത്തിനാണ് സ്വന്തമായി തീരുമാനമെടുക്കാൻ കഴിയുക? ഒരു പഞ്ചായത്തിനും കഴിയുകയില്ല. അതൊക്കെ കമ്മിറ്റികളും അതിന്റെമേൽ അരിപ്പകളും, അതിന്റെയും മേൽ അരിപ്പകളും എല്ലാം കഴിഞ്ഞ് എപ്പോൾ നമ്മുടെ ഭാഗത്തുവരുമോ അപ്പോൾ തീരുമാനമാകുമെന്നു മാത്രമേ പറയുന്നുള്ളു. അഴിമതിയെപ്പറ്റിയൊന്നും ആരും പറയരുത്. പാവപ്പെട്ടവനു കൊടുത്ത എത്ര വീടിന്റെ പണി പൂർത്തിയാക്കി എന്നന്വേഷിക്കാൻ ശ്രീ. പ്രകാശ് ബാബു തയ്യാറുണ്ടോ? അതുകൊണ്ടാണ് അവിശ്വാസം കൊണ്ടുവന്നത് അതിനെ പിന്താങ്ങുന്നത്..... അതു ഞാൻ പറയണ്ടല്ലോ. ഈ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. ഈ പങ്കു വയ്ക്കലിന്റെ കാര്യം പറഞ്ഞ് ബ്ളോക്കായാലും പഞ്ചായത്തായാലും ജില്ലയായാലും അവനവന്റെ വീട്ടിലേക്ക് പോകുന്ന റോഡുകൾ ടാറിടാനായി പണം ചെലവാക്കുന്നുണ്ട്. എന്തിനാണ് അങ്ങനെയൊരു ആസൂത്രണം. ഞാൻ ആസൂത്രകനാണെങ്കിൽ എന്റെ വീട്ടിലേക്കുള്ള റോഡുകളെല്ലാം ടാർ ചെയ്യുക, അവിടെയൊക്കെ ഓടകുഴിക്കുക, ആ രീതിയിലാണ് ആസൂത്രണം വരുന്നത്. പഞ്ചായത്ത് മെമ്പറിന്റെ വീടിന്റെ പടിക്കൽ, അല്ലെങ്കിൽ ബ്ളോക്ക് മെമ്പറിന്റെ വീടിന്റെ പടിക്കലൊക്കെ ടാറിട്ട റോഡുകൾ, ഇതാണ് സൂത്രമെങ്കിൽ .....
.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അങ്ങ് ഡെപ്യൂട്ടി സ്പീക്കറായിരുന്ന ആളല്ലേ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : അതുകൊണ്ടാണ് ഞാൻ പ്രത്യേക പരിഗണന കൊടുത്തത്. ഞാൻ ഡെപ്യൂട്ടി സ്പീക്കറായിരുന്നപ്പോൾ അങ്ങയുടെ പാർട്ടിക്കാർ ഇഷ്ടംപോലെ അനുഭവിച്ചവരാണ്. അതിനാരും തർക്കം പറയുകയില്ല. ഇവിടെ ശ്രീ.ടി ശിവദാസമേനോൻ 3 മിനിറ്റെടുത്തു. പുറകിലാരോ 2 മിനിറ്റെടുത്തു. അങ്ങനെ 6 മിനിറ്റ്, പിന്നെ ഒരു മിനിറ്റിൽ എന്തു കസർത്തു കാണിക്കാനാകും. ഒന്നും ചെയ്യാനില്ല. അതുകൊണ്ട് ഞാൻ നിർത്തട്ടെ. നഗരത്തെപ്പറ്റി ഒരു വാക്ക്. ഏതു നഗരത്തിലാണ് വൃത്തിയുള്ളത്. ചപ്പും ചവറും കൂനയുമില്ലാത്ത ഒരൊറ്റ നഗരം പോലുമില്ല. തിരുവനന്തപുരത്ത് ഏതു റോഡാണ് നടക്കാൻ കൊള്ളാവുന്നത്. മെയിൻ റോഡുകൾ പി. ഡബ്ല്യൂ. ഡി. ചെയ്യുന്നതൊഴിച്ചാൽ എല്ലാ റോഡുകളും തക്കേട്..... തക്കേട്..... അങ്ങനെ പോവുകയാണ്. ഇതാണ് ആസൂത്രണം. തിരുവനന്തപുരം പട്ടണത്തിൽ ഇതിനുമുമ്പൊക്കെ ഇത്രയും വാടക കൂട്ടിയിട്ടില്ല. ഇന്നിപ്പോൾ വാടകയും കൂട്ടി. വാടയും കൂടി. അങ്ങനെ വാടകയും വാടയും കൂട്ടാൻ ഈ ആസൂത്രണത്തിനു മാത്രമേ കഴിയുകയുള്ളു. എന്റെ പഞ്ചായത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കവലയുണ്ട്. അവിടെപ്പോലും ചപ്പിന്റെ കൂമ്പാരമാണ്. പഞ്ചായത്തുണ്ടായിട്ട് എന്താണ് കാര്യം? ഇന്ന് പ്രസിഡന്റുമാരും മെമ്പർമാരും പറഞ്ഞാലും ചെയ്യിക്കുന്നത് വേറെ ആരോ ആണ്. ഈ രീതിയിലേക്ക് പഞ്ചായത്തിനെയും പഞ്ചായത്ത് വികസനത്തേയും ഇല്ലാതാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി വിചാരിച്ചാൽ ഇതിൽ കുറേയൊക്കെ മാറ്റം ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിന്റെ പണം പഞ്ചായത്തുകൾക്കുവേണ്ടി വിനിയോഗിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി.സി. ജോർജ് : സർ ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിലും പ്രതിപക്ഷത്തുനിന്നുണ്ടായ വിമർശനങ്ങളും ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. കോൺഗ്രസ് പാർട്ടിയുടേയും മുസ്ളീം ലീഗിന്റെയും, വാഴൂർ മെമ്പറുടേയും ..... മാണി ഗ്രൂപ്പിന്റെയും അഭിപ്രായങ്ങൾ ഇവിടെ കേൾക്കുകയുണ്ടായി. കുറുപ്പുസാർ ജനകീയാസൂത്രണം എന്നു പറഞ്ഞാൽ കുടുംബാസൂത്രണംപോലെ വല്ലതുമെന്നാണ് വിചാരിക്കുന്നത്. വേറെ ഒരു അഭിപ്രായവും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞുവന്നത് കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പഞ്ചായത്ത് വകുപ്പിലുള്ള ഭരണത്തെപ്പറ്റി അവർക്ക് വിമർശനം കുറഞ്ഞിരിക്കുന്നു എന്നുകാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ജനകീയാസൂത്രണ പ്രക്രിയ നടപ്പാക്കാൻ തുടങ്ങിയപ്പോൾ എത്രയോ ആരോപണങ്ങളാണ് പ്രതിപക്ഷത്തുനിന്നും ഈ സംസ്ഥാനത്തുണ്ടായത്. എത്രയോ മോശമായിട്ടാണ് ഗവൺമെന്റിനേയും മന്ത്രിയേയും ചിത്രീകരിച്ചത്. അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഇപ്പോൾ ജനകീയാസൂത്രണ പ്രക്രിയയെ അഭിനന്ദിക്കാൻ പ്രതിപക്ഷം തയ്യാറായി കാണുന്നതിൽ സന്തോഷമുണ്ട്. ഞാൻ പ്രതിപക്ഷത്തോട് ചോദിക്കുന്നു നിങ്ങൾക്ക് തന്റേടമുണ്ടോ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിയിരിക്കുന്ന ജനകീയാസൂത്രണ പ്രക്രിയ മോശമെന്ന് പറയാനും, ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇത് നടപ്പാക്കുകയില്ല എന്നു പറയാനും തന്റേടമുണ്ടെങ്കിൽ പറയണം. ഞാൻ വെല്ലുവിളിക്കുകയാണ്. ഇന്ത്യ രാജ്യത്തെതന്നെ മാതൃകയായിട്ടുള്ള പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. ആർക്കാണ് ഇത് നിഷേധിക്കാൻ കഴിയുന്നത്. ജനകീയാസൂത്രണ പ്രക്രിയ ആരംഭിച്ചിട്ട് മൂന്നു വർഷമായി ആദ്യം 750 കോടി രൂപ കൊടുത്തു. ബഹുമാനപ്പെട്ട പ്രകാശ് ബാബുവും ശ്രീമതി രാധയുമൊക്കെ അതിവിടെ പറഞ്ഞു. അതുകഴിഞ്ഞ് 950 കോടി രൂപ കൊടുത്തു. ഈ രണ്ടു പ്രാവശ്യവും നിങ്ങൾ പറഞ്ഞു പരത്തിയത് ഈ പണം ചെലവഴിക്കാൻ സമയം കിട്ടിയില്ല, പണം ലാപ്സാക്കി, ജനങ്ങളെ ഈ ഗവൺമെന്റ് കബളിപ്പിക്കുന്നു, മന്ത്രി കബളിപ്പിക്കുന്നു എന്നൊക്കെയാണ്. ഇപ്രാവശ്യം എന്തു സംഭവിച്ചിരിക്കുന്നു. 1,020 കോടി രൂപ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് കൊടുക്കാൻ തീരുമാനമെടുത്തുവെന്ന് മാത്രമല്ല പദ്ധതി നിർവ്വഹണം ആരംഭിച്ചിരിക്കുന്നു. ജൂൺ മാസത്തിൽ ആദ്യത്തെ ഗഡു കൊടുത്തുകഴിഞ്ഞു. ശരിയായ രീതിയിൽ പദ്ധതികൾ സമർപ്പിച്ച ത്രിതല പഞ്ചായത്തുകൾക്ക് അതംഗീകരിച്ചുകൊണ്ട് ആദ്യഗഡുകൊടുത്തുകഴിഞ്ഞിരിക്കുന്നുവെന്ന് മാത്രമല്ല, ഈ 1,020 കോടി രൂപ ഈ സംസ്ഥാനത്തെ ഗ്രാമീണ മേഖലകളുടെ വളർച്ചയ്ക്ക് ചെലവഴിക്കാൻ 8 മാസക്കാലം ലഭിക്കുന്നുവെന്ന സത്യം അംഗീകരിക്കാതിരിക്കാൻ കഴിയുമോ? ഇവിടെ ബഹുമാനപ്പെട്ട വാഴൂർ മെമ്പർ ഒരു വീടിന്റെ കാര്യം പറഞ്ഞു. എനിക്ക് നാണം തോന്നി. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ മാത്രം 860 പാവങ്ങൾക്ക് കയറിക്കിടക്കുവാൻ വീടില്ലാത്ത പാവങ്ങൾക്ക് വീട് നിർമ്മിച്ചുകൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ കഴിഞ്ഞു. എം.എൽ.എ. അല്ല, പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് അത് ചെയ്തത്. നിസ്സാര കാര്യമാണോ? വളരെ നിസ്സാരമായ ഒരു കാര്യം പറയട്ടെ. 6 മണി കഴിഞ്ഞുചെന്നാൽ പച്ചക്കറി ചന്തയുടെ ഗതി എന്തായിരുന്നു? ആയിരംകോടി രൂപ ഒരു വർഷം പച്ചക്കറിക്ക് മാത്രം ഈ സംസ്ഥാനത്തുനിന്ന് മറ്റു സംസ്ഥാനത്തേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടേയും ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടേയും കൂട്ടായ പ്രയത്നത്തിൽക്കൂടി ഇന്നുവന്നിരിക്കുന്ന മാറ്റം നിഷ്പക്ഷമായി നിങ്ങൾ കാണണം. 230 കോടിരൂപയുടെ പച്ചക്കറിക്കൃഷിതലായിട്ട് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു എന്നത് മാത്രമല്ല, 6 മണി കഴിഞ്ഞാൽ പണ്ട് കാലത്ത് പച്ചക്കറി ചന്തയിൽ ചെന്നാൽ ഒരു കിലോ പാവയ്ക്ക കിട്ടുമായിരുന്നോ; ഒരു കിലോ വാഴയ്ക്ക കിട്ടുമായിരുന്നോ; ഒരു കിലോ വഴുതനങ്ങാ കിട്ടുമായിരുന്നോ ഈ ഗവൺമെന്റിന്റെ 3 വർഷത്തെ പ്രവർത്തനഫലമായി ജനകീയാസൂത്രണ പ്രക്രിയയിലൂടെ ഇന്ന് എന്തു പച്ചക്കറിയും കിട്ടുന്ന സംവിധാനം ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. നിഷേധിക്കുവാൻ കഴിയുമോ? അത് നിങ്ങൾ അംഗീകരിക്കണ്ടേ? പച്ചക്കറിയുടെ വില പിടിച്ചുനിർത്താൻ ഈ ജനകീയാസൂത്രണ പ്രക്രിയയ്ക്ക് കഴിഞ്ഞു എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. പണ്ടുകാലത്തെ പഞ്ചായത്ത് മെമ്പർമാർക്ക് എന്താണ് ജോലി? എന്തെങ്കിലും ജോലി ഉണ്ടായിരുന്നോ? വെറുതെ ഇരിക്കുകയായിരുന്നു. ശ്രീ. കെ. നാരായണക്കുറുപ്പ്. അങ്ങ് 18 കൊല്ലം പഞ്ചായത്ത് പ്രസിഡന്റായിരുന്നു. പഞ്ചായത്ത് ഓഫീസിൽ പോയിരുന്ന് ഈച്ചയടിക്കുകയായിരുന്നു ജോലി. അല്ലേ? നിഷേധിക്കുമോ? ഇന്ന് പഞ്ചായത്ത് മെമ്പർമാരെ ജോലിയുള്ളവരാക്കി മാറ്റി. ഏറ്റവും ചുരുങ്ങിയ 25 ലക്ഷം രൂപ വച്ച് കൊടുക്കുന്നത് സാമ്പത്തികമായി ഗ്രാമീണമേഖലകൾക്കുവേണ്ടി ചെലവാക്കുവാൻ കഴിയുന്ന അധികാരമുള്ള പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരുമാക്കി അവരെ മാറ്റിയത് ഈ ഗവൺമെന്റാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ വാചകം അടിക്കുകയാണ്. വാചകമടിക്കുന്നതിന് ഒരു മര്യാദ വേണ്ടേ? 18 കൊല്ലം പ്രസിഡന്റായിരുന്ന ആളാണ് പറയുന്നത്. മുമ്പ് പഞ്ചായത്ത് മെമ്പർമാർ മന്ത്രിമാരുടെ പുറകേ നടക്കുമായിരുന്നു. രണ്ടുലക്ഷം രൂപ ഗ്രാന്റുവേണം. മൂന്നുലക്ഷം രൂപ ഗ്രാന്റ് വേണം എന്നുപറഞ്ഞ് എം.എൽ.എ മാരുടെ കാലുപിടിക്കാമായിരുന്നു. അങ്ങനെ കാലുപിടിക്കുന്ന ജനകീയ നേതാക്കന്മാരല്ല, അധികാരമുള്ള ജനകീയ നേതാക്കന്മാരാണ് ഇവർ. നിങ്ങൾ അത് മനസ്സിലാക്കണ്ടേ? ഒരു മന്ത്രിയെയും കാണാൻ നടക്കണ്ട. നിങ്ങൾ ആരും മന്ത്രിയെ കാണാൻ നടക്കണ്ട. ഒരു എം.എൽ.എ.യുടെ പുറകെയും പോകേണ്ട. നിങ്ങൾക്കുള്ള ബുദ്ധിമുട്ട് എം.എൽ.എ മാരുടെ പുറകേ ഇപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ വരുന്നില്ല. വരേണ്ട ആവശ്യമില്ല. തിരിച്ച് ചെല്ലേണ്ട ഗതികേടാണ്. എം.എൽ.എ. മാർ അങ്ങോട്ട് ചെല്ലേണ്ട ഗതിയിലാണ്. ജനപിന്തുണയുള്ള എം.എൽ.എ മാരെപോലെ ജനങ്ങളുടെ വോട്ടുവാങ്ങിക്കൊണ്ടുവന്നിരിക്കുന്ന ഈ ജനപ്രതിനിധികൾ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്കുള്ള ജന നേതാക്കന്മാരാണ്. അവർക്ക് അധികാരമുണ്ടെന്ന് തെളിയിച്ചുകൊടുത്ത ഗവൺമെന്റല്ലേ ഇത്. ആകെയുള്ള 100 പഞ്ചായത്തിൽ 40 പഞ്ചായത്ത് അവരുടെ കയ്യിലാണ്. ഞങ്ങളുടെ കൈയിലല്ല. അറുപതേ ഞങ്ങൾക്കുള്ളൂ. ആ പഞ്ചായത്ത് സംവിധാനത്തിൽ ഏതെങ്കിലും ഒരു മെമ്പറെക്കൊണ്ടോ പ്രസിഡന്റിനെക്കൊണ്ടോ ഈ ഗവൺമെന്റിന്റെ ജനകീയാസൂത്രണ പ്രക്രിയയ്ക്ക് എതിരായി ശബ്ദിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? ഇവിടെ ശ്രീ. ജി. കാർത്തികേയൻ സംസാരിച്ചു. നിങ്ങൾ ഒരു പഞ്ചായത്ത് പ്രസിഡന്റിനെക്കൊണ്ട് ഈ ഗവൺമെന്റിന്റെ നടപ

LIBRARY ARCHIVES Kerala Legislative Assembly

ടിക്ക് എതിരെ സംസാരിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? നാളിതുവരെ കഴിഞ്ഞിട്ടില്ലായെന്ന് നിങ്ങൾ ആലോചിക്കണം. പദ്ധതി നിർവ്വഹണത്തിന് എട്ടു മാസം കൂട്ടിയിരിക്കുന്നു; ഇപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. പഞ്ചായത്ത് മെമ്പർമാർക്ക് ജോലി ഇല്ലായിരുന്നപ്പോൾ ഇന്ന് ജോലി ഉണ്ടാക്കിക്കൊടുത്തു. ഒരു പഞ്ചായത്ത് മെമ്പർക്ക് ഗ്രാമീണ മേഖലയുടെ വികസനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സമയം കിട്ടാത്ത നിലയിലേക്ക് പൊതു പ്രവർത്തനത്തെ മാറ്റിയെടുത്തത് ഈ ഗവൺമെന്റാണ്.

ശ്രീ. പാലോട് രവി : ഞാൻ പച്ചക്കറിയെ കുറിച്ചല്ല പറയുവാൻ പോകുന്നത്. പഞ്ചായത്ത് മെമ്പർമാർക്ക് അധികാരം ഉണ്ടാകണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് 45- ഓളം അലൈഡ് നിയമങ്ങൾക്ക് ഭേദഗതി വരുത്തണം. ആ 45 നിയമങ്ങളിൽ ഭേദഗതി വരുത്തിയല്ലാതെ അധികാരം ഉണ്ടാകുകയില്ല. അതിന് മന്ത്രിമാർ തയ്യാറാണോ; മുഖ്യമന്ത്രി തയ്യാറാണോ? ക്യാബിനറ്റ് തയ്യാറാണോ?

ശ്രീ. പി.സി. ജോർജ് : ഇങ്ങനെ എന്റെ സമയം എടുത്ത് പ്രസംഗിച്ചാലോ? ഒരു ദിവസം കൊണ്ടല്ല നിയമങ്ങൾ മാറ്റുന്നത്. ശ്രീ. പാലോട് രവി ഒരു കാര്യം മനസ്സിലാക്കണം. ജനകീയ പ്രക്രിയ നടപ്പാക്കുക എന്നുമാത്രമല്ല ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് പൂർണ്ണമായ അധികാരം വിട്ടുകൊടുക്കുക എന്ന് ഈ നിയമസഭ പാസ്സാക്കിയ നിയമപ്രകാരമുള്ള അധികാരങ്ങൾ പൂർണ്ണമായി വിട്ടുകൊടുക്കുവാൻ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമോ എന്തെല്ലാം നിയമങ്ങൾ ഉണ്ടാക്കണമോ അതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ആ കാര്യത്തിൽ വിട്ടുവീഴ്ച കാണിക്കുന്ന പ്രശ്നമില്ല. നിങ്ങളുടെ കാലത്ത് കാണിച്ചതുപോലെയാണോ ഞങ്ങളുടെ കാലത്ത് കാണിക്കുന്നത്?

പ്രൊഫ: സാവിത്രിലക്ഷ്മണൻ : കഴിഞ്ഞ ഗവൺമെന്റ് ശക്തമായിട്ട് നടപടികൾ സ്വീകരിച്ചല്ലോ. മലയാളം വാരികയിൽ ശ്രീ.എസ് ചന്ദ്രമോഹനൻ പേരുവച്ച് എഴുതിയിട്ടുണ്ട് കേരള കോൺഗ്രസ് (ജെ) ഭരിക്കുന്ന കോട്ടയം ജില്ലാ പഞ്ചായത്തിൽ നടന്ന ഗുരുതരമായ ക്രമക്കേടുകളെപ്പറ്റിയുള്ള റിപ്പോർട്ട് സർക്കാരിന്റെ പക്കലുണ്ട്, അതിനെക്കുറിച്ച് നടപടിയെടുക്കുമോ?

ശ്രീ. പി.സി. ജോർജ് : പ്രൊഫ: സാവിത്രി ലക്ഷ്മണൻ പറഞ്ഞതിനെ ഞാൻ അംഗീകരിച്ചിരിക്കുന്നു. കോൺഗ്രസ് അല്ല, കേരളാ കോൺഗ്രസ് അല്ല, മാർക്സിസ്റ്റ് അല്ല ആര് ഭരിക്കുന്ന പഞ്ചായത്തുകളായാലും അഴിമതി ഉണ്ടെന്ന് കണ്ടാൽ അന്വേഷിക്കണം. മാത്രമല്ല നടപടി സ്വീകരിക്കണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അഭിപ്രായം. അത് തീർത്തുകൊണ്ട് മുന്നോട്ടുപോകണം. ഇവിടെ ഡെപ്പോസിറ്റ് വർക്കിനെപ്പറ്റി പരാതി പറഞ്ഞു. വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഡെപ്പോസിറ്റ് വർക്കിനെയാണ് നിങ്ങൾ കുറ്റപ്പെടുത്തിയത്. വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തിന് പണം കൊടുത്തുകൊണ്ട് എത്രയോ ഗ്രാമങ്ങളിലാണ് കുടിവെള്ളത്തിന് പരിഹാരം ഉണ്ടാക്കുവാൻ കഴിയുന്നത്. രണ്ടും മൂന്നും ലക്ഷം രൂപ മുടക്കിക്കൊണ്ട്, എം.പി. മാരുടെ ഫണ്ട് ശേഖരിച്ചുകൊണ്ട്, മൈക്രോ വാട്ടർ സപ്ലൈ സ്കീം ഉൾപ്പെടെ എത്രയോ ഗ്രാമങ്ങളിൽകൂടി വെള്ളം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.. വാട്ടർ അതോറിറ്റിയുടെ സഹായമില്ലാതെ എങ്ങനെയാണ് വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക? എഞ്ചിനീയർമാർ വേണ്ടേ? പദ്ധതി നടപ്പാക്കുവാൻ? അപ്പോൾ ഡെപ്പോസിറ്റ് വർക്കർ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടേ; ഒഴിവാക്കുവാൻ പറ്റുമോ? വൈദ്യുതി ഇല്ലാത്ത ഗ്രാമങ്ങളിൽ വൈദ്യുതി വേണം പണമില്ല. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പണം കൊടുത്തുകഴിഞ്ഞാൽ ആ വർക്ക് നടക്കുന്നുണ്ട്. ആ വർക്ക് നടത്തുന്നതിന് എത്രയോ സഹായമാണിത്. ഡെപ്പോസിറ്റ് വർക്കിനെ നിങ്ങൾ എതിർക്കുന്നതിനുള്ള കാരണം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പിന്നെ എങ്ങനെ ചെയ്യുവാൻ കഴിയും? ഉദ്യോഗസ്ഥന്മാരെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളോട്, ഞാനും അതിൽ ഒരംഗം ആയതുകൊണ്ട് പറയുകയാണ്. നമ്മൾ ഈ കാര്യങ്ങൾ പഠിക്കണം. പണ്ടുകാലത്ത് നമ്മൾതന്നെ നടത്തിക്കൊണ്ടിരുന്ന കാര്യങ്ങളാണിത്. ഇന്ന് ആ ജോലി ഏറ്റെടുക്കുവാൻ ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ജനപ്രതിനിധികൾ നമ്മളെപ്പോലെ വോട്ടുവാങ്ങി കടന്നുവന്നവരാണ്. അവരെ അംഗീകരിക്കുവാൻ നമുക്ക് എന്ത് ബുദ്ധിമുട്ടാണുള്ളത്? നമ്മളെപ്പോലുള്ളവരല്ലേ അവരും; നിങ്ങളിൽ പലർക്കും ബുദ്ധിമുട്ടുണ്ട്. ഞങ്ങൾക്ക് അറിയാം. ഞങ്ങളെ സംബന്ധിച്ചിടത്തോളം തുറന്ന മനസ്സോടുകൂടി തുറന്ന കാഴ്ചപ്പാടോടുകൂടി അതിനെ കാണുന്നു. ഗ്രാമീണ മേഖലയിൽ വളർച്ച ഉണ്ടാക്കുവാൻ കേരളത്തിലെ ഈ ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ വികസനം ഉണ്ടാക്കുവാൻ, അഭിവൃദ്ധി ഉണ്ടാകുവാൻ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലെ മെമ്പർമാർക്ക് അധികാരം കഴിയുന്നത്ര കൊടുക്കേണ്ടതായിട്ടുണ്ട് എന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. കോൺട്രാക്ട് ഒഴിവാക്കണമെന്ന് ഇവിടെ പറഞ്ഞു. എങ്ങനെ കോൺട്രാക്ട് ഒഴിവാക്കുവാൻ കഴിയും? അത് ഒഴിവാക്കണമെങ്കിൽ പഞ്ചായത്ത് മെമ്പർമാർ മാത്രം വിചാരിച്ചാൽ പോരാ കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികൾ അതിനുവേണ്ടി ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുവരണം. കെ.എസ്.എസ് വോളന്റിയർമാരെ സംഘടിപ്പിക്കുവാൻ എന്റെ പാർട്ടി തീരുമാനിച്ചിരിക്കുകയാണ്. ഇതുപോലെ പൊതു പ്രവർത്തനത്തിലേയ്ക്ക് കടന്നുവരണം. നിങ്ങൾ ചിരിച്ചിട്ട് കാര്യമില്ല. നിങ്ങൾ ചിരിച്ച് ചിരിച്ച് ചാവും. അല്ലാതെ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ? ശ്രീ. മാമ്മൻ മത്തായി എന്തു വിചാരിക്കുന്നു, തന്റെ പാർട്ടിക്ക് ഇതിനെപ്പറ്റി വിവരമുണ്ടോ; എന്തെങ്കിലും വിവരം വേണ്ടേ? ശ്രീ. കെ. നാരായണക്കുറുപ്പ്. പറഞ്ഞതുപോലെയുള്ള വർത്തമാനം പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ഇത് ജനകീയാസൂത്രണത്തിന്റെ കാര്യമാണ്. ഗ്രാമീണമേഖലയുടെ വളർച്ചയുടെ കാര്യമാണ്. 50,000 കെ.എസ്.എസ്. വോളന്റിയർമാരെ സംഘടിപ്പിക്കുന്ന സന്നദ്ധസേവനം എന്ന നിലയ്ക്ക് ഗ്രാമങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയും പ്രവർത്തനരംഗത്ത് വരാൻവേണ്ടിയുമാണ്. അങ്ങനെ പ്രവർത്തനരംഗത്തുവന്ന് ഈയിനം കാര്യങ്ങൾക്ക് കൂടുതൽ ശക്തി പകർന്നുകൊടുക്കണ്ടേ? ആ ഒരു മാനസിക നിലയിലേക്ക് എം.എൽ.എ മാർ മാറേണ്ടതായിട്ടുണ്ട് എന്നാണ് എന്റെ കാഴ്ചപ്പാട്. ഒരു പ്രാവശ്യം കൂടിയെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ സംസ്ഥാനം ഭരിക്കേണ്ടതായിട്ടുണ്ട്. ഇനി രണ്ടുകൊല്ലം കൂടി ഉണ്ടെങ്കിലും ഒന്നുകൂടി ഭരിച്ചാലെ പറ്റൂ. ഇല്ലെങ്കിൽ നിങ്ങൾ ജനകീയാസൂത്രണത്തെ തകർക്കും. ശ്രീമതി കെ.ആർ. ഗൗരിയമ്മ ഇവിടെ ഉണ്ട്. എനിക്ക് അവരോട് വിരോധമില്ല. നമ്മൾ തമ്മിൽ വഴക്കുണ്ടാക്കണ്ട. ശ്രീമതി കെ.ആർ. ഗൗരിയമ്മയോട് വഴക്കുണ്ടാക്കിയിൽ ശരിയാകുകയില്ല. അവർ എന്റെ വല്യയമ്മയാണ്. പക്ഷെ ഒരു കാര്യം, ഒരു പ്രാവശ്യം കൂടിയെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചില്ലെങ്കിൽ നിങ്ങൾ പഴയ ജില്ലാ കൗൺസിലിനെ കൊന്നതുപോലെ ജനകീയാസൂത്രണ പദ്ധതിയെയും തകർക്കും എന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും വരണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഗ്രാമീണ വികസന വകുപ്പ് പഞ്ചായത്തുവകുപ്പിൽ മെർജ് ചെയ്യാനുള്ള തീരുമാനം എടുത്തുവെങ്കിലും നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. അതു ശരിയല്ല, എത്രയും വേഗം മെർജ് ചെയ്യാനുള്ള ഉത്തരവിറക്കി ഗ്രാമീണമേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റ് ശ്രമിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട്, ആത്മാർത്ഥതയോടുകൂടി ഈ ഡിമാന്റുകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. പി.സി. ജോർജ് പ്രതിപക്ഷത്തോട് ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. നിങ്ങൾ അധികാരത്തിൽ വന്നാൽ ജനകീയാസൂത്രണപരിപാടി നിർത്തിലാക്കുമോ? അതായിരുന്നു ചോദ്യം. ഞാൻ അതിനു വ്യക്തമായ ഉത്തരം പറയട്ടെ. ഞങ്ങൾ അധികാരത്തിൽ വന്നാൽ ജനകീയാസൂത്രണ പരിപാടി അഴിമതി വിമുക്തമായി, നല്ല നിലയിൽ ഇന്നുള്ള ആക്ഷേപങ്ങൾ ഇല്ലായ്മ ചെയ്തുകൊണ്ട് ഭംഗിയായി മുന്നോട്ടു കൊണ്ടുപോകും. രണ്ടാമതായി, നിയമത്തിലില്ലാത്ത വിദഗ്ദ്ധ - സമിതികൾ, കർമ്മ സമിതികളെല്ലാം പിരിച്ചുവിടും. അതെല്ലാം പിരിച്ചുവിട്ട് ഭരണഘടനാപരമായി, നിയമപരമായി ജനകീയാസൂത്രണ പരിപാടി നടപ്പാക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ജനകീയാസൂത്രണത്തെക്കുറിച്ചും അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും പറയുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഇവർക്കെന്താണ് കൊട്ടിഘോഷിക്കാനുള്ളത്? ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന ശ്രീ.എ.കെ. ആന്റണി അന്ന് മുഖ്യമന്ത്രി കസേരയിലിരുന്ന് നിയമം പാസ്സാക്കുക മാത്രമല്ല. അധികാരം താഴോട്ടു കൊടുക്കുകയും ചെയ്തു. അന്നു ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. സി.വി. പത്മരാജൻ പണവും കൊടുത്തു. നിങ്ങൾ മൂന്നുകൊല്ലം ഭരിച്ചു. ഞങ്ങൾ കൊടുത്ത അധികാരമല്ലാതെ എന്തെങ്കിലും നിങ്ങൾ കൂടുതൽ കൊടുത്തോ? കൊടുത്തില്ല. അധികാരവികേന്ദ്രീകരണം ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നതെങ്കിൽ ഇന്ന് അധികാരവികേന്ദ്രീകരണം അഴിമതി വികേന്ദ്രീകരണമായി മാറിയിരിക്കുന്നു. അതല്ലേ സ്ഥിതി. ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന പഞ്ചായത്തുകളിലെ കാര്യം മാത്രമാണ് പറയുന്നതെന്നാണ് ഇവരുടെ ധാരണ. ഞങ്ങൾ അതല്ല പറയുന്നത്. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും അഴിമതി നടക്കുന്നു എന്നു പറഞ്ഞാൽ ഞങ്ങൾ ഭരിക്കുന്ന പഞ്ചായത്തുകളിലും ഉണ്ട്. അതു നിങ്ങൾ എന്താണ് കാണാത്തത്? ഇത്തരം സ്ഥാപനങ്ങളെ നന്നാക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് ഞങ്ങൾ പറയുന്നത്, അഴിമതിയുണ്ടെന്നു പറഞ്ഞാൽ. ഞങ്ങൾ പറയുന്നതുകൊണ്ട് അതിനെ എതിർക്കുകയാണോ വേണ്ടത്? കഴിഞ്ഞ വെള്ളിയാഴ്ച ശ്രീമതി കെ.ആർ ഗൗരിയമ്മയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരമുണ്ട്. 1997-98, 1998-99 എന്നീ വർഷങ്ങളിലെ ജനകീയാസൂത്രണ നടത്തിപ്പിൽ അഴിമതികളും ക്രമക്കേടുകളും ഉന്നയിച്ചുകൊണ്ട് സർക്കാരിന് എത്ര പരാതികൾ കിട്ടിയിട്ടുണ്ട് എന്നാണ് ചോദ്യം. സംസ്ഥാനത്തെ 1214 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പതിനാലായിരത്തിപതിമൂന്നു വാർഡുകളിലായി നടക്കുന്ന ജനകീയാസൂത്രണ പരിപാടികളെ സംബന്ധിച്ച് പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ അവയുടെ എണ്ണം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എണ്ണം പോലും കണക്കാക്കാൻ കഴിയാതെ അത്രമാത്രം പരാതികൾ വന്നുകൊണ്ടിരിക്കുന്നു. ഞങ്ങൾ അതിനെക്കുറിച്ചാണ് പറയുന്നത്. ഇവിടെ നിയമം പാസ്സാക്കിയ കാര്യത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങൾകൂടി അംഗീകരിച്ച ഭേദഗതികൾ ഇവിടെ പാസ്സാക്കിയതാണ് കൊട്ടിഘോഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് നിങ്ങൾ ഓംബുഡ്സ്മാനെ കൊണ്ടു വന്നില്ലേ? 6.2.1999 -ൽ ഓംബുഡ്സ്മാനെ നിയമിക്കാനുള്ള നിയമം അംഗീകരിച്ചുകൊണ്ട് ഗസറ്റിൽ വിജ്ഞാപനം വന്നു. നാലുമാസം കഴിഞ്ഞു. എന്തെങ്കിലും നടപടി നിങ്ങൾ എടുത്തോ? ഓംബുഡ്സ്മാനെ വച്ചോ? ട്രൈബ്യൂണൽ ഉണ്ടാക്കിയോ? എന്നിട്ടാണ് പ്രസംഗിക്കുന്നത്. നിയമം ഗസറ്റിൽ വന്ന് നാല് മാസം കഴിഞ്ഞിട്ടും ഓംബുഡ്സ്മാനെ വയ്ക്കാനോ ട്രൈബ്യൂണൽ രൂപീകരിക്കാനോ ഒരു നടപടിയും എടുക്കാത്ത ഗവൺമെന്റാണിത്. അതിനു നിങ്ങൾക്ക് ലജ്ജയില്ലേ? വിദഗ്ദ്ധസമിതികളെക്കുറിച്ച് ശ്രീ. കെ. പ്രകാശ് ബാബു പറഞ്ഞത്, അതെല്ലാം പഴയ കഥകളല്ലേ എന്നാണ്. പഴയ കഥയല്ല. ജനകീയാസൂത്രണം വഴി നടപ്പാക്കുന്ന പദ്ധതിയുടെ ശരിയായ നടത്തിപ്പിന് വിദഗ്ദ്ധസമിതികളുടെ പ്രവർത്തനം എത്രമാത്രം ഗുണകരമാണെന്നു വിശദീകരിക്കാമോ എന്ന ശ്രീ ലോനപ്പൻ നമ്പാടന്റെ ചോദ്യത്തിന് മന്ത്രിയുടെ ഉത്തരം, വിദഗ്ദ്ധസമിതി വേണ്ടെന്ന് ഇവിടെ നിയമം പാസ്സാക്കിയതാണ്. അതിനുശേഷം മന്ത്രി 25-ാം തീയതി നൽകിയ ഉത്തരം. സാങ്കേതിക അനുവാദം നൽകാനും മറ്റും വിദഗ്ദ്ധസമിതികളുടെ പ്രവർത്തനം സഹായകരവും അനിവാര്യവുമാണ് എന്നാണ്. നിയമസഭ ഇതുവേണ്ട എന്നുപറഞ്ഞുകഴിഞ്ഞതാണ്. നിയമവും പാസ്സാക്കി. എന്നിട്ട് മന്ത്രി നിയമസഭയിൽ ഉത്തരം നൽകിയിരിക്കുന്നു. ഇത് അനിവാര്യമാണെന്ന്. ഇത് പ്രധാനപ്പെട്ടതാണ്. ശ്രീ. കെ. പ്രകാശ് ബാബു ഇതിനോട് യോജിക്കുന്നുണ്ടോ? വിദഗ്ദ്ധസമിതി വേണ്ടെന്ന് ഒരു നിയമം പാസ്സാക്കിയ നിയമസഭയിൽ, ആ നിയമത്തിനെതിരെ മന്ത്രി ഉത്തരം നൽകിയിരിക്കുന്നു. നിങ്ങളുടെ അഭിപ്രായമെന്താണ്? ആ അഭിപ്രായം നിങ്ങൾ പറയണം. എന്നിട്ടാണ് ഇവിടെ പറയുന്നത് പഴയ കഥയല്ലേ എന്ന്. എന്താണ് ഇന്നത്തെ സ്ഥിതി? വ്യാപകമായി അഴിമതി നടക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന പഞ്ചായത്തുകളിൽ മാത്രമല്ല, അഴിമതിയുടെ കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടാണ്. രണ്ടു കൂട്ടരും, രണ്ടു മുന്നണിയും, സ്വതന്ത്രരും ഏതെങ്കിലും പഞ്ചായത്തിൽ അഴിമതിയുടെ കാര്യത്തിൽ യോജിപ്പില്ലായ്മയുണ്ടോ? ഒറ്റക്കെട്ടാണ്. പങ്കിടുന്ന കാര്യത്തിൽ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഇല്ല, അവർ ഒരുമിച്ചിരുന്നു. കാര്യങ്ങൾ നടത്തുന്നു. ജനകീയാസൂത്രണം കുറ്റമറ്റതാക്കാൻ നിഷ്പക്ഷമായ അന്വേഷണം നടത്താൻ നിങ്ങൾ തയാറുണ്ടോ? എത്ര ആക്ഷേപങ്ങൾ, എത്ര പരാതികൾ അങ്ങയുടെ മുന്നിലുണ്ട്. എന്തു നടപടി എടുത്തു? കുറേ വിജിലൻസ് കേസുകളുണ്ട്. ഞാൻ സമ്മതിക്കുന്നു. ഞാനും ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടിയും കൂടി ഒരു ചോദ്യം ചോദിച്ചിരുന്നു. സംസ്ഥാനത്ത് ജനകീയാസൂത്രണ നടത്തിപ്പിൽ ഉണ്ടായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവകളിൽനിന്ന് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്? ഉത്തരം എണ്ണം പറഞ്ഞിട്ടില്ല. ധാരാളം കിട്ടിയിട്ടുണ്ട് എന്നു പറഞ്ഞിട്ട് പരാതികൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. ഉയർന്ന ഉദ്യോഗസ്ഥന്മാരടക്കമുള്ള ചില ജീവനക്കാരുടെ പേരിൽ ഇതിനകം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്കെതിരെയുള്ള പരാതികളിലും നടപടി സ്വീകരിച്ചുവരുന്നു എന്നാണ്. ഏതെങ്കിലും ജനപ്രതിനിധിയുടെ പേരിൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു വ്യക്തമാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം നാലു മിനിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : വളരെ പ്രധാനപ്പെട്ട കാര്യമാണ്, ഞാൻ മറ്റുകാര്യങ്ങളൊന്നും പറയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം ഒരു പാർട്ടിയുടെ ചെയർമാനായതുകൊണ്ട്, അതുകൂടി പരിഗണിച്ച് നാലുമിനിറ്റ്. അതിന്റെ 50 ശതമാനവും കൂടികൂട്ടി ആറുമിനിറ്റ് എടുത്തിരിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങയുടെ റൂളിംഗിനെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പറയട്ടെ, ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണെന്നു ഗവൺമെന്റുതന്നെ അവകാശപ്പെടുന്ന ഈ വകുപ്പിനെക്കുറിച്ച് ചർച്ച നടക്കുന്ന അവസരത്തിൽ അല്പം സമയമെടുക്കും. അല്പം നീക്കുപോക്കുകൾ അങ്ങോട്ടുമിങ്ങോട്ടും വേണ്ടിവരും. അങ്ങയുടെ പരിഗണന ഇക്കാര്യത്തിൽ ഉണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പരിഗണനയുള്ളതുകൊണ്ടാണ് നാലുമിനിറ്റ് അദ്ദേഹത്തിന്റെ പാർട്ടിക്ക് അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ ഏഴു മിനിറ്റായി. ഇതു അനന്തമായി നീട്ടിക്കൊണ്ടുപോകണോ? എല്ലാ മെമ്പർമാരും പരമാവധി സഹകരിക്കണം.

ശ്രീ. ജോണി നെല്ലൂർ : 25.6.1999 -ന് ബഹുമാനപ്പെട്ട മന്ത്രി തന്ന ഉത്തരമുണ്ട്. പിറവം പഞ്ചായത്തിൽ 45 ലക്ഷം രൂപയുടെ അഴിമതി കണ്ടുപിടിക്കപ്പെട്ടു. കുറേ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തു. അവിടെ പരക്കെയുള്ള ആക്ഷേപം, ആ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഇതിൽ പങ്കാളിത്തമുണ്ടെന്നാണ്. അവിടത്തെ എം.എൽ.എ കൂടിയായ ശ്രീ. ടി. എം. ജേക്കബ് അങ്ങേയ്ക്ക് നേരിട്ട് പരാതി എഴുതിതന്നു, ഐക്യജനാധിപത്യ മുന്നണിയും അംഗങ്ങളും നിരവധി സംഘടനകളും അങ്ങേക്ക് പരാതി തന്നു. എനിക്ക് തോന്നുന്നത്, അങ്ങയുടെ മുന്നണിയിൽപ്പെട്ട ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും പരാതി നൽകിയിട്ടുണ്ടെന്നാണ്. ഏതായാലും അവരും പരാതി പറയുന്നുണ്ട്. ഇവിടത്തെ കാര്യം എനിക്ക് പൂർണ്ണമായി അറിയില്ല. അതിലുള്ള യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താതെ കുറേ ഉദ്യോഗസ്ഥന്മാരെമാത്രം പഴിച്ചാൽ മതിയോ? 45 ലക്ഷം രൂപയുടെ അഴിമതി നടത്തിയെങ്കിൽ അവിടെ ഉദ്യോഗസ്ഥന്മാർ മാത്രം വിചാരിച്ചാൽ ചെക്ക് ഒപ്പിടുമോ? ചെക്ക് ഒപ്പിടാൻ കൂട്ടാളിയായ പഞ്ചായത്ത് പ്രസിഡന്റ്, അദ്ദേഹത്തിനെ എന്തിനാണ് മാറ്റിയത്? അതന്വേഷിക്കണ്ടേ? ഇതുപോലുള്ള കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ അത് ഉൾക്കൊള്ളാനുള്ള മര്യാദയാണ് അപ്പുറത്തുള്ളവർ കാണിക്കേണ്ടത്. ശ്രീ. പി. കെ. അബ്ദുറബ്ബ് സംസാരിച്ചപ്പോൾ ഫോട്ടോസ്റ്റാറ്റ് മെഷീനെക്കുറിച്ച് പറയുകയുണ്ടായി. അതിനെക്കുറിച്ച് കഴിഞ്ഞ നിയമസഭയിൽ ചർച്ച വന്നു. എല്ലാ പഞ്ചായത്തിൽ നിന്നും ഓരോ ലക്ഷം രൂപ വീതം ഗവൺമെന്റിലേക്ക് തിരികെ വാങ്ങി. അതു മൊത്തമായി വാങ്ങിയാൽ എന്തോ കമ്മീഷൻ ആർക്കോ കിട്ടുമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിക്കല്ല, രണ്ടുവർഷം കഴിഞ്ഞു. ആ പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനുള്ള അധികാരം കൊടുത്തിരുന്നുവെങ്കിൽ അവരതു വാങ്ങുമായിരുന്നു. രണ്ടുവർഷം കഴിഞ്ഞിട്ടും ഇതുവരെ വാങ്ങാൻ കഴിഞ്ഞില്ല. രണ്ടുവർഷം പഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് എടുത്ത വകയിൽ ആയിരക്കണക്കിന് രൂപ ചെലവഴിച്ചു. ഇതാണോ അധികാര വികേന്ദ്രീകരണം. ആ പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കണ്ടേ? എന്തുകൊണ്ട് അധികാരം കൊടുത്തില്ല. അവർക്ക് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങാനുള്ള അധികാരം കൊടുക്കണ്ടേ? ഇത് അധികാരംവികേന്ദ്രീകരണത്തിന്റെ കാലമാണ്, ജനകീയാസൂത്രണത്തിന്റെ കാലമാണ്. ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട പി.സി. ജോർജിനോടുള്ള സ്നേഹത്തോടെ പറയുന്നു, ഇന്ന് ഉദ്യോഗസ്ഥ പ്രബുദ്ധത, മേധാവിത്വം അതല്ലേ നടക്കുന്നത്. പഞ്ചായത്തുകൾക്ക് 40 ശതമാനം തുക നമ്മൾ കൊടുക്കുന്നു. അതു നല്ല കാര്യമാണ്. 1020 കോടി രൂപ കൊടുക്കുന്നു എന്നു പറഞ്ഞപ്പോൾ ഞങ്ങളും അഭിമാനിക്കുന്നു. പക്ഷെ പ്ലാനിംഗ് ബോർഡ് എന്നുപറയുന്ന സൂപ്പർ കാബിനറ്റ് അതു ചെലവഴിക്കേണ്ട കാര്യത്തെക്കുറിച്ച് പറയുന്നത് ശരിയാണോ? തുക കൊടുത്തിട്ട് 40 ശതമാനം ഉൽപ്പാദന മേഖല, 30 ശതമാനം പശ്ചാത്തല മേഖല, 30 ശതമാനം സാമൂഹ്യ മേഖല എന്നിങ്ങനെയാണ് പറയുന്നത്. തുക ചെലവാക്കാനുള്ള സാമ്പത്തിക സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് കൊടുക്കണം. പഞ്ചായത്തുകളുടെ മേൽ അധികാര കയ്യേറ്റമാണ് നടക്കുന്നത്. ജനകീയാസൂത്രണപ്രക്രിയയെ ഉദ്യോഗസ്ഥ മേധാവിത്വത്തിൽ നിന്ന് മോചിപ്പിച്ച് അതിനെ ഭംഗിയായി മുന്നോട്ടുകൊണ്ടു പോകണമെന്നാണ് എന്റെ അഭിപ്രായം. ജനകീയാസൂത്രണ പദ്ധതി കുറ്റമറ്റതാക്കണം. അഴിമതിയിൽ നിന്ന് അതിനെ മോചിപ്പിക്കണം. ജനകീയാസൂത്രണപദ്ധതി അനുസരിച്ച് ഒട്ടേറെ കാര്യങ്ങൾ നല്ല രീതിയിൽ ചെയ്യുമ്പോൾ, അഴിമതിയില്ലാതെ, പാവപ്പെട്ട ആളുകൾക്ക് അതിന്റെ പ്രയോജനം ഉണ്ടാകത്തക്ക വിധത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ബന്ധപ്പെട്ട മന്ത്രിയും ഗവൺമെന്റും തയാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അഴിമതിയെക്കുറിച്ച് നിഷ്പക്ഷമായി അന്വേഷണം നടത്താൻ തയാറാകാത്ത പശ്ചാത്തലത്തിൽ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി.കെ നാണു : സർ ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജി ഇന്ത്യയുടെ പുനർനിർമ്മാണത്തെ സംബന്ധിച്ച് പ്രതീക്ഷിച്ചത്, അദ്ദേഹം ഇന്ത്യയെ വിലയിരുത്തിയത് നഗരത്തിലെ സമ്പന്നവിഭാഗം ഗ്രാമങ്ങളിലെ ജനങ്ങളെ ചൂഷണം ചെയ്യുന്നു എന്നാണ്. അതിനെതിരായി ഗ്രാമങ്ങളിലെ സാധാരണക്കാർക്ക് രാഷ്ട്രീയത്തിൽ പങ്കുണ്ടാകണം. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ദീർഘകാലം കോൺഗ്രസ് ഇന്ത്യ ഭരിച്ചു. കേരളത്തിലെ ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് 30 ലക്ഷത്തോളം ആളുകൾ ഗ്രാമസഭകളിൽ പങ്കെടുത്തു. ജാതിമത-രാഷ്ട്രീയ വ്യത്യാസമില്ലാതെ അവരുടെ പ്രദേശത്തിന്റെ വികസനത്തെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഇത്തരം യോഗങ്ങളിൽ ചർച്ച ചെയ്തിരിക്കുന്നത്. അവർ ആഗ്രഹിക്കുന്ന കാര്യങ്ങളിൽ വലിയൊരു ഭാഗം അംഗീകരിപ്പിച്ചെടുക്കാൻ അവർക്ക് സാധിച്ചു. ഇതുപോലുള്ള ഒരു നടപടി സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ? ഇന്ന് തീവ്രവാദികൾ, ഭീകരവാദികൾ ഗ്രാമീണ ജനതയെ പലവിധത്തിലും സ്വാധീനിക്കുന്നുണ്ട്.

കേരളത്തിൽ ജനകീയാസൂത്രണത്തിന്റെ ഫലമായി ഒരു ഗ്രാമത്തിലെ ജനങ്ങൾ മുഴുവൻ ആ ഗ്രാമത്തിന്റെ വികസന പരിപാടികളിൽ പങ്കെടുക്കുന്ന അവസരത്തിൽ മതമൗലിക വാദികൾക്ക് തീവ്രവാദികൾക്ക് അല്ലെങ്കിൽ ജനാധിപത്യ വിരുദ്ധമായി ചിന്തിക്കുന്നവർക്ക് അതിൽ കടന്നുവരുന്നതിനുള്ള അവസരം നിഷേധിക്കുന്നു. അവരുടെ സംഘടനാബലംകൊണ്ട് ഗ്രാമീണ ജനതയെ സ്വാധീനിക്കുന്നതുപോലും പരാജയപ്പെടുത്തുന്ന രൂപത്തിൽ ജനങ്ങളെ അണിനിരത്താൻ ജനകീയാസൂത്രണ പരിപാടിക്ക് സാധിച്ചിട്ടുണ്ട്. ബഹുമാന്യനായ ജോണി നെല്ലൂർ ചോദിച്ചു, എന്തെങ്കിലും കൊടുത്തിട്ടുണ്ടോയെന്ന്? എം.എൽ.എ. മാർ എന്നുള്ള നിലയിൽ നമുക്കുള്ള അനുഭവമെന്താണ്? ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ളത്തിനു വേണ്ടി ജനങ്ങൾ കഷ്ടപെട്ട സ്ഥാനത്ത് പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനങ്ങൾക്ക് ചെറുതും വലുതുമായ കുടിവെള്ളവിതരണ പദ്ധതി ആവിഷ്കരിക്കുന്നതിന് സാധിച്ചു. പണം ചെലവഴിക്കുന്നതിനേക്കാളും ജനങ്ങളുടെ സഹകരണത്തോടുകൂടി കൂടുതൽ സൗജന്യമായി അത്തരം പരിപാടികൾ ആരംഭിക്കാൻ സാധിച്ചില്ലേ? പച്ചക്കറികളുടെ കാര്യത്തിലായാലും മറ്റുകൃഷികളുടെ കാര്യത്തിലായാലും വീടു നിർമ്മിക്കുന്ന കാര്യത്തിലായാലും എല്ലാത്തിനും ജനകീയ സഹകരണത്തോടുകൂടിയുള്ള പരിപാടികൾ നമ്മുടെ രാജ്യത്തിന്റെ എല്ലാ ഭാഗത്തും നടന്നുകാണുന്നില്ലേ? അപ്പോൾ ജനകീയാസൂത്രണ പരിപാടി പരാജയമാണെന്ന് പറയാൻ സാധിക്കുമോ? ലോകത്ത് മറ്റൊരു രാജ്യത്തും ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഇത്തരം പരിപാടികളില്ലെന്നാണ് പറയുന്നത്. പല രാജ്യങ്ങളിൽനിന്നും ആളുകൾ വന്ന് കേരളത്തിലെ ജനകീയാസൂത്രണത്തെ വിലയിരുത്തികൊണ്ട് അഭിപ്രായം പറയുന്ന അവസരത്തിൽ നമ്മെ ആക്ഷേപിച്ചിട്ട് ഫലമുണ്ടോ? നമ്മുടെ രാജ്യത്ത് മറ്റ് ഏതെങ്കിലും ഒരു ഉദാഹരണം പറയാൻ സാധിക്കുമോ? ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസരത്തിലാണ് ഇത് കൊണ്ടുവന്നതെന്നുപറഞ്ഞു ആ ഭരണകാലത്ത് ജില്ലാ കൗൺസിലുകൾക്ക് ലഭിച്ച അധികാരങ്ങൾ എടുത്തു കളഞ്ഞത്, എന്തിന് പ്രസിഡന്റുമാർക്ക് നൽകിയ കാർപോലും എടുത്തു കളഞ്ഞത് മനസ്സിലാക്കിയവരല്ലേ നമ്മൾ? രാജീവ്ഗാന്ധി കൊണ്ടുവന്നതാണെന്നു പറഞ്ഞു. കർണ്ണാടക സംസ്ഥാനത്തിൽ ജനകീയപാർട്ടി ഭരിച്ച അവസരത്തിൽ അവർ ജില്ലാ പഞ്ചായത്ത് ഭരണം നടപ്പിലാക്കിയതിന്റെ ഫലമായി ഗ്രാമങ്ങളിൽപോലും ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തവിധം സാധിച്ചു. അതിന്റെ സ്വാധീനത മനസ്സിലാക്കി 73 -ഉം, 74- ഉം ഭരണഘടന ഭേദഗതികൾ കൊണ്ടുവന്നതിനുശേഷവും ജനകീയാസൂത്രണം ഇന്ന് നടപ്പിലാക്കുന്ന വിധത്തിൽ സത്യസന്ധമായി ജനങ്ങളിലെത്തിക്കാൻ കോൺഗ്രസ് (ഐ) ആഗ്രഹിച്ചിട്ടില്ല. കേരളത്തിൽ ഇന്നു നടക്കുന്ന ജനകീയാസൂത്രണ പരിപാടിക്ക് പോരായ്മകളുണ്ടാകും. ആ പോരായ്മകൾ ഓരോന്നോരോന്നായി പരിഹരിച്ചു വരുന്നില്ലേ? ഉദ്യോഗസ്ഥ നിലവാരത്തിൽ ഇന്ന് നമ്മൾ കൂടുതൽ ഫണ്ട് നൽകി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും ബ്ലോക്കുകളേയും ജില്ലാ പഞ്ചായത്തുകളേയും ചുമതലപ്പെടുത്തുമ്പോൾ അതിനാവശ്യമായ ജീവനക്കാർ, അതുപോലെ എഞ്ചിനീയർമാർ അവരുടെ കൈവശമില്ല. അത് വിലയിരുത്തി അതിനാവശ്യമായി സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നില്ലേ? ജനങ്ങളെ അണിനിരത്തികൊണ്ട് ഓരോ ഘട്ടത്തിലും അഴിമതി വിമുക്തമായ പരിപാടികളല്ലേ നടപ്പാക്കുന്നത്? ആ മേഖലയിൽ അഴിമതി നടക്കുന്നുണ്ടെങ്കിൽ അതിനെതിരായി ശക്തമായി സംസാരിക്കാൻ ആ പ്രദേശത്തെ, ഗ്രാമത്തിലെ ജനങ്ങൾക്ക് സാധിക്കുന്നില്ലേ? ആ ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അഴിമതി നടത്തുന്ന ഏതു വ്യക്തിയായാലും അയാൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുമോ? അപ്പോൾ അടിസ്ഥാനപരമായി ഇന്ത്യാ രാജ്യത്ത് ഭരണമാറ്റം ഉണ്ടായിരിക്കുന്നു. നമ്മൾ കോടിക്കണക്കിന് രൂപ ഡാമിനും കനാലുകൾക്കും വേണ്ടി ചെലവഴിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ നമ്മൾ നെൽക്കൃഷിക്കുവേണ്ടി ചെലവഴിക്കുമ്പോൾ നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ തോത് കുറഞ്ഞുവരികയാണ്. കാർഷിക മേഖലയെ കൂടുതൽ ശ്രദ്ധിക്കണം. ഗ്രാമീണനിലവാരത്തിൽ അത് മാത്രമേ സാധിക്കുകയുള്ളൂ. കഴിഞ്ഞ 45 കൊല്ലക്കാലത്തെ അനുഭവം ഗ്രാമീണ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയെ സജീവമാക്കുന്നതിൽ അല്ലെങ്കിൽ അതിനെ വിജയിപ്പിക്കുന്നതിനാവശ്യമായ അതുമായി നേരിട്ടു ബന്ധമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. നേരെ മറിച്ച് ജനകീയാസൂത്രണം പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് കാർഷികമേഖലയെ ശ്രദ്ധിക്കുന്ന അവസരത്തിൽ പച്ചക്കറിക്കൃഷിയെ കൂറേക്കൂടി വിപുലപ്പെടുത്തണം. കേരളത്തിൽ കൂടുതൽ പ്രദേശങ്ങളിൽ നെൽക്കൃഷി വ്യാപകമാക്കണം. കേരളത്തിലെ നാളികേര കൃഷിക്ക് ഉണ്ടായിരിക്കുന്ന രോഗം തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പഞ്ചായത്തുനിലവാരത്തിലടക്കം അതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരികയാണ്. നെൽവയൽ നികത്തുന്നതിനെതിരായി ജനങ്ങളിൽ നിന്നും അഭിപ്രായം വരുന്നില്ലേ? നമ്മുടെ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം കൊടുത്തതിന്റെ ഫലമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും രാഷ്ട്രനിർമ്മാണത്തെ സംബന്ധിച്ച് ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത അഭിപ്രായമുണ്ടാക്കാൻ നമുക്ക് സാധിക്കുന്നില്ലേ? ഇതല്ലേ സ്വതന്ത്ര്യസമരകാലത്ത് ഗാന്ധിജി ആഗ്രഹിച്ചത്? സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിലെ മറ്റേതു നേതാവിനെക്കാളും മഹാത്മഗാന്ധി ആഗ്രഹിച്ചതും നടപ്പിലാക്കണമെന്ന് പറഞ്ഞതും ഇതല്ലേ? നമ്മൾ ഗാന്ധിജിയുടെ ശിഷ്യന്മാരാണെന്നു പറഞ്ഞ് അധികാരത്തിലിരുന്ന് പല കമ്മിറ്റികൾ ഉണ്ടാക്കി ബൽവന്തറായ് മേത്ത കമ്മിറ്റി ആയാലും അശോക്മേത്ത് കമ്മിറ്റിയായാലും ആ കമ്മിറ്റി റിപ്പോർട്ടുകൾ നടപ്പിലാക്കിയിട്ടും ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളെ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാക്കാൻ സാധിച്ചോ? കേരളത്തിലെ ജനകീയാസൂത്രണ പരിപാടി പോലെ വിജയകരമായി നടപ്പിലാക്കിയ ഒരു സംരംഭം ഇന്ത്യയിലെ മറ്റേതെങ്കിലും ഒരു സംസ്ഥാനത്ത് 1947 നു ശേഷം നടപ്പിലാക്കിയിട്ടുണ്ടോ? അതിനേക്കാളും മോശമാണിത് എന്നുപറഞ്ഞ് വിമർശിക്കാൻ സാധിക്കുമോ? ജനകീയാസൂത്രണപരിപാടി നടപ്പിലാക്കുന്നതിൽ പോരായ്മകളുണ്ടാകും. ആ പോരായ്മകളെ സംബന്ധിച്ച് തുറന്ന ചർച്ചയിലൂടെ അവയ്ക്കു പരിഹാരം കാണണം. പഞ്ചായത്തു നിലവാരത്തിൽ രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ചുചേർന്നുകൊണ്ടുള്ള സംരംഭം പരിപൂർണ്ണമായി വിജയിപ്പിക്കാൻ ആവശ്യമായ നടപടികളാണ് വേണ്ടത്. അതിന്റെ ഫലമായി വർഗ്ഗീയ ഭ്രാന്തന്മാരിൽനിന്നും കേരളത്തിലെ ഗ്രാമങ്ങളെ രക്ഷിക്കാൻ നമുക്ക് സാധിച്ചു. നമ്മളാരും പ്രതീക്ഷിക്കാതെതന്നെ വർഗ്ഗീയ വിപത്തുകളിൽനിന്നും കേരളത്തിലെ ഗ്രാമങ്ങളെ രക്ഷിക്കാനാവശ്യമായ നീക്കങ്ങളുടക്കം ജനങ്ങൾ ഒരുമിച്ചു പങ്കെടുക്കുന്നതിന്റെ ഫലമായി സാധിച്ചു. ജനകീയാസൂത്രണ പരിപാടി വിജയിച്ചുവരുന്നത് ഭരണപരമായ മേഖലയിലും ഉല്പാദനപരമായ മേഖലകളിലും മാത്രമല്ല, ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും ജനകീയാസൂത്രണപരിപാടി വിജയിച്ചത് കേരളത്തിലാണ്. വിവിധ മതക്കാർ തമ്മിൽ ഏറ്റുമുട്ടാതെ കണ്ട് കഴിഞ്ഞ കാലത്തുണ്ടായതിനെക്കാൾ സൗഹൃദപരമായ അന്തരീക്ഷം ഗ്രാമീണ ജീവിതത്തിൽ ഉണ്ടാക്കാൻ ഈ ജനകീയാസൂത്രണ പരിപാടിയിലൂടെ ജനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സാധിച്ചു. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനകീയാസൂത്രണത്തെപ്പറ്റിയുള്ള ചർച്ചയാണ് ഇവിടെ പ്രധാനമായും നടക്കുന്നത്. അതുതന്നെയാണ് ആ പദ്ധതിയുടെ വിജയവും. ഈ രംഗവുമായി ബന്ധപ്പെടുന്ന എല്ലാ മേഖലകളിലും ആദ്യം ചർച്ച ചെയ്യപ്പെടുന്നത് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണ പദ്ധതിയെക്കുറിച്ചാണ്. ഈ പദ്ധതിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ അനുഭവ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ വെളിച്ചത്തിൽ, ഓരോ വർഷവും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ വിപുലപ്പെടുത്താൻ ആത്മാർത്ഥമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ മിക്കവാറും 90 ശതമാനം പരാതികളും പരിഹരിക്കാൻ കഴിഞ്ഞു. ഇനിയും ചില മാറ്റങ്ങളും നിയമത്തിൽ ചില ഭേദഗതികളും ആവശ്യമാണ്. അതൊക്കെ നടപ്പിലാക്കാൻ പോകുന്നു എന്നുള്ള കാര്യത്തിൽ സംശയമില്ല. രണ്ടോ മൂന്നോ വർഷം കഴിയുമ്പോൾ ഇതിന്റെ യഥാർത്ഥ ഗുണം നമ്മുടെ നാട്ടിൻ പുറങ്ങളിൽ അനുഭവപ്പെടും. കോട്ടങ്ങളുണ്ടെന്ന് പറയുന്നത് ശരിയാണ്. പക്ഷെ നേട്ടങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ കോട്ടങ്ങൾ വളരെ നിസ്സാരമാണ്. കോട്ടങ്ങളെപ്പറ്റി നിങ്ങൾ പറയുമ്പോൾ നേട്ടങ്ങളെ കാണാതെ പോകരുത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത് ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട് ചില ഒറ്റപ്പെട്ട അഴിമതികളുണ്ടായിട്ടുണ്ട്. അവയെക്കുറിച്ച് അന്വേഷിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും മാതൃകാപരമായ ശിക്ഷ നൽകുകയും വേണം. അഴിമതി നടക്കാനിടയുള്ള ഏറ്റവും പ്രധാനപ്പെട്ട മേഖല പർച്ചേസിംഗ് മേഖലയാണ്. 1200 കോടി രൂപ ചെലവാക്കുമ്പോൾ 800 കോടി രൂപ സാധനങ്ങൾ വാങ്ങുന്നതിനാണ് ചെലവഴിക്കുന്നത്. സാധനങ്ങൾ വാങ്ങിക്കുന്നതിന് ഒരു ജനറൽ ഗൈഡ് ലൈൻ വേണം. ഉദാഹരണത്തിന് ഒരു പഞ്ചായത്തിൽ ബൾബ് വാങ്ങുന്ന കാര്യം തന്നെ എടുക്കാം. വിവിധ കമ്പനികളുടെ ബൾബുകളുണ്ട്, 100 വാൾട്ട് ബൾബിന് ഒരു കമ്പനി 15 രൂപ വാങ്ങും മറ്റൊരു കമ്പനി 12 രൂപ വാങ്ങും. അതുപോലെതന്നെ ട്യൂബിന്റെ കാര്യവും ഓരോ കമ്പനികളും ഓരോ വിലയ്ക്കാണ് വിൽക്കുന്നത്. ഇത് തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. ഒരു പഞ്ചായത്ത് വാങ്ങുന്നതും അടുത്ത പഞ്ചായത്ത് വാങ്ങുന്നതും പല വിലയ്ക്കാണ്. ഇതിനൊരു നടപടിക്രമമില്ല. കമ്മീഷനും മറ്റൊരുപാട് കാര്യങ്ങളും ഉണ്ട്; അതുകൊണ്ട് കുറെ ഐറ്റംസ് വാങ്ങുന്നതും ജനറലായിട്ട് ഒരു ഗൈഡ്ലൈനുണ്ടാകണം. ഓന്നോ രണ്ടോ വർഷത്തേക്ക് അതിന്റെ വില നിശ്ചയിക്കാൻ കഴിയണം. അതുപോലെതന്നെ സിമന്റ് വാങ്ങുന്ന കാര്യത്തിലും ശ്രദ്ധിക്കണം. പഞ്ചായത്തുകൾക്ക് പ്രത്യേകം എഞ്ചിനീയറിംഗ് വിഭാഗമുണ്ടെങ്കിലും അത് കുറേക്കൂടേ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ജനകീയാസൂത്രണ പ്രവർത്തനം മാത്രമാണ് എന്നുള്ള വിലയിരുത്തൽ ശരിയല്ല. പട്ടണങ്ങളുടേയും, കോർപ്പറേഷനുകളുടേയും, മുനിസിപ്പാലിറ്റികളുടേയും പ്രവർത്തനത്തിൽ ഉൽപാദന മേഖല വർദ്ധിപ്പിക്കാൻ കഴിയുന്ന, ഗ്രാമപഞ്ചായത്തുകൾക്കുള്ള പദ്ധതിയുമായി മുന്നോട്ട് പോകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ ഭാരിച്ച ചുമതലകളാണുള്ളത്. അതിൽ പ്രധാനമായും പട്ടണം വൃത്തിയാക്കി സൂക്ഷിക്കുന്ന കാര്യത്തിൽ, അതുപോലെ മറ്റ് ക്രമീകരണങ്ങളുണ്ടാക്കുന്ന കാര്യത്തിൽ, നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നം മാലിന്യങ്ങളുടെ കൂമ്പാരമാണ്. ഇൻഡ്യ തന്നെ നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. വേസ്റ്റ് ഡിസ്പോസലിന്റെ കാര്യത്തിൽ പുതിയ ഒരു നയമുണ്ടാക്കാൻ കഴിയണം. അതിന് പല പദ്ധതികളും നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഏറ്റവും അനുയോജ്യമായ ഒരു ടെക്നോളജി അഡോപ്റ്റ് ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല. വേസ്റ്റുകൾ എങ്ങനെ ഡിസ്പോസ് ചെയ്യണമെന്നതിനെക്കുറിച്ച് പൊതുവായ ഒരു മാനദണ്ഡം സ്വീകരിക്കണം. അന്യരാജ്യങ്ങളിലൊക്കെ ഈ കാര്യത്തിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ പ്രധാനപ്പെട്ട പട്ടണങ്ങളിലൊക്കെ കുമിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കൂടുന്ന ബയോ കെമിക്കൽ ആശുപത്രികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന വേസ്റ്റുകൾ ഇതെല്ലാംകൂടി ഒരു ദിവസം ശരാശരി പത്ത് ടണ്ണോളം ബയോ കെമിക്കൽ വേസ്റ്റുണ്ടാകുന്നു. ഇതൊക്കെ ആരോഗ്യത്തിന് ഹാനികരമാണ്. അതുകൊണ്ട് അടിയന്തിരമായി ഇതിനൊരു പരിഹാരം കാണാൻ കഴിയണം. ഒരാശുപത്രിയായിട്ടൊക്കെ നടത്തുകയാണെങ്കിൽ അതിന് ഒരുപാട് കോസ്റ്റിലി ആകും. അതുകൊണ്ട് മൂന്നോ, നാലോ, അഞ്ചോ ആശുപത്രികളുൾക്കൊള്ളുന്ന ഒരു പട്ടണത്തിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും അതിനാവശ്യമായ മറ്റ് സംവിധാനങ്ങളൊരുക്കുന്നതിനും അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കാൻ കഴിയണം. നമ്മുടെ നാട്ടിൽ അനധികൃതമായി നടന്നുകൊണ്ടിരിക്കുന്ന അറവുശാലകളെ ക്രോഡീകരിച്ച് ഒരു പഞ്ചായത്തിന് ഒരു അറവുശാല എന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമായതുകൊണ്ട് ഒന്നോ, രണ്ടോ പഞ്ചായത്തുകൾക്കായി ഒരു അറവുശാല സ്ഥാപിക്കണം. ഇപ്പോൾ അറവുശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം നൽകുന്ന ഒരു സ്കീം ഉണ്ട്, അത് നടപ്പിലാക്കുന്നതിനുള്ള ഗൈഡ്ലൈൻ സംസ്ഥാന സർക്കാർ നൽകണം. ജനകീയാസൂത്രണം ഫലപ്രദമായി നടപ്പാക്കുന്നതോടൊപ്പം ഇതുപോലുള്ള കാര്യങ്ങളിൽകൂടി ശ്രദ്ധ പതിപ്പിക്കണം. ഡെവലപ്മെന്റ് അതോറിറ്റികളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. കൊല്ലം മുനിസിപ്പാലിറ്റി കോർപ്പറേഷനായി മാറ്റാനെടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു, അതിന് മുൻകൈയെടുത്ത മന്ത്രിക്ക് പ്രത്യേകം അഭിനന്ദനമറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. മറ്റൊരു കാര്യം, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കുറെ മാറ്റങ്ങൾ വരുത്തി, എക്സംപ്ഷൻ വേണ്ടന്ന് വച്ചെങ്കിലും ഇതിനെ സംബന്ധിച്ചിടത്തോളം നമുക്ക് അതാത് പഞ്ചായത്തുകളിൽ തന്നെ തീരുമാനമെടുക്കാൻ കഴിയണം. അതിനുവേണ്ടി വേറെ പോകുന്ന സ്ഥിതി ഒഴിവാക്കണം. അതാത് പഞ്ചായത്തുകളിലോ, മുനിസിപ്പാലിറ്റികളിലോ, കോർപ്പറേഷനുകളിലോ തന്നെ അതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയത്തക്കവിധത്തിലുള്ള ഒരു സംവിധാനമൊരുക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണം. എക്സംപ്ഷൻ വേണ്ടെന്ന് വച്ചെങ്കിലും ഒരുപാട് കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്. അതിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

<u>ശ്രീ. വി.സി. കബീർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് പദ്ധതി ഇടതുപക്ഷമുന്നണി ഗവൺമെന്റ് നടപ്പിലാക്കുമ്പോൾ കോൺഗ്രസ് സുഹൃത്തുക്കൾ എന്തിനാണ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഗാന്ധിജിയെ നിങ്ങൾ കൈവിട്ടോ? ഡ്യൂപ്ലിക്കേറ്റ് ഗാന്ധിജിയേയും കൊണ്ട് നടക്കുകയാണോ?

<u>ശ്രീ. ജി. കാർത്തികേയൻ</u> : മാസ്റ്റർ എതിർക്കുന്നതെന്തിനാണെന്ന് നമുക്ക് മനസ്സിലാകുന്നില്ല.

<u>ശ്രീ. വി.സി. കബീർ</u> : ഞാൻ ഒരു ഗാന്ധിയൻ തന്നെയാണ്, എല്ലാ അർത്ഥത്തിലും ഞാൻ ഗാന്ധിയൻ തന്നെയാണ്. പക്ഷെ ഗാന്ധിയൻ പരിപാടികളെ നിങ്ങൾ എതിർക്കുന്നതിലാണ് എനിക്ക് അത്ഭുതം. ശാന്തശീലനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ വകുപ്പിൽ ഒരു ജനകീയ വിപ്ലവം നടക്കുകയാണ്. ഈ ജനകീയ വികസന വിപ്ലവത്തെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല, അതുകൊണ്ട് ഞാൻ അഭിനന്ദിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്ത്, ജനകീയ താൽപ്പര്യങ്ങൾ അംഗീകരിച്ച്, ഇഷ്ടംപോലെ ഫണ്ട് കൊടുത്ത് വികസന പ്രവർത്തനങ്ങൾ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപ്രദേശങ്ങളിൽ നടക്കുകയാണ്. ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്തരം വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല, അതിന് ജനകീയ പങ്കാളിത്തവുമില്ല. അതിനകത്ത് അഴിമതിയുണ്ട്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായ ഒരു പദ്ധതിയുമായിട്ടാണ് കേരളഗവൺമെന്റ് മുന്നോട്ടു പോകുന്നത്. സമ്പൂർണ്ണ ശുചിത്വമെന്ന മുദ്രാവാക്യം തന്നെ നിലവിലുണ്ട്. ഒരു ശുചിത്വ കമ്മിഷനേയും വച്ചിട്ടുണ്ട്. അതിൽ ശ്രീ. ബാബുദിവാകരൻ സൂചിപ്പിച്ച കാര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. നാനാവിധത്തിലുള്ള പൊല്യൂഷൻ നമ്മുടെ ചുറ്റുപാടുമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഖരമാലിന്യങ്ങൾ നശിപ്പിക്കുന്നതിനേയും മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനേയും സംബന്ധിച്ച് ഒരു റിസർച്ചുതന്നെ വേണമെന്നാണ് എനിക്ക് തോന്നുന്നത്. ഡോ. എം.പി. പരമേശ്വരൻ കമ്മിഷൻ അത്തരം കാര്യങ്ങളെ സംബന്ധിച്ച് ഒരു നിർദ്ദേശം വയ്ക്കുമ്പോൾ പിശുക്ക് കൂടാതെ അതിന് പണം കൊടുക്കണം, അത് രാജ്യത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന കാര്യമാണ്. പഞ്ചായത്തുകൾക്ക് 1020 കോടി രൂപ അതായത് 40 ശതമാനം ഫണ്ട് നീക്കിവച്ചിട്ടുണ്ട്. പക്ഷെ പഞ്ചായത്തുകളിൽ സ്റ്റാഫിന്റെ കുറവുണ്ട്. എന്തിനാണ് അത് കണ്ടില്ലെന്ന് നടിക്കുന്നത്? പഞ്ചായത്തുകളിൽ ഓവർ ലോഡാണ്. അവിടെയുള്ള സ്റ്റാഫിന് പണി ചെയ്തു തീർക്കാൻ സാധിക്കുന്നില്ല, അതുകൊണ്ട് പിശുക്ക് ഒഴിവാക്കി പഞ്ചായത്തുകളിൽ സ്റ്റാഫിനെ അനുവദിക്കണം. സാങ്കേതികമായ വർക്കുകൾ സൂപ്പർ വൈസ് ചെയ്യുന്നതിന് എഞ്ചിനീയർമാരുടെ അഭാവമുണ്ട്. രണ്ട് പഞ്ചായത്തുകൾക്കായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ വച്ചാൽ എന്താണ് കുഴപ്പം. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് എഞ്ചിനീയർമാരുടെ സഹായവും നിർദ്ദേശവും, സാന്നിധ്യവും അത്യാവശ്യമാണ്. അതുകൊണ്ട് അങ്ങനെയൊരു നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. ഗുണഭോക്തൃസമിതികൾ നമ്മൾ രൂപീകരിക്കുന്നുണ്ട്. അവർ ഒരു പ്രവൃത്തി ഏറ്റെടുക്കുമ്പോൾ 25 ശതമാനമാണ് അഡ്വാൻസ് കൊടുക്കുന്നത്. അതുകൊണ്ട് ഒന്നും നടക്കുന്നില്ല. മെറ്റീരിയൽസ് കളക്ട് ചെയ്യാൻ ആ പണം മതിയാകുകയില്ല. 50 ശതമാനം കൊടുത്താൽ മാത്രമേ അത്തരം പ്രവൃത്തികൾ പൂർത്തിയാക്കാൻ പറ്റുകയുള്ളൂ. അല്ലെങ്കിൽ നോമിനികളുടെ പേരിൽ, കമ്മിറ്റികളുടെ പേരിൽ കോൺട്രാക്ടർമാർ ജോലി ചെയ്യും. പലയിടത്തും അങ്ങനെ നടക്കുന്നുണ്ട് എന്നുള്ളത് പച്ച പരമാർത്ഥമാണ്. ഭരണകക്ഷിയിലെ മെമ്പറായതുകൊണ്ട് ഞാൻ അധികം പറയുന്നില്ല. അതുകൊണ്ട് ഗുണഭോക്തൃ സമിതികളെ കൂടുതൽ സഹായിക്കണം. അവർക്ക് 50 ശതമാനം അഡ്വാൻസ് പേമെന്റ് കൊടുക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. പഞ്ചായത്തുകളിൽ ജനസംഖ്യാ വർദ്ധനവ് കൂടിയിട്ടുണ്ട്. പ്രത്യേക പരിമിതി കഴിയുന്ന, ജനസംഖ്യയിൽ കൂടുതലുള്ള പഞ്ചായത്തുകളെ വിഭജിക്കുന്നതുകൊണ്ട് വല്ല ആപത്തും ഉണ്ടാകുമോ? നമ്മൾ അടിത്തറയിൽനിന്നു വികസം കൊണ്ടുവരികയാണല്ലോ. അത്തരം പഞ്ചായത്തുകളെ വിഭജിക്കണമെന്നുകൂടി ഞാൻ നിർദ്ദേശിക്കുന്നു. മൊത്തത്തിൽ ഇൻഡ്യാ രാജ്യത്തിൽ മാതൃകയായി മറ്റ് രാജ്യങ്ങൾ നടപ്പിലാക്കാൻ അറച്ചുനിൽക്കുന്ന ജനകീയ വികസന പരിപാടിയുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനും ആ വകുപ്പിനും എല്ലാ നിലയിലും ഞാൻ അഭിനന്ദനം രേഖപ്പെടുത്തുന്നതോടൊപ്പംതന്നെ സ്ഥലംമാറ്റങ്ങളിൽ ചില മുറുമുറുപ്പുകളും അസ്വസ്ഥതകളുമുണ്ട്. അത് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അറിഞ്ഞിട്ടാണോയെന്ന് എനിക്ക് അറിയില്ല. അതിനകത്ത് കുറച്ചുകൂടി നിഷ്പക്ഷത കാണിക്കണമെന്നുള്ള നിർദ്ദേശം കൂടി വച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ആധുനിക ഇൻഡ്യ ഉറ്റുനോക്കുന്ന ജനകീയാസൂത്രണമെന്ന ഒരു പുതിയ ആശയവുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ മൂന്നുവർഷമായി മുന്നേറുന്നത്. ഇത് ലോകംമുഴുവൻ ആകർഷിച്ച ഒരു പുതിയ ആശയമാണ്. ഇതിനുമുമ്പ് എന്തായിരുന്നു സ്ഥിതി? അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഒരു ചെറിയ കഥയാണ് ഓർമ്മ വരുന്നത്. എന്റെ ഒരു സ്നേഹിതന് ഇടയ്ക്കിടയ്ക്ക് മാനസികമായ കുഴപ്പമുണ്ടാകാറുണ്ട്. കുഴപ്പമുണ്ടായാൽ അദ്ദേഹം ആ ഗ്രാമത്തിലെ ചായക്കടയിൽ ചെന്നിരിക്കും. ചായക്കടയിൽ ചെന്നിരുന്നപ്പോൾ 'ഗവൺമെന്റ് അംഗീകൃതം' എന്ന് എഴുതിയിട്ടുള്ള ഒരു ബോർഡ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അദ്ദേഹം ആ ബോർഡിൽ നോക്കിയിട്ട് ഇതിന് ഗവൺമെന്റ് അംഗീകാരമില്ലായെന്ന് പറയുകയുണ്ടായി. ഗവൺമെന്റ് അംഗീകാരമില്ലായെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാമെന്ന് നാട്ടുകാർ ചോദിക്കുകയുണ്ടായി. ഞാൻ തിരുവനന്തപുരത്ത് പോയപ്പോൾ ഗവൺമെന്റിനെ കണ്ടിട്ടുണ്ട്, വലിയൊരു സാധനമാണ്, അത് അങ്ങനെയിങ്ങനെ നടന്ന് ഇടവഴിയിലൂടെ വന്ന് അംഗീകാരം കൊടുത്തു പോകുന്ന ഒരു സാധനമല്ല, അത് തിരുവനന്തപുരത്ത് അങ്ങനെ നിൽക്കുകയാണ്, അത് ഒരിക്കലും ഇവിടെ വന്ന് അംഗീകാരം തരുകയില്ലായെന്ന് പറയുകയുണ്ടായി. സത്യത്തിൽ അതാണ് നിലനിന്നിരുന്നത്. ഇടവഴിയിലൂടെ നടന്നുചെല്ലാൻ വിസ്സമതിക്കുന്ന ഒരു ഭരണകൂടം നിലനിന്നിടത്താണ് പുതിയ ഈ ആശയം വന്നത്. ബ്രിട്ടീഷ് സിസ്റ്റത്തിന് വിരുദ്ധമായിട്ടുള്ള, ആധുനിക രീതിയിലുള്ള ഒരു ഭരണ സംവിധാനം നിലവിൽ വരാൻ പോകുകയാണ്. നമ്മുടെ ഗ്രാമസഭകളെ പുതിയ രീതിയിൽ ആധുനികവത്ക്കരിച്ചുകൊണ്ട്, ജനാധിപത്യവത്ക്കരിച്ചുകൊണ്ട് വരികയാണ്. ഇതിന് ഒരുപാട് അവകാശവാദങ്ങൾ ഉണ്ടാകാം. ഇത് 'മാർക്സിസ്റ്റ് ആസൂത്രണം', ജനകീയാസൂത്രണ പദ്ധതികളുടെ ഉപജ്ഞാതാക്കൾ മാർക്സിസ്റ്റുകാരല്ലെന്ന് മാലോകർക്ക് എല്ലാമറിയാം എന്ന് ബഹുമാനപ്പെട്ട ഹസ്സൻ എഴുതിയിരിക്കുകയാണ്. ആവർത്തിച്ചു പറയുന്ന ഒരു അസത്യം കാലാന്തരത്തിൽ സത്യം ആയിക്കൂടെന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റുപാർട്ടി ജനകീയാസൂത്രണത്തിന്റെ പിതൃത്വം ഏറ്റെടുക്കാനുള്ള പ്രചരണത്തിലാണ് ഇപ്പോൾ. ഇവിടെ കുറച്ചുമുമ്പ് പ്രസംഗിച്ച കോൺഗ്രസ് നേതാവ് ശ്രീ. ബി. വിജയകുമാർ പറഞ്ഞത് ഇത് ഇ.എം.എസ്. നടപ്പിലാക്കിയതാണ് എന്ന്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇത്തരത്തിലുള്ള അധികാര വികേന്ദ്രീകരണം നടത്തിയിട്ടുണ്ടെങ്കിൽ 1991-92 കാലഘട്ടത്തിൽ എൽ.ഡി.എഫ് ഗവൺമെന്റ് ജില്ലാ കൗൺസിലുകൾക്ക് 250 കോടി രൂപ മാറ്റിവച്ചത് നിങ്ങൾ എന്തിനാണ് രണ്ടര കോടിരൂപയായി വെട്ടിക്കുറച്ചത്? അപ്പോൾ ശ്രീ. പി.കെ. അബ്ദുറബ്ബിന്റെ പാർട്ടി എവിടെയായിരുന്നു? ഞാൻ നിങ്ങളെ കുറ്റം പറയുന്നില്ല. നിങ്ങൾ ഇതിനോട് സഹകരിക്കുന്ന ആളുകളാണ്. പക്ഷെ നിങ്ങൾ എവിടെയായിരുന്നു? നിങ്ങൾ ജില്ലാ കൗൺസിലുകളുടെ അധികാരങ്ങൾ ഇല്ലാതാക്കിയവരാണ്. എന്നിട്ട് പറയുന്നു യു.ഡി.എഫ്. 1994-ൽ അധികാരത്തിൽ വന്നപ്പോഴാണ് അധികാരം കൊടുത്തത് എന്ന്. ഞങ്ങൾ കൊടുത്തിട്ടുള്ള അധികാരങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്ക് അറിയണോ? ചെറുകിട ജലസേചന പദ്ധതികൾ പരിപാലിക്കാനുള്ള അവകാശം, സർക്കാർ എൽ.പി., യു.പി. സ്കൂളുകളുടെ നിയന്ത്രണം, സാമൂഹിക സുരക്ഷാ പെൻഷനുകൾ, ധനസഹായങ്ങൾ, തൊഴിലില്ലായ്മാ വേതനം ഇതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് കൊടുത്തതാണ്. വെറ്ററിനറി പോളി ക്ലിനിക്കുകളുടെയും കൃത്രിമബീജസങ്കലന കേന്ദ്രങ്ങളുടെയും നട

ത്തിപ്പ്, ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും മറ്റ് ചെറുകിട ജലസേചന പദ്ധതികളുടേയും നടത്തിപ്പ് എന്നിവ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൊടുത്തതാണ്. ഇത്തരത്തിൽ നിര വധി അധികാരങ്ങൾ കൊടുത്തിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഈ അധികാരം പാസ്സാക്കിക്കൊടു ത്തത് യു.ഡി.എഫ്. ഗവൺമെന്റാണല്ലോ?

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : 1998-ൽ നിയമസഭയിൽ അവതരിപ്പിച്ച ഭേദഗതികളാണ് അതൊക്കെ. അത് എന്താണ് മനസ്സിലാക്കാത്തത്. എന്റെ മണ്ഡലത്തിൽ നടന്ന പദ്ധതികൾ എന്തൊക്കെ ആണെന്ന് ഞാൻ പറയാം. നിങ്ങൾ ഭരിക്കുന്ന ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ ബസ് സ്റ്റാൻഡിന്റെ ഉദ്ഘാടനം 4-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി നടത്തുകയാണ്. അവിടെ ത്തന്നെ ഖരസംസ്ക്കരണശാല. നിങ്ങൾ ഭരിക്കുന്ന പൂക്കോട് പഞ്ചായത്തിൽ സ്കൂൾ കെട്ടിടം നിർമ്മിച്ചു. ഇതൊക്ക ജനകീയാസൂത്രണത്തിന്റെ മേൻമ യാണ്. ചാവക്കാട് മുനിസിപ്പാലിറ്റിയിൽ അഞ്ചേക്കർ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നു. ലൈബ്രറി ഉദ്ഘാടനം 4-ാം തീയതി നടക്കുന്നു. ഇതൊക്കെ എന്താണ് നിങ്ങളുടെ കാലത്ത് നടക്കാത്തത്? ജനകീയാസൂത്രണമെന്നു പറയുമ്പോൾ നിങ്ങൾ പരിഭ്രമിക്കേണ്ട കാര്യമില്ല. നിങ്ങൾക്ക് പരിഭ്രമമുണ്ടാ കുന്ന ദിവസമാണ് ഇന്ന്. അത്തരത്തിൽ ജനപിന്തുണയുള്ള ഒരു പരിപാടി യാണ് ഇവിടെ നടക്കുന്നത്. കേരളത്തിൽ വളരെ ആസൂത്രിതമായിട്ടുള്ള ഒരു വികസന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ അതിനെ എതിർക്കേണ്ട കാര്യമുണ്ടോ? നിങ്ങളും ബി.ജെ.പി.യും ഏതുകാലത്തും ഞങ്ങളെ എതിർക്കും. നിങ്ങളിപ്പോൾ ഇരുട്ടിൽ തപ്പുന്ന കാലമാണ്. ജനകീയാ സൂത്രണത്തെ എതിർക്കുന്നത് ഇരുട്ടിൽ തപ്പുന്നതുകൊണ്ടാണ്. നിങ്ങൾക്ക് മൊത്തമായിട്ട് ഒരു നയത്തിന്റെ പിന്നിൽ നിൽക്കാനുള്ള പ്രാപ്തിയില്ല. നിങ്ങ ളുടെ രാഷ്ട്രീയമായിട്ടുള്ള നിലപാടുകളിൽ മാറ്റം വന്നിട്ടില്ല. ലീഗിന് മാറ്റം വന്നു. ലീഗ് ആഗോളവത്ക്കരണത്തിനെതിരായിട്ട് നിൽക്കാൻ തുടങ്ങി. ജന കീയാസൂത്രണത്തെ പിന്താങ്ങാൻ തുടങ്ങി. നിങ്ങൾ ഒറ്റക്ക് ഭരിക്കുമെന്നുപ റഞ്ഞ് അതിനെ എതിർക്കാൻ തുടങ്ങി. നിങ്ങൾക്ക് ഒറ്റക്ക് ഭരിക്കാൻ ശക്തിയി ല്ലായെന്ന് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. അദ്ദേഹത്തിന് വന്നുകൊ ണ്ടിരിക്കുന്ന മാറ്റത്തിനനുസൃതമായി കാര്യങ്ങൾ കാണാൻ കഴിഞ്ഞിരുന്നു. കോൺഗ്രസിന് എന്താണ് പറ്റിയത്? 100 കൊല്ലത്തെ രാഷ്ട്രീയ പാരമ്പര്യ മുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നേതാക്കൻമാർ അടിമകൾ യജ മാനത്തിയോട് യാചിക്കുന്നതുപോലെയല്ലേ യാചിച്ചത്? ഞാൻ അവിടെ നട ന്നത് ടെലിവിഷനിലൂടെ കണ്ടു. ഒരു പ്രത്യേക ഘട്ടത്തത്തിൽ ശ്രീമതി സോണിയാ ഗാന്ധി സ്റ്റേജിൽനിന്ന് ഇറങ്ങിപ്പോയി. പ്രതിപക്ഷനേതാവ് പരിഭ്രാ ന്തനായി. അദ്ദേഹം അങ്ങോട്ടുമിങ്ങോട്ടും നോക്കിയപ്പോൾ ശ്രീ. പ്രണാബ്മു ഖർജിയും അവരുടെ പിന്നാലെ പോയി. അവർ ടോയ്ലറ്റിൽ പോയതാണ്. ഇതാണ് നിങ്ങളുടെ സ്ഥിതി. നിങ്ങൾക്ക് ഒരു നേതാവില്ല. അതാണ് നിങ്ങ ളുടെ പ്രശ്നം. രാഷ്ട്രീയമായിട്ടുള്ള നിങ്ങളുടെ പാപ്പരത്തമാണ്. ഞങ്ങളാണ് നിങ്ങളുടെ മുഖ്യശത്രു, ബി.ജെ.പി. അല്ല. കോൺഗ്രസ്സും ബി.ജെ.പി.യും ഒരേ ആശയത്തെ പിന്താങ്ങുന്നവരാണ്. നിങ്ങളുടെ സാമ്പത്തിക നയം ഒന്നാണ്. പേറ്റന്റ് നിയമം ഒന്നാണ്. നിങ്ങൾ കാലത്തിനനുസരിച്ച് മാറാൻ ശ്രമിക്കണം. കാലത്തിനനുസരിച്ച് മാറാത്തതുകൊണ്ടാണ് നിങ്ങൾ ജനകീയാസൂത്രണത്തെ എതിർക്കുന്നത്. നിങ്ങളുടെ മണ്ഡലങ്ങളിലും ഇഷ്ടംപോലെ വികസന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ നടക്കുകയാണ്. ജനാധിപത്യത്തിന്റെ പുതിയ സംവിധാനം എല്ലാ ഗ്രാമങ്ങളിലും നിലവിൽ വരികയാണ്. നിരവധി ആളുകൾ പുതുജീവിതത്തിലേക്ക് കടന്നുവന്നിരിക്കുന്നു. വെറും രാഷ്ട്രീയതിമിരം ബാധിച്ച കണ്ണുകൊണ്ട് ഇതിനെ കാണരുത്. അപാകതകൾ ഉണ്ടാകാം. പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാം. പുതിയ സിസ്റ്റം ഇൻട്രോഡ്യൂസ് ചെയ്യുമ്പോൾ അതിൽ അപാകതകൾ ഉണ്ടാകാം. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഈ സിസ്റ്റം വളരെ ആധുനികവും ജനകീയവുമാണെന്ന് നിങ്ങൾ സമ്മതിച്ചേ പറ്റൂ. അത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കുന്ന ഈ ഗവൺമെന്റിനെ നിങ്ങൾ കുറ്റം പറയുകയാണ്. ഇതൊരു പുതിയ സംവിധാനമാണ്, ഇത് ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടുവന്നതാണെന്നുള്ള കാര്യം നിങ്ങൾ അംഗീകരിച്ചേ പറ്റൂ. അതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇത് വോട്ടെടുപ്പില്ലാതെ നിങ്ങൾ പാസ്സാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

[1 Pm] പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, പ്രസംഗിക്കാൻ അനുവദിച്ചതിന് നന്ദി. വളരെ പ്രധാനപ്പെട്ട ഒരു വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അങ്ങ് ഒരൽപം സമയം കൂടുതൽ അനുവദിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. നഗര വികസനത്തിന് 1,23,75,000 രൂപയും പഞ്ചായത്തിന് 613,22,55,000 രൂപയുമൊക്കെയാണ് നമ്മൾ ഇന്നിവിടെ പാസ്സാക്കി കൊടക്കേണ്ടത്. നേരത്തേ പാസ്സാക്കിയതൊക്കെക്കൂടി കൂട്ടിയാൽ ഇത് 184,67,63,000 രൂപയും 918,83,82,000 രൂപയുമൊക്കെയായി മാറുകയും ചെയ്യും. എന്നു വച്ചാൽ മൊത്തം 1,100 കോടിയിലധികം രൂപയാണ് ഈ രണ്ടു വകുപ്പുകൾക്കുംകൂടി നമ്മുടെ ഈ നിയമസഭ പാസ്സാക്കി കൊടുക്കുന്നത്. ഭരണ കക്ഷിയിലെ അംഗങ്ങൾ ആവർത്തിച്ചാവർത്തിച്ച് 1020 കോടിയുടെ കാര്യം പറയുന്നതുകേട്ടു. എങ്ങനെയാണ് അവർക്ക് 1020 കോടിയുടെ കണക്ക് കിട്ടിയത് എന്ന് എനിക്കറിയില്ല. ശ്രീ. ടി. ശിവദാസമേനോൻ വെറും ഏഴുകോടിയെക്കുറിച്ച് പറഞ്ഞതുപോലെ വെറും ഏഴുകോടിയുടെ വെറും പത്തിരട്ടിയൊക്കെ വരുന്ന കോടികൾ എങ്ങനെയാണ് ഭരണ കക്ഷിയിലെ അംഗങ്ങൾ കാണാതെ പോയത് എന്നുള്ളതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഏതായാലും ഭരണകക്ഷിയിലെ അംഗങ്ങൾ ഞങ്ങളുടെ ജോലി ലഘൂകരിച്ചിരിക്കുകയാണ്. തുടക്കത്തിൽ ഭരണകക്ഷിയിലെ പ്രതിനിധിയായിട്ട് സംസാരിച്ച ശ്രീമതി രാധ, സർക്കാരിനെ സപ്പോർട്ട് ചെയ്തുകൊണ്ടു അവർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. വേശ്യ ചാരിത്ര്യ പ്രസംഗം നടത്തുന്നതിനെക്കുറിച്ചാണ് അവർ ദീർഘമായിട്ട് സംസാരിച്ചത്. സന്നദ്ധ സംഘടനകളിൽ ചിലതിന് ലൈംഗിക സംഘടനകൾ സംഘടിപ്പിക്കുന്നതിന് പരോക്ഷമായി സാമ്പത്തിക സഹായം നൽകുന്ന ഒരു സർക്കാരിനെ നയിക്കുന്ന പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ പ്രതിനിധിക്ക് നിയമസഭയ്ക്കകത്തുവെച്ച് വേശ്യയെക്കുറിച്ച് ഓർമ്മ വന്നതിൽ അത്ഭുതമില്ല. എന്നേ എനിക്ക് അത് സംബന്ധിച്ച് പറയാനുള്ളൂ. ലോക ബാങ്കിന്റെ ജനകീയാസൂത്രണം എന്ന മട്ടിലൊക്കെയുള്ള വിചിത്ര പ്രസ്താവനകളും കേട്ടു. പിന്നെ ശ്രീ. പ്രകാശ് ബാബുവാണെങ്കിൽ 14 ജില്ലകളുടെ ഡി.പി.സി.കൾക്കൊക്കെ അധികാരം കൊടുക്കണമെന്നു പറഞ്ഞു. അതായത് റബ്ബർ സ്റ്റാമ്പുകളാക്കി മാറ്റരുതെന്ന്. ആ റബ്ബർ സ്റ്റാമ്പുകളുടെ അവസ്ഥയിൽ നിന്നും അവരെ രക്ഷിക്കണമെന്നും റോഡ് രജിസ്റ്റർ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഉണ്ടാക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും, ആവശ്യമായ അതോറിറ്റികൾ ഒഴിവാക്കണമെന്നുമൊക്കെയാണ് സംസാരിച്ചത്. സമയക്കുറവു നിമിത്തം ഞാൻ ഓരോന്നായി പറയുന്നില്ല. ബഹുമാനപ്പെട്ട എസ്. ശർമ്മ ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അംഗവുമായിട്ടുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

9-ാം നമ്പർ സബ്ജക്ടു കമ്മിറ്റി, മേയ് 3,10 തീയതികളിൽ വിശദമായി ചർച്ച ചെയ്ത് 31-ാം തീയതി അംഗീകരിച്ച റിപ്പോർട്ടിൽ രണ്ട് പ്രമുഖ വകുപ്പുകളെ ക്കുറിച്ച് ആറ് ശുപാർശകളാണ് നടത്തിയത്. ശുപാർശകളെന്നാൽ അത് വെറും ശുപാർശകളേയുള്ളു. ആ ശുപാർശകളിൽ പണം പോരെങ്കിൽ ഇത്ര പണം കൂടുതലായി തരണമെന്ന പ്രാഥമികകാര്യംപോലും പറഞ്ഞിട്ടില്ല. ശ്രീ. ബാബു ദിവാകരന്റെ പ്രസംഗത്തിൽ ഈ ശുപാർശകളിൽ ചിലത് പ്രൊജക്ടു ചെയ്തുകൊണ്ട് അദ്ദേഹം അറവുശാലകളെക്കുറിച്ചൊക്കെ പറഞ്ഞപ്പോൾ ഈ നിയമസഭയ്ക്കകത്ത് അദ്ദേഹം ചിലത് അവതരിപ്പിച്ചുവെന്ന് മാത്രമേ എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നുള്ളൂ. ഇവിടെ ചേരി പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പുരോഗതിയെ ലക്ഷ്യമിടുന്ന ഈ സ്കീം നടപ്പാക്കു മ്പോൾ ഡ്രെയിനേജ് സംവിധാനത്തിന് പ്രത്യേക പരിഗണന നൽകേണ്ടതാ ണെന്നും കൂടാതെ ചേരി നിർമ്മാർജ്ജനം, പുതിയ ചേരിപ്രദേശങ്ങൾ ഉണ്ടാ കാതിരിക്കാൻ നിലവിലുള്ള ചേരികളുടെ അഭിവൃദ്ധി എന്നീ ലക്ഷ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണെന്നും ഗവൺമെന്റ് നേരത്തെ തുടങ്ങി വച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ മുന്തിയ പരിഗണന നൽകാനും മുനിസിപ്പൽ പ്രദേശത്തെ പുറമ്പോക്കുകളിലും പുഴയോരങ്ങ ളിലും താമസിക്കുന്നവരെയും ഈ സ്കീമിൽ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഞാൻ പറയുന്നത് ഈ ശുപാർശ നടപ്പിലാക്കാൻ എത്ര കോടി രൂപ വേണം എന്നുള്ളത് കൃത്യമായി പറയാൻ പോലും പറ്റാതെ പോയ ഈ സമിതിക്ക് തൽസംബന്ധമായി വിവരം ഇല്ലാതിരുന്നിട്ടാണ് അത് പറയാതിരുന്നതെന്ന് ഞാൻ പറയുന്നില്ല. സഹകരണം അതേ സമിതിയുടെ കീഴിലാണ്. സഹകരണത്തെ സംബന്ധിച്ച് ഈ തുക അപര്യാപ്തമായതി നാൽ അഞ്ചു കോടിയാക്കി ഉയർത്തണമെന്ന് ഒരു ശുപാർശ. വേറൊരു ശുപാർശ, ഇത് അപര്യാപ്തമായതിനാൽ യുക്തമായ മാർഗ്ഗത്തിലൂടെ 4 കോടി രൂപ കൂടി അധികമായിട്ട് അനുവദിക്കണം. ഞാൻ കൂടുതൽ വായിക്കു ന്നില്ല. സഹകരണത്തെക്കുറിച്ച് പറയുമ്പോൾ ഓരോ ശുപാർശക്കും ഇത്ര ഇത്ര കോടി രൂപ വേണമെന്ന് ശുപാർശ ചെയ്താലും ഈ കമ്മിറ്റിയുടെ ശുപാർശയൊന്നും നടപ്പാക്കാൻ പോകുന്നില്ലെന്നുള്ളത് വേറൊരു സത്യം. എന്നാലും അങ്ങനെ ശുപാർശ ചെയ്യാനുള്ള സൻമനസ്സുപോലും നിയമസഭാ കമ്മിറ്റിക്ക് ഇല്ലാത്ത ഒരു വകുപ്പിന്റെ ഡിമാന്റ് ചർച്ചയിലാണ് നമ്മൾ പങ്കെടു ക്കുന്നത്. ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിലൂടെ അധികാര വികേന്ദ്രീകരണം നടപ്പിലാക്കി ഏതു രീതിയിൽ ജനസേ വനം നടത്തണം എന്നുള്ളതിനെക്കുറിച്ച് ധാരണകൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നു വച്ചാൽ പൂർണ്ണമായിട്ടും ജനകീയാസൂത്രണം എന്ന ധാരണയാണ് സർക്കാർ ഉണ്ടാക്കി വച്ചിരിക്കുന്നത്. അഥവാ പഞ്ചായത്ത് രാജ് ആക്ടിലൂടെ നടപ്പിലാക്കേണ്ടിയി രുന്ന കാര്യങ്ങൾ മുഴുവൻ ഈ ജനകീയാസൂത്രണം എന്ന പേരിൽ പുതിയ പദ്ധതി അവതരിപ്പിച്ചിരിക്കുകയാണെന്ന മട്ടിൽ നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് ഒരു കാരണവശാലും ജനകീ യാസൂത്രണം എന്ന പദ്ധതിയെ താത്വികമായി ഞങ്ങൾ ആരും എതിർക്കില്ല. മറിച്ച് പഞ്ചായത്ത് രാജ് ആക്ടിനെ വികലമാക്കിക്കൊണ്ട് ഈ നിയമത്തിൽ പറഞ്ഞിട്ടില്ലാത്ത ഏർപ്പാടുകളിലൂടെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോ ഴാണ് ഞങ്ങൾക്ക് ബുദ്ധിമുട്ടുള്ളത്. ശ്രീ. കുഞ്ഞിമുഹമ്മദ് ഇപ്പോൾ പറഞ്ഞതു പോലെ ഞങ്ങൾക്ക് ഒരു പരിഭ്രമവുമില്ല. കാരണം ഈ പദ്ധതിയുടെ ഒറിജിൻ ഞങ്ങളിൽ നിന്നും തന്നെ വന്നതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് ഇത് സമ്മ തിച്ചുതരാൻ സാധിക്കും. ഏതു രീതിയിൽ പദ്ധതികൾ ആസൂത്രണംചെയ്യണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളതിനെക്കുറിച്ചും ഏതു രീതിയിൽ നടത്തണമെന്നുള്ളതിനെക്കുറിച്ചും വിഭവസമാഹരണവും ധനസമാഹരണവും പ്രയത്ന സംഭാവനയും ഒക്കെ എങ്ങനെ നടത്തണം എന്നുള്ളതിനെക്കുറിച്ചും കൃത്യമായി പറഞ്ഞിട്ടുണ്ട്. ഭരണ കക്ഷിയിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികളിലെ വിശിഷ്ട വ്യക്തികൾക്കു പോലും ഇത് സംബന്ധിച്ച് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ബഹുമാനപ്പെട്ട മുൻ എം.പി.യും മുൻ മന്ത്രിയുമായിരുന്ന ശ്രീ. വി.വി. രാഘവൻ പേരു വച്ച് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ കൃത്യമായിട്ട് പറഞ്ഞിട്ടുണ്ട്. കോർപ്പറേഷനുകൾക്കും മുൻസിപ്പാലിറ്റികൾക്കും ടൗൺഷിപ്പുകൾക്കും അതാതു സമിതിയിൽ സാങ്കേതിക വിദഗ്ദ്ധൻമാരെ പങ്കെടുപ്പിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. പിന്നെ അവിടെയെല്ലാം 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ ചുവടു പിടിച്ച് കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത്-മുനിസിപ്പൽ നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ള സംവിധാനമാണ് എന്നു പറഞ്ഞാൽ പുത്തനായിട്ട് പൊട്ടി വീണ ഏർപ്പാടൊന്നുമല്ല. ഈ പറയുന്ന കാര്യങ്ങൾ ഇവിടെ നിലവിലുണ്ടായിരുന്നതാണ്. കൂടുതൽ വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് നിയമം അപഗ്രഥിച്ച് പറയുന്നില്ല എന്നു മാത്രം. ശ്രീ. വി.വി. രാഘവന് പ്ലാനിംഗ് ബോർഡ് മെമ്പർ ആയി സ്റ്റേറ്റ് കമ്മിറ്റി അംഗം തന്നെ വേണമെന്നാണ് ശാഠ്യം. ജനകീയാസൂത്രണത്തിന്റെ താൽപ്പര്യത്തിനു ചേർന്നതല്ല ഈ ശാഠ്യം. താഴെ തട്ടുവരെ പ്രകടിപ്പിച്ചതാണ് ജനകീയാസൂത്രണത്തിന്റെ സുഗമമായ ഗതിക്ക് തടസ്സം സൃഷ്ടിച്ചിരിക്കുന്നത്. കോൺഗ്രസ് പാർട്ടിയിലെ അംഗമല്ല ശ്രീ. വി.വി. രാഘവൻ. സി.പി.ഐ.യുടെ പ്രമുഖ നേതാവാണ് അദ്ദേഹം. ആ അഭിപ്രായം തന്നെയാണ് ഞാൻ ഇവിടെ പറഞ്ഞത്. അതേസമയം ശ്രീ. എസ്. ചന്ദ്രമോഹൻ പേരുവച്ച് എഴുതിയ മറ്റൊരു ലേഖനത്തിൽ പറയുന്നു, ഇവിടെയാണ് വികസന താൽപ്പര്യത്തിനുപരി അധികാര പങ്കാളിത്തം എന്ന സി.പി.ഐ.യുടെ രഹസ്യ അജണ്ട പുറത്തു വരുന്നതെന്ന്. ഇനിയും സംസാരിക്കാനുണ്ടല്ലോ സി.പി.ഐ.അംഗങ്ങൾ, ഈ രഹസ്യ അജണ്ട പുറത്തുവന്നുവെന്ന് സി.പി.ഐ. മനസ്സിലാക്കിയിരിക്കുന്നത് ഏതേത് രീതിയിലാണെന്ന് വിശദീകരിക്കേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട സി.പി.ഐ മെമ്പർക്കുണ്ട്. രാജ്യരക്ഷാർത്ഥമാണ് ഇതെന്ന് സി.പി.ഐ-ഉം ആർ.എസ്.പി.യും ആണയിടുന്നതെങ്കിലും ആത്മരക്ഷയാണ് മുഖ്യം എന്നതാണ് യാഥാർത്ഥ്യം. പറയുന്നത് സി.പി.എം. നേരത്തേ ശ്രീ. പി.സി. ജോർജ്ജ് സംസാരിച്ചപ്പോൾ കേരള കോൺഗ്രസ് (ജെ)യെയും തള്ളിപ്പറയാൻ യാതൊരു മടിയും കാണിച്ചില്ല. ചുരുക്കിപ്പറഞ്ഞാൽ ഘടകകക്ഷികളെ വെട്ടി നിരത്തിക്കൊണ്ടുള്ള ഒരു സംവിധാനമാണ് സി.പി.ഐ(എം)-നെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടത്തിയിരിക്കുന്നത്.

ശ്രീ. ഇ.എം. ശ്രീധരൻ പറയുന്നു സി.പി.ഐ.ക്ക് മാർക്സിസ്റ്റ് ഫോബിയയാണുള്ളതെന്ന്. ഞാൻ വെറുതെ ഉണ്ടാക്കി പറയുന്നതല്ല, പേപ്പർ കട്ടിംഗ്സ് കൊണ്ടുവന്നിട്ടുണ്ട്. ലേഖനത്തിന്റെ തലക്കെട്ടാണ്, സി.പി.ഐ.ക്ക് മാർക്സിസ്റ്റ് ഫോബിയ പറഞ്ഞത് ശ്രീ. ഇ.എം. ശ്രീധരൻ. മറ്റു കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ശ്രീ. ഇ.എം. ശ്രീധരനെ മാറ്റിവച്ചുകൊണ്ട് ഡോ. തോമസ് ഐസക്കിനെയാണെങ്കിൽ അധികാരം നഷ്ടപ്പെടുമ്പോഴുള്ള അങ്കലാപ്പ് എന്നുപറഞ്ഞിട്ട്, ഈ അധികാരം നഷ്ടപ്പെടുമ്പോഴുള്ള അങ്കലാപ്പിനെപ്പറ്റി. ഞങ്ങളെ പറ്റിയല്ല ഡോ. തോമസ് ഐസക്കിന് പറയാനുള്ളത്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, മാർക്സിസ്റ്റു പാർട്ടിക്കാരൻ, ചെയർമാനായിട്ടുള്ള ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയിലെ ജനകീയാസൂത്രണ വിദഗ്ദ്ധ സമിതി ചെയർമാൻ ടീച്ചറുടെ ഭർത്താവ് ലക്ഷ്മണൻ മാസ്റ്ററല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : നിയമസഭയ്ക്കകത്ത് ഭാര്യയ്ക്ക് വക്കാലത്തു പിടിക്കാൻ സ്പീക്കർ അനുവദിക്കുന്ന കാലത്ത് ഞാൻ അദ്ദേഹത്തിന്റെ ചോദ്യത്തിന് മറുപടി പറയാം. ഈ ആഗസ്റ്റ് ഹൗസ് എന്നുപറയുന്നത് കുടുംബകാര്യങ്ങൾ പറയാനുള്ള ഒരു ഏർപ്പാടാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്റെ ഭർത്താവോ, സഹോദരനോ, മറ്റു ബന്ധുക്കളോ ആരെങ്കിലും ഈ സമൂഹത്തിനുവേണ്ടി എന്തെങ്കിലും സേവനം നടത്തുന്നുണ്ട് എങ്കിൽ അത് ആക്ഷേപകരമായ ഒരു ഏർപ്പാടായിട്ട് ഞാൻ വിശ്വസിക്കുന്നുമില്ല. ഇവിടെ ഞാൻ സംസാരിച്ചുകൊണ്ടിരുന്ന വാക്കുകൾ ഡെവർട്ട് ചെയ്യാൻ വേണ്ടി മാത്രമാണ് ശ്രീ. നമ്പാടൻ മാസ്റ്റർ ഈ ചോദ്യം ചോദിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് ബഹുമാനപ്പെട്ട സി.പി.ഐ.മെമ്പർ കേൾക്കണം. ഭൂപരിഷ്കരണം നടപ്പാക്കുന്നതിനായുള്ള സി.പി.ഐ(എം) സമരത്തെ അടിച്ചമർത്താൻ മുന്നിൽ നിന്ന സി.പി.ഐ.ക്ക് വികേന്ദ്രീകരണ വിരോധത്തിൽ ചരിത്രപരമായ സ്വാധീനമുണ്ട്. ഇത് പറഞ്ഞത് ഡോ. തോമസ് ഐസക്ക്, അദ്ദേഹത്തിന്റെ മറ്റൊരു കണ്ടുപിടിത്തം. എന്നാൽ പല ജില്ലകളിലും ജനകീയാസൂത്രണ മുന്നേറ്റത്തിൽ സി.പി.ഐ.യിലെ ചില എം.എൽ.എ.മാർ അസ്വസ്ഥരാണ്. എന്താണ് എം.എൽ.എ.മാർക്ക് അസ്വസ്ഥത എന്ന് ഈ സഭയിൽ പറഞ്ഞിട്ടു വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ ഡിമാന്റ് പാസ്സാക്കിയെടുക്കാൻ എന്ന് എനിക്ക് വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്. സി.പി.ഐ. മെമ്പർമാർ മറുപടി പറയണം എന്നാണ് ഞാൻ പറഞ്ഞത്. ഞങ്ങളൊക്കെ അങ്കലാപ്പിലാണ്, ജനങ്ങൾ അങ്കലാപ്പിലാണ്.

(അദ്ധ്യക്ഷവേദിയിൽ സി.പി. ബാലൻ വൈദ്യർ) ഭരണകക്ഷിയിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ അങ്ങോട്ടുമിങ്ങോട്ടും ചെളി വാരി എറിഞ്ഞുകൊണ്ട് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളെ വികലമാക്കുന്നുവെന്ന് ഞങ്ങൾക്ക് ആശങ്കയുണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. താഴെത്തട്ടിൽ നിന്നും ആസൂത്രണം തുടങ്ങണം എന്നു പറഞ്ഞിരിക്കുന്നത് പഞ്ചായത്ത് രാജ് ആക്ടിലാണ്. നിയമം അനുശാസിക്കുന്ന രീതിയിലാണ് കാര്യങ്ങൾ കൊണ്ടുപോകേണ്ടത്. അതിനു പകരം രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകൾക്ക് എന്തെങ്കിലുമൊക്കെ മെച്ചം ഉണ്ടാക്കാൻ പറ്റുന്ന പാകത്തിൽ കൊണ്ടുപോയാൽ അതിൽ പ്രശ്നമുണ്ടാകും. ബെനിഫിഷ്യറീസ് കമ്മിറ്റികൾ രൂപീകരിക്കുമ്പോൾ ബിനാമി ഏർപ്പാട് ഇവിടെ നടക്കുന്നില്ലേ? ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കണം. വിദഗ്ദ്ധ സമിതികളെ സംബന്ധിച്ചിടത്തോളം, ആ സമിതികളുടെ ആവശ്യത്തെക്കുറിച്ച് ഭരണഘടനാപരമായി തർക്കം തന്നെ നിലവിലുണ്ട്. എന്തുകൊണ്ട് കൃത്യമായിട്ട് ഒരു തീരുമാനമെടുക്കാൻ ഭരണകക്ഷി അംഗങ്ങൾക്കുപോലും യോജിച്ച് സാധിക്കുന്നില്ല എന്നുള്ളത് പ്രശ്നമാണ്. എ.ജി.യെ. ക്കൊണ്ട് ആഡിറ്റ് നടത്തിക്കാൻ സർക്കാർ തയ്യാറാണോ? പെർഫോർമൻസ് ആഡിറ്റ് സംവിധാനം ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്, ഞാൻ ചോദിക്കുകയാണ് ഈ പെർഫോർമൻസ് ആഡിറ്റിന് മൂന്നു കേന്ദ്രങ്ങളിൽ ഓഫീസുകൾ തുറന്നപ്പോൾ എറണാകുളത്ത് ഈ ഒരു കൊല്ലത്തിനിടക്ക് എത്ര ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. എത്ര പേർ പോയി ചാർജ്ജെടുത്തിട്ട് തിരിച്ചുപോന്നു, അന്വേഷിക്കേണ്ട കാര്യങ്ങളാണ് ഞാൻ പറയുന്നത്. ആനുകൂല്യങ്ങൾ സ്വന്തക്കാർക്ക് കൊടുക്കുകയല്ലേ? ഒരേ കുടുംബത്തിൽപ്പെട്ട ഒന്നിലധികം ആളുകൾക്ക് പല പദ്ധതികളുടെ ആനുകൂല്യം എത്ര പഞ്ചായത്തുകളിൽ കൊടുക്കുന്നുണ്ട് എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം. വകമാറി ചെലവു ചെയ്യുന്നില്ലേ? എസ്.സി.പി., ടി.എസ്.പി. മുതലായ പദ്ധതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

വകമാറി ചെലവു ചെയ്തിട്ടുണ്ട്. അന്വേഷിക്കണം. പാവപ്പെട്ട പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സഹോദരങ്ങൾക്ക് അനുഭവിക്കേണ്ട ആനുകൂല്യങ്ങൾ അങ്ങനെ തട്ടിത്തെറിപ്പിക്കാനുള്ള ഏർപ്പാടുകളല്ല. ചുരുക്കിപ്പറഞ്ഞാൽ ഗ്രാമസഭകൾ ആനുകൂല്യങ്ങൾ നേടാൻ ആഗ്രഹിക്കുന്നവരുടെ യോഗമായി അധഃപതിച്ചിരിക്കുകയാണ്. ഗ്രാമസഭകൾ അധഃപതിച്ചതിനെ കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇത് ആനുകൂല്യം നേടാൻ ആഗ്രഹിക്കുന്നവരുടെ ഒരു സഭയായിട്ട് മാറിയിരിക്കുന്നു. തട്ടുകൾ ഒക്കെ കൂടിയപ്പോൾ സത്യം പറഞ്ഞാൽ തട്ടിപ്പ് കൂടുകയാണ് ചെയ്തത്. നാലും, അഞ്ചുമൊക്കെ സെന്റുകാർക്ക് കെട്ടിടം പണിയുവാനുള്ള അവകാശം കൊടുക്കുന്നത് ഡിസ്ട്രിക്ട് ലവലിൽ വച്ചുതന്നെ അവസാനിപ്പിച്ചിരിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി. ഇപ്പോൾ പുതിയ നിയമത്തിലൂടെ സർക്കാർ ഒരു ഹിയറിംഗിനുപോലും തയ്യാറാകുന്നില്ല എന്നു പറയുമ്പോൾ ഇവിടെ മൂന്നോ നാലോ സെന്റ് ഭൂമി സ്വന്തമാക്കിയിരിക്കുന്ന പാവപ്പെട്ടവന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച്, അവിടെ ഒരു കൂര കെട്ടുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അങ്ങ് ഒന്ന് ചിന്തിക്കണം. സിവിൽ എഞ്ചിനീയർമാരുടെ അധികാരങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് ആർക്കിടെക്ചറൽ എഞ്ചിനീയർമാക്ക് അധികാരം പങ്ക് വച്ചതിനെ ചൊല്ലി സിവിൽ എഞ്ചിനീയർമാർ ഉള്ളിലൊതുക്കുന്ന ക്ഷോഭത്തെക്കുറിച്ച് ഈ ദിവസങ്ങളിൽ ഞാൻ ഇഷ്ടംപോലെ കേട്ടു. പ്ലാനിംഗ് ബോർഡിന്റെ ഈ കേന്ദ്രീകരണം, ആസൂത്രണത്തിലൂടെ നടപ്പിലാക്കി എന്നുപറയുന്ന അധികാര വികേന്ദ്രീകരണത്തിന് കടകവിരുദ്ധമാണ്. നിയമത്തിന്റെ പിൻബലത്തോടുകൂടിയാണ് ആസൂത്രണ ബോർഡ് ഈ അധികാരം അടിച്ചേൽപ്പിക്കുന്നത്. മൂന്നു മേഖലകളാക്കി തിരിച്ച് പണം ചെലവാക്കണം എന്ന ആസൂത്രണ ബോർഡിന്റെ ''കർക്കശമായ ബുദ്ധി'' അത് നടത്തിപ്പിൽ ഇടപെടലാണ്. അതേ സമയത്ത് വേണ്ട കാര്യത്തിൽ ഇടപെടുന്നുമില്ല. അംഗൻവാടികളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തുകൊണ്ടു വേണം അധികാരം പങ്കുവച്ച് അതിന്റെ കാശ് പഞ്ചായത്തിലേക്ക് കൊടുക്കാൻ എന്നൊന്ന് നിർദ്ദേശിച്ചുകൂടെ എന്ന് വെൽഫെയർ ഡിപ്പാർട്ടുമെന്റ് ചോദിക്കുമ്പോൾ പ്ലാനിംഗ് ബോർഡ് സമ്മതിക്കുന്നില്ല. അത് അധികാരത്തിൽ കൈകടത്തലാണെന്ന് പറയും. കഴിഞ്ഞ തവണ 33 അംഗൻവാടികളിൽ ഉച്ചഭക്ഷണത്തിനുള്ള വക പഞ്ചായത്തുകൾ കൊടുക്കാതെ ആ പാവം കുഞ്ഞുങ്ങളെ പട്ടിണിക്കിട്ടു എന്നുള്ളത് സത്യമാണ്. ആസൂത്രണത്തിന്റെ മറവിൽ നടക്കുന്ന ദൃഷ്യങ്ങളെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. മനോരമയിൽ ഇന്നുപോലും കട്ടിംഗ് ഉണ്ട്, കന്നുകുട്ടിയുടെ മറവിൽ പല പല സൂത്രങ്ങൾ എന്ന്. കന്നുകുട്ടി പരിപാലന പരിപാടി പരിശോധിക്കാൻ അന്തികഴിഞ്ഞ സമയത്ത് കോളനിയിലെ കുടിലുകളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പോകുന്നു. കതക് അടഞ്ഞുകിടക്കുന്നു, നാട്ടുകാർ ചോദിക്കുമ്പോൾ കാറ്റത്ത് കതകടഞ്ഞതാണെന്ന് പറഞ്ഞു. തൊഴുത്തിലല്ല പോയി അന്വേഷിച്ചത്. ഇന്നത്തെ മനോരമ പത്രത്തിലുണ്ട്, ലേറ്റസ്റ്റ് ന്യൂസ്. പി.ഡി.അക്കൗണ്ടിൽ നിന്ന് പഞ്ചായത്തുകൾ തുക പിൻവലിച്ച് അഡ്വാൻസ് കൊടുക്കുന്ന ഏർപ്പാടുകൾ ഇവിടെ നടക്കുമ്പോൾ കെ.എസ്.ഇ.ബി.യിൽ 28 കോടിയും, ഹൗസിംഗ് ബോർഡിൽ 13.72 കോടിയും, കെ.ഡബ്ല്യു.എ.യിൽ 5.82 കോടിയും, നിർമ്മിതി കേന്ദ്രത്തിൽ 11.71 കോടി രൂപയുമൊക്കെ നിക്ഷേപിച്ചിട്ട് തുക ചെലവാക്കി എന്നുപറഞ്ഞ് ഈ കണക്കുകളിൽ ഉള്ള പൊരുത്തം മാത്രം സൃഷ്ടിച്ചുകൊണ്ട്, പ്രായോഗികമായി കാര്യങ്ങൾ നടത്തുന്ന വിഷയത്തിൽ ഏറെ പിന്നോക്കം പോയി. കള്ളക്കഥകൾ ഉണ്ടാക്കുന്ന ഏർപ്പാടുകൾക്ക് അറുതി വരുത്താത്തിടത്തോളം കാലം

LIBRARY ARCHIVES Kerala Legislative Assembly

ഈ പറയുന്ന കാര്യങ്ങളെ അംഗീകരിക്കാനായിട്ട് ബുദ്ധിമുട്ടുണ്ട്. ഞാൻ അവ സാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപെട്ട ശ്രീ. പ്രഭാവർമ്മയുടെ ഏറ്റവും അടുത്തകാലത്ത് പ്രസിദ്ധീക രിച്ച ഒരു കവിതയിൽ നിന്ന് രണ്ടു വരി ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പി ക്കുകയാണ്.

'മേയാ കുൾപ്പാ, മേയാ കുൾപ്പാ
മേയാ മാക്സിമ കുൾപ്പാ, എൻ പിഴ
ദൈവമേ നീ പൊറുത്താലും
ഇത് എൻ പിഴ, മാപ്പെഴാതുള്ളതാം വൻപിഴ'

മലയാളത്തിൽ പ്രസിദ്ധീകരിച്ച കവിതയാണ്. ആദ്യത്തേത് ക്രിസ്തീയ പ്രാർത്ഥനയാണ്. ന്യൂനപക്ഷ സംരക്ഷണം സർക്കാരിന്റെ മുദ്രാവാക്യമാണ ല്ലോ, അതുകൊണ്ട് ശ്രീ. പ്രഭാവർമ്മ ന്യൂനപക്ഷത്തെ തൊട്ടോണ്ടേ കവിത എഴുതൂ. ആദ്യത്തേത് ഒരു ക്രിസ്തീയ പ്രാർത്ഥനയിലെ വരി, മൂന്നും, നാലും വരികൾ അതിന്റെ ഏകദേശ വിവർത്തനം. ആദ്യം പറഞ്ഞ മേയാ കുൾപ്പ യുടെ ഏകദേശ വിവർത്തനമാണ് എൻപിഴ ദൈവമേ നീ പൊറുത്താലും, ഇത് മാപ്പെഴാതുള്ളതാം വൻപിഴ. ഇത് മാർക്സിസ്റ്റ് പാർട്ടി ജനങ്ങളുടെ മുമ്പിൽ നിന്ന് കുമ്പസാരം നടത്തേണ്ടുന്ന വിലാപമായി നാളെ മാറുന്നത് ഇന്നത്തെ ജനകീയാസൂത്രണത്തിലെ അഴിമതികൾ നിമിത്തമാണെന്ന് ബഹു മാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ശക്തിയുക്തം ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു. നന്ദി.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, ബഹുമാന്യനായ തദ്ദേശ സ്വയംഭരണ വകപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി അവതരിപ്പിച്ച ധനാ ഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഐശ്വര്യസമ്പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് കഴിഞ്ഞ മൂന്നു വർഷക്കാ ലമായി ഇവിടെ ഭരിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിന്റെ വിവിധ മേഖലകളിൽ സമഗ്രമായ മാറ്റങ്ങൾ വരു ത്തിക്കൊണ്ടാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിലും വ്യവസായമേഖലയിലും വൈദ്യുതി മേഖലയിലും കഴിഞ്ഞ മൂന്നു കൊല്ലക്കാലം കൊണ്ടുണ്ടായിട്ടുള്ള നേട്ടം ആർക്കും നിഷേധിക്കാൻ കഴിയാത്തതാണ്. വിവിധ മേഖലകളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരു ത്തിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും അടിസ്ഥാനപരമായിട്ടുള്ള മാറ്റം വരുത്താൻ ഈ ഗവൺമെന്റ് മുൻകൈയെ ടുത്തു എന്നുള്ളത് ഒരു വസ്തുതയാണ്. ഇന്നു ചർച്ച തുടങ്ങിവച്ച ശ്രീ. ബി. വിജയകുമാർ തൊട്ട് എനിക്ക് മുൻപ് സംസാരിച്ച പ്രൊഫസർ സാവിത്രി ലക്ഷ്മണൻ വരെയുള്ള കോൺഗ്രസിന്റെ നേതാക്കൻമാരുടെ പ്രസംഗം കേട്ട പ്പോൾ എനിക്ക് തോന്നിയത് 'വിനാശകാലേ വിപരീത ബുദ്ധി' എന്നാണ്. പണ്ട് ഇവരോട് മഹാത്മാഗാന്ധി പറഞ്ഞു, പ്രിയമുള്ള കോൺഗ്രസുകാരേ ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് നിലകൊള്ളുന്നത്. അതുകൊണ്ട് നിങ്ങളെല്ലാപേരും ഗ്രാമങ്ങളിലേയ്ക്കു പോകുവിൻ. ഇതാണ് കോൺഗ്രസുകാ രോട് പണ്ട് മഹാത്മാ ഗാന്ധി പറഞ്ഞതെങ്കിൽ ഇന്നത്തെ കോൺഗ്രസ് അതു മാറ്റി നരകത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. 'എന്നെ തല്ലരുതമ്മാവാ ഞാൻ നന്നാവുകയില്ല' എന്ന അഡ്വാൻസ് ക്ഷമാപണം നടത്തിക്കൊണ്ടാണ് രണ്ട് കോൺഗ്രസ് മെമ്പറന്മാർ ഇവിടെ പ്രസംഗം തുടങ്ങിയത്. ഞാൻ ചോദി ക്കട്ടെ, കേരള സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വന്നതിനുശേഷം നമുക്കറിയാം ജീവനില്ലാത്ത ചിറകു കരിഞ്ഞ പക്ഷി യെപ്പോലെയായിരുന്ന നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് ഭരണഘടനയുടെ പ്രൊട്ടക്ഷനോടുകൂടിയെങ്കിലും ജീവൻ നൽകാൻ കഴിഞ്ഞു. ഇവിടെ ആരോ സൂചിപ്പിച്ചു, ശ്രീമാൻ എ.കെ. ആന്റണിയാണ് ഇവിടെ അധികാരവികേന്ദ്രീക രണം കൊണ്ടുവന്നതെന്ന്. ഒരു പക്ഷിയുടെ രണ്ടു ചിറകുകളും അരിഞ്ഞിട്ട രൂപത്തിലുള്ള അധികാരവികേന്ദ്രീകരണമല്ലേ നിങ്ങൾ തുടങ്ങിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ജനാധിപത്യ അധികാരങ്ങളെയും ഇല്ലായ്മ ചെയ്യാനും അവരുടെ അധികാരങ്ങളുടെ മേൽ കൈകടത്താനും വ്യവസ്ഥ ചെയ്യുന്ന നിയമമല്ലേ നിങ്ങൾ കൊണ്ടുവന്നത്. ഒരു പഞ്ചായത്തു ഭരണ സമിതി എടുക്കുന്ന ഏത് തീരുമാനത്തിലും വേണമെങ്കിൽ രാഷ്ട്രീയ പ്രേരിതമായി ഗവൺമെന്റിന് ഇടപെടാം, അതു വേണ്ടെന്നു വയ്ക്കാം. അതല്ലേ നിങ്ങളുടെ നിയമം. ജനാധിപത്യരൂപത്തിൽ അത്തരം പഞ്ചായത്തു കൾക്ക് പ്രവർത്തിക്കുവാനാവുമോ? എന്നാൽ സഖാവ് പാലൊളി മുഹമ്മ ദ്കുട്ടി ഇവടെ കൊണ്ടുവന്ന പഞ്ചായത്ത് മുനിസിപ്പൽ ഭേദഗതി നിയമം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചൈതന്യം നൽകുന്ന രൂപത്തിലുള്ള സമഗ്രമായ മാറ്റങ്ങളോടുകൂടിയാണ്. ഞാൻ ചോദിക്കട്ടെ പഞ്ചായത്ത് ഭരണ സമിതികളുടെ മേൽ ഗവൺമെന്റിനുള്ള പരമാവധി അധികാരങ്ങൾ, തെര ഞ്ഞെടുപ്പ് വാർഡുവിഭജനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇലക്ഷൻ കമ്മിഷന് നൽകിക്കൊണ്ടുള്ള നിയമനിർമ്മാണം നടത്തിയത് ഈ ഗവൺമെന്റ് അല്ലേ? ആ രൂപത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജനാധിപത്യ സ്ഥാപനങ്ങ ളാക്കി, സ്വതന്ത്രമായിട്ടുള്ള പ്രാദേശിക ഗവൺമെന്റുകളാക്കി മാറ്റിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഇവിടെ നിങ്ങൾ അധികാരം കൊടുത്തു എന്നു പറയുന്നു, അധികാരം കൊടുക്കൽ മാത്രമാണോ ഇവിടത്തെ പ്രശ്നം? കൊടു ക്കുന്ന അധികാരങ്ങൾ പ്രയോഗത്തിൽ എത്തിക്കാൻ ആ പഞ്ചായത്തുസമിതി കൾക്ക് പ്രാപ്തി നൽകുകയെന്ന ഒരു പ്രശ്നം കൂടിയില്ലേ, നിങ്ങൾക്ക് അതിനു കഴിഞ്ഞോ? എന്നാൽ ഈ സംസ്ഥാനത്തെ പഞ്ചായത്തുഭരണ സമി തികൾക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാര വികേന്ദ്രീകരണ ത്തിൽകൂടി പരമാവധി അധികാരങ്ങൾ മാത്രമല്ല, ആ അധികാരങ്ങൾ നടപ്പി ലാക്കുന്നതിന് വേണ്ടിയുള്ള സമ്പത്തും നൽകിയെന്നുള്ളതാണ് അതിന്റെ പ്രത്യേകത. അധികാരം മാത്രം ഉണ്ടായിട്ട് വല്ല കാര്യവുമുണ്ടോ, സമ്പത്ത് ഇല്ലാത്ത ഒരു സമൂഹത്തിൽ അധികാരം കൊണ്ടുമാത്രം എന്തു പുണ്യം ചെയ്യാനാണ്? സമ്പത്ത് ഇല്ലാത്ത സമൂഹത്തിൽ സാക്ഷാൽ കാറൽ മാർക്സ് വന്നാൽപ്പോലും ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നാൽ അധികാരം കൊടു ക്കുന്നതുപോലെ തന്നെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമ്പത്തും കൊടുത്തുകൊണ്ട് അവരെ പ്രാദേശിക ഗവൺമെന്റുകളാക്കി മാറ്റി ക്കൊണ്ട് ആ പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനത്തിലൂടെ ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ മുഖഛായ മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ബേജാറുണ്ടാകും. കാരണം പണ്ട് ഗാന്ധിജി ഗ്രാമങ്ങളിലേക്ക് പോകാൻ പറഞ്ഞാൽ നിങ്ങളിന്ന് ഗ്രാമങ്ങളിലേക്ക് പോകുകയില്ല, ഗ്രാമങ്ങളിലേക്ക് പോയാൽ മാത്രമേ ഗ്രാമങ്ങളിൽ നടക്കുന്ന ജീവനുള്ള പ്രവർത്തനങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാരോട് എനിക്കുള്ള ഒരഭ്യർത്ഥന നിങ്ങൾ ദയവുചെയ്ത് ഗ്രാമങ്ങളി ലേക്ക് പോകൂ എന്നാണ്. സ്റ്റാർ ഹോട്ടലുകളിൽ ഇരുന്നുകൊണ്ട് ചില കുബു ദ്ധികൾ ആണ് ഈ ഗവൺമെന്റിനെ അധിക്ഷേപിക്കുന്നത്. ജനപ്രതിനിധികൾ ജനങ്ങളോടുള്ള ഉത്തരവാദിത്വം മറന്നുകൊണ്ട് പ്രവർത്തിച്ചുകൂടാ. രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

തിമിരം ബാധിച്ചവരെപ്പോലെയാണ് ഇന്ന് അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ കക്ഷികൾ. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും നൂറു ശതമാനവും വിജയിച്ചു എന്ന അഭിപ്രായം ഞങ്ങൾക്കില്ല. നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് അനുഭവമില്ലാത്ത ഒരു സംവിധാനം, ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും ഇതിനുമുമ്പ് പരീക്ഷിക്കാത്ത ഒരു പ്രസ്ഥാനം, ലോകത്ത് എവിടേയും ഇന്നേവരെ ഉണ്ടാകാത്ത ഒരു കാര്യം പരീക്ഷണാടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇക്കാലമത്രയും നിലനിന്നിരുന്ന കേന്ദ്രീകൃതമായ ആസൂത്രണ സംവിധാനത്തിൽ മാറ്റം വരുത്തിക്കൊണ്ട്, ആസൂത്രണത്തിൽ ജനങ്ങൾക്ക് പങ്കാളികളാകാൻ അവസരം ഒരുക്കിക്കൊടുത്തുകൊണ്ട് ആസൂത്രണത്തിൽ മാത്രമല്ല അത് നിർവ്വഹിക്കുന്ന കാര്യത്തിലും ഉൾപ്പെടെ ജനങ്ങളുടെ പൂർണ്ണമായിട്ടുള്ള പിൻതുണയും സഹകരണവും അർഹിക്കുന്ന രൂപത്തിൽ ഈ ഗവൺമെന്റ് സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ജനകീയാസൂത്രണ പദ്ധതികൾ വികലമാക്കാനുള്ള ശ്രമമാണ് നിങ്ങൾ ആരംഭകാലം മുതലേ തുടങ്ങിയത്.

(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.ജി. ജോസഫ്) എന്താണ് അതിന്റെ പുറകിലുള്ള താൽപ്പര്യം. നിങ്ങൾക്ക് ചെയ്യാൻ പറ്റാത്തത് ഞങ്ങൾ ചെയ്യുന്നു. നിങ്ങളുടെ കാലത്ത് നടപ്പിലാക്കാൻ കഴിയാത്ത പ്രാദേശിക വികസനങ്ങൾ ഈ കാലഘട്ടത്തിൽ നടക്കുന്നു. നിങ്ങൾക്ക് ഇത് സഹിക്കുന്നില്ല. സ്വന്തം കാലടിയിലെ മണ്ണ് ഇളകിക്കൊണ്ടിരിക്കുകയാണ്. ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽക്കൂടി നമ്മുടെ ഗ്രാമീണ മേഖലയിൽ നടപ്പാക്കിയിട്ടുള്ള ആയിരക്കണക്കിന് പദ്ധതികൾ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയിട്ടുണ്ട്. ഉൽപ്പാദനമേഖലയിൽ വമ്പിച്ച മാറ്റം ഉണ്ടായിട്ടുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ആ രൂപത്തിൽ ഒരു വലിയ മുന്നേറ്റം ഉണ്ടാക്കിക്കൊണ്ട് കേരളം ജൈത്രയാത്ര നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് മൂന്നു വർഷം പൂർത്തീകരിച്ച് നാലാം വർഷത്തിലേക്ക് പ്രവേശിച്ചപ്പോൾ ഗവൺമെന്റിന്റെ വാർഷികാഘോഷപരിപാടികൾ ബഹിഷ്ക്കരിക്കാൻ പ്രതിപക്ഷം തയ്യാറായി. മുസ്ലീം ലീഗില്ല. നല്ല കാര്യം. അവർക്ക് വിവരമുണ്ട്. തിരിച്ചറിയാനുള്ള കഴിവുണ്ട്, വിവേകമുണ്ട്. എന്നാൽ കോൺഗ്രസ് ഗവൺമെന്റിന്റെ വാർഷികാഘോഷ പരിപാടി ബഹിഷ്ക്കരിച്ചു, എന്തുകൊണ്ട്? ഞാൻ ചോദിക്കട്ടെ, കേരളത്തിൽ അങ്ങോളമിങ്ങോളം സംഘടിപ്പിച്ചിട്ടുള്ള ഗവൺമെന്റിന്റെ വാർഷികാഘോഷ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഈ ഗവൺമെന്റിനെ വാനോളം പുകഴ്ത്താനുള്ള സഹിഷ്ണുതയില്ലാത്തവരാണ് അപ്പുറത്തിരിക്കുന്ന കോൺഗ്രസുകാരും മറ്റുപലരും. ഒരു വേദിയിൽ വന്ന് ഈ ഗവൺമെന്റിനെ കുറ്റം പറഞ്ഞാൽ ജനങ്ങൾ നിങ്ങളെ വെറുതെവിടില്ല, അതുകൊണ്ട് ഒരു പൊതുവേദിയിൽ വന്ന് ഈ ഗവൺമെന്റിനെ എങ്ങനെയാണ് അംഗീകരിക്കുക. ഈ ഗവൺമെന്റിനെ എങ്ങനെയാണ് പുകഴ്ത്തിപ്പറയുക, അപ്പോൾ നിങ്ങളുടെ ഈ ബഹിഷ്ക്കരണം ജനങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. യാഥാർത്ഥ്യങ്ങളെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു സമീപനമാണ്. അതുകൊണ്ട് കേരളത്തിലെ മൂന്നു കോടിയോളം വരുന്ന ജനങ്ങളുടെ വികാരം യു.ഡി.എഫ്-ന് എതിരായി വരാൻ പോകുകയാണ്. ഇവിടെ ശ്രീ. പാലൊളി മുഹമ്മദുകുട്ടി കൊണ്ടുവന്നിട്ടുള്ള ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചില പാളിച്ചകൾ ഉണ്ട്, പോരായ്മകളുണ്ട്. ഞങ്ങൾ അത് സമ്മതിക്കുന്നു. പക്ഷേ, ആ പോരായ്മകളേക്കാൾ പതിന്മടങ്ങ് നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. നേട്ടങ്ങളെ വിലയിരുത്തിക്കൊണ്ട് കോട്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് നാം മുന്നോട്ടുപോകേണ്ടത്. എന്തുകൊണ്ട് നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അതിന് കഴിയുന്നില്ല? ജനകീയാസൂത്രണത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ കുറ്റം പറയുന്നു. ഞാൻ ഒരു കാര്യം പറയട്ടെ. 1997-98 വർഷത്തിൽ 1-ാം ഘട്ട പരിപാടിയിൽ ചില പോരായ്മകളുണ്ടായിരുന്നു. കാരണം ആദ്യമായി തുടങ്ങുന്ന ഒരു പദ്ധതിയാണെന്നുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിവരം എല്ലാവർക്കും ഉണ്ടായിരുന്നില്ല. ഉദ്യോഗസ്ഥരുടെ സഹകരണം കുറവായിരുന്നു. എന്നിട്ടും 1-ാം ഘട്ട പദ്ധതിയും രണ്ടാംഘട്ട പദ്ധതിയും പൂർത്തീകരിച്ചപ്പോൾ കേരളത്തിലെ ബഹുഭൂരിപക്ഷംവരുന്ന ഗ്രാമീണമേഖലയിലെ ജനങ്ങൾ സഹർഷം ഈ ഗവൺമെന്റിന്റെ പദ്ധതിയെ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്ത അനുഭവമാണ് ഞങ്ങൾക്കുള്ളത്. ഗ്രാമങ്ങളിൽ പോയി നോക്കിയാലേ അത് മനസ്സിലാകൂ. ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ഇരുന്നുകൊണ്ട് കാര്യങ്ങൾ നിയന്ത്രിക്കുന്നവർക്ക് അതൊന്നും ബോദ്ധ്യമാകുകയില്ല. എന്താണ് ഇതിന്റെ ഭൗതിക നേട്ടം? 1997-98 വർഷത്തിൽ ജനകീയാസൂത്രണം കൊണ്ടുണ്ടായിട്ടുള്ള നേട്ടം അഭൂതപൂർവ്വമാണ്. നമ്മുടെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലൂടെ 19,84,732 പേർക്ക് വിത്തുകളും വളവും തൈകളും നൽകാൻ കഴിഞ്ഞു. അത് ചെറിയ കാര്യമാണോ? 51,900 പേർക്ക് പശുവിനെ നൽകി. 1,25,481 പേർക്ക് ആടുകളെ നൽകി. 14,23,090 പേർക്ക് കോഴികളെ നൽകി. 24,366 പേർക്ക് തൊഴുത്തുകൾ വയ്ക്കാനുള്ള ധനസഹായം നൽകി. നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഇല്ലാത്ത രൂപത്തിൽ ഇക്കാലമത്രയും ഉണ്ടായിരുന്നതിന്റെ പതിന്മടങ്ങ് കാര്യങ്ങൾ വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടായി. അത് ചെറിയ കാര്യമാണോ? വീടില്ലാത്തവർക്ക് പുതിയ 44,380 വീടുകളാണ് ഈ രണ്ട് കൊല്ലക്കാലംകൊണ്ട് ജനകീയാസൂത്രണത്തിൽ നൽകിയത്. നിങ്ങൾക്ക് സ്വപ്നം കാണാൻ കഴിയുമോ? കക്കൂസ് ഇല്ലാത്തവർക്ക് 1,24,368 കക്കൂസുകൾ ഉണ്ടാക്കിക്കൊടുത്തു. അതുപോലെ കുടിവെള്ളം എത്താത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ 25,426 കിണറുകൾ പഞ്ചായത്തുകൾ വഴി നിർമ്മിച്ചുകൊടുത്തു. 10,413 വാട്ടർ ടാപ്പുകൾ തദ്ദേശസ്ഥാപനങ്ങൾ വഴി ഗ്രാമങ്ങളിൽ ഉണ്ടാക്കിക്കൊടുത്തു. 2702 കിലോമീറ്റർ പുതിയ റോഡുകൾ, 860 കലുങ്കുകൾ, 379 പുതിയ പാലങ്ങൾ, ഇതൊക്കെ രണ്ടുവർഷം കൊണ്ടുണ്ടാക്കിയതാണ്. ജനകീയാസൂത്രണമില്ലാതെ നിങ്ങളുടെ പഴയ സംവിധാനത്തിലായിരുന്നുവെങ്കിൽ ഇത് നടക്കുമായിരുന്നോ? അപ്പുറത്തിരുന്ന് സംസാരിക്കുന്ന ഓരോ എം.എൽ.മാരും തങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകൾവഴി കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഒന്ന് പരിശോധിച്ച് എത്രമാത്രം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തണം. എന്റെ നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകൾ ഞാൻ പരിശോധിച്ചു. 15 കൊല്ലക്കാലംകൊണ്ട് ചെയ്തുതീർക്കാൻ കഴിയാവുന്ന കാര്യങ്ങൾ രണ്ടുകൊല്ലക്കാലംകൊണ്ട് ചെയ്തുതീർക്കാൻ കഴിഞ്ഞുവെന്നുള്ളത് ജനകീയാസൂത്രണത്തിന്റെ നേട്ടമാണ്.

ഈ ഗവൺമെന്റിന്റെ മറ്റൊരു ലക്ഷ്യം രണ്ടായിരാമാണ്ടാകുമ്പോൾ വീടില്ലാത്ത ഒരു കുടുംബവും കേരളത്തിൽ ഉണ്ടാകാൻ പാടില്ലെന്നാണ്. അതിനുവേണ്ടിയുള്ള പദ്ധതികൾക്ക് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങളിൽ വെളിച്ചം എത്താത്ത സ്ഥലത്ത് വെളിച്ചം എത്തിക്കുക, വെള്ളം എത്താത്ത സ്ഥലത്ത് വെള്ളം എത്തിക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. 'തമസോമാ ജ്യോതിർഗമയാ' എന്നു പറയുന്നതുപോലെ ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കാനെങ്കിലും ഈ 5 വർഷക്കാലത്തെ ജനകീയാസൂത്രണ പദ്ധതികൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കഴിയണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ടാർജറ്റ്. 8 പഞ്ചവത്സരപദ്ധതികൾ കഴിഞ്ഞിട്ടും കേരളത്തിലെ ഉൾപ്രദേശങ്ങളിൽ ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് കൊല്ലക്കാലം കൊണ്ടല്ലേ ഞാൻ ഇവിടെ പറഞ്ഞ അത്രയും ഭൗതിക നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞത്? 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം' അതായിരുന്നില്ലേ ഇതിനുമുമ്പ് നടന്നത്? ഈ ജനകീയാസൂത്രണ പദ്ധതി വരുന്നതിനുമുമ്പ് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ കൊടുത്തിരുന്ന ഫണ്ടിന്റെ 15 ശതമാനംപോലും ചെലവാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, ഇന്ന് അതെല്ലാം ചെലവഴിക്കാൻ കഴിയുന്നുണ്ട്. അഴിമതിക്കെതിരായ ഒരു മഹാപ്രസ്ഥാനം കെട്ടിപ്പടുക്കാനും ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിഞ്ഞു എന്നുള്ളത് ഈ ഗവൺമെന്റിന്റെ നേട്ടമായിട്ട് കാണുകയാണ്. നിങ്ങൾ ഈ നേട്ടങ്ങളെ അംഗീകരിക്കുന്നില്ലെങ്കിലും കല്ലെറിയരുത്. കാരണം, കേരളത്തിലെ ജനങ്ങൾ നല്ലതും ചീത്തയും തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുകയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ഈ ഗവൺമെന്റ് എന്ത് ചെയ്യുന്നുവെന്ന് ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ഐശ്വര്യസമ്പൂർണ്ണമായ കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടി കേരളത്തിന്റെ സമസ്തമേഖലകളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി നേതൃത്വം കൊടുക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ചൈതന്യവും ജീവനും നൽകിക്കൊണ്ട്, പഞ്ചായത്ത് ഭരണസമിതികളെ ശക്തമാക്കിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിൽ വികസനം കാര്യക്ഷമമാക്കാൻവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുവരുന്നു. അതുകൊണ്ടുതന്നെ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി നേതൃത്വം കൊടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇപ്പോൾ പ്രസംഗിച്ച് അവസാനിപ്പിച്ച ശ്രീ. നാരായണന്റെ (കുഴൽമന്ദം) പ്രസംഗം അതിഗംഭീരമായിരുന്നു. എതായാലും ഞങ്ങളോടല്ല ഗൗരവം. അപ്പുറത്തുള്ള ആളുകളോട് തന്നെയാണെന്നാണ് എന്റെ കാഴ്ചപ്പാട്. ഈ ഡിമാന്റുകൾ ചർച്ച ചെയ്യുമ്പോൾ അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും വരേണ്ടതല്ലേ? ഇവിടെ അധികാരവികേന്ദ്രീകരണം മറച്ചുവച്ചുകൊണ്ട് ജനകീയാസൂത്രണം മാത്രമാണ് ചർച്ച ചെയ്യുന്നത്. ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നുള്ള നമ്മുടെ കാഴ്ചപ്പാട്, ഭരണഘടന വിഭാവന ചെയ്യുന്ന കാഴ്ചപ്പാട് നടപ്പിലാക്കുന്നതിൽ കഴിഞ്ഞ കാലങ്ങളിൽ എന്തുമാത്രം നമ്മൾ വിജയിച്ചു. ഇത് രണ്ടും സംയോജിപ്പിച്ചുകൊണ്ടുപോകുന്നതിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണ്? അത് എങ്ങനെ പരിഹരിക്കണം? അതിനുള്ള നിർദ്ദേശങ്ങൾ എന്ത് എന്നുള്ളതിനെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. ശക്തമായ ഒരു ജനാധിപത്യ സംവിധാനത്തിൽ നിൽക്കുന്ന ഈ രാജ്യത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന, ഇവിടെ ഭരണഘടനാവിധേയമായി പാസ്സാക്കിയ പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഭരണഘടനാ ഭേദഗതിയോടുകൂടി നടപ്പിലാക്കുന്ന കാര്യങ്ങൾ കൂടുതൽ എളുപ്പത്തിൽ പ്രാവർത്തികമാക്കാൻ സംസ്ഥാന ഗവൺമെന്റ് തെരഞ്ഞെടുത്ത സമീപനമെന്നുള്ള രീതിയിൽ ആ ജനകീയാസൂത്രണത്തെ നമ്മൾ കാണണം. സെന്റിമെന്റലായിട്ട് എനിക്ക് അതിനോട് ഒരു കാഴ്ചപ്പാടുണ്ട്. അധികാരവികേന്ദ്രീകരണം മുൻകാലങ്ങളിൽ അതായത് 1967

LIBRARY ARCHIVES Kerala Legislative Assembly

ഭരണകാലത്ത് പരേതനായ അഹമ്മദ് കുരിക്കളുടെ വിഭാവനയിലുണ്ടായിരുന്നതാണ്. ഞങ്ങൾ ആ ആശയത്തോട് യോജിക്കുന്നു. അതിന്റെ നല്ല പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുന്നു. പോരായ്മകളുള്ളത് ചൂണ്ടിക്കാണിക്കുകയാണ്. തീർച്ചയായിട്ടും എതിർക്കേണ്ട കാര്യങ്ങൾ ഞങ്ങൾ എതിർക്കും. അനുകൂലിക്കേണ്ട കാര്യങ്ങൾ അനുകൂലിക്കും. ഏതായാലും ഒരു വിവാദത്തിലേക്ക് പോകുന്നില്ല. ഇവിടെ ശ്രീ. പ്രകാശ് ബാബു പ്രസംഗിച്ചു. രണ്ടുകൊല്ലക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടേ? ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഈ രണ്ടുകൊല്ലക്കാലത്തെ നമ്മുടെ ഫിസിക്കൽ അച്ചീവ്മെന്റ് എന്താണെന്നുള്ളതിനെ സംബന്ധിച്ച് വളരെ വിശദമായി പറയുമെന്ന് ഞാൻ ഉദ്ദേശിക്കുകയാണ്.

കാർഷിക-വ്യാവസായിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ? സാധിച്ചിട്ടില്ല. സാമ്പത്തികരംഗത്തെ നിലവിലുള്ള, അന്നത്തെ മുരടിപ്പ് ഇന്നും തുടരുകയാണ്. അത് അവസാനിപ്പിക്കാൻ സാധിച്ചിട്ടില്ല. ശ്രീ. എം. നാരായണൻ (കുഴൽമന്ദം) കോടിക്കണക്കിന് രൂപയുടെ നേട്ടങ്ങൾ ഉണ്ടായതായി പറഞ്ഞു. സമ്പദ്ഘടനയിൽ എന്ത് മാറ്റമുണ്ടായി? ഏതാനും ആടുകളെയും കന്നുകാലികളെയും വിതരണം ചെയ്തു. ശരിയാണ്. അതല്ലാതെ നമ്മുടെ കാർഷിക-വ്യാവസായിക മേഖലയിൽ ഈ രണ്ടുകൊല്ലംകൊണ്ട് അടിസ്ഥാനപരമായി എന്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു? ഇനിയും ഏതാണ്ട് 1200 കോടി രൂപ നമ്മൾ നീക്കിവയ്ക്കുകയാണ്. ഈ 1200 കോടി രൂപകൊണ്ട് ആ മേഖലയിൽ മാറ്റങ്ങളുണ്ടാക്കാൻ എന്ത് പ്രവർത്തനമാണ് നമ്മൾ സ്വീകരിക്കാൻ പോകുന്നത്? അതിനെ സംബന്ധിച്ച കാഴ്ചപ്പാട് എന്താണ്? ഉല്പാദനരംഗത്ത് വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ? വളരെ വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽത്തന്നെ അതിനെക്കുറിച്ച് പറയാൻ കഴിയും. വികസന രംഗത്ത് ഒരു അവയർനസ് ഉണ്ടാക്കാൻ സാധിച്ചുവെന്നതിലുപരി കാർഷിക-വ്യാവസായിക രംഗത്തെ വളർച്ചയിൽ എത്തിക്കാൻ സാധിച്ചിട്ടില്ലെന്നാണ് ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളത്. അതിനുള്ള കാരണവും അതിൽ പറഞ്ഞിട്ടുണ്ട്. പദ്ധതി തെരഞ്ഞെടുക്കുന്നതിലെ പോരായ്മകളെക്കുറിച്ചും അതിൽ പറയുന്നുണ്ട്. അതുപോലെതന്നെ പഞ്ചായത്തുകളുടെ സെൽഫ് ഗവൺമെന്റ് എന്ന നിലയ്ക്കുള്ള ഫംഗ്ഷനിംഗ് ഇല്ലാതായി. എല്ലാവരും ജനകീയാസൂത്രണത്തിൽ കുടുങ്ങി. പഞ്ചായത്ത് സംവിധാനത്തിൽ അതിന്റെ അധികാരങ്ങൾ ഉപയോഗിക്കണ്ടേ? കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്ക് ചില അധികാരങ്ങളുണ്ട്. അത് വിനിയോഗിക്കണ്ടേ? ചില ചുമതലകൾ ഉണ്ട്. അത് നിർവ്വഹിക്കണ്ടേ? ആ നിർവ്വഹണത്തിൽ ലോക്കൽ ബോഡീസ് പരാജയപ്പെട്ടു. അതുപോലെതന്നെ ലോക്കൽ ബോഡീസിന്റെ പദ്ധതികൾ. ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെടുന്നതിൽ അവർക്ക് പരാജയം സംഭവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളെപ്പോലും ധനസഹായത്തിനുവേണ്ടി അല്ലെങ്കിൽ വായ്പ നൽകുന്നതിനുവേണ്ടി കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഇനി അതിന് സാധിക്കേണ്ടിരിയിരിക്കുന്നു. ഇന്നു രാവിലെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ സൂചിപ്പിച്ച കാര്യം പ്രാവർത്തികമാക്കുകയാണെങ്കിൽ അത് സന്തോഷമുള്ള കാര്യംതന്നെയാണ്.

അതുപോലെതന്നെ വനിതാ പ്രോജക്ടുകൾ. സമൂഹത്തിലെ ഏറ്റവും വലിയ വിഭാഗം അവരാണല്ലോ? 10 ശതമാനമാണ് നമ്മുടെ ടാർജറ്റ്. ആ 10 ശതമാനം ഒരു മേഖലയിലും എത്തിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമവികസന പരിപാടികൾ പരാജയമാണെന്ന് ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക-മൃഗസംരക്ഷണ മേഖലയിലും പരാജയം സംഭവിച്ചിട്ടുണ്ടെന്ന് ആ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. ഉൽപ്പാദന മേഖലയിൽ വിഹിതം കുറഞ്ഞുവരുന്നു. സേവന മേഖലയിൽ ഉൽപ്പാദനം വർദ്ധിക്കുന്നു. ഇതിന്റെ ട്രെന്റ് എന്താണ്? അടിസ്ഥാനപരമായി സാമ്പത്തിക രംഗത്ത് വർദ്ധനവുണ്ടാക്കാൻ സാധിക്കാതെ പോകുന്നുവെന്നുള്ളതിന്റെ ട്രെന്റാണ് കാണിക്കുന്നത്. സാമ്പത്തിക സർവേയിൽ പറയുന്നത് അതാണ്. കാലത്തിനനുസരിച്ച് അതിൽ മാറ്റം വരുത്താൻ നമുക്ക് സാധിക്കണം. അതുപോലെതന്നെ ഇതിന് പദ്ധതികൾ വേണം. അതിൽ ഗുണഭോക്താക്കളുടെ പങ്ക് എന്താണെന്ന് നമുക്ക് അറിയുകയില്ലേ? എത്ര ശതമാനമാണ് ഗുണഭോക്താക്കളുടെ ബാദ്ധ്യത നിർവ്വഹിക്കുന്നത്? ഒന്നുമില്ല. ഗുണഭോക്താക്കളുടെ പങ്കെന്ന് പറഞ്ഞാൽ സാങ്കൽപ്പികമാണ്. അപ്പോൾ വിനിയോഗത്തിൽ അപാകതയുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നു. നമ്മൾ ടി.വി.യിൽ ചില പരിപാടികൾ കാണുമ്പോൾ നിങ്ങൾക്കായി അവതരിപ്പിക്കുന്ന ഈ പരിപാടിയുടെ പ്രായോജകർ ഉജാല, സന്തൂർ സോപ്പ്, മെഡിമിക്സ്, പോപ്പി കുടകൾ എന്ന് പറയാറുണ്ട്. ഈ രീതിയിൽ ഈ ജനകീയാസൂത്രണത്തിന്റെ പ്രായോജകർ ആരാണ്? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി. ഇതിന്റെ പ്രായോജകരായി ശ്രീ. പി.സി. ജോർജും, ശ്രീ. ബാബുവുമൊന്നുമില്ല. ആ രീതിയിൽ കൊണ്ടുവരാനല്ലേ നിങ്ങൾ ശ്രമിക്കുന്നത്? ജനകീയാസൂത്രണമെന്ന് പറയുന്നത് ഏതെങ്കിലും ഒരു പാർട്ടിയുടേയോ ഗവൺമെന്റിന്റെയോ സ്വത്തല്ല.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ബഹുമാനപ്പെട്ട സൂപ്പി, അങ്ങ് ചില കാര്യങ്ങൾ പറഞ്ഞത് അതേ രീതിയിൽ ജനറലൈസ് ചെയ്യരുതെന്നുള്ളതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾക്ക് ചില ഉദാഹരണങ്ങളൊക്കെ എവിടെയെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും. പക്ഷെ നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ വിവധ ഡിപ്പാർട്ടുമെന്റുകൾ ടെണ്ടർ ചെയ്യുന്ന വർക്കുകളെ അപേക്ഷിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി എത്രയോ വികസന പ്രവർത്തനങ്ങൾ, റോഡിന്റെ ആയാലും, വലിയ കോൺക്രീറ്റ് പാലത്തിന്റെ ആയാലും നിർമ്മാണ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും നടന്നിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ ജനറലൈസ് ചെയ്ത് പറയരുത്.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : ആ പങ്കാളിത്തത്തോടുകൂടി നടത്തിയത് പുതിയ കാര്യമൊന്നുമല്ല. അത് ഭരണഘടനാ ഭേദഗതി മുഖേന നടപ്പാക്കിയ അധികാരക്കൈമാറ്റമാണ്. ആ അധികാരക്കൈമാറ്റം കുറച്ചുകൂടെ എളുപ്പമായി നടത്താനുള്ള സംവിധാനം കൊണ്ടുവന്നു. ഞാൻ അംഗീകരിക്കുന്നു. പക്ഷെ അതിൽ പോരായ്മകളില്ലേ? അതിൽ പോരായ്മകളുണ്ട്. ജനകീയാസൂത്രണത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതേ ദിവസംതന്നെ ജനകീയാസൂത്രണത്തിലെ ക്രമക്കേടുകൾ അന്വേഷിക്കുകയില്ലെന്ന് ശ്രീ. പിണറായി വിജയൻ പറഞ്ഞു. ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടി അവിടെ ഇരിപ്പുണ്ട്. അദ്ദേഹം നിർദോഷിയാണ്. അദ്ദേഹം പറഞ്ഞു, ജനകീയാസൂത്രണഫണ്ട് ദുർവിനിയോഗം ചെയ്തവർ ശിക്ഷിക്കപ്പെടുമെന്ന്. ഞാൻ ചോദിക്കട്ടെ, എത്രയാളുകൾ ശിക്ഷിക്കപ്പെട്ടു? എത്ര വിജിലൻസ് അന്വേഷണം നടത്തി? ഏതെല്ലാം കേസുകളിൽ നിങ്ങൾ റിപ്പോർട്ട് ഉണ്ടാക്കി? ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു? ഇന്ന് മറുപടി പറയുമ്പോൾ ജനകീയാസൂത്രണ പരിപാടികളുമായി ഇന്നുവരെ കിട്ടിയ പരാതികളുടെ ഒരു സംഷിപ്ത

LIBRARY ARCHIVES Kerala Legislative Assembly

വിവരം ബഹുമാനപ്പെട്ട മന്ത്രി സഭയിൽവയ്ക്കണം. ഇതിൽ ആരൊക്കെ ഇൻവോൾവ്ഡാണ്. എന്തൊക്കെ നടപടി സ്വീകരിച്ചു, അതിന്റെ പ്രോസസ് എന്തായിയെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അങ്ങ് പറയേണ്ടിയിരിക്കുന്നു. അല്ലാതെ വെറുതെ പ്രസംഗിച്ചിട്ട് കാര്യമില്ലല്ലോ? ഈ പദ്ധതിയെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ശ്രീ. പങ്കജാക്ഷനും ശ്രീ. വെളിയം ഭാർഗ്ഗവനും പറഞ്ഞു. ശ്രീ. വെളിയം ഭാർഗ്ഗവൻ പറഞ്ഞതിനെക്കുറിച്ച് ശ്രീ. അച്യുതാനന്ദനും മാർക്സിസ്റ്റുപാർട്ടിയിലെ ആളുകളും ഇവിടെ വിമർശിച്ചു. സി.പി.ഐ.യാണ് ഇതിന് വിഭാഗീയതയുണ്ടാക്കിയത് എന്നുവരെ ഇവർ കണ്ടെത്തി. ഏതായാലും ഇതിന്റെ യാഥാർത്ഥ്യം അറിയണം. ആ കാര്യത്തിൽ സി.പി.ഐ.ക്കാരും ഞങ്ങളും ഒന്നാണ്. അതുകൊണ്ട് യാഥാർത്ഥ്യം അങ്ങ് പറയണം. ശ്രീ. ഇ.എം. ശ്രീധരൻ അടക്കമുള്ള ആളുകൾ അതിനെ സംബന്ധിച്ചിടത്തോളം പരാതി പറഞ്ഞിട്ടുണ്ട്. പോരായ്മകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്തുകൊണ്ട് അത് ഉൾക്കൊള്ളുന്നില്ല. അന്ധമായി ഇത് 100 ശതമാനവും ശരിയാണെന്ന് പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? ആ തെറ്റായ പ്രവണത വീണ്ടും തുടരും. അത് തുടരാതിരിക്കാൻ ഈ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണം. പരാതികളെക്കുറിച്ച് അന്വേഷിക്കണം.

ഗ്രാമസഭകൾ ഇന്ന് കൂടാറില്ല. ആളുകൾക്ക് ആ കാര്യത്തിൽ താൽപ്പര്യക്കുറവുണ്ട്. കാരണമെന്താണ്? അവിടെ പോയിട്ട് എന്താണ് കാര്യം? അവിടെ ചിലയാളുകൾ പറയുന്നു. ചില രീതിയിൽ ചില പദ്ധതികൾ നടക്കുന്നു എന്ന്. വികസന പ്രവർത്തനങ്ങളുടെ ഭാഗിക്കലിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. ഒരു സന്തുലിതമായ വികസനം ഉണ്ടാക്കുന്നതിനുവേണ്ടി അളന്നളന്ന് മുറിച്ചുകൊടുക്കുന്ന സമീപനമാണ് പലയാളുകളും സ്വീകരിക്കുന്നത്. വാർഡുകൾക്ക് ഗ്രാമതലത്തിൽ അത്ര വിഭാഗീയത വന്നു. അത് ശരിയാണോ? അത് മാറ്റണം. ജനകീയ മുന്നേറ്റമെന്ന് പറയുമ്പോൾ ആ ജനകീയ മുന്നേത്തിന്റെ ഭാഗമായി എല്ലാ രീതിയിലുമുള്ള അടിസ്ഥാനപരമായ വികസനമുണ്ടാക്കണം. അതിന് സാധിച്ചിട്ടുണ്ടോ? അതിന് സാധിക്കേണ്ടിയിരിക്കുന്നു.

കരാറിന് നോമിനി കൊടുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞല്ലോ. അതിനെക്കുറിച്ച് ആക്ഷേപമുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പണം ചെലവഴിക്കുന്നതിൽ മാനദണ്ഡമൊന്നുമില്ല. ഇഷ്ടംപോലെ ചെലവഴിക്കുന്നു. ഇവിടെ വിഹിതത്തിന്റെ 75 ശതമാനം ചെലവഴിക്കണമെന്ന് നിർബന്ധമാണ്. 75 ശതമാനം ചെലവഴിച്ചില്ലെങ്കിൽ 25% കട്ടാണ്. ഈ വിഹിതം കട്ടിൽനിന്ന് ഒഴിവാകാൻവേണ്ടി കട്ടോ, എന്നാലും വേണ്ടില്ല 75 ശതമാനം ടാർജറ്റ് അച്ചീവ് ചെയ്താൽ മതി. ടാർജറ്റ് കണക്കാക്കിയിട്ടുണ്ടോ? പണം ചെലവാക്കണം, അതുകൊണ്ട് ജനങ്ങൾക്ക് ഗുണം കിട്ടുന്നുണ്ടോയെന്നുള്ളതിനെക്കുറിച്ചൊന്നും ആലോചിക്കുന്നില്ല. അപ്പോൾ ഇതിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുകൾക്കുള്ള അധികാരം വിനിയോഗിക്കപ്പെടണം.

എക്സ്പെർട്ട് കമ്മിറ്റിയെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്തിനാണ് ആ കമ്മിറ്റിയുള്ളത്? അത് കാലക്രമേണ മാറ്റുമെന്ന് പറഞ്ഞു. എന്ന് മാറ്റും? സി.പി.ഐ.യും സി.പി.ഐ(എം)-ഉം തമ്മിലുള്ള തർക്കമല്ല ഇവിടെ പ്രശ്നം. ഇത് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ കൊണ്ടുവരുന്ന പ്രൊപ്പോസൽസ് നടപ്പാക്കുന്നതിൽ നിയന്ത്രണം വരികയാണ്. ചില കേന്ദ്രങ്ങളിൽ ബാഹ്യശക്തികൾ ഇടപെടുന്നുവെന്നുള്ള ആക്ഷേപമില്ലേ? അത് മാറ്റണ്ടേ? ആ എക്സ്പെർട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കണം. എന്നിട്ട് സംശുദ്ധമായി നടത്തണം. അങ്ങനെ നടത്തുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ അതിനെ അംഗീകരിക്കും. ഇതിനെ രാഷ്ട്രീയവൽക്കരിച്ചുവെന്ന് ഞാൻ പറയുന്നില്ല. പക്ഷെ രാഷ്ട്രീയമായ കാഴ്ചപ്പാടിലേയ്ക്ക് അങ്ങ് പോകരുത്. ഞാൻ ഇന്നലെ സബ്മിഷൻ ഉന്നയിച്ച് പറഞ്ഞ കാര്യം വളരെ വ്യക്തമായി ഒന്നുകൂടെ പറയുന്നു. ഈ സഭയിൽ അങ്ങ് ഇന്നലെ മറുപടി പറഞ്ഞത് തെറ്റായി ചെലവഴിച്ച പണം തിരിച്ചുപിടിക്കാൻ റെക്കമെന്റ് ചെയ്തിട്ടുണ്ടെന്നാണ്. എന്റെ അറിവ് വച്ചുകൊണ്ട് പറയുകയാണ്, അദ്ദേഹം അങ്ങനെ പറയാൻ സാദ്ധ്യതയില്ല. അങ്ങനെ തെറ്റായി നിർവ്വഹിച്ചുവെന്ന് അദ്ദേഹത്തിന്, ജില്ലാകളക്ടർക്ക് ബോദ്ധ്യമായിട്ടില്ല. ഒരു ജില്ലയിൽനിന്ന് മറ്റൊരു ജില്ലയിലേയ്ക്ക് പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് സംസാരിച്ച് തീരുമാനമെടുക്കാനുള്ള വകുപ്പുണ്ട്. അതുകൊണ്ട് അതിൽ നിയമപരമായി തീരുമാനമെടുക്കണം. അത് ചെയ്യുന്നതിനുപകരം ആ നിർദ്ദിഷ്ട പദ്ധതി ഒഴിവാക്കുകയെന്ന് പറയുന്നത് അവിടത്തെ ജനങ്ങളോട് ചെയ്യുന്ന അനീതിയായിരിക്കുമെന്നു മാത്രമേ ഞാൻ അതിനെക്കുറിച്ച് ഇപ്പോൾ പറയുന്നുള്ളൂ. പെരുന്തൽമണ്ണ മുനിസിപ്പാലിറ്റിയിലായാലും ഈ രാജ്യത്തെ പഞ്ചായത്തിലായാലും അവിടെ അന്വേഷണം നടത്തണമെന്ന് പറഞ്ഞു. അന്വേഷണം നടത്തി ആ റിപ്പോർട്ട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ കൈയിലുണ്ട്. അത് പരിശോധിക്കണം. എത്രയെത്ര മീറ്റിംഗുകളിൽ ഡിസെന്റിംഗ് എഴുതിയിട്ടുണ്ട്. ഒരു മുനിസിപ്പാലിറ്റിയിൽ ഇത്രയധികം ഡിസന്റിംഗുകൾ എഴുതാനുള്ള കാരണമെന്താണ്? രാഷ്ട്രീയ വിരോധം കൊണ്ടല്ലല്ലോ? അതുകൊണ്ട് അവരെ പ്രത്യേകമായി കാണരുത്. പെരുന്തൽമണ്ണ മുനിസിപ്പാലിറ്റിയിലായാലും മാർക്സിസ്റ്റു പാർട്ടി ഭരിക്കുന്ന എന്റെ മണ്ഡലത്തിലെ ചില പഞ്ചായത്തുകളിലായാലും അതിന് അതിന്റേതായ കാരണങ്ങളുണ്ട്. അത് പരിശോധിക്കേണ്ടിയിരിക്കുന്നു. ഞാൻ രാഷ്ട്രീയ വിരോധംകൊണ്ട് പറയുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രി നിഷ്പക്ഷമായി പരിശോധിക്കാൻ തയ്യാറുണ്ടോ? ശ്രീ. ടി.കെ. ഹംസയെയോ ഏതെങ്കിലും ഒരു മെമ്പറെയോ ഇതിന്റെ നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഏൽപ്പിക്കാൻ തയ്യാറുണ്ടോ? ഏതായാലും ജനകീയാസൂത്രണ പരിപാടി ഭംഗിയായി നടപ്പാക്കുകയാണെങ്കിൽ ഞങ്ങൾ 100 ശതമാനം സഹകരിക്കുകയും തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. അത് ഒരു ഏർപ്പാടായി നടത്തിയാൽ അതിനെ കണ്ണടച്ച് അംഗീകരിക്കുന്ന പ്രശ്നമില്ല എന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. നാരായണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ ചോദിച്ച ചോദ്യത്തിന് മറുപടിയുണ്ട്. ഡോ. തോമസ് ഐസക്കിന്റെ ലേഖനത്തിനുള്ള മറുപടി ടീച്ചർ ഉദ്ധരിച്ച ആ ലേഖനത്തിൽ തന്നെയുണ്ട്. അത് ഒരാവർത്തി കൂടി വായിക്കണമെന്ന് ഒരഭ്യർത്ഥനയുണ്ട്. അതു വായിച്ചാൽ മനസ്സിലാകുമെങ്കിലല്ലേയുള്ളൂ. ഇങ്ങനെയാണോ ടീച്ചർ കുട്ടികളെ പഠിപ്പിച്ചിരുന്നത്. ആ കുട്ടികളുടെ ഇപ്പോഴത്തെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. സ്വാതന്ത്ര്യം കിട്ടി അര നൂറ്റാണ്ടായിട്ടും ഭാരതത്തിൽ ആ ആശയം നടപ്പാക്കാൻ ഭരണാധികാരികൾക്ക് കഴിഞ്ഞില്ല. സ്വതന്ത്രഭാരതത്തിൽ എട്ടു പഞ്ചവൽസര പദ്ധതികൾ നടപ്പാക്കി. കോടിക്കണക്കിനു രൂപ വികസനത്തിനുവേണ്ടി നീക്കി വയ്ക്കുകയും ചെലവഴിക്കുകയും ചെയ്തു. എന്നാൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവനും പാവപ്പെട്ടവും പണക്കാരനും

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുള്ള അന്തരം വർദ്ധിച്ചുവരികയാണുണ്ടായത്. എട്ട് പഞ്ചവൽസര പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ചെലവഴിച്ച കോടിക്കണക്കിനു രൂപയുടെ ഇരുപതു ശതമാനം മാത്രമേ നാട്ടിൽ എത്തുന്നുള്ളൂ. 80 ശതമാനവും അധികാരികളും ദല്ലാളന്മാരും കൈക്കലാക്കിയിരുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാര വികേന്ദ്രീകരണവും ആസൂത്രണവും നടപ്പാക്കാൻ തീരുമാനിച്ചു. എട്ടു പഞ്ചവൽസര പദ്ധതികൾ നടപ്പാക്കിയതിൽ നാട്ടിൽ എന്തു നടക്കണമെന്നും എന്തിനാണ് മുൻഗണന കൊടുക്കേണ്ടത് എന്നും തീരുമാനിക്കുന്നതിനുള്ള അവകാശങ്ങൾ ജനങ്ങൾക്കില്ലായിരുന്നു. എന്നാൽ കേരളത്തിൽ 9-ാം പഞ്ചവൽസര പദ്ധതി നടപ്പാക്കി തുടങ്ങിയപ്പോൾ നാട്ടിൽ എന്തു നടക്കണമെന്നും എന്തു നടപ്പാക്കണമെന്നും ജനങ്ങൾ തീരുമാനിക്കാൻ തുടങ്ങി. നടപ്പാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ജനങ്ങൾക്ക് അവകാശം നൽകി. ഈ സംരംഭം ഇൻഡ്യയ്ക്കാകെ മാതൃകയായിത്തീർന്നു. അതുവരെ ഈ സംരംഭം കൂട്ടാക്കാതിരുന്നവർ എതിർപ്പിന്റെ മാലപ്പടക്കങ്ങൾ പൊട്ടിച്ചു. എന്നാൽ അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ജനകീയാസൂത്രണ പദ്ധതി ഈ സർക്കാരിന്റെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി തുന്നിച്ചേർത്തു. ഈ പരിപാടികൾക്ക് നേതൃത്വം നൽകുന്ന ബഹുമാന്യനായ പാലൊളി മുഹമ്മദുകുട്ടി ശത്രുക്കളുടെപോലും പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് 100 ശതമാനവും കുറ്റമറ്റതാണെന്ന് എനിക്ക് അഭിപ്രായമില്ല. പിഴവുകൾ തിരുത്തിക്കൊണ്ടും ക്രിയാത്മകമായ വിമർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നേറുന്നു. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വകുപ്പുകൾക്കും നേതൃത്വം കൊടുത്തുകൊണ്ടു അടിസ്ഥാനപരമായ മാറ്റം വരുത്താൻ ഈ മൂന്നു വർഷത്തെ ഭരണം കൊണ്ട് ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള കേന്ദ്രാവിഷ്ക്കൃത ഭരണ രീതികൾ പൊളിച്ചെഴുതാതെ കേരളത്തിൽ സമഗ്ര വികസനത്തിനും സാർവ്വത്രികമായ ക്ഷേമത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല. കേരള സംസ്ഥാന രൂപീകരണം മുതൽ തദ്ദേശ സ്വയംഭരണാധികാര കേന്ദ്രങ്ങൾക്ക് പ്രവർത്തിക്കണമെങ്കിൽ അതിനാവശ്യമായ പണം കൂടി നൽകണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി വിഹിതത്തിന്റെ 40 ശതമാനം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 1977-78-ൽ 749 കോടി രൂപയും 1988-89-ൽ 950 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. 1999-2000-മാണ്ടിൽ 1020 കോടി രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും പദ്ധതി വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളിൽ യു.ഡി.എഫ്-ന് ഈ ഗവൺമെന്റിനെ വിമർശിക്കാൻ യാതൊരു അവകാശവുമില്ല. ഇനി ഞാൻ എന്റെ മണ്ഡലത്തിലേക്ക് കടക്കുകയാണ്. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ എങ്ങനെ നടപ്പാക്കണമെന്ന് എന്റെ മണ്ഡലത്തിൽ വന്നാൽ അറിയാം. എന്റെ മണ്ഡലത്തിൽ എട്ടു പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമുണ്ട്. നിരവധി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ധാരാളം വർക്കുകൾ നടക്കുന്നുണ്ട്. എട്ടു ജനകീയ പാലങ്ങളുടെ പണി എന്റെ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട തട്ടാവേലി പാലം വെള്ളൂർ പഞ്ചായത്തിലാണ്. തലയോലപ്പറമ്പ്,

LIBRARY ARCHIVES Kerala Legislative Assembly

മറവൻതുരുത്ത്, ചെമ്പ് എന്നീ പഞ്ചായത്തുകൾ സംയുക്തമായി ഈ ജനകീയ പാലത്തിന്റെ പണി ഒരു വർഷം മുമ്പു ആരംഭിച്ചിരിക്കുകയാണ്. ആ പാലത്തിന്റെ നിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്നത് അവിടത്തെ പഞ്ചായത്തു പ്രസിഡന്റാണ്. അദ്ദേഹം കോൺഗ്രസ്സുകാരനാണ്. ആറു കോടി രൂപ ചെലവു വരുന്ന ഈ പാലത്തിന്റെ പണി കഴിഞ്ഞ ഒരു വർഷക്കാലമായി ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആ പാലത്തിന്റെ 90 ശതമാനം പണികളും പൂർത്തിയായിട്ടുണ്ട്. ഇനി തട്ടു മാത്രമേ വാർക്കാനുള്ളു. രണ്ടായിരാമാണ്ടോടുകൂടി അതിന്റെ പണി പൂർത്തിയാകും. എന്റെ മണ്ഡലത്തിൽ യു.ഡി.എഫ് അംഗങ്ങൾ വന്ന് അതിന്റെ പ്രവർത്തനങ്ങളെ കാണുകയും അവിടത്തെ ജനങ്ങളെ പ്രശംസിക്കുകയും ചെയ്തുപോയതാണ്. അതിനുള്ള രേഖകളുണ്ട്. എന്നിട്ട് ഇവിടെ വന്ന് അവർ ഇങ്ങനെ പറയുകയും വെളിയിൽ ഘോരഘോരം ജനകീയാസൂത്രണം നല്ലതാണെന്ന് പ്രശംസിക്കുകയുമാണ്. ഇപ്പോൾ ജനകീയാസൂത്രണത്തിൽപ്പെടുത്തി നിരവധി സ്കൂളുകളുടെ പണികൾ നടക്കുന്നുണ്ട്. ഇതിനു മുമ്പ് ഏതെങ്കിലും സ്കൂളുകളുടെ മെയിന്റനൻസ് എങ്കിലും നടന്നിരുന്നോ? ഇപ്പോൾ വർഷാരംഭത്തിൽത്തന്നെ സ്കൂളുകളുടെ മെയിന്റനൻസ് നടക്കുന്നുണ്ട്. മുമ്പ് വർഷാരംഭത്തിൽ സ്കൂളുകൾ ഇടിഞ്ഞു വീഴുകയും കുട്ടികൾക്ക് അപകടമുണ്ടാവുകയും ചെയ്യുന്ന വിവരം റേഡിയോ പത്രമാധ്യമങ്ങളിലൂടെ കേട്ടിരുന്നു. ഇപ്പോൾ സ്കൂൾ കെട്ടിടം ഇടിഞ്ഞു വീഴുന്നുണ്ടോ? എവിടെയെങ്കിലും മെയിന്റനൻസ് നടത്താതെയുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. ജനങ്ങൾ ഇത്തരം കാര്യങ്ങളെ വളരെയധികം സ്വാഗതം ചെയ്യുകയാണ്.

ശ്രീ. ബി. വിജയകുമാർ : 23.12.1998-ലെ മാതൃഭൂമി പത്രത്തിൽ 'ജനകീയാസൂത്രണം സി.പി.ഐ.(എം)-ന്റെ സ്വാധീനം വളർത്താൻ എന്ന്' അങ്ങയുടെ പാർട്ടി സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവനും 'ജനകീയ ആസൂത്രണത്തിൽ ധൂർത്തും ക്രമക്കേടുകളും എന്ന്' സഖാവ് ഇ.എം. ശ്രീധരനും പറഞ്ഞിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. നാരായണൻ : അതിനുള്ള മറുപടി തന്നെയാണ് പ്രൊഫസർ സാവിത്രി ലക്ഷ്മണനോട് പറഞ്ഞത്. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ എവിടെയായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

[2 PM] ശ്രീ. എം.വി. ജയരാജൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പുതിയ സഹസ്രാബ്ദത്തിലേക്ക് നാം കടക്കുന്ന സന്ദർഭത്തിൽ ജനകീയാസൂത്രണത്തിലൂടെ കേരളം ഇൻഡ്യക്കാകെ മാതൃകയാവുകയാണ്. ആ മാതൃകയെയാണ് പ്രൊഫസർ സാവിത്രി ലക്ഷ്മണനും മറ്റും നിഷേധാത്മകമായിട്ടുള്ള നിലപാടിലൂടെ എതിർത്തത്. അതിനോട് മാത്രമേ ഞങ്ങൾക്ക് വിയോജിപ്പുള്ളൂ. ക്രിയാത്മകമായ വിമർശനങ്ങളെ ആരും സ്വാഗതം ചെയ്യും. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ കാര്യം മാത്രം നോക്കിയാൽ മതി. ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു രേഖയാണിത്. ഇരിങ്ങാലക്കുട നഗരസഭയിലെ ഒരു പ്രോജക്ട് സംബന്ധിച്ച് അവിടത്തെ മുനിസിപ്പൽ ചെയർമാൻ പറയുന്നത്, ഇരിങ്ങാലക്കുട പട്ടണത്തിലെ എണ്ണായിരം കുടുംബങ്ങളിൽ ആയിരത്തിൽപ്പരം കുടുംബങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. കുടിലുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനും മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുമായിട്ടാണ് ഈ പദ്ധതി. സമ്പൂർണ്ണ ഭവന പദ്ധതി ആ മുനിസിപ്പാലിറ്റിയിൽ തയ്യാറാക്കിയിരിക്കുന്നു. ആരാണ് അത് നടപ്പിലാക്കുന്നത്? ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സാവിത്രി ലക്ഷ്മണന്റെ ഭർത്താവ് ആയ ലക്ഷ്മണൻ മാഷ് ചെയർമാനായ എം.എൽ.ഇ.സി. യുടെ അംഗീകാരത്തോടുകൂടിയാണ്. കോൺഗ്രസ്സും മാർക്സിസ്റ്റും യോജിച്ചുനിന്ന് ജനകീയാസൂത്രണം വിജയിപ്പിക്കുകയാണ്. മുനിസിപ്പാലിറ്റിയുടെ ചെയർമാൻ മാർക്സിസ്റ്റുകാരനാണ്. മുനിസിപ്പാലിറ്റിയിൽ ഈ പദ്ധതി തയ്യാറാക്കിയത് പ്രൊഫസർ സാവിത്രി ലക്ഷ്മണന്റെ ഭർത്താവാണ്. ലക്ഷ്മണൻ മാഷുൾപ്പെടെ സഹകരിച്ചുകൊണ്ട് ഇത് വിജയിപ്പിക്കുകയാണ്. അവിടെ എന്തെങ്കിലും അഴിമതിയുണ്ടെങ്കിൽ ടീച്ചറോട് മാഷ് പറഞ്ഞിട്ടുണ്ടാകും. എന്തായാലും ടീച്ചർ ഇവിടെ പറയും, ഉറപ്പല്ലേ? ബഹുമാനപ്പെട്ട കുറുപ്പ് ചേട്ടനും ശ്രീ. മാമ്മൻ മത്തായിയുമില്ല. ശ്രീ. മാമ്മൻ മത്തായി, കേരളാ കോൺഗ്രസ് (മാണി ഗ്രൂപ്പിന്റെ) നേതാവ് ഒരു ജനകീയാസൂത്രണ പദ്ധതി ഉദ്ഘാടനംചെയ്തുകൊണ്ട് നടത്തുന്ന പ്രസംഗത്തിന്റെ ഫോട്ടോ ആണിത്. അവിടെ ഈ പരിപാടികൾ ജനങ്ങളോടൊപ്പം നിന്ന് മെച്ചപ്പെട്ടതാണെന്ന് നിങ്ങൾ പറയുക. ഇവിടെ വന്നിട്ട് അതിനു കടകവിരുദ്ധമായി പറയുക അതാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്. എനിക്കുശേഷം ബഹുമാനപ്പെട്ട കാർത്തികേയൻ പ്രസംഗിക്കാൻ പോകുകയാണല്ലോ. അങ്ങ് അതിന് മറുപടി പറയണം. നിങ്ങളുടെ കോൺഗ്രസിന്റെ നേതാവാണ് ബാലൻ മാഷ്. അദ്ദേഹം കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് പഞ്ചായത്തിലെ പ്രസിഡന്റാണ്.

ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്ററുടെ മണ്ഡലമാണ്. ബഹുമാനപ്പെട്ട കെ.സി. ജോസഫ് ഇവിടെയില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിലേക്ക് പോകണമെങ്കിൽ അതുവഴി പോകണം. ബാലൻ മാഷ് ഇപ്രകാരം പറയുന്നു. "അങ്ങനെ പാലത്തിനായി നിവേദനങ്ങൾ പലതും കൊടുത്തു. വേഴാമ്പലിനെപ്പോലെ നാട്ടുകാർ കാത്തിരുന്നു. ഒടുവിൽ ആ പ്രതീക്ഷയും അസ്തമിച്ചു." നിങ്ങൾ 50 വർഷം ഭരിച്ചിട്ടുള്ള സ്ഥിതിയാണ് ബാലൻ മാഷ് വിവരിച്ചത്. അദ്ദേഹം തുടരുന്നു. "അപ്പോഴാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വരവ്. പുനരർപ്പണ ദിനത്തിൽ 11 വാർഡുകളും ഓരോ സന്നദ്ധ പ്രവർത്തനം ആസൂത്രണം ചെയ്തു. ഇതിനിടയിലാണ് ചിരകാലാഭിലാഷമായ പാലം ജനകീയമായി പണിതാൽ എന്താണെന്ന ചിന്ത രണ്ടാം വാർഡുകാരുടെ ഇടയിൽ ഉയർന്നു വരുന്നത്" എന്നിട്ട് അവസാനം പറയുന്നത് "ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള 1997-98-ലെ അവാർഡ് കരസ്ഥമാക്കിയ ഈ മലയോര ഗ്രാമം, ചപ്പാരപ്പടവ് ജനകീയാസൂത്രണം ഉയർത്തിവിട്ട പുതിയ വികസന പാതയിൽ ഉയരങ്ങൾ കീഴടക്കി കുതിക്കുയാണ്."

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ആ പ്രസിദ്ധീകരണം ഏതാണ്?

<u>ശ്രീ. എം.വി. ജയരാജൻ</u> : നിങ്ങളുടെ മാഷ് നിഷേധിക്കട്ടെ. ഈ രേഖ ഞാൻ മേശപ്പുറത്തുവയ്ക്കാം. സമ്പൂർണ്ണ ഭവന പദ്ധതി ജനകീയാസൂത്രണത്തിലൂടെ ഒരു ലക്ഷ്യമായി അംഗീകരിച്ച് കേരളം രണ്ടായിരാമാണ്ടാകുമ്പോഴേക്കും സ്വയം സമ്പൂർണ്ണമാകാൻ പോകുകയാണ്. കേരളത്തിൽ വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുവച്ചു കൊടുക്കും. കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യം സാക്ഷാൽക്കരിക്കാൻ പോകുകയാണ്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ സ്വയം സമ്പൂർണ്ണതയിലേക്ക് കേരളത്തെ LDF നയിക്കാൻ പോകുകയാണ്. അതിനെപ്പറ്റി ഇൻഡ്യാ ടുഡേ എഴുതിയത് എന്താണ്? "തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ ജില്ലാ പഞ്ചായത്ത് മറ്റൊരു വീട് പദ്ധതിയുമായി രംഗത്ത് വരുന്നു. ജില്ലയിൽ നടത്തിയ പ്രാഥമിക സർവേയിൽ ഭവനരഹിതരായി കണക്കാക്കപ്പെട്ടിട്ടുള്ള 60,000 കുടുംബങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കാനാണ് ജില്ലയിലെ 84

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ പഞ്ചായത്തുകൾ, 12 ബ്ലോക്ക് പഞ്ചായത്തുകൾ, 4 മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവ ചേർന്ന് നടപ്പിലാക്കുന്ന സമ്പൂർണ്ണ ഭവന പദ്ധതിയിൽ തീരുമാനിച്ചിട്ടുള്ളത്. ആദ്യവർഷം 30,000, രണ്ടാം വർഷം 30,000 അങ്ങനെ 60,000 പേർക്ക്.'' ബഹുമാനപ്പെട്ട ബി. വിജയകുമാർ അവിടെയില്ല. ശ്രീ. ബി. വിജയകുമാറിന് തിരുവനന്തപുരത്തെ ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് വിമർശനമേയുള്ളൂ. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം'. വികസനത്തിന് വിവേചനമില്ല. ഇത് ഞാൻ പഞ്ഞതല്ല. ബഹുമാനപ്പെട്ട അച്ചുതൻ അവിടെയില്ല. ''വികസനത്തിന് വിവേചനമില്ല, ചിറ്റൂരിന് പുരോഗതി ജനകീയാസൂത്രണത്തിലൂടെ'', ബഹുമാനപ്പെട്ട ചിറ്റൂർ അംഗം ശ്രീ. അച്ചുതൻ പറഞ്ഞ കാര്യമാണ് നിങ്ങൾ നിഷേധിക്കുമോ? ചിറ്റൂർ നിയമസഭാ മണ്ഡലത്തിന്റെ വികസനത്തിൽ ഒരു വിവേചനവുമില്ലാതെ എൽ.ഡി.എഫ്. സർക്കാർ സഹായം നൽകുന്നുണ്ട്. ഇതിൽപ്പരം വേറെ എന്താണുള്ളത്? ബഹുമാനപ്പെട്ട പ്രൊഫസർ സാവിത്രി ലക്ഷ്മണന്റെ ഭർത്താവ് അവിടത്തെ എം.എൽ.ഇ.സി.യുടെ ചെയർമാൻ. മാർക്സിസ്റ്റുകാരൻ മുനിസിപ്പൽ ചെയർമാൻ. വിവേചനമില്ലല്ലോ? ചപ്പാരപ്പടവ് പഞ്ചായത്ത് ഫണ്ട് കൊടുക്കുന്നതിൽ നിങ്ങളുടെ പഞ്ചായത്തിൽ വിവേചനമില്ലല്ലോ? ലീഗിന്റെ നേതാവ് പഞ്ചായത്ത് പ്രസിഡന്റായിട്ടുള്ള മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിലും വിവേചനമില്ല. ലീഗുകാർക്കും പരാതിയില്ല. നിങ്ങൾ ജനകീയാസൂത്രണവുമായി സഹകരിച്ച് നിൽക്കുകയാണ്. ലീഗ് പഞ്ചായത്ത് പ്രസിഡന്റ് സ്വന്തം അനുഭവത്തിലൂടെ ഇതിന്റെ നേട്ടങ്ങൾ പറഞ്ഞിരിക്കുയാണ്. ജനകീയാസൂത്രണം ബഹിഷ്ക്കരിക്കാൻ കോൺഗ്രസ് തീരുമാനിച്ചപ്പോൾ ലീഗ് അതിനൊപ്പം നിന്നില്ല. ചില വിമർശനങ്ങൾ നിങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ക്രിയാത്മകമായ വിമർശനങ്ങൾ പരിഗണിച്ച് തെറ്റുകളുണ്ടെങ്കിൽ പരിഹരിക്കണം. ഞങ്ങൾക്ക് അതിൽ ഒരു തർക്കവുമില്ല. ജനകീയാസൂത്രണം അഴിമതിയാണെന്ന് ശ്രീ. ആന്റണിയും കൂട്ടുകാരും പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്. UDF-ന്റെ കയ്യിൽ ഏതാണ്ട് 40 ശതമാനം പഞ്ചായത്തുണ്ടല്ലോ, അതിൽ 32 ശതമാനവും കോൺഗ്രസല്ലേ? കോൺഗ്രസിന്റെ പഞ്ചായത്തുകളിലും അഴിമതിയുണ്ടെന്നു നിങ്ങൾ സമ്മതിക്കുകയാണോ? അവർ അഴിമതിക്കാരാണെങ്കിൽ കോൺഗ്രസ് പാർട്ടി അഴിമതി നടത്തുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെ പേരിൽ നടപടിയെടുക്കുമോ? അഴിമതി നടപ്പിലാക്കുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെങ്കിൽ അത് അഴിമതിയില്ലാത്തതാണെന്ന് തെളിയിക്കാൻ നിങ്ങൾക്ക് കഴിയണം. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്നത് മഹാത്മാഗാന്ധി പറഞ്ഞ കാര്യമാണ്. മഹാത്മാഗാന്ധി പറഞ്ഞത്... (തടസ്സം).... ഗാന്ധിജിയോട് സ്നേഹമുണ്ട്, നിങ്ങൾ വിട്ടതുകൊണ്ടാണ്. ഗാന്ധിജിയെ നിങ്ങൾ വിട്ടതുകൊണ്ട് ഞങ്ങൾ എടുത്തിരിക്കുകയാണ്. ''ഇൻഡ്യയിലെ ഓരോ ഗ്രാമവും മനുഷ്യന്റെ ജീവിതാവശ്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കണം. സ്വയം സമ്പൂർണ്ണ ഗ്രാമങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞാലേ ജനാധിപത്യം പൂവണിയൂ.'' ഇതാണ് ഗാന്ധിജി പറഞ്ഞത്. സ്വയം സമ്പൂർണ്ണ ഗ്രാമങ്ങളാക്കി നമ്മുടെ ഗ്രാമങ്ങളെ മാറ്റുകയാണ്. ഗ്രാമസ്വരാജ് മഹാത്മാഗാന്ധിയുടെ സ്വപ്നമാണ്. അതാണ് ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്നത്.

73-ഉം 74-ഉം ഭരണഘടനാഭേദഗതികൾ കൊണ്ടുവന്നത് രാജീവ്ഗാന്ധിയാണ്. ആ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് ഇവിടെ നടപ്പിലാക്കുന്നത്. അതിനെ നിങ്ങൾ എതിർക്കുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം രണ്ട് ഗാന്ധിമാരേയും നിങ്ങൾ നിഷേധിക്കുന്നുവെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതാണോ നിങ്ങളുടെ നയം? അതാണ് നിങ്ങൾ വ്യക്തമാക്കേണ്ടത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള ഭൗതികനേട്ടങ്ങൾ, നിങ്ങൾ നേരത്തെ പറഞ്ഞല്ലോ ഒന്നും ഉണ്ടായിട്ടില്ലെന്ന്. ഇത് 1998-ലെ എക്കോണമിക് റിവ്യൂവാണ് അതിൽ നമ്മുടെ ഭൗതിക നേട്ടങ്ങളെക്കുറിച്ച് വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നില്ല. നേരത്തെ ലീഗിലെ ഒരു ബഹുമാനപ്പെട്ട അംഗം പറഞ്ഞു, ഇവിടെ ഒരു നേട്ടവും ഉണ്ടായിട്ടില്ലെന്ന്. അത് ശരിയാണോ? 2702 കി.മീ. റോഡ് നിർമ്മിച്ചു. ഒന്നാം വർഷം പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള നേട്ടമാണ്. 1998-99-ലെ വിശദമായ കണക്ക് വരുന്നതേയുള്ളു. 860 കൾവർട്ടുകൾ പണിതു. 378 പുതിയ പാലങ്ങൾ പണിതു. പാലക്കാട് ജനകീയാസൂത്രണം വന്നതിനുശേഷമുള്ള നെല്ലുൽപ്പാദനം പരിശോധിച്ചു. ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുന്നതിനുമുമ്പ് 2.3 ടൺ മാത്രമായിരുന്നു ഒരു ഹെക്ടറിലെ ഉൽപ്പാദനശേഷി. ഇപ്പോൾ അത് 9 ടൺ ആയിട്ട് വർദ്ധിച്ചിരിക്കുകയാണ്. അത് നേട്ടമല്ലേ? പച്ചക്കറി ഉൽപ്പാദനത്തിൽ ഗണ്യമായ നേട്ടം ഉണ്ടായിട്ടുണ്ടെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് എങ്കിലും സമ്മതിക്കുമല്ലോ? കഴിഞ്ഞ വർഷം ഏതാണ്ട് 700 കോടി രൂപയുടെ അധിക ഉൽപ്പാദനമാണ് പച്ചക്കറിയുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. അത് നേട്ടമല്ലേ? ഭൗതികമായിട്ടുള്ള നേട്ടം കേരളത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞില്ലേ? പുറത്തുപോയി പറയാൻകഴിയാത്ത കാര്യങ്ങൾ ഇവിടെ എഴുന്നള്ളിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ജനകീയാസൂത്രണത്തിലെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം എന്താണ്? താഴെത്തട്ടിൽ കൊടുത്തിട്ടുള്ള പണത്തിന്റെ തോതിൽ യാതൊരു വിവേചനവുമില്ല. ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ കൊടുത്തത് 20 കോടി രൂപയാണ്. ഇപ്പോൾ ശരാശരി ഒരു വർഷം 1000 കോടി രൂപ കൊടുക്കുകയാണ്. ഞങ്ങൾ ജില്ലാ കൗൺസിലിന് കൊടുത്ത 248 കോടി രൂപ നിങ്ങൾ തട്ടിയവരാണ്. നിങ്ങൾക്ക് പറയാൻ ഒരവകാശവുമില്ല. ശ്രീ. ജി. കാർത്തികേയന് ഒരക്ഷരം പറയാൻ പറ്റുകയില്ല. അതുകൊണ്ട് കൈപൊക്കി ഇതിനെ അനുകൂലിക്കുകയല്ലാതെ വേറൊരു മാർഗ്ഗവുമില്ല 250 കോടി രൂപ 1991-ൽ ശ്രീ. നായനാർ ഗവൺമെന്റ് പോകുന്ന സന്ദർഭത്തിൽ കൊടുത്തത് നിങ്ങൾ കവർന്നെടുത്തവരാണ്. രാഷ്ട്രീയമായ ഒരു വിവേചനവും ഇതിനകത്ത് കാണിച്ചിട്ടില്ല. കേരളത്തിൽ രാഷ്ട്രീയ വിവേചനത്തിനതീതമായിട്ടാണ് ജനകീയാസൂത്രണം നടപ്പിലാക്കുന്നത്. ഫണ്ട് അനുവദിക്കുന്നതിലും അതിന്റെ വിനിയോഗത്തിലും വിവേചനമില്ല. നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികൾക്കെല്ലാം പണവും അവസരവും കിട്ടുകയാണ്. അതിന്റെ വിനിയോഗം മെച്ചപ്പെട്ട രീതിയിലാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ ഇപ്പോൾ ഒരു മത്സരം നടക്കുകയാണ്. പദ്ധതികൾ നടപ്പാക്കുന്നതിൽ കുറേക്കൂടി മെച്ചമുണ്ടാക്കുന്നതിന്, ഗ്രാമത്തിന്റെ വികസനത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണിയും ഐക്യജനാധിപത്യമുന്നണിയും എന്ന നിലയിൽ കേരളത്തിൽ നിലനിൽക്കുന്ന ഈ രാഷ്ട്രീയ മുന്നണികൾ തമ്മിലുള്ള മത്സരം, നയത്തെ അടിസ്ഥാനമാക്കിയുള്ള മത്സരം ആ മത്സരത്തിൽ നിന്നും വ്യത്യസ്തമായി വികസനത്തിന്റെ പുതിയൊരു മാനം കേരളത്തിൽ ഉണ്ടാക്കിയിരിക്കുകയാണ്. വികസനത്തിന്റെ പുതിയ ഒരു സംസ്കാരം ജനകീയാസൂത്രണത്തിലൂടെ രൂപം കൊടുത്തിരിക്കുകയാണ്. അത് ഗ്രാമസഭകളിൽ കാണാം. 30 ലക്ഷം പേരാണ് ഗ്രാമസഭകളിൽ പങ്കെടുക്കുന്നത്. ഇവിടെ ചിലർ കളിയാക്കി പറഞ്ഞല്ലോ? ഗ്രാമസഭകൾക്ക് പൂർണ്ണമായ അധികാരം കൊടുക്കുന്നു. അതുകൊണ്ടുതന്നെയാണ് ജനങ്ങൾ അതിൽ പങ്കെടുക്കുന്നത്. ധാരാളം കോൺഗ്രസ് യുവാക്കൾ പങ്കെടുക്കുന്ന ഗ്രാമസഭകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരുപക്ഷേ ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുള്ള അംഗങ്ങൾക്ക് അറിയാം. നിങ്ങളിൽ പലരും പങ്കെടുക്കുന്നുണ്ടാകാം. 30 ലക്ഷം ആളുകൾ പങ്കെടുത്തതിന്റെ കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. കർമ്മ സമിതികളിലൂടെയും അയൽക്കൂട്ടങ്ങളിലൂടെയും കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് പുതിയൊരു കാഴ്ചപ്പാടിനാണ് ജനകീയാസൂത്രണത്തിലൂടെ രൂപം കൊടുത്തിട്ടുള്ളത്. ഈ ജനകീയ ഫണ്ട് കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തിയാൽ തീർച്ചയായും ജനകീയാസൂത്രണം വികസനത്തിന്റെ വമ്പിച്ച ഒരു കുതിച്ചു ചാട്ടമായിരിക്കും. സർക്കാരിന്റെ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ ഏറ്റെടുക്കുന്ന വലിയ പദ്ധതികൾ പോലും ജനകീയാസൂത്രണത്തിലൂടെ ഏറ്റെടുക്കുകയാണ്. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, ജില്ലാ പഞ്ചായത്തുകൾ വിദ്യുച്ഛക്തി പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. കരിമ്പം ഗ്രാമപഞ്ചായത്ത് മൈക്രോ ജലവൈദ്യുത പദ്ധതിയ്ക്കാണ് രൂപം കൊടുത്തിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്ത് ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായത്തിലൂടെ കൃഷി മെച്ചപ്പെടുത്തിയിരിക്കുകയാണ്. ഇതിനൊക്കെ ടീച്ചർ എന്താണ് എതിർക്കുന്നത്? സംസ്ഥാന തലത്തിൽ മികച്ച പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണ് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്ത്. നാടൻ കൃഷി സമ്പ്രദായം പരിഷ്കരിച്ച് അവിടെ നടപ്പാക്കുകയാണ്. കാർഷികമേഖലയിൽ വമ്പിച്ച മുന്നേറ്റമാണ് അവിടെ ഉണ്ടായിരിക്കുന്നത്. ഉൽപ്പാദനം വർദ്ധിച്ചിരിക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ മറ്റൊരു സവിശേഷത ഇതിൽ ജനകീയതയും, സുതാര്യതയും, കാര്യക്ഷമതയും കാണാൻ കഴിഞ്ഞുവെന്നുള്ളതാണ്. പദ്ധതികളിൽ പുതിയ സാങ്കേതിക വിദ്യ ചിലപ്പോൾ കണ്ടില്ലെന്നു വരും. എന്നാൽ പഴയ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ആസൂത്രണവും വികസനവും അവരുടെ സംഘടനാ സവിശേഷതകളാണ്. ഗുണഭോക്തൃകമ്മിറ്റി, മോണിട്ടറിംഗ് കമ്മിറ്റി തുടങ്ങിയ നിർവ്വഹണ ഘട്ടത്തിലുള്ള ജനകീയ സംഘടനാ രൂപങ്ങൾ ഈ പ്രവൃത്തി പരിശോധിക്കുന്നതിനെത്തുടർന്ന് ഗ്രാമസഭയിൽ അതിനെപ്പറ്റി റിപ്പോർട്ടു ചെയ്യുകയാണ്. അതിന്റെ വരവ് ഇത്ര ചെലവ് ഇത്ര എന്ന് ജനകീയ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യുകയാണ്. അത് സുതാര്യമാണ്. അങ്ങനെ റിപ്പോർട്ടു ചെയ്യുന്ന സന്ദർഭത്തിൽ ഒരു ചുമട്ടുത്തൊഴിലാളി സ്വന്തം ഗ്രാമസഭയിൽ തന്നെ അയാൾക്കുണ്ടായ അനുഭവം പറയുകയാണ്. ചല്ലിയുടെയും കല്ലിന്റെയും കണക്കു പറഞ്ഞപ്പോൾ ചുമട്ടുത്തൊഴിലാളി പറയുകയാണ് ഇത് ഇത്രയില്ലല്ലോ? കാരണം ഞാനാണ് ചുമട് എടുത്തു കൊണ്ടു പോയത്. ഇത്ര മാത്രം സുതാര്യമായ ഒരു ഏർപ്പാട് വികസനത്തിൽ മറ്റൊന്നുണ്ടോ? ഇനി അതിൽ വല്ല അഴിമതിയും നടക്കുന്നുണ്ടെങ്കിൽ അതിനാണ് ജുഡീഷ്യൽ പദവിയിലുള്ള ഓംബുഡ്സ്മാൻ നിയമത്തിൽ കൊണ്ടു വന്നിട്ടുള്ളത്. അഴിമതിരഹിതമാക്കാൻ കഴിയുന്ന വിധത്തിൽ ഇതിനെ കൊണ്ടുപോകാൻ കഴിയും. അഴിമതിയും കാലതാമസവും ഒഴിവാക്കാൻ ജനകീയാസൂത്രണത്തിന് സാധിക്കും. കുമരകം, മറ്റത്തൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ നമുക്കിത് വ്യക്തമായി കാണാൻ കഴിയും. മറ്റത്തൂർ ഗ്രാമ പഞ്ചായത്തിലെ പ്രസിഡന്റ് എഴുതുകയാണ്. ജനങ്ങൾ ആഗ്രഹിച്ചു കൊണ്ടിരുന്ന ചെട്ടിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് രൂപം കൊടുത്തിട്ട് 25 വർഷം കഴിഞ്ഞു. ജനങ്ങളുടെ മനസ്സ് മരവിച്ചു പോയി. ആ പദ്ധതിക്ക് പുനർജന്മം നൽകിയത് ജനകീയാസൂത്രണ പദ്ധതിയിലൂടെ ലഭിച്ച അറ്റമില്ലാത്ത അധികാരത്തിന്റെ ഫലമായിട്ടാണ്. ഇതിനെക്കൾ വേറെ എന്താണ് വേണ്ടത്. ശ്രീ. കെ.പി. വിശ്വനാഥന്റെ മണ്ഡല

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും കൂട്ടായ്മയാണ് ഇതിനുവേണ്ടത്. അതാണ് വികേന്ദ്രീകരണ ആസൂത്രണത്തിന്റെ കാര്യക്ഷമത യുടെ ഒരു മുൻ ഉപാധി. മഹാഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരും ഇതിനോട് സഹ കരിക്കുന്നുണ്ട്. ചിലയിടങ്ങളിൽ ഇതിന് തടസ്സം സൃഷ്ടിച്ച ഉദ്യോഗസ്ഥന്മാരു ണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഒരനുഭവം ഞാൻ പറയുകയാണ്. ആ ജില്ലാ പഞ്ചായത്തിന്റെ പൊതുമരാമത്തു വിഭാഗം അവരുടെ മേൽനോട്ടത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഫണ്ട് കൊടുക്കുന്നതിന് വിമുഖത കാണിക്കു കയുണ്ടായി. എല്ലാവരും കൈക്കൂലിക്കാരാണെന്ന് ഞാൻ പറയുന്നില്ല. അവ രിൽ ചിലർ പറയുന്നത് ഇവിടെ ചില മാമൂലുകൾ ഉണ്ടെന്നാണ്. പഴയ കാലത്തെ ഭരണത്തിലെ ഓർമ്മയിൽ നിന്നാണ്. അവിടെ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു. ശ്രീ. ബാലചന്ദ്രമേനോനെ ശ്രീ. കാർത്തികേയന് അറിയില്ലേ? അദ്ദേഹമാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ പ്രതിപക്ഷ നേതാവ്. ആ പ്രതി പക്ഷനേതാവ് അടക്കമുള്ള 5 ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി ഈ ജില്ലാ പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതി കണ്ടു പിടിക്കാൻ വേണ്ടി രൂപീകരിച്ചു. വികസനത്തിൽ ഇത്രമാത്രം സുതാര്യമായ ഒരുരീതി മറ്റൊന്നുണ്ടോ? ആസൂത്രണ ഘട്ടത്തിലും നിർമ്മാണഘട്ടത്തിലും ബഹുജന പങ്കാളിത്തം ഉണ്ടാക്കാൻ കഴിഞ്ഞു. കേരളത്തിലെ ബഹുജനസംഘ ടനകൾ ഇപ്പോൾ മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ വേണ്ടി പ്രഖ്യാപിച്ചുക ഴിഞ്ഞിരിക്കുകയാണ്. ഡി.വൈ.എഫ്.ഐ. കേരളത്തിലെ ഏറ്റവും പ്രധാന പ്പെട്ട ഒരു യുവജന പ്രസ്ഥാനമാണ്. അഞ്ചു ലക്ഷം മനുഷ്യാദ്ധ്വാനം സംഭാ വന ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു. ഇതിനകം രണ്ടു ലക്ഷം മനുഷ്യാദ്ധ്വാനം സംഭാവന ചെയ്തുകഴിഞ്ഞു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലെ ചെറു വണ്ണൂർ ഗ്രാമപഞ്ചായത്തിൽ, ശ്രീ. കാർത്തികേയൻ അവിടെയിരുന്നു ചിരിക്കു ന്നു. ശ്രീ. കാർത്തികേയൻ അത് മനസ്സിലാക്കണം. 30 കൊല്ലമായി ജനങ്ങൾ കാത്തിരുന്നു. പൂർത്തീകരിക്കാൻ കഴിയാത്ത കുടിവെള്ള പദ്ധതിക്ക് 2500 ചെറുപ്പക്കാർ അവിടെ അഞ്ചര കിലോമീറ്റർ നീളമുള്ള പൈപ്പ്ലൈൻ സ്ഥാപി ക്കാനുള്ള ട്രഞ്ച് കീറി അവിടെ യൂത്ത് കോൺഗ്രസ് ഉണ്ടല്ലോ, യൂത്ത് കോൺഗ്രസ് എന്തെങ്കിലും ചെയ്തോ യുവമോർച്ചയുണ്ടല്ലോ. മറ്റു സംഘടന കളില്ലേ? ഈ സംഘടനകൾ എന്തെങ്കിലും ചെയ്തോ എൻ.ജി.ഒ. യൂണിയൻ, കെ.ജി.ഒ.എ., അതുപോലെ കേരളാ കോൺഗ്രസ് (ജോസഫ്) തുടങ്ങിയ പാർട്ടികളെല്ലാം ഈ രീതിയിൽ നിർവ്വഹണ ഘട്ടത്തിൽ മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യുകയാണ്. അങ്ങനെ തികച്ചും ജനോപകാരപ്രദമായിട്ടുള്ള രീതിയിൽ ജനകീയാസൂത്രണം മുന്നേറുന്നു. അതുകൊണ്ടുതന്നെ ഈ ഡിമാന്റുകളെ ഞാൻ പിന്താങ്ങുന്നു. നിർത്തുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ ഒരു സ്വപ്നം അവതരിപ്പിച്ചുകൊണ്ടാണ് ശ്രീ. പി.സി. ജോർജ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. വരുന്ന തെരഞ്ഞെടു പ്പിലും ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്ന് ജനകീയാസൂ ത്രണ പ്രക്രിയ മുന്നോട്ടുകൊണ്ടു പോകുമെന്നുള്ള ഒരു സ്വപ്നം. സ്വപ്നം കാണാനുള്ള അവകാശത്തെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല.

'സ്വപ്നങ്ങൾ, സ്വപ്നങ്ങളേ നിങ്ങൾ സ്വർഗ്ഗകുമാരികളല്ലോ, നിങ്ങൾ ഈ ഭൂമിയിൽ ഇല്ലാതിരുന്നെങ്കിൽ നിശ്ചലം ശൂന്യം ഈ ലോകം'. അതു കൊണ്ട് ശ്രീ. പി.സി. ജോർജും ഇടതുപക്ഷജനാധിപത്യമുന്നണിയും സ്വപ്നം കണ്ടോട്ടെ. ആ സ്വപ്നത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എനിക്ക് തുടക്ക

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഒരു കാര്യം പറയുവാനുള്ളത് ഭരണപക്ഷത്തുനിന്ന് സംസാരിച്ച എല്ലാ ആളുകളും പറഞ്ഞത് പ്രതിപക്ഷം ജനകീയാസൂത്രണത്തേയും അധികാര വികേന്ദ്രീകരണത്തേയും എതിർക്കുന്നു എന്നാണ്. നിങ്ങൾക്ക് അറിയുന്ന ഒരു കാര്യം ഞാൻ അടിവരയിട്ടു പറയുന്നു. കേരളത്തിൽ കോൺഗ്രസും കോൺഗ്രസ് നേതൃത്വം നൽകുന്ന ഐക്യജനാധിപത്യമുന്നണിയും ഇതിന്റെ തുടക്കം മുതൽ ചില ആശങ്കകൾ രേഖപ്പെടുത്തിയത് അല്ലാതെ ഈ പ്രക്രിയയെ ഞങ്ങൾ എതിർത്തിട്ടില്ല. ഒന്നാമത് ഞങ്ങൾക്ക് എതിർക്കാൻ സാധ്യമല്ല. അധികാരവികേന്ദ്രീകരണമാണ് ഈ പറയുന്ന കാര്യം. അധികാരവികേന്ദ്രീകരണമെന്നുള്ളതിന് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ജനകീയാസൂത്രണമെന്നുള്ള ഒരു പേരിട്ടു എന്നു മാത്രം. മഹാത്മാഗാന്ധിയുടെ കാര്യം പറഞ്ഞല്ലോ അധികാരവികേന്ദ്രീകരണം കേരളത്തിൽ കൊണ്ടുവന്നത് ഐക്യജനാധിപത്യമുന്നണിയാണ്. അതുകൊണ്ട് ഞങ്ങൾ അധികാരവികേന്ദ്രീകരണത്തിന് എതിരല്ല. നഗരപാലികാബില്ലും പഞ്ചായത്ത് രാജ് ബില്ലുമൊക്കെ ഞങ്ങൾ കൊണ്ടു വന്നതാണ്.നിങ്ങൾ അധികാരത്തിൽ വന്ന് ഇതിനൊരു പേരിട്ടു.

ശ്രീ. കെ.എം. മാണി : യു.ഡി.എഫ്. പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമത്തിലെ 175-ം വകുപ്പിൽ വിഭാവന ചെയ്യുന്ന സംവിധാനമല്ലേ ജനകീയാസൂത്രണം?

ശ്രീ. ജി. കാർത്തികേയൻ : അതേ ഗ്രാസ് റൂട്ട് പ്ലാനിംഗ് ഞങ്ങൾ കൊണ്ടു വന്നതാണ്. അതുകൊണ്ട് ഐക്യജനാധിപത്യമുന്നണി അതിന് എതിരാണന്നുള്ള ഈ പ്രചരണം തന്നെ തെറ്റാണ്. പക്ഷേ ഇതിനകത്ത് നടക്കുന്ന തെറ്റുകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കണ്ടേ? കേരളത്തിലെ പ്രതിപക്ഷത്തിന്റെ മൗലികമായ ബാദ്ധ്യത എന്താണ്? നിയമവിരുദ്ധമായ കാര്യങ്ങൾ ഭരണതലത്തിലുടെ പഞ്ചായത്തിൽ ബ്ലോക്കു പഞ്ചായത്തിൽ, ജില്ലാ പഞ്ചായത്തിൽ നടന്നാൽ അത് ഞങ്ങൾ ചൂണ്ടിക്കാണിക്കേണ്ടേ? ഈ ഗവൺമെന്റിന് ഒരു ദോഷമുണ്ട്. ഈ ഗവൺമെന്റ് ദേവേന്ദ്രനെപ്പോലെയാണ്. പക്ഷേ അദ്ദേഹത്തിന് ഒരു സ്വഭാവമുണ്ട്. സമാധാനം കിട്ടാൻ വേണ്ടി ഭൂതലത്തിൽ എവിടെയെങ്കിലും ആരെങ്കിലും തപസ് ചെയ്താൽ പുള്ളിക്ക് ഇഷ്ടപ്പെടില്ല. അങ്ങനെ തപസ്ചെയ്യുന്ന ആളുകളുടെ തപസ് ഇളക്കി നശിപ്പിക്കുന്നതിനുവേണ്ടി രംഭ, മേനക, തിലോത്തമമാരെ വിടും. അങ്ങനെയാണല്ലോ വിശ്വാമിത്രന്റെ കഥ. ആരെങ്കിലും എന്തെങ്കിലും എവിടെയെങ്കിലും ചെയ്താൽ തന്റെ ശക്തി പോകുമെന്നുള്ള പേടികൊണ്ട് ദേവേന്ദ്രൻ കാണിച്ചിട്ടുള്ള കഥകൾ പുരാണങ്ങളിൽ ധാരാളമുണ്ട്. അത്തരം ദേവേന്ദ്രന്മാർ ഇവിടെ നിൽക്കുന്നുണ്ട്. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെടുത്തി, ഭരണതലവുമായി ബന്ധപ്പെടുത്തി ഏതെങ്കിലും കാര്യങ്ങൾ വരുമ്പോൾ ഞങ്ങൾ അഭിപ്രായം പറയണ്ടേ? പൊതുവായിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത് ഇവിടെ ശ്രീ. ജയരാജൻ ചെയ്തതുപോലെ ഏതെങ്കിലും ഒരു പഞ്ചായത്തിലെ ഒരു കാര്യം പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞതായി ഒരു ഗവൺമെന്റ് പ്രസിദ്ധീകരണത്തിൽ, പി.ആർ.ഡി. ഉദ്യോഗസ്ഥൻ എഴുതി ചേർക്കുന്ന വാചകങ്ങളെ കാട്ട് ചെയ്താൽ കേരളത്തിലെ പഞ്ചായത്തുകളുടെ ത്രിതല പഞ്ചായത്തിന്റെ സംവിധാനത്തിന്റെ ജനകീയാസൂത്രണത്തിന്റെ അഭിപ്രായമാകില്ല എന്നുള്ളത് വിനയപുരസ്സരം ഞാൻ പറയുന്നു. മൂന്നു വർഷം പിന്നിട്ടു. നിങ്ങളുടെ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഊന്നുവടിയാണ് ജനകീയാസൂത്രണം-ത്രിതല പഞ്ചായത്ത് സംവിധാനം ആരോ പറഞ്ഞു പ്രാരംഭ ദിശയെന്ന്. എന്ത് പ്രാരംഭ ദിശ? ഈ ഗവൺമെന്റ് വന്നിട്ട് മൂന്നു വർഷം കഴിഞ്ഞു. ജന

LIBRARY ARCHIVES Kerala Legislative Assembly

കീയാസൂത്രണം വന്നിട്ട് രണ്ടര വർഷമാകാൻ പോകുന്നു. എന്താ പ്രാരംഭദിശ? പ്രധാനപ്പെട്ട സമയം കടന്നു പോയിരിക്കുന്നു. ഈ സമയത്ത് കേരളത്തിലെ പ്രതിപക്ഷം പറയുന്നത് മാറ്റി വയ്ക്കുകയാണ്. ജനകീയാസൂത്രണമെന്നുപറയുന്ന മഹാപ്രക്രിയ-ജനങ്ങളുടെ പങ്കാളിത്തം അതിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്കുപഞ്ചായത്തുകളുടെയും ജില്ലാപഞ്ചായത്തുകളുടെയും പ്രവർത്തനങ്ങൾ എവിടെ എത്തി നിൽക്കുന്നു എന്നു നോക്കുവാനുള്ള ഒരു ബാദ്ധ്യത നമുക്കില്ലേ? ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രവർത്തകരെന്നുള്ള നിലയിൽ ഈ നിയമസഭയിലെ അംഗങ്ങൾക്ക് അതിനുള്ള അധികാരമില്ലേ കേരളത്തിലെ രാഷ്ട്രീയ നേതൃത്വത്തിന് ഇല്ലേ? സാസ്ക്കാരികനായകന്മാർക്ക് ഇല്ലേ?. ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ജനതയുടെ മനസ്സിൽ നിങ്ങൾ ഏൽപ്പിച്ച ഒരു പ്രതീക്ഷ എന്താണ്? ജനകീയാസൂത്രണം. ആ ഒരു പ്രതീക്ഷ ഇന്ന് ഏൽപ്പിച്ചിരിക്കുന്ന ആഘാതമെന്താണ്? ജനകീയാസൂത്രണത്തിന്റെ ഗുണഫലങ്ങൾ എവിടെയെങ്കിലും കാര്യമായിട്ടുണ്ടോ? ഇവിടെപറഞ്ഞല്ലോ ഞങ്ങൾ പൂർത്തീകരിച്ചു എന്ന് ഫിസിക്കൽ ടാർജറ്റ് അച്ചീവ് ചെയ്തോ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെയുണ്ടല്ലോ? ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടിക്ക് പറയാമോ?. ഫിസ്ക്കൽ ടാർജറ്റ് നിങ്ങൾ അച്ചീവ്ചെയ്തോ? ഫൈനാഷ്യൽ ടാർജറ്റ് അച്ചീവ് ചെയ്യും ശരിയാണ്. ഡെപ്പോസിറ്റ് കൂടും. അഡ്വാൻസ്കൊടുത്തും പി.ഡി. അക്കൗണ്ടിൽ ഇട്ടുമൊക്കെയുണ്ടല്ലോ. ധാരാളം സാധ്യമാകും. പക്ഷേ ഫിസ്ക്കൽ ടാർജറ്റ് നിങ്ങൾ അച്ചീവ് ചെയ്തോ? ചെയ്തില്ല. പിന്നെ എങ്ങനെയാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ജനകീയാസൂത്രണം വരുന്നതിനുമുൻപ് സെൻട്രലൈസ് പ്ലാനിംഗ് ഉള്ളപ്പോൾ ഫിസ്ക്കൽ ടാർജറ്റ് എപ്പോഴെങ്കിലും അച്ചീവ് ചെയ്തിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് പറയുന്നത് ഒന്നിന്റെ കുറ്റം. അത് അഡ്മിറ്റ് ചെയ്തു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മന്ത്രി ഇൻഡയറക്ടായിട്ട് സമ്മതിക്കുകയാണ്. ടാർജറ്റ് അച്ചീവ് ചെയ്തില്ലായെന്ന്. ഞാനൊരു കാര്യം ചോദിക്കട്ടെ, ഞങ്ങളുടെ കാലത്തുണ്ടായിരുന്നതിന്റെ പകുതിപോലും ഫിസ്ക്കൽ ടാർജറ്റ് ഇപ്പോൾ അച്ചീവ് ചെയ്യുന്നില്ല എന്നുള്ള കാര്യം അങ്ങേക്കറിയുമോ?

ശ്രീ. ജി. കാർത്തികേയൻ : എനിക്ക് അത് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയണമെന്ന് പറഞ്ഞത്. ഇത് വിലയിരുത്തുമ്പോൾ ഗ്രാമതലങ്ങളിലുള്ള ഉല്പാദനവും, ഉല്പാദനക്ഷമതയും നോക്കണം. ഇവിടെ ശ്രീ. ജയരാജന്റെ പ്രസംഗം കേട്ടാൽ തോന്നും കേരളത്തിലെ കാർഷിക മേഖലയിലും വ്യാവസായികമേഖലയിലും പുത്തുലഞ്ഞു നിൽക്കുകയാണെന്ന്. നിങ്ങൾ തന്ന കണക്കുകൾ പറയാം ഈ മാർച്ച് 31 വരെ നിങ്ങൾ 50 ശതമാനം എങ്കിലും ചെലവിട്ടോ? പിന്നെ എന്താ? ഇവിടെ വികസനമില്ല. ഇവിടെ ഏതോ റോഡുകളുടെ കണക്കു പറഞ്ഞു. അത് തമിഴ്നാട്ടിലേതാണ്. കേരളത്തിൽക്കൂടി സഞ്ചരിച്ച് വരുന്ന ഇവിടെയിരിക്കുന്ന ഭരണകക്ഷി എം.എൽ.എ.മാർ അടക്കമുള്ള ആളുകളും ഉദ്യോഗസ്ഥൻമാരും പത്ര പ്രതിനിധികളും അത്ഭുതപ്പെട്ടു നിൽക്കുന്നു, ഇന്ന് ആരോ 5000 കിലോമീറ്റർ റോഡിന്റെ കാര്യം പറഞ്ഞു. ഏത് സംസ്ഥാനത്തെ കാര്യമാണ്? കേരളത്തിലെ റോഡുകളും പാലങ്ങളും എവിടെ നിൽക്കുന്നു? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരിക്കൽ പ്രസംഗിച്ചു. 'വികസനമെന്നാൽ റോഡുകളും പാല

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും നിർമ്മിക്കൽ അല്ല എന്ന്. അത് ശരിയാണ്. റോഡുകളും പാലങ്ങളും നിർമ്മിക്കലല്ല വികസനമെന്നുള്ളത്. അപ്പോൾ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട, ജീവിതത്തിന്റെ മുഖ്യധാരയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ നിങ്ങൾ മാറ്റി വച്ചിരിക്കുന്നു. പിന്നെ എന്ത് വികസനമാണ് ഇവിടെ നടക്കുന്നത്? കാർഷികമേഖലയാണ് പ്രധാനമായിട്ടുള്ളത്. ഞാൻ ഒരു പാട് സംസാരിക്കുന്നില്ല, ആസൂത്രണസഹായി-കാർഷികമേഖലയിലെ ഐ. എസ്. ഗുലാത്തിയാണല്ലോ നമ്മുടെ മാർഗ്ഗദർശി. അദ്ദേഹം പറഞ്ഞിരിക്കുന്നത് അധികാര വികേന്ദ്രീകരണത്തിലൂടെയും പ്രദേശിക സാധ്യതകൾ കണക്കിലെടുത്ത് ജനപങ്കാളിത്തത്തോടുകൂടിയും കാർഷിക പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ ഇന്ന് നാം നേരിടുന്ന കാർഷിക പ്രതിസന്ധി പരിഹരിച്ച് സ്ഥായിയായ ഒരു കാർഷിക വളർച്ച സാക്ഷാത്ക്കരിക്കുവാൻ നമുക്ക് കഴിയുകയുള്ളു എന്നാണ്. എത്ര കണ്ടു നമ്മൾ ഇവിടെ? ആസൂത്രണ സഹായിയിലെ നിങ്ങളുടെ കാഴ്ചപ്പാടുകളാണ്. 1998 ലെ സാമ്പത്തിക അവലോകനത്തിൽ ഇതുണ്ട്. ഇവിടെ ശ്രീ. ജയരാജൻ എവിടെത്തെയോ ഒരു കണക്കു പറഞ്ഞു. ഇതിനകത്ത് കൃഷിക്കും ജലസേചനത്തിനും പഞ്ചവൽസര പദ്ധതികളുടെ ആദ്യഘട്ടത്തിൽ ഹെക്ടർ അടിസ്ഥാനത്തിലുള്ള മൊത്തം കാർഷിക വരുമാനത്തിൽ ഏറ്റവും മുൻപന്തിയിൽ നിന്നിരുന്ന കേരളത്തിന് പിൽക്കാലത്ത് ഈ അഭിമാനകരമായ സ്ഥിതി നില നിർത്താൻ സാധിക്കാതെ പോയത് വിളകളുടെ കാര്യത്തിൽ. മറ്റു സംസ്ഥാനങ്ങൾ കൈവരിച്ച ഉൽപ്പാദനക്ഷമതയും വർഷാനുപാതികമായ നേട്ടവും കൈവരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇക്കാര്യത്തിൽ കേരളം നാലാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. എവിടെയാണ് കാർഷിക മേഖല മുന്നോട്ടു പോയത്? ഉൽപാദനത്തേയും ഉൽപാദനക്ഷമതയെയുംക്കുറിച്ചും കണക്കു പറഞ്ഞല്ലോ. സാമ്പത്തിക അവലോകനം 1998 ഞാൻ ഉദ്ധരിക്കാം. കേരളത്തിലെ പ്രധാനപ്പെട്ട വിളകളുടെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത .... ഇവിടെ ഓരോന്നിന്റെയും കണക്കുകൾ പറഞ്ഞല്ലോ. എത് മേഖലയിൽ? ജനകീയാസൂത്രണം വന്നതിനുശേഷം കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട മേഖലകൾ പുറകോട്ടു പോയതായി സംസ്ഥാന ആസൂത്രണ വകുപ്പ് ഇറക്കിയിരിക്കുന്ന സാമ്പത്തികാവലോകനത്തിൽ പറയുന്നു. ഞാൻ ഒരുപാട് സമയം എടുക്കില്ല. നെല്ല്, 1995-96-ൽ ഒൻപതു ലക്ഷത്തിൽ അൻപത്തിമൂവായിരത്തിൽ ചിലാനം ടൺ, 1996-97-ആയപ്പോൾ അത് എട്ട് ലക്ഷത്തിലധികം, 1997-98-എന്ന് പറയുന്നത് ജനകീയാസൂത്രണത്തിന്റെ പ്രാദേശിക ഭരണത്തിന്റെ മൂർത്തിമദ് ഭാവത്തിലേക്ക് വന്ന വർഷം അപ്പോൾ 7,64,000 ടൺ ഉൽപ്പാദനക്ഷമതയോ 1996-ൽ രണ്ടായിരത്തി ഇരുപത്തിമൂന്ന് ടൺ 1996-97 ആയപ്പോൾ 2022 ടൺ 1997-1998 ആയപ്പോൾ എവിടെ ഉൽപാദനക്ഷമത? പാലക്കാട് ഒരു ജില്ലാ പഞ്ചായത്തിൽ ശ്രീ.വി.എസ്. അച്യുതാനന്ദൻ വന്ന് കൊയ്ത്ത് ഉൽസവം നടത്തിയ ഒരു പരിപാടിയുടെ വാർത്ത എടുത്ത് ഉദ്ധരിച്ചുകൊണ്ട് കേരളത്തിന്റെ നെല്ലുൽപ്പാദനം വർദ്ധിച്ചുവെന്ന് പറയുന്നത് വസ്തുതക്കൾക്ക് എതിരല്ലേ? ആദ്യം പറഞ്ഞത് നെല്ലിന്റെ ഉൽപ്പാദനം ടൺ അടിസ്ഥാനത്തിലാണ് രണ്ടാമത് പറഞ്ഞത് ഉൽപ്പാദനക്ഷമത, രണ്ടും പറഞ്ഞിരിക്കുന്നു. വാഴക്കന്ന് കൊടുത്ത കാര്യവും മരച്ചീനിയുടെ കാര്യവും നാളികേരത്തിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് നിങ്ങൾ തന്നിരിക്കുന്ന കണക്കിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത് ഉല്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞിരിക്കുന്ന. ജനകീയാസൂത്രണം അതിന്റെ ശക്തമായ മുന്നോട്ടുള്ള പ്രയാണത്തിൽ അകപ്പെട്ടിരിക്കുകയാണ്. കണ്ണൂരിൽ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തുകൾ കൂടിക്കാണും ഞാൻ എതിർക്കുന്നില്ല. വ്യക്തികൾക്ക് ആനുകൂല്യം കൊടുക്കണം. വ്യക്തികൾക്ക് ആനുകൂല്യം കൊടുക്കുന്നതല്ലല്ലോ വികസന മെന്ന് പറയുന്നത്. ശ്രീ. പ്രകാശ് ബാബു റോഡുകളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു, നിങ്ങൾ വില്ലേജ് റോഡുകൾ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചാ യത്തിനും മറ്റ് കൊടുത്തു, പഴയ കണക്കുകൾ ആവർത്തിക്കേണ്ടതില്ല. 800 സ്ക്കൂളുകളുടേയും എത്രയോ ആശുപത്രികളുടേയും 800-ഓളം റോഡുകളു ടെയും പണി അന്ന് നിങ്ങൾ മാറ്റിവച്ചില്ലേ, അത് വീണ്ടും നടത്തുന്നതിന് നിങ്ങൾ പത്ത് നയാപൈസ മാറ്റിവച്ചോ? ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുന്നതോടൊപ്പംതന്നെ കേരളത്തിൽ വർഷങ്ങളായി നടന്നുവരുന്ന റോഡ്, പാലം, ആശുപത്രി കെട്ടിടങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ തുടങ്ങിയ സ്ഥായിയായ വികസനപ്രവർത്തനങ്ങൾ നിശ്ചലമായി നിൽക്കുന്നു. എവിടെ യാണ് പുരോഗതി? നിങ്ങളുടെ പരിപാടികൾ എന്തുകൊണ്ട് പരാജയപ്പെ ടുന്നു? ഞാൻ കണക്കുകളിലേക്ക് പോകുന്നില്ല. പ്രവർത്തനം നടക്കുന്നു, നിങ്ങൾ തന്ന കണക്കനുസരിച്ച് ജനകീയാസൂത്രണപരിപാടി നടക്കുന്നില്ലാ യെന്ന് ഞാൻ പറയുന്നില്ല. ജനകീയാസൂത്രണത്തിന്റെ പ്രചരണത്തിന് ലഘു ലേഖ അച്ചടിക്കാൻ മാത്രം 6-1-1999-വരെ ഒരു കോടി എൺപത്തിനാല് ലക്ഷം രൂപ ചെലവാക്കി, വേണ്ടെന്നല്ല ഞാൻ പറഞ്ഞത്. പക്ഷേ പ്രചരണത്തിനും സെമിനാറുകൾക്കും സംസ്ഥാനതല ഉദ്ഘാടനത്തിനും കലാജാഥ കൾക്കുംവേണ്ടി നമ്മൾ പണം ചെലവഴിക്കുമ്പോൾ ഉല്പാദനവും ഉൽപാദന ക്ഷമതയും എവിടെ നിൽക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഈ പ്രചരണ ത്തിനുവേണ്ടി പ്ലാൻ ഫണ്ട് അല്ല ചെലവഴിക്കുന്നത്. അതിന് പ്രത്യേക ഫണ്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : എന്നാൽ ഇത്രയും രൂപ ആകാമോ.

ശ്രീ. കെ.എം. മാണി : ഇത്രയും രൂപ വികസനത്തിനുവേണ്ടി ചെലവ ഴിക്കാൻ കഴിയുമായിരുന്നില്ലേ?

ശ്രീ. ജി. കാർത്തികേയൻ : പദ്ധതിയിലെ പണമല്ലെങ്കിലും വേറെ പണമാണെങ്കിലും പ്രചരണത്തിനുവേണ്ടിയും കലാജാഥകൾക്ക് വേണ്ടിയും ഈ കൊച്ചു കേരളത്തിൽ ഇത്രയും രൂപ ചെലവഴിക്കണമോ? അതല്ലേ പ്രശ്നം. നമ്മൾ അറിയാതെ കിടന്ന് ചാടിയിട്ട് കാര്യമില്ല. ജനകീയാസൂത്രണം വിപ്ലവകരമാണ്, ജനകീയാസൂത്രണത്തിൽ ധാരാളം പ്രാരാബ്ധങ്ങളുണ്ട്. ഇതിന് ആദ്യം കർമ്മ സമിതി കൂടും പിന്നെ ഗ്രാമസഭ, നമ്മളൊക്കെ പങ്കെടു ക്കുന്ന വികസനസെമിനാറുകൾ, ഇതെല്ലാം കഴിഞ്ഞാണ് പഞ്ചായത്ത് പ്രസി ഡന്റുമാരും മെമ്പർമാരും പ്രോജക്ട് തയ്യാറാക്കുന്നത്. പ്രോജക്ട് ഉണ്ടാക്കിക്ക ഴിഞ്ഞാൽ ജോലി തീർന്നോ, ആ പ്രോജക്ടുകളും കൊണ്ട് നേരെ ജില്ലയി ലേക്കും വിദഗ്ദ്ധസമിതിയിലേക്കും പോകുന്നു. പിന്നെ എന്തിനാണ് കർമ്മ സമിതിയുടെ അർത്ഥം? ഗ്രാമസഭയുടെ റോൾ എന്താണ്? നമ്മളൊക്കെ പങ്കെ ടുക്കുന്ന വികസന സെമിനാറിന്റെ അർത്ഥമെന്താണ്? അതിന്റെ ശക്തി എന്താ ണ്. ഇതിനൊന്നിനും ശക്തിയില്ല. ഇതൊക്കെ മാസങ്ങളോളം ഇവിടെയിരി ക്കുന്ന മേലാളൻമാരുടെ അനുവാദത്തിനുവേണ്ടി കാത്തിരിക്കുമ്പോൾ ധാരാളം സമയം പോകുന്നു. നിങ്ങൾ മാർച്ച് ഒന്നിനും ഇരുപതിനും ഇടയ്ക്ക് മൂന്നാം ഗഡു കൊടുത്തു, നിങ്ങൾ നാലാം ഗഡു മാർച്ച് 30-ന് കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിക് പ്ലാനിംഗ് കമ്മിറ്റി (ഡി.പി.സി)യ്ക്ക് ഡിസംബറിൽ അംഗീകാരം കൊടുത്തു, അങ്ങ് കൂടി ഇത് കേൾക്കണം, ഈ മൂന്ന് മാസം കൊണ്ട് ബാക്കി രൂപ എങ്ങനെ ചെലവാക്കും? അപ്പോൾ അഴിമതി നടക്കും അല്ലെങ്കിൽ ചെല വാക്കാൻ കഴിയുകയില്ല. നമ്മൾ ഇത് കാണണ്ടേ? അതിനോടൊപ്പം വേറെ ഒന്നുകൂടിയുണ്ട്. നമ്മുടെ സംസ്ഥാനത്ത് ദാരിദ്ര്യനിർമ്മാജന പരിപാടികളുണ്ട്. ഐ.ആർ.ഡി.പി.സി.ഡബ്ല്യൂ. സി.ആർ.എം, മില്ല്യൻ വെൽ സ്കീം അങ്ങനെ ധാരാളമുണ്ട്. ഇതൊക്കെ ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണന്റെ വകുപ്പിൻ കീഴിലുള്ളതാണ്. ഇന്ന് രാവിലെ നമ്മുടെ റൂമിൽ ഒരു പുസ്തകം കിട്ടി. ഇങ്ങനെ ഒരു വകുപ്പ് ജീവിച്ചിരിപ്പുണ്ടല്ലോ. അതിൽ ഒരു കാര്യം പറഞ്ഞിട്ടു ണ്ട്. ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ വിജയകരമായി 3 വർഷം പിന്നിട്ടിരിക്കുന്നു. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 3 വർഷം എന്നത് തുലോം തുച്ഛമായ ഒരു കാലമാണ്. അഞ്ച് വർഷത്തിൽ പിന്നെ നിങ്ങൾക്ക് തുലോം തുച്ഛമായ കാലം എത്രയാണ്? കേന്ദ്രഗവൺമെന്റിന്റെ ഐ.ആർ.ഡി.പി. തുടങ്ങിയ പല സ്കീമുകൾ എല്ലാം കൂടി പുതിയ പേരു കളും പുതിയ ഒരു പ്രോജക്ടും വന്നല്ലോ, അത് മാർച്ചിലാണ് തുടങ്ങേണ്ടിയി രുന്നത്, ഇന്ന് ജൂൺ 29-ആണ്, ഒരു ഗൈഡ് ലൈൻ പോലും ആയിട്ടില്ല. നിങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരെ ഐ.എം.ജി.യിൽ ഒരു സെമി നാറിന് വിളിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കണം ഐ.എം.ജി.യിൽ, സെമിനാറിന് വിളിച്ചപ്പോൾ സെമിനാറിന് വിളിക്കപ്പെട്ടവർക്ക് എന്ത് കേൾക്ക ണമെന്നറിയില്ല, വിളിച്ചവർക്ക് എന്ത് പറയണമെന്നറിയില്ല, അതിനുള്ള സ്ട്രെംഗ്ത്തും ഇല്ലായിരുന്നു. അതുകൊണ്ട് ഐ.എം.ജി.യിൽ വിളിച്ച പുതിയ പ്രോജക്ടിനെക്കുറിച്ചുള്ള സെമിനാർ നടക്കാതെ പിരിച്ചുവിട്ടു. ബ്ലോക്ക് പ്രസി ഡന്റുമാരും സെക്രട്ടറിമാരും അവിടെ പോയിട്ട് ദശലക്ഷം മില്ല്യൻ സ്കീം, ഐ.ആർ.ഡി.പി.കുട്ടികൾക്കുള്ള പരിപാടികൾ ഇവയൊക്കെ നടക്കുന്നുവെ ന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി വകുപ്പു മാറുന്നുവെന്ന് പറയുന്നു. ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. തൊഴിൽ ഉറപ്പു പദ്ധതി ശ്രീ. നരസിംഹ റാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ ആദ്യം 12 ബ്ലോക്കുകൾക്കേ ഉണ്ടായിരുന്നുള്ളൂ. പിന്നെ നിങ്ങളുടെ ശ്രമത്തിൽ എല്ലാ ബ്ലോക്കുകളിലേക്കും വന്നു. അതിന്റെ സ്ഥിതി എന്താണ് കേന്ദ്രഗവൺമെന്റിന്റെ ഇ.എ. എസിൽനിന്നും ലഭിക്കേണ്ട സെക്കന്റ് ഇൻസ്റ്റാൾമെന്റ് പോലും കഴിഞ്ഞത വണ കിട്ടിയിട്ടില്ല. കേരളം മുഴുവൻ ആളുകൾ ജോലി ചെയ്ത് ഇട്ടിരിക്കുകയാ ണ്. എന്തുകൊണ്ടാണ് പണം കിട്ടാതിരിക്കുന്നത്? ഇതിന്റെ ഡീറ്റെയൽഡ് റിപ്പോർട്ട് കേന്ദ്രത്തിൽ അയച്ചു കൊടുക്കണം. അത് ചെയ്തത് 12 ബ്ലോക്കു കൾ മാത്രമാണ്. വിശദമായ ആഡിറ്റ് റിപ്പോർട്ട് കേന്ദ്രത്തിൽ അയയ്ക്കാത്തതു കൊണ്ട് കേരളത്തിൽ 182 ബ്ലോക്കുകളിൽ 12 ബ്ലോക്കുകൾക്ക് മാത്രമാണ് ഇ. എ.എസ്സിന്റെ സെക്കന്റ് ഇൻസ്റ്റാൾമെന്റ് വന്നിട്ടുള്ളത്. അങ്ങനെ ബ്ലോക്കുക ളിൽ വികസനം ഇല്ലാതെ ഇവിടെവന്ന് വിവരങ്ങൾ ഒന്നും അറിയാതെ ജനകീ യാസൂത്രണമെന്ന് കേട്ടാൽ എന്തോ പാർട്ടി പരിപാടിയാണോ? അത് പാർട്ടി പരിപാടിയൊന്നുമല്ല. കേരളത്തിൽ ഞങ്ങൾ കൂടി പിന്തുണ തരുന്ന വികസന പരിപാടിയാണ്. അതുപോലെ ജനകീയ മത്സ്യക്കൃഷിക്ക് അങ്ങ് 5 കോടി മത്സ്യക്കുഞ്ഞുങ്ങളെ കടലിലോട്ട് ഇട്ടിട്ട് എന്തായി എന്നറിയേണ്ടതല്ലേ? 5

LIBRARY ARCHIVES Kerala Legislative Assembly

കോടി മത്സ്യക്കുഞ്ഞുങ്ങളെ ജനകീയ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് അങ്ങയുടെ കണക്കിൽ 1996-97-ൽ 6.53 ലക്ഷം ടൺ 1997-98-ൽ 5.75 ലക്ഷം ടൺ ആയി, ഇത് സർക്കാർ തന്ന പുസ്തകത്തിലാണ്. ജനകീയാസൂത്രണം ശക്തിയായി മുന്നോട്ടു നീങ്ങുമ്പോഴും മത്സ്യക്കൃഷി മേഖലയിൽ 5 കോടി മത്സ്യക്കുഞ്ഞുങ്ങളെ വിടുമ്പോഴും ഇതിനകത്ത് അച്ചീവ്മെന്റിൽ കുറവുവന്നിരിക്കുന്നു. നിങ്ങൾ ഇറക്കിയിരിക്കുന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യമാണ്. നമ്മളൊക്കെ നഗരത്തിലാണ് താമസിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്നയുടനെ ഈ നഗരത്തിൽ, കോർപ്പറേഷൻ ഗ്രീൻ സിറ്റി ക്ലീൻ സിറ്റി കൊണ്ടുവന്നു, അത് ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാം. അത് വരുന്നതിനുമുമ്പ് ശ്രീ. എ.കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയും ഞങ്ങളൊക്കെ മന്ത്രിമാരും ആയിരുന്നു. ഇന്ന് ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേക്ക് ഒരു കുടിയേറ്റമുണ്ടാകുന്നു. നമുക്ക് നഗരങ്ങളിൽ പോയി രാപാർക്കാമെന്നുള്ള ശ്ലോകം തന്നെ വന്നിരിക്കുന്നു. പ്രത്യേകിച്ച് തിരുവനന്തപുരത്തെ ആളുകൾക്ക് ഒരു സ്വഭാവമുണ്ട്. 10 സെന്റ് പുരയിടവും വാങ്ങും അവിടെ ഒരു വീടും വയ്ക്കും. അവിടെ താമസിക്കുകയും ചെയ്യും, എന്നിട്ട് തിരുവനന്തപുരത്തെ കുറ്റം പറയുകയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് ക്ഷമിക്കണം. ഞാൻ ഒരു പ്രാദേശിക വാദിയല്ല, ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ സംസ്ഥാന തലത്തിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന ഒരാളാണ്. തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരത്തിന്റെ സ്ഥിതി എന്താണ്? നാടും നഗരവും നാറുകയാണ്. ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. ക്ലീൻ സിറ്റി ഇന്ന് അൺ ക്ലീൻ സിറ്റിയാണ്; അഗ്ലി സിറ്റിയാണ്. തിരുവനന്തപുരം ആരുടേയും വകയല്ല. തിരുവനന്തപുരം കേരളത്തിന്റെ തലസ്ഥാന നഗരമാണ്. തിരുവനന്തപുരം പോലെ തന്നെയാണ് കോഴിക്കോടും എറണാകുളവും എല്ലാം. ഇവിടെ ശ്രീ. ബാബു ദിവാകരൻ സംസാരിക്കുമ്പോൾ എൺവയോൺമെന്റുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയുന്നതു കേട്ടു. ഈ നഗരത്തിന്റെ റോഡുകളുടെ കാര്യം മാത്രമല്ല, ഈ നഗരത്തിന് ശാശ്വതമായ ഒരു മോചനം വേണ്ടേ? ദിവസവും പത്രങ്ങളിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ വരുന്നതും ഇലക്ട്രോണിക് മീഡിയാകളിൽ വരുന്നതും മാത്രം മതിയോ? ഞാൻ സത്യസന്ധമായി ചോദിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് എത്രയോ നാളായി തിരുവനന്തപുരത്തു താമസിക്കുന്നു? കേരളത്തിലെ തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളുടെ വികസനങ്ങളും ശുചിത്വവും വൃത്തിയും മുന്നോട്ടു പോയിട്ടുണ്ടോ, പുറകോട്ടു പോയിട്ടുണ്ടോ? ഗുണകരമായ മാറ്റം എന്താണ് ഉണ്ടായിട്ടുള്ളത്. രാഷ്ട്രീയമായി ആക്ഷേപിക്കുന്നതിനുവേണ്ടി പറയുന്നതല്ല. നിങ്ങൾക്ക് സത്യസന്ധമായ ഒരു പ്രവർത്തനവും ശാസ്ത്രീയമായ ഒരു കാഴ്ചപ്പാടും ഇല്ലാത്തതുകൊണ്ട് നമ്മുടെ നഗരങ്ങളെല്ലാം നാറുന്നു. അത് നമ്മൾ ചിന്തിക്കണ്ടേ? ഇതൊക്കെ എന്തുകൊണ്ടാണ്? ഇതെല്ലാം അമിതമായ രാഷ്ട്രീയവൽക്കരണം തന്നെയാണ്. യാതൊരു സംശയവുമില്ല. പ്ലാനിംഗ് ബോർഡിൽ തുടങ്ങി പാർട്ടി ഓഫീസ് വഴി നമ്മുടെ ഗ്രാമതലത്തിലുള്ള ആളുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു വലിയ രാഷ്ട്രീയ ശൃംഖലയാണിത്. നമ്മുടെ ഫണ്ടിന്റെ, 40 ശതമാനം തുക ഈ രാഷ്ട്രീയ ശൃംഖലയാണ് കൈകാര്യം ചെയ്യുന്നത്. അതുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണത്തിന്റെ തകർച്ചയ്ക്ക് പ്രധാന കാരണം. ഞാൻ രാഷ്ട്രീയത്തെ ആക്ഷേപിക്കുകയില്ല. രാഷ്ട്രീയ ശൃംഖല അതിനെ തകർക്കുന്നു. എല്ലാ തലത്തിലും അവർ തന്നെയാണ് തകർക്കുന്നത്. സേവന മേഖലയെക്കുറിച്ചും ഉല്പാദന മേഖലയെക്കുറിച്ചും പ്ലാനിംഗ് ബോർഡിന്റെ ഗൈഡ്ലൈൻ ഉണ്ട്. വേണ്ട എന്ന് ഞാൻ പറയുന്നില്ല. പക്ഷെ നമ്മുടെ പ്രദേശത്തിന്റെ ഭൂപ്രകൃതി, കൃഷി, മറ്റ് ഭൗതിക സാഹചര്യങ്ങൾ ഇതൊക്കെ അനുസരിച്ചാണോ വികസനം നടക്കുന്നത്? ആളിന്റെ എണ്ണം അനുസരിച്ചാണ് നിശ്ചയിക്കുന്നത്. അങ്ങ് നാട്ടിപുറത്തുള്ള ഒരു ആളാണ്. അങ്ങ് ഒരു കർഷക കുടുംബത്തിൽ ജനിച്ച ആളാണ്. നമ്മൾ ഇപ്പോൾ ജീവിക്കുന്നത് തിരുവനന്തപുരത്താണ്. ആളിന്റെ എണ്ണം അനുസരിച്ചാണെങ്കിൽ കേരളത്തിൽ കൃഷിക്ക് ഏറ്റവുമധികം രൂപ കൊടുക്കേണ്ട സ്ഥലം എവിടെയാണ്? പട്ടം, കേശവദാസപുരം, പാളയം ഇവിടെയൊക്കെയാണ്. എന്റെ ഗ്രാമത്തിലെ കൃഷിക്കാർ എന്തു ചെയ്യും? ഞങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ളതല്ലേ? ശ്രീ. പാലോട് രവിയും പറഞ്ഞിട്ടുണ്ടല്ലോ നിങ്ങൾക്ക് അതിന് സൗകര്യമുണ്ട്, നിങ്ങൾ തിരുവനന്തപുരത്ത് ഇരിക്കുന്നു, ആളിന്റെ എണ്ണം വച്ചിട്ട്..... ആളുകൾക്കറിയാം. എവിടെ മൈനർ ഇറിഗേഷൻ വേണം, എവിടെ ചാലുകൾ വെട്ടണം, എവിടെ നെൽക്കൃഷി വേണം, എവിടെ മറ്റ് സൗകര്യങ്ങൾ വേണം എന്നൊക്കെ. അതിനാണ് ആളുകൾ കൊണ്ടുവരുന്ന പ്രോജക്ടുകൾ അംഗീകരിക്കണം എന്നു പറയുന്നത്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ദൂരദർശൻ നിലനിൽക്കുന്ന കുടപ്പനക്കുന്ന് പഞ്ചായത്തും ശ്രീ. കെ.സി. ജോസഫിന്റെ മലയോരത്തിലെ ആലക്കോട് പഞ്ചായത്തും പരിശോധിച്ചാൽ രണ്ടും രണ്ടാണ്. രണ്ടും രണ്ടാണ് എന്നു പറഞ്ഞാൽ പോരാ. രണ്ടും രണ്ടായി കാണാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? തിരുവനന്തപുരത്തുകാർക്ക് അറിയില്ല. അതാണ് ഈ ബുദ്ധിമുട്ട് വന്നിരിക്കുന്നത്. ജനകീയ പങ്കാളിത്തം അപ്രസക്തമാണ്. ശാസ്ത്രീയമായ കാഴ്ചപ്പാട് ഇല്ലാത്തതുകൊണ്ട് പലപ്പോഴും കുഴപ്പം വരുന്നു. നാട്ടിൻപുറത്ത് തെങ്ങിനും കവുങ്ങിനും ഒരേ തളപ്പു കെട്ടാൻ പറ്റുകയില്ല എന്ന് നമ്മൾ കേട്ടിട്ടുണ്ട്. ഇവിടെ അതാണ്. ഓരോ പ്രദേശത്തിന്റെയും ആവശ്യകതയനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് കഴിയുന്നില്ല. പിന്നെ ഇവിടെ ആരോ പ്രസംഗിക്കുന്നതു കേട്ടു, കോൺട്രാക്ട് സമ്പ്രദായം അവസാനിപ്പിച്ചു എന്ന്. കോൺട്രാക്ട് സമ്പ്രദായം അവസാനിച്ചു. പക്ഷെ ബിനാമി കോൺട്രാക്ടർ എന്നുപറയുന്ന പുതിയ ഒരു കൾച്ചർ ഇന്ന് കേരളത്തിൽ ഉണ്ടായിരിക്കുന്നു. വികസനത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. പണം കൊടുത്തു, പണം കൊടുത്തു എന്ന്. വികസനം എന്നാൽ പണം കൊടുക്കുന്നതാണോ? അല്ല. പണം കൊടുത്താൽ മാത്രം വികസനം ആകില്ല. ശക്തി വിനിയോഗിക്കുന്നതിലൂടെ, കേരളത്തിന്റെ സാഹചര്യങ്ങളുടെ സൂക്ഷ്മ യാഥാർത്ഥ്യങ്ങളിലേക്ക് കടക്കുന്ന ഒരു പുത്തൻ വികസനം, ആ വികസനം എങ്ങനെയായിരിക്കണമെന്ന് ഞങ്ങൾ കൂടി പങ്കെടുക്കുന്ന, ഇതിന്റെ, സംസ്ഥാനതല ഉദ്ഘാടനത്തിൽ മുൻമുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി പറഞ്ഞിട്ടുണ്ട്. അവിടെ വച്ച് ശ്രീ. പി. കെ. വാസുദേവൻ നായരും പറഞ്ഞിട്ടുണ്ട്. ഇത് നിങ്ങൾ തമ്മിലുള്ള ആഭ്യന്തര പ്രശ്നങ്ങളല്ലേ? ഇവിടെയുള്ള പ്രശ്നങ്ങൾ തീർന്നു, തീർന്നു എന്നു പറയുന്നു. തീർന്നിട്ടില്ല. റീ-കോൺസ്റ്റിറ്റ്യൂട്ട് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ സി.പി.

LIBRARY ARCHIVES Kerala Legislative Assembly

ഐ. പ്രശ്നം തീർന്നോ? ജനകീയാസൂത്രണത്തിന്റെ ക്രമക്കേട് അന്വേഷിക്കണം - ശ്രീ. പങ്കജാക്ഷൻ. പ്രശ്നം തീർന്നോ. ധനവിനിയോഗം, അന്വേഷണം വേണം - ആർ.എസ്.പി. ഇതൊന്നും പഴയതല്ല. ഇപ്പോൾ നിലനിൽക്കുന്ന കാര്യമാണ്. ജനകീയാസൂത്രണത്തിന്റെ വിദഗ്ദ്ധ സമിതിയെ ഒഴിവാക്കണം - സി.പി.ഐ. ശ്രീ. ഇ.എം. ശ്രീധരൻ ഇരിക്കും മുമ്പ് കാൽ നീട്ടരുത് - മരിച്ചുപോയ ആർ.എസ്. ഉണ്ണി ഞാൻ ചോദിക്കട്ടേ, ഈ പ്രശ്നങ്ങൾ തീർന്നോ? ബഹുമാനപ്പെട്ട മന്ത്രി അങ്ങ് മറുപടി പറയുമ്പോൾ പറയണം. അങ്ങ് പാവമാണ്. പക്ഷേ പാവമാണെങ്കിലും പാവയാകരുത്. പണ്ടത്തെ സിനിമയിലെ പേരുപോലെ അങ്ങ് പാവം ക്രൂരൻ എന്ന് ഞാൻ പറയുകയില്ല. പക്ഷേ ഒരു ചൊല്ലുണ്ട്. Carelessness wise carefulness അശ്രദ്ധമായി നടക്കുന്ന സ്ത്രീകളെയൊക്കെ പറയാറുണ്ട്. പക്ഷെ with carefulness ആകണം. അങ്ങ് പാവം അഭിനയിക്കുന്നു എന്നു ഞാൻ പറയുന്നില്ല. അതിനെവച്ച് കൂടെ നിൽക്കുന്ന ആളുകൾ മുതലെടുത്ത് ജനകീയാസൂത്രണത്തെ പുറകോട്ട് കൊണ്ടുപോകരുത്. അങ്ങ് ഇതിനു മറുപടി പറയണം. ഞാൻ സഭാ നേതാവിനെ ഇരുത്തിക്കൊണ്ടാണ് പറയുന്നത്. ഈ നിയമസഭയെ വെറും നോക്കുകുത്തിയാക്കരുത്. ഇവിടെ ഒരു നിയമനിർമ്മാണ ഭേദഗതികൊണ്ടുവന്നു. ആ നിയമനിർമ്മാണ ഭേദഗതിയിലൂടെ വിദഗ്ദ്ധ സമിതികളെ മാറ്റിവയ്ക്കുന്ന ഒരു സ്ഥിതിയാണ്. ഇന്നെന്താണ് സ്ഥിതി? ഈ നിയമസഭ അംഗീകരിച്ചതിന്റെ പിറ്റേ ദിവസം സി.പി.ഐ.(എം) ന്റെ സംസ്ഥാനസെക്രട്ടറി ശ്രീ. പിണറായി വിജയൻ പത്രസമ്മേളനം നടത്തി പറഞ്ഞു വിദഗ്ദ്ധ സമിതികൾ തുടരുമെന്ന്. അത് ഇന്നത്തെ പത്രത്തിലും പറഞ്ഞിരിക്കുന്നു. ഞാൻ ഒന്നും പറയുന്നില്ല. X-ാംനമ്പർ സബ്ജക്ട് കമ്മിറ്റിയിലെ അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ഞാനും, ശ്രീ.ടി.എം.ജേക്കബും ശ്രീ. സത്യൻ മൊകേരിയും ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായരും ഒക്കെ പങ്കെടുത്ത കമ്മിറ്റിയിൽ പ്ലാനിംഗ്ബോർഡ് സെക്രട്ടറിയോട് ഞാൻ ചോദിച്ചു, ഈ വിദഗ്ദ്ധസമിതികൾ എന്നുവരെ തുടരുമെന്ന്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരെ ഇരുത്തികൊണ്ട് ധിക്കാരമുള്ള ആ ഉദ്യോഗസ്ഥൻ പറഞ്ഞു, അതിപ്പോൾ പറയാൻ സാധ്യമല്ല. നിങ്ങൾ ഒരു അസംബ്ലി കമ്മിറ്റിയിലാണ് ആൻസർ ചെയ്യുന്നത് എന്ന് ഞാൻ പറഞ്ഞു. ഈ സമിതി എപ്പോൾ വരെ തുടരും എന്ന് പറയാൻ സാധ്യമല്ല എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹു. വകുപ്പുമന്ത്രിയും ഈ നിയമസഭയിൽ ഒരു നിയമം പാസ്സാക്കി. നിയമസഭ പാസ്സാക്കിയ ഈ നിയമം, നിങ്ങൾ നിയമസഭയെ നോക്കുകുത്തിയാക്കുന്ന നാം അംഗീകരിച്ച പ്രമേയം എന്നു നടപ്പിൽ വരും എന്ന് ഇവിടെ മറുപടി പറയുമ്പോൾ പറയണം. അത് അറിയാൻ നിയമസഭയ്ക്കു മാത്രമല്ല, കേരളത്തിലെ ജനങ്ങൾക്ക് അവകാശമുണ്ട്. നിങ്ങൾ അധികാര വികേന്ദ്രീകരണത്തെപ്പറ്റി പറഞ്ഞല്ലോ. തെരഞ്ഞെടുക്കപ്പെട്ട ജനനേതാക്കൻമാരുടെ, പഞ്ചായത്തു മെമ്പർമാരുടെ അവകാശങ്ങളെപ്പറ്റി നിങ്ങൾ പറഞ്ഞല്ലോ. നിങ്ങൾ ധാരാളം കൊടുത്തു എന്നു പറഞ്ഞു. ഞാൻ ഉദ്യോഗസ്ഥന്മാർക്ക് എതിരല്ല എങ്കിലും ഒരു പഞ്ചായത്ത് സെക്രട്ടറിയുടെ മെഴ്സിക്കുമുൻപിൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും പഞ്ചായത്ത് സമിതിയുടെയും അധികാരത്തെ നിർദ്ദേശങ്ങളിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ തളച്ചു കെട്ടിയില്ല? ഏതെങ്കിലും ഒരു പഞ്ചായത്തിന്റെ തീരുമാനം സ്വീകാര്യമല്ല എന്നുവന്നാൽ സെക്രട്ടറിക്ക് ആ തീരുമാനം മാറ്റി എഴുതാമെന്നുള്ള കാര്യം ശ്രീ. പി. വിശ്വന് അറിയില്ലേ? ഈ നിയമം ഇവിടെ വന്നതാണ്. പിന്നെ മറ്റൊന്ന്, അബ്കാരി, പഴയതല്ല, ആവർത്തന വിരസത നിങ്ങൾക്കുമുണ്ടാകും. ഒരു നിയമ ഭേദഗതിയിലൂടെ അധികാരം ജനങ്ങൾക്ക് കൊടുക്കുകയും ഐക്യജനാധിപത്യമുന്നണി കൊടുക്കാത്ത അധികാരങ്ങൾ നിങ്ങൾ കൊടുത്തു എന്ന് പറയുകയും ചെയ്യുന്നു താഴെതട്ടിലുള്ള ഒരു കള്ളുഷാപ്പ്, അബ്കാരിയുമായി ബന്ധപ്പെട്ട ഒരു ബിസിനസ് എവിടെ നിൽക്കണം. എന്നു പറയാനുള്ള അവകാശംപോലും എടുത്തുകളഞ്ഞിട്ട് അതു നിങ്ങൾ തിരുവനന്തപുരത്തുചെന്ന് തീരുമാനിച്ചുകൊള്ളാം എന്നു പറയുന്നത് കേരളത്തിലെ അബ്കാരികളെ രക്ഷിക്കുന്നതിനുവേണ്ടിയാണോ? ജനപ്രതിനിധികളെ അധികാരവികേന്ദ്രീകരണത്തിന് ശക്തി കൂട്ടുന്നതിനാണോ? ഗ്രാമപഞ്ചായത്ത് അസോസിയേഷനിൽ ഭൂരിപക്ഷവും മാർക്സിസ്റ്റുകൾ ആണ്. ഇവിടെ പരിപൂർണ്ണമായിട്ട് ജനകീയാസൂത്രണം കൊണ്ടുവന്നു. ജനകീയാസൂത്രണത്തെ എതിർത്തല്ല ഞാൻ പറയുന്നത്. എന്തുകൊണ്ട് ജനകീയാസൂത്രണം പരാജയത്തിലേക്ക് പോകുന്നു? അങ്ങ് ഉദ്ഘാടനം ചെയ്ത ഒരു സെമിനാർ.ജനകീയാസൂത്രണം ഉണ്ടാക്കിയിരിക്കുന്ന ഫലങ്ങൾ എന്ത്? ജനകീയാസൂത്രണം കേരളത്തിന്റെ വികസനപ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോയോ? കേരളത്തിന്റെ ഉൽപ്പാദനക്ഷമതയെയും ഉൽപ്പാദനത്തെയും വർദ്ധിപ്പിച്ചോ? അത് കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും കേരളത്തെ മുന്നോട്ടു കൊണ്ടുപോയോ? ശക്തി വിനിയോഗിക്കാൻ കഴിഞ്ഞോ എന്നുള്ള വിലയിരുത്തൽ നടത്തുമ്പോൾ, പൂർണ്ണമായി കഴിഞ്ഞില്ല എന്നു ഞങ്ങൾ പറയുമ്പോൾ അതിനെ ആക്ഷേപമായിട്ട് എടുക്കരുത്. പൂർണ്ണമായി കഴിഞ്ഞില്ല എന്നുള്ളതാണ് സത്യം. ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ഏകദിന സെമിനാർ ബഹുമാനപ്പെട്ട സ്പീക്കർ ഉദ്ഘാടനം ചെയ്തു. ശ്രീ. ആര്യാടൻ മുഹമ്മദും ബഹുമാനപ്പെട്ട മന്ത്രിയും ഒക്കെയുണ്ടായിരുന്നു. ഓമല്ലൂർ ശങ്കരൻ തുടങ്ങിയവരെയൊക്കെ അങ്ങേയ്ക്ക് അറിയാമല്ലോ? ശ്രീ. എസ്. ആർ. വി. കെ രാഘവനും ശ്രീ. ആർ ശിവരാജനും ഓമല്ലൂർ ശങ്കരനും ഒക്കെ പറഞ്ഞിരിക്കുന്നത്, 1998-99-ൽ പദ്ധതി പ്രവർത്തനത്തിന് കാലതാമസം സൃഷ്ടിച്ചത് പ്രധാനമായും സർക്കാരിന്റെയും ആസൂത്രണ ബോർഡിന്റെയും ചില ഉത്തരവുകളും നടപടിക്രമങ്ങളും കാരണമാണ് എന്നാണ്. ആസൂത്രിത ഗ്രാമസഭകൾ കർമ്മ സമിതിയുടെ 5 പൊതുയോഗങ്ങൾ, വികസന സെമിനാർ തുടങ്ങി രണ്ടു മാസത്തിലധികം നീണ്ടുനിൽക്കുന്ന നടപടിക്രമങ്ങളാണ് ആസൂത്രണത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടത്. ഇതിനിടയിൽ നിരവധി പരിശീലനക്ലാസ്സുകളും ഉണ്ടായിരുന്നു. ഈ നടപടിക്രമങ്ങളിൽ പൊതുവെ ആവർത്തനവിരസത അനുഭവപ്പെടുകയുണ്ടായി. ഇത്തരം നടപടികളിൽ പരമാവധി ലഘൂകരിക്കേണ്ടതാണ്. ഈ വർഷം പുറപ്പെടുവിക്കപ്പെട്ട ചില സർക്കാർ ഉത്തരവുകൾ ആസൂത്രണ പ്രവർത്തനത്തിൽ വലിയ ആശയകുഴപ്പം വരുത്തിയിട്ടുണ്ട്. ഈ കാര്യങ്ങളിൽ അടിയന്തിരമായി മാറ്റം വരുത്താൻ സർക്കാർ തയ്യാറായില്ലായെങ്കിൽ ഈ വർഷത്തെ പദ്ധതി നിർവ്വഹണം ഫലപ്രദമായി വിജയിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പറയുന്നത്. ഇതാണ് കേരളത്തിന്റെ സ്ഥിതി. ഞങ്ങൾ കൂടെ പിന്തുണയ്ക്കുന്ന പ്രസ്ഥാനം ഇതിനകത്തുണ്ട്. കാരണം ഞങ്ങൾ കൊണ്ടുവന്നതാണ്. ഇതിന് ജൻമം നൽകിയത് ഞങ്ങളാണ്. നിങ്ങൾ അഡീഷണലായി ഒരു പേരിട്ടു എന്നുമാത്രം അവിടെ ചിരിച്ചുകൊണ്ടും ചിരിക്കാതെയുമിരിക്കുന്ന മന്ത്രിമാരൊക്കെയുണ്ടല്ലോ. ഒരു മന്ത്രിയും കാര്യമായി ശ്രീ. എ.കെ. ആന്റണി-യുടെ കാലത്ത് കൊടുത്തതു പോലെയുള്ള അവകാശങ്ങൾ കൊടുക്കാൻ തയ്യാറായിട്ടില്ല എന്നുള്ളതാണ് സത്യം. പക്ഷെ പ്രചരണത്തിനുവേണ്ടിയും രാഷ്ട്രീയ ആയുധമായി പ്രയോഗിക്കുന്നതിനുവേണ്ടിയും നിങ്ങൾക്ക് ജനകീയാസൂത്രണത്തെ വേണം. അങ്ങനെ രാഷ്ട്രീയ ആയുധമായി ഉപയോഗിക്കുന്നതിനുവേണ്ടിയും ജനകീയാസൂത്രണത്തിലും അധികാരവികേന്ദ്രീകരണത്തിലും രാഷ്ട്രീയവൽക്കരണം നടത്തിയതുകൊണ്ടും ഈ പരിപാടി പൂർണ്ണമായി പരാജയപ്പെട്ടതുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :സർ, തദ്ദേശ ഭരണ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട് സഭയുടെ ഇരുഭാഗങ്ങളിൽനിന്ന് നടന്നിട്ടുള്ള ചർച്ചയിൽ അധികാര വികേന്ദ്രീകരണം കൂടുതൽ ശക്തമാക്കുവാൻ ആവശ്യമായ നിർദേശങ്ങൾ ഇവിടെ സമർപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ജനകീയാസൂത്രണ പരിപാടി. അത് കൂടുതൽ ശക്തമാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പർമാരിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും ഈ ചർച്ചയിലൂടെ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ ഗൗരവമായി പരിശോധിച്ച് സഹായകരമായ നിർദേശങ്ങൾ പൂണ്ണമായും ഉൾക്കൊള്ളുമെന്ന് ആദ്യമായി ഞാൻ പറയുകയാണ്. ഇന്നത്തെ ചർച്ച നടക്കുന്ന അവസരത്തിൽ ഞാൻ ഓർത്തുപോയത് മുൻവർഷങ്ങളിൽ നടന്നിട്ടുള്ള ചർച്ചകളെ സംബന്ധിച്ചായിരുന്നു. ഒരു ഭൂകമ്പം സൃഷ്ടിക്കുന്ന രൂപത്തിലായിരുന്നു ആദ്യത്തെ വർഷവും രണ്ടാമത്തെ വർഷവും ഇതുസംബന്ധിച്ച ചർച്ച ഇവിടെ നടന്നത്. സംസ്ഥാന ബഡ്ജറ്റിൽ മൂന്നിലൊന്ന് വരുന്ന സംഖ്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന രംഗത്ത് ചെലവാക്കുന്നതിനുവേണ്ടി കൊടുത്തത് മുഴുവൻ വ്യഥാവിലായി, വികസനം മുരടിച്ചു. പദ്ധതിപണമാകെത്തന്നെ നാനാവിധമായി എന്നുള്ള രീതിയിലുള്ള ശക്തമായ വിമർശനമാണ് ആദ്യഘട്ടത്തിൽ ഉയർന്നു വന്നിട്ടുള്ളത്. അതുമാത്രമല്ല ഒന്നാമത്തെ വർഷത്തിലുള്ള പദ്ധതി പ്രവർത്തനം അവസാനിക്കുന്ന ഘട്ടത്തിൽ ജൂൺ മാസം നമ്മുടെ നിയമസഭ സമ്മേളിക്കുന്ന സന്ദർഭമായിരുന്നു. വിവിധ മേഖലകളിൽ ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള സംഖ്യയെ സംബന്ധിച്ചിടത്തോളം പെരുപ്പിച്ചുകാണിച്ച് ആകെ സമ്പത്തു മുഴുവനും ദുർവിനിയോഗം ചെയ്യപ്പെട്ടുപോകുന്നുവെന്ന രീതിയിലുള്ള വലിയ വിമർശനം ഇവിടെ ഉയർന്നുവന്നു. ആ വിമർശനത്തിന് തീരെ അടിസ്ഥാനമില്ല എന്നല്ല ഞാൻ പറയുന്നത്. പക്ഷെ ഉള്ളതിനെക്കാൾ ഏറെ പെരുപ്പിച്ച് ഇവിടെ അവതരിപ്പിച്ചു. അത്തരത്തിലുള്ള വിമർശനങ്ങളും 1,214-ഓളം വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മാസാമാസം ആ പ്രവർത്തനങ്ങളെ സംബന്ധിച്ച് റിവ്യു ചെയ്യുന്ന ഘട്ടത്തിൽ അവരിൽനിന്ന് ഉയർന്നുവരുന്ന അഭിപ്രായങ്ങളും കണക്കിലെടുത്ത് ഓരോ ഘട്ടത്തിലും വന്നുപോയിട്ടുള്ള തെറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

തിരുത്താനും ശരിയായ രീതിയിൽ അധികാര വികേന്ദ്രീകരണ പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്താനും ജനകീയാസൂത്രണം വിജയിപ്പിക്കാനുമുള്ള നടപടി എടുത്തിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞവർഷം മാർച്ച് മാസം 30 -ന് അവസാനിക്കുന്ന ജനകീയാസൂത്രണ പരിപാടിയെ സംബന്ധിച്ചിട ത്തോളം ആദ്യത്തെ വർഷത്തിൽ നടന്നിരുന്നതുപോലെയുള്ള വലിയ ഒരു കൊടുങ്കാറ്റ് സൃഷ്ടിക്കാൻ പ്രതിപക്ഷത്തിന് ഈ സഭയിൽ സാധിക്കാത്തത്. അതിന്റെ കാരണം, ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങളിൽ കഴമ്പുള്ളത്, ഗൗരവ ത്തോടുകൂടി കണ്ടുകൊണ്ട് അത് പരിഹരിക്കുന്നതിന് വേണ്ട ശക്തമായ നില പാട് ഗവൺമെന്റ് എടുത്തു. എങ്ങനെയെങ്കിലും പണം ചെലവാക്കുക എന്നുള്ള നിലപാട് മാറ്റി ഫലപ്രദമായ രീതിയിൽ രാജ്യത്തിന്റെ വികസനത്തി നാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പണം വിനിയോഗി ക്കണം എന്നുള്ള നിർദ്ദേശം കർശനമായി കൊടുത്തു. അതിന്റെ ഫലമായി കഴിഞ്ഞ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ അവസാനിക്കുന്ന ഘട്ടത്തിൽ അത്തരത്തിലുള്ളത് ഒരു വിമർശനം എവിടെയും കേൾക്കാൻ കഴിഞ്ഞില്ലായെ ന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. എന്നാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു പിശക് അല്ല, കുറവ് സംഭവിച്ചു. കൊടുത്തിട്ടുള്ള സംഖ്യയുടെ 75 ശതമാനമെങ്കിലും ചെലവഴിക്കണമെന്നാണ് നിർദ്ദേശിച്ചത്. ആ ടാർജറ്റ് പൂർത്തീകരിക്കാൻ ഭൂരിപക്ഷം പഞ്ചായത്തു കൾക്കും സാധിച്ചിട്ടില്ല എന്നുള്ളത് അതിന്റെ ദൗർബല്യമാണ്. അത് എന്തു കൊണ്ട് സംഭവിച്ചുവെന്നുള്ളത് പരിശോധിച്ചാൽ രണ്ടാമത്തെ വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ നിർവഹണത്തിന് അവർക്കു കിട്ടിയ സമയം കേവലം രണ്ടു മാസത്തിനു താഴെയായിരുന്നു. സ്വാഭാവികമായും വേണ്ടതുപോലെ സമയം കിട്ടിയില്ലായെന്നതുകൊണ്ട് ആദ്യവർഷത്തിൽ ചെയ്തതുപോലെ പദ്ധതി നിർവഹിക്കാനും ഡെപ്പോസിറ്റ് ചെയ്ത സംഖ്യ ചെലവഴിച്ചുവെന്ന് കാണിക്കാനുമുള്ള ഒരു സ്ഥിതി വന്നതുകൊണ്ട് ഏതാണ്ട് 65 ശതമാനമാണ് ശരാശരി കേരളത്തിൽ പദ്ധതിവിഹിതം ചെലവഴിച്ചത്. അതൊരു ന്യൂനതയാണ്. അത് മനസ്സിലാക്കിക്കൊണ്ട് മൂന്നാമത്തെ വർഷത്തി ലുള്ള പദ്ധതി പ്രവർത്തനം 100 ശതമാനവും അവർക്ക് അനുവദിച്ചുകിട്ടിയ സമയത്തിനകം ചെലവഴിക്കാൻ കഴിയത്തക്കവണ്ണം ആവശ്യമായ മാറ്റം ഈ വർഷം വരുത്തിയിട്ടുണ്ട്. ഈ മൂന്നാമത്തെ വർഷത്തിൽ മാത്രമാണ് ആസൂ ത്രണം തക്കസമയത്ത് നടത്താനും പദ്ധതികൾ ആവിഷ്ക്കരിക്കാനും അനു മതി വാങ്ങിക്കൊണ്ട് ഈ 8 മാസമെങ്കിലും പദ്ധതി നിർവ്വഹണത്തിനുവേണ്ടി സമയം കിട്ടുന്നത് ജനകീയാസൂത്രണം ആരംഭിച്ചതിനുശേഷം ഈ വർഷം, അതായത് മൂന്നാമത്തെ വർഷമാണ്. അതുകൊണ്ടുതന്നെ ഈ മൂന്നാമത്തെ വർഷത്തിൽ ജനകീയാസൂത്രണ പ്രവർത്തനം പരാമാവധി കുറ്റമറ്റതാക്കാനും കഴിഞ്ഞ കാലങ്ങളിലെ എല്ലാ ന്യൂനതകളും പരിഹരിക്കാനും അനുവദിക്ക പ്പെട്ട സംഖ്യ വികസനാവശ്യങ്ങൾക്കുവേണ്ടി പൂർണ്ണമായി വിനിയോഗി ക്കാനും സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇവിടെ ബഹുമാ നപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചിട്ടുള്ളതുപോലെ തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങൾക്ക് ജനകീയാസൂത്രണത്തിനുവേണ്ടി, വികസനത്തിനുവേണ്ടി ഗവൺ മെന്റ് ഓരോ വർഷവും പണം കൂടുതൽ അനുവദിച്ചുവെന്നുള്ളത് കാണാൻ കഴിയും. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചയിൽ സാമ്പത്തികരംഗത്തെ പ്രതിസന്ധി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്നലെ സഭയിൽ ഗവൺമെന്റിന്റെ വരുമാ നത്തെ ഗണ്യമായി ബാധിക്കുന്ന തരത്തിൽ നടന്നിട്ടുള്ള സംഭവങ്ങളെ സംബ ന്ധിച്ചെല്ലാം വിശദീകരിച്ചു. ആ തരത്തിലുള്ള സാമ്പത്തിക പ്രശ്നങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽപ്പോലും അധികാരവികേന്ദ്രീകരണത്തെ ശക്തമാക്കാനും വികേന്ദ്രീകരിക്കപ്പെട്ട അധികാരത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ഫണ്ട് കുറയ്ക്കുന്നില്ല, എന്നു മാത്രമല്ല ഈ പ്രശ്നങ്ങളുടെ ഘട്ടത്തിലും ഈ ഗവൺമെന്റ് ഫണ്ട് വർദ്ധിപ്പിച്ചുകൊടുക്കുന്നുവെന്നുള്ളതാണ് ശ്രദ്ധിക്കേണ്ട കാര്യം. അത് ഈ ഗവൺമെന്റിന്റെ അധികാരവികേന്ദ്രീകരണത്തോടും ജനകീയാസൂത്രണത്തോടുമുള്ള പ്രതിബദ്ധതയാണ് കാണിക്കുന്നതെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചില രംഗത്തുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിമർശനങ്ങൾ ഉന്നയിച്ചു. വിമർശനങ്ങൾ സ്വാഭാവികമാണ്. ആ വിമർശനങ്ങളിൽ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കഴമ്പുള്ളതും അടിസ്ഥാനമുള്ളതും അംഗീകരിക്കാനും അതു തിരുത്താനും ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് കഴിഞ്ഞ 50 വർഷക്കാലം നടന്നുകൊണ്ടിരുന്ന, അല്ലെങ്കിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനം പോലെ ജനകീയാസൂത്രണം നടപ്പാക്കാൻ കഴിയുകയില്ല. ഗവൺമെന്റുതലത്തിൽ തീരുമാനമെടുക്കുകയും ഉദ്യോഗസ്ഥൻമാർ മുഖേന കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുകയെന്നുള്ള കഴിഞ്ഞ കാല വികസന പ്രവർത്തനം ജനകീയാസൂത്രണത്തിലൂടെ നിർവഹിക്കാൻ കഴിയുകയില്ല. അതിന് നേതൃത്വം കൊടുക്കുന്ന തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ആ പ്രവർത്തനങ്ങളെ വലംകൈയെന്നുള്ള മട്ടിൽ സഹകരിച്ചുപ്രവർത്തിക്കേണ്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും സർവോപരി പൊതുജനങ്ങളും സഹകരിച്ചു കൊണ്ടുമാത്രമേ ജനകീയാസൂത്രണം വിജയിപ്പിക്കാൻ കഴിയൂ. അങ്ങനെ ഈ മൂന്നു വിഭാഗത്തെയുംകൂടി യോജിപ്പിച്ച് ജനകീയാസൂത്രണ പ്രവർത്തനം വിജയിപ്പിക്കുവാൻ കഴിയണമെങ്കിൽ അതിനു ആവശ്യമായിട്ടുള്ള ബോധവൽക്കരണം നടപ്പാക്കണം. സെമിനാർ വേണ്ടിവരും, സിമ്പോസിയം വേണ്ടിവരും, പലതും വേണ്ടിവരും. അങ്ങനെ ജനങ്ങളെ ആകെ തന്നെ ബോധവൽക്കരിച്ചുകൊണ്ട് മാത്രമേ ഇത് വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ കാലത്ത് നമ്മുടെ രാജ്യത്ത് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് നമ്മൾ മറച്ചുവച്ചിട്ട് കാര്യമില്ല. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽ ഒട്ടാകെ എട്ടാം പഞ്ചവൽസര പദ്ധതി കാലഘട്ടത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അതിന്റെ നേതാക്കൻമാർ തന്നെ പലപ്പോഴും വളരെ ശക്തമായിട്ടുള്ള വിമർശനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ പലപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട്. മരിക്കുന്നതിനും ഏതാണ്ട് ആറുമാസം മുൻപ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി, പഞ്ചവൽസര പദ്ധതിയിലൂടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി കൊടുക്കുന്ന പണത്തിന്റെ ചെറിയൊരു പങ്ക് മാത്രമാണ് അതിനുവേണ്ടി വിനിയോഗിക്കപ്പെടുന്നത്, വലിയൊരു ഭാഗം മറ്റ് എവിടെയോ പോകുന്നു എന്ന് പറഞ്ഞു. അദ്ദേഹം മാത്രമല്ല, ഉത്തരവാദപ്പെട്ട ആ രംഗവുമായി ബന്ധപ്പെട്ട നേതാക്കൻമാർ പലരും പറഞ്ഞു. പറഞ്ഞിട്ടില്ലെങ്കിൽപ്പോലും നമുക്ക് ബോധ്യപ്പെടുന്ന കാര്യം തന്നെയായിരുന്നു അത്. കേരളത്തെപ്പോലെ പ്രബുദ്ധമായ ഒരു സംസ്ഥാനത്തിലടക്കം ഒരു കോടി രൂപ വികസനത്തിനുവേണ്ടി ഗവൺമെന്റിന്റെ ഖജനാവിൽനിന്ന്

[3 pm] പോയാൽ 50 ലക്ഷത്തിലധികം ആ ഉദ്ദേശത്തിനുവേണ്ടി ചെലവഴിച്ചു എന്നുള്ളത് കാണാൻ കഴിഞ്ഞിരുന്നു. നേരെമറിച്ച് ജനകീയാസൂത്രണത്തിന് നിങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച ഒട്ടേറെ കുറ്റങ്ങളും കുറവുകളും ഉണ്ട് എന്നുള്ളത് സമ്മതിച്ചുകൊണ്ടുതന്നെ ആ ജനകീയാസൂത്രണ പ്രവർത്തനത്തിൽ പുതിയ ആവേശകരമായിട്ടുള്ള കാഴ്ചപ്പാടുണ്ട് എന്നുള

LIBRARY ARCHIVES Kerala Legislative Assembly

ളതും വിസ്മരിക്കുന്നത് ശരിയല്ല. ഒരുകോടി രൂപ വികസനത്തിനുവേണ്ടി കഴിഞ്ഞ കാലത്ത് കിട്ടിയതിൽ 50 ലക്ഷം രൂപ ചെലവഴിക്കലാണ് ആ രംഗത്തുണ്ടായിരുന്നതെങ്കിൽ ഒരു കോടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസനത്തിനുവേണ്ടി ഗവൺമെന്റ് കൊടുക്കുമ്പോൾ 1,25,00,000 രൂപയെങ്കിലും അതിനു വിനിയോഗിച്ചു എന്നുള്ളതാണ് വസ്തുത. അതാണ് മാറ്റം. അത് കാണാൻ കഴിയാതെ നൂറുകണക്കിന് ആയിരക്കണക്കിന് ആളുകൾ അവരുടെ പ്രദേശത്ത് ഒരുമിച്ചുകൂടി ഗ്രാമസഭകളിലിരുന്നു ചർച്ച ചെയ്ത് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ, അതിന്റെ നിർവ്വഹണത്തിനുവേണ്ടി അവർ മുൻകൈയെടുക്കുന്നതും വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നതും അതിനുവേണ്ടി സംഭാവന ചെയ്യുന്നതും കേരളത്തിൽ ഇന്ന് സർവ്വസാധാരണമായിട്ട് കാണുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങനെ എല്ലായിടത്തും ഉണ്ടാകാറില്ല.

ശ്രീ. പാലോളി മുഹമ്മദുകുട്ടി : ഉണ്ടാകുകയില്ല. നിങ്ങളെപ്പോലുള്ള ആളുകൾ ഇത്തരത്തിലുള്ള സമീപനം എടുത്താൽ അവിടെ ഉണ്ടാകുകയില്ല. ഗ്രാമസഭ എന്നുപറയുന്നത് പിറവത്തുള്ള ഒരു വാർഡിൽ മാത്രമല്ല. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരുകയാണ്. എല്ലാ കുറ്റങ്ങളും കുറവുകളും തിരുത്തിക്കൊണ്ടല്ല പോകുന്നത്. ഇതൊരു പരീക്ഷണമാണ് എന്നുള്ളത് ആദ്യമേ ഞാൻ പറഞ്ഞു. ആ പരീക്ഷണം തീർന്നില്ലേ എന്നു ചോദിക്കും. തീരാൻ പോകുന്നതേയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ : രണ്ടര വർഷമായി.

ശ്രീ. പാലോളി മുഹമ്മദുകുട്ടി : എത്രവർഷം; 45 കൊല്ലക്കാലം എട്ട് പഞ്ചവൽസര പദ്ധതി ഈ രാജ്യത്ത് നടപ്പാക്കിയിട്ട് കുറ്റമറ്റതാണ് എന്നുപറയുവാൻ കഴിഞ്ഞോ? ഇല്ലല്ലോ? അതുകൊണ്ട് മൂന്നുകൊല്ലം നീട്ടികൊണ്ടുപോകണമെന്നല്ല ഞാൻ പറയുന്നത്. പദ്ധതിക്കുവേണ്ടി ഗവൺമെന്റ് കൊടുക്കുന്ന പണം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി വിനിയോഗിക്കുന്നുവെന്ന് ഇവിടെ പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ചു. ഉത്തരവാദപ്പെട്ട നിങ്ങളിൽനിന്നും അത്തരം ഒരു പ്രസ്താവന വന്നത് വളരെ ഖേദകരമാണ്.

ശ്രീ. ജി കാർത്തികേയൻ : ശ്രീ. വെളിയം ഭാർഗ്ഗവനാണ് അങ്ങനെ പറഞ്ഞത്.

ശ്രീ. പാലോളി മുഹമ്മദുകുട്ടി : അല്ല, ഞാൻ ചോദിക്കട്ടെ, കേരളത്തിൽ ഇന്ന് 40 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിപക്ഷത്തിന്റെ കൈയിലില്ലേ? കോൺഗ്രസ് ആയിരുന്നാലും കേരളാ കോൺഗ്രസ് ആയിരുന്നാലും, ബഹുമാനപ്പെട്ട ടി.എം. ജേക്കബിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ആയിരുന്നാലും ഏതു പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന പഞ്ചായത്തുകളായിരുന്നാലും അവർക്ക് ഗവൺമെന്റ് പദ്ധതിവിഹിതം കൊടുക്കുന്നതിൽ എന്തെങ്കിലും വിവേചനം കാണിച്ചു എന്ന് ഇന്നുവരെ നിങ്ങൾ പറഞ്ഞില്ലല്ലോ? എന്തെങ്കിലും വസ്തുത ഉണ്ടായിരുന്നുവെങ്കിൽ പറയുവാൻ മടിക്കുന്നവർ അല്ലല്ലോ നിങ്ങൾ. പറയാതിരുന്നത് എന്തുകൊണ്ടാണ്? ഒരുതരത്തിലുമുള്ള വിവേചനവും ഭരണകക്ഷിയാണ് പ്രതിപക്ഷമാണ് എന്ന നിലയിൽ ഈ ഗവൺമെന്റ് കാണിച്ചിട്ടില്ല. നിങ്ങൾ ഭരിക്കുന്ന പഞ്ചായത്തിന് കിട്ടുന്ന പണം ആ പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി ഗവൺമെന്റ് കൊടുക്കുന്നതാണ്. ഉല്പാദനമേഖലയിൽ എന്തുവേണം, ഏതു ഉല്പാദന രംഗത്താണ് പണം ചെലവാക്കേണ്ടത് പദ്ധതി തയ്യാറാക്കേണ്ടത് എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

അവർ തീരുമാനിക്കും. പൊതുമാനദണ്ഡം വച്ചുകൊണ്ടല്ലാതെ വേറെയെന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം ഈ ഗവൺമെന്റ് ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനുമേൽ കൊണ്ടുവന്നിട്ടുണ്ടോ? ഏതെങ്കിലും ഒന്നുണ്ടോ? ഉണ്ടെങ്കിൽ അത് പറയട്ടെ. എന്റെ ഒരു അനുഭവം കഴിഞ്ഞ തവണ ഞാൻ പറഞ്ഞു. ഈ മൂന്നുവർഷത്തിനിടയിൽ 990 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ 55 മുനിസിപ്പാലിറ്റികൾ, 3 കോർപ്പറേഷനുകൾ ഇതിൽ നമ്മൾ രണ്ടുകൂട്ടരും ഉണ്ട്. ഏതെങ്കിലും ഒരു സമയത്ത് പദ്ധതി വിഹിതം തരുന്ന കാര്യത്തിൽ ഗവൺമെന്റ് ഞങ്ങളോട് വിവേചനം കാണിക്കുന്നു എന്ന തോന്നൽ ഏതെങ്കിലും ഒരു പഞ്ചായത്തിനുണ്ടായോ എനിക്ക് കിട്ടിയിട്ടില്ല. എന്തുകൊണ്ടാണ് പറയാതിരുന്നത്? എന്നോടുള്ള സ്നേഹം കൊണ്ടല്ലല്ലോ. എന്നെ ഭയപ്പെട്ടിട്ടാണോ?

<u>ശ്രീ. കെ. എം. മാണി</u> : സ്നേഹം കൊണ്ടാണ്.

<u>ശ്രീ. പാലോളി മുഹമ്മദുകുട്ടി</u> : സ്നേഹം കൊണ്ടാണോ അത്രയും നന്നായി. എന്തായിരുന്നു കഴിഞ്ഞ കാലത്തുള്ള സ്ഥിതി? ഞാൻ ആ കഥകളിലേയക്ക് പോകുന്നില്ല. ദേശീയ തലത്തിൽ തീരുമാനം എടുക്കുന്നതിനുമുൻപ് നമ്മുടെ സംസ്ഥാനത്ത് സമഗ്രമായ ജില്ലാഭരണ സംവിധാനം കൊണ്ടുവന്നു എന്ന് ഇവിടെ പറഞ്ഞു മറ്റ് പല സംസ്ഥാനങ്ങളിലും ഉണ്ടായിരുന്നു. 1990-ൽ (എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്നുംപോയി നിങ്ങൾ അധികാരത്തിൽവന്ന സമയത്ത്) എന്തായിരുന്നു നിലപാട് ഗവൺമെന്റ് പല പ്പോഴും അങ്ങോട്ടും ഇങ്ങോട്ടും ഒക്കെ മാറും എന്നൊക്കെ പറഞ്ഞ് ഉപദേശം തരുന്ന നിങ്ങൾ ചെയ്തത് എന്തായിരുന്നു? വാസ്തവത്തിൽ ആളില്ലാ കൗൺസിലുകൾ നിലവിലുണ്ടായിരുന്നെങ്കിൽ ഇപ്പോൾ വന്നിട്ടുള്ള അധികാര വികേന്ദ്രീകരണ പ്രക്രിയ ഏറ്റവും ശക്തമായി മുന്നോട്ടുകൊണ്ടുപോകുവാൻ നമുക്ക് കഴിയുമായിരുന്നു. അതിനെ നിങ്ങൾ കൊന്നു കുഴിച്ചിട്ടത് എന്തുകൊണ്ടാണ്? 14 ജില്ലകളിൽ ഒരൊറ്റ ജില്ലമാത്രം, അതും മുസ്ലീം ലീഗിന്റെ ഭൂരിപക്ഷമുള്ള മലപ്പുറം ജില്ല മാത്രമാണ് യു.ഡി.എഫ്-ന് ഉള്ളത്. 14 ജില്ലകളിൽ 13-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേതായിരുന്നു. ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അംഗീകരിച്ചു എന്നുള്ളതുകൊണ്ട് ജനങ്ങളെ ശിക്ഷിക്കുകയല്ലേ നിങ്ങൾ ചെയ്തത്? അതല്ലേ എടുത്തിട്ടുള്ള നിലപാട്? അതു വച്ചുകൊണ്ട് നിങ്ങൾ പരിശോധിക്കണം. ഇന്നത്തെ ഗവൺമെന്റ് അത്തരത്തിലുള്ള എന്തെങ്കിലും സമീപനം സ്വീകരിച്ചിട്ടുണ്ടോ? കിട്ടുന്ന പണം പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്ന കാര്യത്തിൽ അഴിമതി വരാതിരിക്കുവാൻവേണ്ടി ഗവൺമെന്റ് കാലേക്കൂട്ടി കുറെ സംവിധാനങ്ങൾ ഉണ്ടാക്കി. രാജ്യത്ത് അഴിമതി ഒഴിവാക്കുന്നതിനുവേണ്ടി കഴിഞ്ഞ പത്തുകൊല്ലക്കാലം നമ്മൾ ശ്രമിച്ചില്ലേ; ആ ശ്രമത്തിന്റെ ഫലമായി നമ്മൾ കണ്ടത് അഴിമതി അവസാനിച്ചു എന്നാണോ? അല്ലല്ലോ. നേരേമറിച്ച് ഓരോ കൊല്ലവും കൂടുതൽ കൂടുതൽ ആ രംഗത്തുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവരുന്നതാണ്. നമ്മുടെ രാജ്യത്തിന്റെ ചരിത്രം..... ഏറ്റവും ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളുകളടക്കം അഴിമതി ആരോപണങ്ങൾക്ക് വിധേയമായി കോടതി കയറിയിറങ്ങുന്ന കാഴ്ചയാണ് നമ്മുടെ രാജ്യത്ത് കണ്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള ഈ രാജ്യത്താണ് ഒരു പഞ്ചായത്തിൽ കൊടുത്ത കോഴി ചത്തു എന്നുള്ളത് അഴിമതിയായി പറയുന്നത്, ജനകീയാസൂത്രണത്തെയും അധികാരവികേന്ദ്രീകരണത്തെയും സംബന്ധിച്ച് കാര്യമായിട്ടൊന്നും പറയാനില്ലാത്തതുകൊണ്ടായിരിക്കും. അതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

അത്രയ്ക്ക് പറയാനുണ്ടോ? അതിനർത്ഥം, ചെറിയ തെറ്റുകൾ അനുവദിക്കണമെന്നല്ല, ഒഴിവാക്കണമെന്നാണ്. അതു ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഈ രാജ്യത്തുണ്ട്. ആ സംവിധാനങ്ങളെല്ലാം ഉണ്ടായിട്ടും അഴിമതിക്ക് കാര്യമായ മാറ്റങ്ങളൊന്നുമില്ല എന്നല്ലെ നമ്മൾ കാണുന്നത്. അതിന്റെ അവസാനത്തെ പരീക്ഷണമാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതെന്താണ്? ബഹുജനങ്ങളുടെ സാന്നിധ്യത്തിൽ ഈ പ്രവർത്തനത്തിന് ഉറപ്പുവരുത്തുകയെന്നുള്ളതാണ്. അതാണ് ഗ്രാമസഭകളിലൂടെ നമ്മൾ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു, ഗ്രാമസഭകളിൽ ആളുകൾ കുറവാണെന്ന്. ആളുകൾ കുറയും. ആളുകളെ ഗ്രാമസഭകളിൽ സജീവമായി പങ്കെടുപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായിട്ട് നമ്മൾ നടത്തണം. ഗവൺമെന്റ് അത് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. അഴിമതി ആരോപണങ്ങൾ ആയിരക്കണക്കിനു, പതിനായിരക്കണക്കിനു വർദ്ധിച്ചു എന്ന് ഇവിടെ പറയുകയുണ്ടായി. അതു ശരിയാണ്. പണ്ടു കാലത്ത് ഇവിടെ നടന്നിരുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചു ആർക്കെങ്കിലും പരാതിയുണ്ടോ. ആർക്കെങ്കിലും പരാതിപ്പെടാൻ അറിയാമോ, അല്ലെങ്കിൽ തന്നെ അവരുടെ ശ്രദ്ധയിൽ വരുന്നതാണോ, പരാതിപ്പെട്ടാൽ എന്തെങ്കിലും പ്രയോജനം അതിലുണ്ടോ? നേരെ മറിച്ച്, ഒരു പഞ്ചായത്തിൽ അംഗീകരിച്ചിട്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. ഒരു റോഡിന്റെ പ്രവർത്തനമാണെന്നുണ്ടെങ്കിൽ ഇന്ന റോഡ്, അതിനു ഇത്ര എസ്റ്റിമേറ്റ്, അതിനു വേണ്ട കല്ല്, ടാർ എന്നിവയെല്ലാം പരസ്യമായി ജനങ്ങളെ അറിയിച്ചുകൊണ്ടു നടക്കുന്ന ഒരു പ്രവർത്തനം വരുമ്പോൾ സ്വാഭാവികമായും ജനപ്രതിനിധികളാണ് അത് ശ്രദ്ധിക്കേണ്ടത്. നിങ്ങളാണ് അതു പരിശോധിക്കേണ്ടത്. തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണമെന്ന് ഗവൺമെന്റ്. നിരന്തരമായി ജനങ്ങളെ ജാഗ്രതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്, അത്തരം സന്ദർഭത്തിൽ സ്വാഭാവികമായും ജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ അതു പറയില്ലേ? പരാതി പറഞ്ഞു. അതിന്റെ എണ്ണം കൂടിയെന്നുള്ളതുകൊണ്ട് എന്തിനു നാം ഭയപ്പെടണം. ആ പരാതി അടിസ്ഥാനമുള്ളതാണെങ്കിൽ പരിശോധിച്ചു നടപടി സ്വീകരിച്ചു തിരുത്തുക എന്നുള്ളതല്ലാതെ മറ്റെന്താണ് നമ്മുടെ മുൻപിലുള്ളത്. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചശേഷം നിരവധി പരാതികൾ കിട്ടിയിട്ടുണ്ട്. ആ പരാതികൾ ഓരോന്നും അന്വേഷിച്ചു അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. നേരത്തെ സംസാരിച്ച ഒരു മെമ്പർ പിറവം പഞ്ചായത്തിന്റെ കാര്യം പറഞ്ഞു. അതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നു ഉടനെ തന്നേ അന്വേഷണത്തിന് ഏർപ്പാട് ചെയ്തു. ആദ്യത്തെ അന്വേഷണത്തിൽ ഏതാണ്ട് 55 ലക്ഷത്തോളം രൂപയുടെ ദുർവിനിയോഗം ഉണ്ടെന്നുള്ള റിപ്പോർട്ട് വന്നു. സ്ഥിതി ഗൗരവകരമാണ്. അതുകൊണ്ടുതന്നെ വിജിലൻസിനെക്കൊണ്ടു ഇപ്പോൾ അന്വേഷിപ്പിക്കുന്നുണ്ട്. ആ റിപ്പോർട്ട് കിട്ടിയാൽ തീർച്ചയായിട്ടും അതിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കും. ഇതുപോലുള്ള നടപടികൾ എടുത്തിട്ടുമുണ്ട്. നമുക്ക് ഇഷ്ടമുള്ള ആളുകളെ മുഴുവനും സൃഷ്ടിക്കാൻ കഴിയില്ലല്ലോ. അന്വേഷണത്തിൽ ബന്ധപ്പെട്ട പഞ്ചായത്തു പ്രസിഡന്റ് പങ്കാളിയാണെന്നു ബോധ്യപ്പെട്ടാൽ നടപടി എടുക്കും. അതല്ലാതെ ചിലരുടെ ആഗ്രഹത്തിനനുസരിച്ച് നടപടിയെടുക്കാൻ കഴിയുമോ. അതെല്ലാം ആരെയെങ്കിലും രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നു എന്നുള്ളതാണോ. അങ്ങനെ കാണരുത്. പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി വീതിച്ചു കിട്ടുന്ന സംഖ്യ, ആ സംഖ്യയിൽ അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചാൽ ആ അഴിമതിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനു പരാതി കിട്ടിയാൽ, ആ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു നടപടി സ്വീക രിക്കുക എന്നുള്ളതല്ലാതെ എന്തു ചെയ്യാൻ കഴിയും. അതു നിങ്ങൾ പറ യണം. ഒരു ഭാഗത്ത് ചില മെമ്പർമാർ പറയുന്നു പണം നിങ്ങൾ കൊടുക്കണം, എന്തൊക്കെ ചെയ്യണമെന്നു തീരുമാനിക്കാനുള്ള അവകാശം അവർക്ക് കൊടുക്കണം എന്ന്. വേറൊരു ഭാഗത്ത് പറയുന്നു ഗവൺമെന്റ് ശ്രദ്ധിക്കുന്നി ല്ല, ഗവൺമെന്റ് അതിനെ നിയന്ത്രിക്കുന്നില്ല എന്ന്. രണ്ടു രീതിയിൽ ആ പ്രശ്നത്തെ കാണുന്നത് ശരിയാണോ. പഞ്ചായത്തുകളെ സംബന്ധിച്ചിട ത്തോളം അവർ സ്വതന്ത്രരാണ്. സ്വതന്ത്രമായ രീതിയിൽ അവർ പ്രവൃത്തി ക്കുന്ന ഘട്ടത്തിൽ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചു തിരുത്താ നുള്ള സംവിധാനമാണ് ഇവിടെയുള്ളത്. ആ സംവിധാനം കൂടുതൽ ശക്തി പ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലപാടാണ് കഴിഞ്ഞ നിയമസഭയിൽ പഞ്ചാ യത്ത് -മുനിസിപ്പാലിറ്റി ഭേദഗതി നിയമത്തിലൂടെ നമ്മളെടുത്തത്. അതി ലൊന്നാണ് ട്രൈബ്യൂണൽ. പരാതികൾ പരിശോധിച്ചു നിവാരണം കാണുന്ന തിന് വേണ്ടിയാണ് ട്രൈബ്യൂണൽ. അഴിമതിയുടെ സ്വഭാവം കണക്കിലെടുത്ത് കാര്യങ്ങൾ പരിശോധിച്ചു നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഓംബു ഡ്സ്മാൻ. ഇതല്ലേ ഗവൺമെന്റിനു ചെയ്യാൻ കഴിയൂ. അങ്ങനെ ചെയ്യാൻ കഴി യുന്ന കാര്യങ്ങളിൽ അലംഭാവം കാണിക്കുന്നുണ്ടോ? ആരെങ്കിലും അഴിമതി കാണിച്ചെങ്കിൽ തെറ്റായ നടപടി സ്വീകരിച്ചു എന്നുള്ളതിന്റെ അടിസ്ഥാന ത്തിൽ ബോധപൂർവം ഈ ഗവൺമെന്റ് രക്ഷിച്ചു എന്നുള്ളത് ചൂണ്ടിക്കാണി ക്കാനുണ്ടോ. ഭരണ പ്രതിപക്ഷ വ്യത്യാസം കൂടാതെ ഈനടപടി ഗവൺമെന്റ് സ്വീകരിച്ചില്ലേ. ഇത്തരം കാര്യങ്ങളിൽ കൂടുതൽ സംസാരിക്കാൻ ഞാൻ ഉദ്ദേ ശിക്കുന്നില്ല. ഒന്നു രണ്ടു കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ഉദ്ദേശി ക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ പ്രയോജനത്തെക്കുറിച്ച്, അതിന്റെ പ്രയോജനം മാർക്സിസ്റ്റുകാർക്ക് മാത്രമെന്നു പറഞ്ഞത് എനിക്ക് മനസ്സിലാ ക്കാൻ കഴിയുന്നില്ല. എന്താണ് നിങ്ങൾ മനസ്സിലാക്കിയതെന്നു എനിക്കറിഞ്ഞു കൂടാ. ബഹുമാനപ്പെട്ട കാർത്തികേയൻ, അങ്ങയുടെ പാർട്ടി നേതൃത്വം കൊടുക്കുന്ന പഞ്ചായത്തുകളിൽ ഗവൺമെന്റ് അഴിമതി പ്രേരിപ്പിച്ചിട്ടാണോ നടക്കുന്നത്. അവിടെ അഴിമതി കാണിച്ച്, പണം സ്വരൂപിച്ചു മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസിലേക്ക് കൊടുത്തയയ്ക്കുന്നുണ്ടോ. ഇത്തരം കാര്യങ്ങൾ പറയുന്ന സമയത്ത് എന്തെങ്കിലും ഒരടിസ്ഥാനം വേണ്ടേ? അതില്ല. കോൺഗ്രസ് ആയിരുന്നാലും മാർക്സിസ്റ്റ് ആയിരുന്നാലും തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളിൽ.....

<u>ശ്രീ. ബി. വിജയകുമാർ</u> : നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ചെല വാക്കിയ തുകയുടെ കാര്യത്തിൽ ഓഡിറ്റ് ഒബ്ജക്ഷനുണ്ട്.

<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u> : തിരുവനന്തപുരം പട്ടണത്തിൽ, തിരുവ നന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിലും വികസന അതോറിട്ടിയുടെ നേതൃത്വത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ കാണുമ്പോൾ ശ്രീ. ബി. വിജയ കുമാറിനു കുറച്ചു വിഷമം തോന്നും. അതിന്റെ പ്രതികരണം ഇവിടെയും വരും. അതിനു യാതൊരു തർക്കവുമില്ല. ഉദ്യോഗസ്ഥ കേന്ദ്രീകൃതമായിട്ടുള്ള ഭരണ രീതിയിൽ ആസൂത്രണം, അതാണ് കഴിഞ്ഞ കാലത്തുണ്ടായിരുന്നത്. അതിലാണ് നമ്മൾ മാറ്റം വരുത്തിയത്. 141 എം.എൽ.എ.മാരും (മന്ത്രിമാ രുൾപ്പെടെ) സെക്രട്ടേറിയറ്റും കേന്ദ്രീകരിച്ച് നടന്നിരുന്ന വികസനപ്രവർത്തന ങ്ങൾ, 1214 തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും പതിനാറായിരത്തോളം ജന

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളും ജനങ്ങളും കൂടി നടത്തുന്നു എന്നുള്ളതാണ് ഇന്നത്തെ പ്രധാനപ്പെട്ട മാറ്റം. രണ്ടു-മൂന്നു കൊല്ലം പിന്നിട്ടെങ്കിൽപ്പോലും നിലവിലുള്ള സ്ഥിതിയിൽ അടിസ്ഥാനപരമായി മാറ്റം വരുത്തിക്കൊണ്ട് വികസന പ്രവർത്തനം നടക്കുന്ന സമയത്ത് സ്വാഭാവികമായും വരാവുന്ന വൈകല്യങ്ങളായിട്ടു മാത്രമേ ഇതിനെ കാണാവൂ. ഈ മാറ്റം നമ്മുടെ സംസ്ഥാനത്തിന്റെ വികസനരംഗത്ത് വൻപിച്ച മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ജനകീയാസൂത്രണത്തെ സംബന്ധിച്ചു ഉയർന്നു വന്നിട്ടുള്ള വിമർശനങ്ങൾ അതർഹിക്കുന്ന ഗൗരവത്തോടുകൂടി പരിശോധിക്കാനും തിരുത്താനും ഈ ഗവൺമെന്റ് തയ്യാറായിരിക്കും. കഴിഞ്ഞകാലത്തും ഞാനതു പറഞ്ഞിരുന്നു.

സഭ പാസ്സാക്കിയ പഞ്ചായത്ത് - മുനിസിപ്പൽ ഭേദഗതി നിയമം ഒരു തരത്തിലുള്ള ഇടപെടലുകളും കൂടാതെ തദ്ദേശ ഭരണസ്ഥാപനങ്ങളെ സ്വതന്ത്രമാക്കി എന്നുള്ളത് ഒരു വസ്തുതയാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പണം നൽകുന്നത് നിശ്ചിത മാനദണ്ഡമനുസരിച്ചാണ്. ആദ്യ വർഷം ജനസംഖ്യ മാത്രമാണ് കണക്കിലെടുത്തിരുന്നത്. അതു ശരിയല്ലെന്ന അഭിപ്രായം ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അതിൽ മാറ്റം വരുത്തിയിട്ടുണ്ട്. പിന്നോക്കപ്രദേശമെന്നുള്ള പരിഗണന. കാർഷിക ജനവിഭാഗം എന്നീ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് രണ്ടാം വർഷത്തെ പദ്ധതി വിഹിതം നിശ്ചയിക്കുന്നത്. അതുകൊണ്ട് ഇനിയും അടിസ്ഥാനപരമായ വല്ല മാറ്റവും വരുത്തണമെന്നുണ്ടെങ്കിൽ ആ നിർദ്ദേശം മുന്നോട്ടുവച്ചാൽ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : രണ്ടാം വർഷത്തിൽ ജനസംഖ്യയും മറ്റു പല പരിഗണനയും വച്ചു. പക്ഷെ ഞാനൊരു കാര്യം ചോദിക്കട്ടെ, ഇറിഗേഷനുവേണ്ടി കൂടുതൽ പണം തിരുവനന്തപുരം കോർപ്പറേഷനും അതിനടുത്ത വട്ടിയൂർക്കാവ് പഞ്ചായത്തിനും നൽകുമോ?. കാരണം ഞങ്ങൾ പറയുന്നത് ഒരു പഞ്ചായത്തിൽ കൃഷിക്ക് ജലസേചന സൗകര്യം വേണം. അവിടെ മൈനർ ഇറിഗേഷൻ വർക്ക് നടത്താനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് അതിനു പണം നൽകണം. അല്ലാതെ എല്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഒരേ വിധം ചെയ്താൽ അവിടെ ജലസേചനമുണ്ടാവുകയില്ല. കാർഷിക മേഖലയിൽ യാതൊരു പുരോഗതിയും ഉണ്ടാവില്ല. അതിനു എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u> : ഇത് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. പദ്ധതി വിഹിതം കൊടുക്കുന്ന സമയത്ത് ആ പദ്ധതി വിഹിതം ഉൽപ്പാദന മേഖലയിൽ ഇത്ര ശതമാനം കൊടുത്തു കഴിഞ്ഞാൽ ആ പ്രദേശത്തിന്റെ പ്രത്യേകത വച്ചുകൊണ്ട് അവർക്കാവശ്യമായ മാറ്റം വരുത്തിക്കൂടേ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഇപ്പോഴും ജനസംഖ്യ കൂടുതലുള്ള സ്ഥലത്ത് കൂടുതൽ പണം കിട്ടുന്നു. അതേയവസരത്തിൽ ചില സ്ഥലങ്ങളിൽ, ചില പഞ്ചായത്തിൽ കൂടുതൽ സൗകര്യം കാണും, അവിടെ കൃഷി കാണും. പക്ഷെ ജനസംഖ്യ കുറയും, അത്തരം എരിയ ഐഡൻറിഫൈ ചെയ്ത് ആ പഞ്ചായത്തിനു മൈനർ ഇറിഗേഷൻ വർക്കിനുള്ള പണം കൊടുക്കാനുള്ള പദ്ധതിയുണ്ടാക്കാതെ എല്ലാ പഞ്ചായത്തിനും ഒരുപോലെ കൊടുത്താൽ, ഈ വർക്കുകൾ ഐഡന്റിഫൈ ചെയ്യാതെ പോയാൽ എങ്ങനെയാണ് ഇവിടെ വികസനമുണ്ടാവുക?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കടലോരമേഖലയിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ഉൽപ്പാദമേഖലയിലെ 40% തുക ചെലവഴിക്കേണ്ട കാര്യമില്ലല്ലോ? മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് പ്രധാനമായും വേണ്ടത് വീടുവയ്ക്കാനും അവരുടെ തൊഴിലിന് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാനും മറ്റുമുള്ള കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുകയെന്നതാണ്. അതുകൊണ്ട് പദ്ധതിയിൽ മാറ്റം വരുത്താനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുക്കുന്നതാണ്. ഏതായാലും ഇവിടെ ചില നടപടിക്രമങ്ങൾ ഗവൺമെന്റ് പൂർത്തീകരിച്ചിട്ടില്ലെന്നുള്ള വിമർശനം ഉയർന്നുവരുന്നു. അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പല കാര്യങ്ങളും അതിന്റെ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനകീയാസൂത്രണ പദ്ധതി പ്രകാരം ഒട്ടേറെ പൊതുമരാമത്ത് പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇത്തരം പ്രവൃത്തികൾ ജനപങ്കാളിത്തത്തോടെ സുതാര്യമായ രീതിയിൽ നടപ്പാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ പണികളിലെ ബിനാമി ഇടപാടുകളും അഴിമതിയും ഇല്ലാതാക്കാൻ ടെക്നിക്കൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പെർഫോമൻസ് ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി Indian Accounts and Audit Service -ൽ നിന്നുമുള്ള ഉദ്യോഗസ്ഥന്റെ സേവനം തേടാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ പെർഫോമൻസ് ആഡിറ്റിനുവേണ്ടി ഒരു പ്രത്യേക സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്. Appelate tribunal ഉം Ombudsman ഉം ഈ വർഷം അവസാനത്തിനുമുമ്പ് നിലവിൽ വരത്തക്കവിധം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുർഭരണം, സ്വജനപക്ഷപാതം, അഴിമതി തുടങ്ങിയവയ്ക്കെതിരെ നടപടിയെടുക്കാൻ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കെതിരെ നാട്ടുകാർക്കുണ്ടാകുന്ന പരാതികൾക്ക് പരിഹാരം കാണാൻ ഈ സംവിധാനത്തിന് കഴിയും. ഗവൺമെന്റിന്റെ അധികാരവികേന്ദ്രീകരണ സങ്കല്പത്തിനനുസരിച്ച് 45-ഓളം നിയമങ്ങളിൽ ഭേദഗതി വരുത്താൻ അധികാരവികേന്ദ്രീകരണ കമ്മിറ്റിയോട് ശുപാർ ചെയ്തിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ ഈ ഭേദഗതികൾ അവതരിപ്പിക്കുന്നതാണ്. അതോടൊപ്പം നഗരാസൂത്രണത്തെ സംബന്ധിച്ചും ചേരി പരിഷ്ക്കരണത്തെ സംബന്ധിച്ചും ആഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതു സംബന്ധിച്ചും പുതിയ നിയമനിർമ്മാണങ്ങൾ നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കെട്ടിടനികുതി നിർണ്ണയത്തിന് ഒരു ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഉദ്യോഗസ്ഥന്മാർ ഏകപക്ഷീയമായി കെട്ടിടങ്ങൾക്ക് കരം നിശ്ചയിക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിച്ച് തറവിസ്തീർണ്ണത്തിന് അനുസരിച്ചും നിർമ്മാണത്തിനു പയോഗിക്കുന്ന വസ്തുക്കളുടെ വിലയനുസരിച്ചും സ്ഥലത്തിന്റെ മൂല്യമനുസരിച്ചും നികുതി ചുമത്താനാണ് ഉദ്ദേശിക്കുന്നത്. ഇതുമൂലം നികുതി നിർമ്മാണത്തിന് സുതാര്യത ഉറപ്പു വരുത്താനും അഴിമതി അവസാനിപ്പിക്കാനും കഴിയും. ഇതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കുവാൻ ഗവൺമെന്റിനുണ്ടായിരുന്ന അധികാരം മുൻകാലങ്ങളിൽ വൻതോതിൽ ദുരുപയോഗപ്പെടുത്തുന്നതായി ആരോപണം ഉയർന്നു വന്നിട്ടുണ്ട്. അഴിമതിക്കും ഈ സംവിധാനം വഴിവെച്ചു. ഇതൊഴിവാക്കിയാൽ ചട്ടങ്ങളിൽ ഇളവനുവദിക്കാനുള്ള അധികാരം നിയമഭേദഗതികളിലൂടെ ഇല്ലാതാകും. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സമൂലമായ മാറ്റം വരുത്തി സമഗ്രമായ പുതിയ ചട്ടങ്ങൾ കൊണ്ടുവരുന്നതാണ്. കെട്ടിട നിർമ്മാണ ലൈസൻസ് ലഭിക്കാൻ വിവിധ ഏജൻസികളെ സമീപിക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയും എടുത്തുകളയുന്നതാണ്. അപേക്ഷ നൽകിയാൽ 30 ദിവസത്തിനകംതന്നെ ബന്ധപ്പെട്ട ഭരണസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭ്യമാകത്തക്കവണ്ണമുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. നിലവിലുള്ള ചട്ടപ്രകാരം കെട്ടിടം നിർമ്മിക്കുന്ന ആൾ പാലിക്കേണ്ട അനാവശ്യവും അപ്രായോഗികവുമായ വ്യവസ്ഥകൾ എടുത്തുകളയാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരടുചട്ടം തയ്യാറാക്കിയിട്ടുണ്ട്. നിയമവകുപ്പിന്റെ പരിശോധനയ്ക്കുശേഷം അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതാണ്. കുടിവെള്ളം, പാർപ്പിടം, ശുചിത്വം എന്നീ മൂന്നു കാര്യങ്ങൾക്ക് ഊന്നൽ നൽകുകയാണ് മൂന്നാം വർഷത്തിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വരുന്ന രണ്ടു വർഷത്തിനുള്ളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടു നൽകുന്നതാണ്. വരുന്ന 3 വർഷത്തിനുള്ളിൽ പട്ടിക ജാതിക്കാരല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും വീടു നൽകുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. രണ്ടായിരാമാണ്ടു മുതൽ വീടുവയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്ന പദ്ധതിയും ആരംഭിക്കും. 3 വർഷത്തിനുള്ളിൽ കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റാനുള്ള പദ്ധതിയും നടപ്പിലാക്കും. സ്കൂളുകൾ, ആശുപത്രികൾ, അംഗനവാടികൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഇവിടെ ഉയർന്നു വന്നിട്ടുള്ള വലിയൊരു വിമർശനം കുടിവെള്ളത്തെക്കുറിച്ചാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് സ്കൂളുകൾ, ആശുപത്രികൾ എന്നിവയെ സംബന്ധിച്ചുള്ള പരാതികൾ തീർത്തു, അത് വളരെ ഭംഗിയായി അടുത്ത രണ്ടുകൊല്ലം കൊണ്ട് ചെയ്യാമെന്ന് പറഞ്ഞു. 441 സ്കൂൾ കെട്ടിടങ്ങൾ 1995-96-ലെ ബഡ്ജറ്റിൽ വോളിയം -1-ൽ വന്നതിൽ ആ വർക്കുകൾക്ക് ചിലതിന് എ. എസ്. കൊടുത്തു. ചിലത് ടെണ്ടർ ചെയ്തു. 1996-97-ലെ ബഡ്ജറ്റിൽ തുക വയിരുത്താത്തതുകൊണ്ട് ആ വർക്കൊന്നും നടന്നില്ല. അത് ഇപ്പോൾ പഞ്ചായത്തുകൾക്ക് കൈമാറി. എന്റെ മണ്ഡലത്തിൽ രണ്ട് ഹൈസ്കൂളുകൾക്ക് 1,37,00,000 രൂപയാണ് ചെലവു ചെയ്തത്. അത് എല്ലാ ജില്ലയിലും നടക്കുകയാണ്. സ്കൂൾ കെട്ടിടത്തിന് ഒരു റൂം ഉണ്ടാക്കുകയാണ്. ഈ നിലയ്ക്കു പോയാൽ ലോകാവസാനം വരെ സ്കൂളിന്റെ പ്രശ്നം പരിഹരിക്കുകയില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം സഭയിൽ പലവട്ടം ഉന്നയിച്ചിട്ടുള്ളതാണ്, ധനകാര്യ വകുപ്പുമന്ത്രി അതു സംബന്ധിച്ച് വ്യക്തമായ മറുപടി പറഞ്ഞിട്ടുള്ളതാണ്. ഞാൻ പറയുന്നത് അതല്ല, ജനകീയാസൂത്രണ പ്രവർത്തനത്തിൽ മിക്കവാറും എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സ്കൂളുകൾ പുതുതായി ഉണ്ടായിട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. പക്ഷേ ആ എല്ലാ പ്രശ്നങ്ങളും തദ്ദേശസ്വയംഭരണ വകുപ്പു മുഖേന ചെയ്യാൻ കഴിയുന്നതാണോ?.....ബഹളം..... അല്ലല്ലോ. അതിനെ സംബന്ധിച്ചാണ് ഇവിടെ ധനകാര്യവകുപ്പു മന്ത്രി കഴിഞ്ഞ തവണ മറുപടി പറഞ്ഞത്. കുടിവെള്ളം, പാർപ്പിടം, ശുചിത്വം എന്നീ മൂന്നു കാര്യങ്ങൾക്ക് ഊന്നൽ നൽകുകയാണ് ജനകീയാസൂത്രണത്തിന്റെ 3-ാം വർഷ പദ്ധതികൾ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അങ്ങ് ഗ്രാമങ്ങളുടേയും പട്ടണങ്ങളുടേയും കാര്യം സൂചിപ്പിച്ചു. നമ്മുടെ തലസ്ഥാന നഗരിയിൽക്കൂടി നിത്യവും യാത്ര ചെയ്യുന്ന ഒരാളാണ് ഞാൻ. നാറിയിട്ട് ഇവിടെക്കൂടി നടക്കാൻ സാധിക്കുന്നില്ല. ഈ മാലിന്യകൂമ്പാരം മാറ്റാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഞാൻ പറയുന്നത് അതാണ്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനു ഗവൺമെന്റ് പ്രഥമ പരിഗണനയാണ് നൽകുന്നത്. മൂന്ന് കോർപ്പറേഷനുകളിലും ആധുനിക ചവർ സംസ്ക്കരണ യൂണിറ്റുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഇതിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരത്ത് ഇതിന്റെ പ്രോജക്ടിന് അന്തിമ അംഗീകാരം നൽകിയിട്ടുണ്ട്. കൊച്ചിയിൽ ഉടനെ ടെന്റർ ക്ഷണിക്കുന്നതാണ്. എല്ലാ ജില്ലകളിലും ചവർ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ഈ കാര്യത്തിലുള്ള സുപ്രീംകോടതിയുടെ നിർദ്ദേശം കർശനമായി പാലിക്കുന്നതാണ്. ഈ വർഷം നാല് കോടി രൂപ ചവർ സംസ്കരണത്തിന് നീക്കി വച്ചിട്ടുണ്ട്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന ചവർ നീക്കം ചെയ്യാൻ ശാസ്ത്രീയമായ രീതിയിലുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇത് പ്രാവർത്തികമാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധ സംഘടനകളുടെയും, പത്രമാധ്യമങ്ങളുടേയും സഹകരണം വേണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കുടുംബശ്രീ പദ്ധതി ഈ വർഷം തന്നെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതാണ്. സ്ത്രീകളുടെ 60,200 അയൽക്കൂട്ടങ്ങളിലൂടെ പാവപ്പെട്ടവരുടെ ദുരിതമകറ്റാനുള്ള കുടുംബശ്രീ പദ്ധതി അധികാര വികേന്ദ്രീകരണത്തിനുശേഷം ഗവൺമെന്റ് ഏറ്റെടുക്കുന്ന വിപുലമായ മറ്റൊരു പദ്ധതിയായിരിക്കും ഇതെല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അധികാര വികേന്ദ്രീകരണം ലോകശ്രദ്ധ പിടിച്ച് പറ്റിയിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ലോകബാങ്ക് സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയെ സംബന്ധിച്ച് ചർച്ചയ്ക്കായി ലോകബാങ്ക് അധികൃതർ അടുത്ത മാസം കേരളത്തിൽ വരുന്നതാണ്. ജീവനക്കാരുടെ പുനർവിന്യാസം കൊണ്ടുമാത്രം തദ്ദേശ ഭരണസ്ഥാപനങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നില്ല. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിലും ഭരണ നടപടി ക്രമത്തിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിപ്രവർത്തനങ്ങളുടെ നിർവഹണത്തിൽ മേൽനോട്ടം വഹിക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവുമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഈ കാര്യം പരിശോധിക്കാൻ അധികാര വികേന്ദ്രീകരണ കമ്മിറ്റിയോടാവശ്യപ്പെട്ടിട്ടുണ്ട്. പ്രാദേശിക ഭരണം സംബന്ധിച്ച് പഠന രംഗത്ത് ഇൻഡ്യയിൽ തന്നെ ഏറ്റവും മികച്ച സ്ഥാപനമാണ് തൃശ്ശൂരിലെ 'കില'. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന അധികാര വികേന്ദ്രീകരണത്തിന്റെ അംഗീകാരമെന്നുള്ള നിലയിൽ 12 കോടി രൂപയുടെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ രംഗത്ത് പ്രവർത്തിക്കുന്ന ജനപ്രതിനിധികൾക്കും. ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ ട്രെയിനിംഗ് നൽകാനാണ് ഈ സഹായം അനുവദിച്ചിട്ടുള്ളത്. 'കില'യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് തീരുമാനി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. 'കില'യുടെ ഫാക്കൽറ്റികളുടെ എണ്ണവും കൂട്ടുന്നതാണ്. പത്ത് ഏക്കർ സ്ഥലം കൂടി 'കില'യ്ക്കുവേണ്ടി അക്വയർ ചെയ്യുന്നതാണ്. ഗ്രാമ സഭകളും, വാർഡ് സഭകളും കൂടുതൽ ശക്തിപ്പെടുത്തുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. തദ്ദേശസ്വയംഭരണ കാര്യങ്ങളെ സംബന്ധിച്ച് ജനകീയ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന ഗ്രാമ വികസന ബോർഡ് ഒരു പൂർണ്ണ സാമ്പത്തിക സ്ഥാപനമായി മാറ്റുന്ന നടപടികൾ ഈ വർഷംതന്നെ പൂർത്തിയാക്കുന്നതാണ്. ഇതുമൂലം വാർഷിക പദ്ധതി നിർവഹണത്തോടൊപ്പം സാമ്പത്തിക നേട്ടങ്ങളുണ്ടാക്കുന്ന പദ്ധതികളും നടപ്പിലാക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നതാണ്. നിർദ്ദിഷ്ടഘടനാപരമായ മാറ്റം പഞ്ചായത്തുകൾക്ക് വളരെയേറെ സഹായകരമാണ്. നഗരവികസന ധനകാര്യ കോർപ്പറേഷന്റെ അംഗീകൃത മൂലധനം രണ്ട് കോടി രൂപയാണ് ഇതിന്റെ ഓഹരി മൂലധനം 10 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്. നഗര വികസന കോർപ്പറേഷൻ പുനസംഘടിപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയേറെ അധികാരങ്ങളും ചുമതലകളും കൈമാറിയിട്ടുണ്ട്. അവയുടെ ഇപ്പോഴത്തെ പ്രവർത്തനത്തിനാവശ്യമായ ചെലവുകളും വിഭവസമാഹരണവും സംബന്ധിച്ച് വിശദ പഠനം ആവശ്യമാണ്. ഈ കാര്യങ്ങൾ പരിശോധിക്കുന്നതിനുവണ്ടി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ഡോക്ടർ പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി രണ്ടാമത് ഒരു ധനകാര്യ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ ഒന്നാമത്തെ ഇടക്കാല റിപ്പോർട്ട് ഒരു വർഷത്തിനുള്ളിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഗരാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടണങ്ങളുടെ ഭൂപടം തയ്യാറാക്കുന്ന പരിപാടി ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. ഇതുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ ഭാവി വികസനം കരുപിടിപ്പിക്കുവാൻ ഏറെ സഹായകരമാകുന്നതാണ്. തിരുവനന്തപുരത്തും കൊച്ചിയിലും ഈ വർഷം തന്നെ ഇതിന്റെ പ്രവർത്തനമാരംഭിക്കും. ജനകീയാസൂത്രണത്തിലും, അധികാരവികേന്ദ്രീകരണ പദ്ധതി നിർവഹണത്തിലും ധനകാര്യ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്, 'കേരള ഇൻഫർമേഷൻ നെറ്റ്വർക്ക്ഫോർ ലോക്കൽ ബോഡീസ്' എന്നൊരു പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻഫർമേഷൻ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ ഈ പ്രോജക്ടിന് 10 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സഹായം നൽകിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ്/പഞ്ചായത്ത് മുനിസിപ്പൽ ഡയറക്ടറേറ്റ് എന്നിവയേയും 1214 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഒരു സംവേദനശൃംഖല ഉപയോഗിച്ച് ബന്ധിപ്പിച്ച് അതുവഴി പദ്ധതിനിർവഹണത്തിന് മേൽനോട്ടവും വിലയിരുത്തലും നടത്തുന്നതിന് മെച്ചപ്പെട്ട സംവിധാനമുണ്ടാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഫീസ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ സഹായത്തോടെ കൂടുതൽ മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. നഗരങ്ങളിലെ പാവപ്പെട്ട ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് Re productive Child Health Programme ആരംഭിക്കുന്നതാണ്. വനിതകളെയും കുട്ടികളേയും ഉദ്ദേശിച്ചുകൊണ്ടുള്ള ആരോഗ്യ സംരക്ഷണ പദ്ധതി കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരസഭകളിലാണ് ആദ്യമായി നടപ്പാക്കുന്നത്. ഒരു കോർപ്പറേഷൻ 20 കോടി രൂപ വീതം ചെലവാക്കുന്നതാണ്. ലോകബാങ്ക് ഈ പദ്ധതിക്ക് സഹായം നൽകുന്നതാണ്. മറ്റൊന്ന്, കഴിഞ്ഞ തവണ ഞാൻ ഒരു ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് ഉത്തരം പറഞ്ഞ സമയത്ത് പറഞ്ഞതാണ് ജനസംഖ്യ വളരെക്കൂടുത ലുള്ള പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. 85,000 വരെ ജനസംഖ്യ യുള്ള പഞ്ചായത്തുകളുണ്ട്. ജനസംഖ്യ കുറവാണെങ്കിലും വിസ്തൃതി കൂടുത ലുള്ള പഞ്ചായത്തുകളുമുണ്ട്. അത് രണ്ടും പരിഗണിച്ചുകൊണ്ട് വിസ്തൃതി വളരെ കൂടുതലുള്ള ഒറ്റപ്പെട്ട പഞ്ചായത്തുകളേയും അതുപോലെ അൻപതി നായിരവും അമ്പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുക ളേയും വിഭജിക്കണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. കൊല്ലം, തൃശ്ശൂർ നഗ രസഭകളെയും തൊട്ടുള്ള ചില ഗ്രാമപഞ്ചായത്തുകളേയും കൂട്ടിച്ചേർത്ത് കോർപ്പറേഷനാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പോടെ നിലവിൽ വരത്തക്ക വണ്ണം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. പ്രാദേശിക ഭരണ സംവി ധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഗ്രാമവികസന വകുപ്പി നേയും തദ്ദേശസ്വയംഭരണ വകുപ്പിനേയും സംയോജിപ്പിച്ച് പ്രാദേശിക സ്വയം ഭരണ വകുപ്പ് രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഗവർണ്ണറുടെ അംഗീകാരം ലഭിക്കുന്നതോടെ ഇത് യാഥാർത്ഥ്യമാകുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് ഇത് വളരെയേറെ സഹായിക്കും. കൊച്ചിയിലെ വൈപ്പിൻ ദ്വീപ് നിവാസികളുടെ ചിരകാല സ്വപ്നമായിരുന്ന ഗോശ്രീ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ നിയമ തട സ്സങ്ങളും നീങ്ങി. പാലങ്ങളുടെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടു ണ്ട്. 'ഗോശ്രീ' പദ്ധതിയുടെ നിർമ്മാണം അടുത്ത മാസത്തോടെ ആരംഭിക്കു ന്നതാണ്. നഗരത്തിൽ ജീവിക്കുന്നവരുടെ പ്രശ്നങ്ങൾ അനുദിനം സങ്കീർണ്ണ മായി വരുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. നഗരങ്ങളിലെ പ്രശ്നങ്ങൾ പരിഹ രിക്കുന്നതിന് സമയബന്ധിത പദ്ധതിക്ക് രൂപം നൽകുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എല്ലാ നഗരസഭകളും സ്വയംപര്യാപ്തമാകുന്ന തരത്തിലുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റിന്റെ മുന്നിലുള്ളത്. പുതിയ മുനിസിപ്പൽ നിയമമനുസരിച്ച് ആസൂത്രണം നഗര വകുപ്പുകളുടെ ചുമതലയി ലാണ്. വികസന പദ്ധതികൾ നടപ്പിലാക്കേണ്ട ഏജൻസി നഗരസഭകളാണ്. ഈ സാഹര്യത്തിൽ വികസന അതോറിറ്റികൾ ഇതുപോലെ നിലനിർത്തേണ്ട ആവശ്യം ഇല്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്. ചുരുക്കം ചിലതൊഴിച്ചാൽ മിക്ക വികസന അതോറിറ്റികളിലും വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയുള്ള വികസന അതോറിറ്റി കളിൽ മാത്രമാണ് ചില വികസന പ്രവർത്തനങ്ങൾ നടക്കുന്നത്.

ശ്രീ. കെ. ബാബു : കൊച്ചി നഗരസഭയുടെ സമീപ പഞ്ചായത്തുകളിൽ ചിലത് കോർപ്പറേഷനിൽക്കൂടി ചേർക്കാൻ ആലോചിക്കുന്നതായി പത്ര വാർത്തകൾ വന്നിട്ടുണ്ട്. ഇതിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അതിനെ സംബന്ധിച്ച് കഴിഞ്ഞ പ്രാവശ്യം ചോദ്യത്തിന് ഉത്തരം പറയുന്ന ഘട്ടത്തിൽ ഞാൻ പറയുകയു ണ്ടായി, ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ തീരുമാനം എടുക്കുകയുള്ളു. നിലവിലുള്ള നഗര റോഡുകൾ വീതി കൂട്ടുന്നതിനും പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുമുള്ള ബൃഹത്തായ ചില പദ്ധതികൾ കൊച്ചി, തിരുവനന്തപുരം വികസന അതോറി റ്റികൾ ഏറ്റെടുത്തിട്ടുണ്ട്. അവർ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ സമയബ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതമായി പൂർത്തിയാക്കിയാൽ മറ്റ് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഈ വികസന അതോറിറ്റികൾക്ക് അനുമതി നൽകുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : 1997-98 വർഷത്തിൽ പദ്ധതി വിഹിതം ചെലവഴിച്ചതിൽ ഫിനാൻഷ്യൽ ടാർജറ്റ് അച്ചീവ് ചെയ്തുവെന്ന് പറയുകയുണ്ടായി. ആക്ച്വലായി അതിന്റെ ഫിസ്കൽ ടാർജറ്റ് എത്രയാണെന്ന് പറഞ്ഞിട്ടില്ല. അത് 50 ശതമാനത്തിൽ താഴെയാണെന്നാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. അത് എത്ര ശതമാനമാണെന്ന് പറയുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : അതിന്റെ കൃത്യമായ കണക്ക് കൈവശം വന്നിട്ടില്ലായെന്ന് കഴിഞ്ഞ പ്രാവശ്യത്തെ മറുപടിയിലും പറഞ്ഞതാണ്.

ശ്രീ. പി.പി തങ്കച്ചൻ : മാർച്ചുമാസം ചോദിച്ചപ്പോഴും കണക്ക് കിട്ടിയിട്ടില്ലായെന്നാണ് മറുപടി പറഞ്ഞത്.

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ശരിയാണ്. വന്നിട്ടുള്ള കണക്കിനെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചു. വീട് നിർമ്മിച്ചതിന്റെയും റോഡിന്റെ കാര്യങ്ങളുമെല്ലാം പറഞ്ഞു. പ്രധാനമായും കിട്ടേണ്ടിയിരുന്നത് ഉൽപാദനരംഗത്തുള്ള കണക്കാണ്. അത് പൂർണ്ണമായിട്ടും കിട്ടിയിട്ടില്ല. വളരെ വേഗത്തിൽ കിട്ടാനുള്ള ഏർപ്പാട് ചെയ്യുന്നതാണ്. കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

ശ്രീ. പി.ജെ. ജോയി : ഇവിടെ പരാമർശിച്ച മറ്റൊരു കാര്യം നിയമവിരുദ്ധ സമിതികൾ എന്നുവരെ തുടരുമെന്നുള്ളതിനെ സംബന്ധിച്ചാണ്. അതുപോലെ ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നു വാങ്ങി കൊടുക്കുമെന്നുള്ളതും ഒന്ന് വിശദീകരിക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഈ രണ്ടു കാര്യങ്ങളും പറയാൻ വിട്ടു പോയതാണ്. ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനെ സംബന്ധിച്ച് പഞ്ചായത്തുകൾ ഫണ്ടിന്റെ തീരുമാനം എടുത്തതിനുശേഷം ഗവൺമെന്റിന് തന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുഴുവൻ മെഷീൻ ഒരുമിച്ചു വാങ്ങി കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. വിവിധ ഏജൻസികളിൽ നിന്ന് വാങ്ങിയാൽ അതിന്റെ സർവ്വീസിംഗ് ഒരു പ്രശ്നമാകും. ഒരു ജില്ലയിൽ അതിന് സഹായകരമായിട്ടുള്ള ഒരു കേന്ദ്രം സ്ഥാപിച്ചുകൊണ്ടുമാത്രമേ ഫലപ്രദമായി സ്ഥാപിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള ടെണ്ടർ പരസ്യം രണ്ടു ദിവസത്തിനകം വരും. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റൊന്ന് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് വിദഗ്ദ്ധ സമിതികളെക്കുറിച്ചാണ്. അതിനെ സംബന്ധിച്ച് കഴിഞ്ഞ വർഷം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പദ്ധതി തയ്യാറാക്കാനും അതിന്റെ സാങ്കേതികവശം പരിശോധിക്കാനുള്ള ആളുകൾ ഇല്ല എന്നുള്ളതുകൊണ്ടാണ് ഈ വിദഗ്ദ്ധ സമിതി രൂപീകരിച്ചത്. അത് അടിയന്തിരമായി പുനർവിന്യാസത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് എടുത്തു വരുന്നത്. ഏറിയാൽ രണ്ടു മാസത്തിനകം കേരളത്തിൽ പുനർവിന്യാസം നടത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതുവരെ വിദഗ്ദ്ധസമിതി തുടരും. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് സ്വീകരിക്കേണ്ടത് സ്വീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നും കൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII- നഗരവികസനം

സർവ്വശ്രീ കെ. ബാബു, കെ.എ. ചന്ദ്രൻ, ബി. വിജയകുമാർ, കെ.പി.എ. മജീദ്, ചെർക്കളം അബ്ദുള്ള, ടി.എം. ജേക്കബ്, പി.കെ. അബ്ദുറബ്ബ്, നാല കത്ത് സൂപ്പി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സുധാകരൻ, ഡൊമിനിക് പ്രസന്റേഷൻ, പി.പി. തങ്കച്ചൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ.സി. ജോസഫ്, വി. ജെ. പൗലോസ്, കെ. സി. വേണുഗോപാൽ, പി.ജെ. ജോയി, പി.ജെ. ഫ്രാൻസിസ്, പാലോട് രവി, ജോണി നെല്ലൂർ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചി ട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കു ന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ ..

പ്രതികൂലിക്കുന്നവർ

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ 65

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ബാബു ദിവാകരൻ
6. ശ്രീ. എൻ.ആർ. ബാലൻ
7. ശ്രീ. ടി.കെ. ബാലൻ
8. ശ്രീ. സി.പി. ബാലൻ വൈദ്യർ
9. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
10. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
11 ശ്രീ. വി.കെ. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
13. ശ്രീ. എം. ദാസൻ
14. ശ്രീ. പി.സി. ജോർജ്
15. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
16. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. ടി.കെ. ഹംസ
18. ശ്രീ. കെ.ഇ. ഇസ്മയിൽ
19. ശ്രീ. സി.എൻ. ജയദേവൻ
20. ശ്രീ. എം.വി. ജയരാജൻ
21. ശ്രീ. ജോസ് ബേബി
22. ശ്രീ. പി.ജെ. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
28. ശ്രീ. ഇ.കെ. നായനാർ
29. ശ്രീ. പി.കെ. കുമാരൻ
30 ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
31. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
32 ശ്രീ. സി.എ. കുര്യൻ
33. ശ്രീമതി ആർ. ലതാദേവി
34. ശ്രീ. ലോനപ്പൻ നമ്പാടൻ
35. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
36. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. സി.കെ. നാണു
39. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
40. ശ്രീ. പി. നാരായണൻ
41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീമതി എൻ.കെ. രാധ
44. ശ്രീ. കെ. രാധാകൃഷ്ണൻ
45. ശ്രീ. പി. രാഘവൻ
46. ശ്രീ. സി.കെ. രാജേന്ദ്രൻ
47. ശ്രീ. കെ.പി. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

52. ശ്രീ. ടി.കെ. രാമകൃഷ്ണൻ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. യു.എസ്. ശശി
55. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
56. ശ്രീ. സത്യൻ മൊകേരി
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമേനോൻ
60. ശ്രീ. പി.എസ്. സുപാൽ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ
65. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ 41

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി.ടി. അഹമ്മദ് അലി
5. ശ്രീ. ഇ.എം. അഗസ്തി
6. ശ്രീ. കെ. ബാബു
7. ശ്രീ. പി.കെ.കെ. ബാവ
8. ശ്രീ. കെ.എ. ചന്ദ്രൻ
9. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
10. ശ്രീ. പി.ജെ. ഫ്രാൻസിസ്
11. ശ്രീ. ജോർജ് ജെ. മാത്യു
12. ശ്രീ. ടി.എം. ജേക്കബ്
13. ശ്രീ. ജോണി നെല്ലൂർ
14. ശ്രീ. പി.ജെ. ജോയി
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം.എ കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. കെ.എം. മാണി
20. ശ്രീ. കെ. മുഹമ്മദാലി

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
22. ശ്രീ. എ.കെ. മണി
23. ശ്രീ. സി. മൊയിൻകുട്ടി
24. ശ്രീ. ആര്യാടൻ മുഹമ്മദ്
25. ശ്രീ. എം.കെ. മുനീർ
26. ശ്രീ. എം. മുരളി
27. കെ. നാരായണക്കുറുപ്പ്
28. ശ്രീ. ഉമ്മൻ ചാണ്ടി
29. ശ്രീ. വി.ജെ. പൗലോസ്
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
32. ശ്രീമതി റോസമ്മ ചാക്കോ
33. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
34. ശ്രീമതി ശോഭനാ ജോർജ്
35. ശ്രീ. നാലകത്ത് സൂപ്പി
36. ശ്രീ. കെ. സുധാകരൻ
37. ശ്രീ. പി.പി. തങ്കച്ചൻ
38. ശ്രീ. സി.എഫ്. തോമസ്
39. ശ്രീ. കെ.സി. വേണുഗോപാൽ
40. ശ്രീ. ബി. വിജയകുമാർ
41. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

സർവ്വശ്രീ കെ. ബാബു, കെ. എ. ചന്ദ്രൻ, ബി. വിജയകുമാർ, കെ. പി. എ. മജീദ്, ചെർക്കളം അബ്ദുള്ള, ടി. എം. ജേക്കബ്, സി. ടി. അഹമ്മദ് അലി, പി. കെ. അബ്ദുറബ്ബ്, കെ. സുധാകരൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡൊമിനിക് പ്രസന്റേഷൻ, സി. മൊയിൻകുട്ടി, പി. പി. തങ്കച്ചൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ. സി. ജോസഫ്, വി. ജെ. പൗലോസ്, കെ. കുട്ടി അഹമ്മദ് കുട്ടി, മാമ്മൻ മത്തായി, കെ. സി. വേണുഗോപാൽ, പി. ജെ. ജോയി, പി. ജെ. ഫ്രാൻസിസ്, പാലോട് രവി, ജോണി നെല്ലൂർ, പ്രൊഫ. സാവിത്രി ലക്ഷ്മ

LIBRARY ARCHIVES Kerala Legislative Assembly

ണൻ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി കെ. ആർ. ഗൗരിയമ്മ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് . . .

അനുകൂലിക്കുന്നവർ -

പ്രതികൂലിക്കുന്നവർ -

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 65

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. ബാബു ദിവാകരൻ
6. ശ്രീ. എൻ.ആർ. ബാലൻ
7. ശ്രീ. ടി.കെ. ബാലൻ
8. ശ്രീ. സി.പി. ബാലൻ വൈദ്യർ
9. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
10. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
11. ശ്രീ. വി.കെ. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
13. ശ്രീ. എം. ദാസൻ
14. ശ്രീ. പി. സി. ജോർജ്
15. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
16. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. ടി. കെ. ഹംസ
18. ശ്രീ. കെ.ഇ. ഇസ്മയിൽ
19. ശ്രീ. സി.എൻ. ജയദേവൻ
20. ശ്രീ. എം.വി. ജയരാജൻ
21. ശ്രീ. ജോസ് ബേബി
22. ശ്രീ. പി.ജെ. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ
28. ശ്രീ. ഇ.കെ. നായനാർ
29. ശ്രീ. പി.കെ. കുമാരൻ
30. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
31. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
32. ശ്രീ. സി.എ. കുര്യൻ
33. ശ്രീമതി. ആർ. ലതാദേവി
34. ശ്രീ. ലോനപ്പൻ നമ്പാടൻ
35. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
36. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. സി.കെ. നാണു
39. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
40. ശ്രീ. പി. നാരായണൻ
41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീമതി എൻ.കെ. രാധ
44. ശ്രീ. കെ. രാധാകൃഷ്ണൻ
45. ശ്രീ. പി. രാഘവൻ
46. ശ്രീ. സി. കെ. രാജേന്ദ്രൻ
47. ശ്രീ. കെ.പി. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. ടി. കെ. രാമകൃഷ്ണൻ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. യു.എസ്. ശശി
55. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
56. ശ്രീ. സത്യൻ മൊകേരി
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. പി.എസ്. സുപാൽ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ
65. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 43

1. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി.കെ.കെ. ബാവ
9. ശ്രീ. കെ.എ. ചന്ദ്രൻ
10. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
11. ശ്രീ. പി.ജെ. ഫ്രാൻസിസ്
12. ശ്രീ. ജോർജ് ജെ. മാത്യു
13. ശ്രീ. ടി.എം. ജേക്കബ്
14. ശ്രീ. ജോണി നെല്ലൂർ
15. ശ്രീ. പി.ജെ. ജോയി
16. ശ്രീ. ജി. കാർത്തികേയൻ
17. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
18. ഡോ. എം.എ. കുട്ടപ്പൻ
19. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
20. ശ്രീ. മാമ്മൻ മത്തായി
21. ശ്രീ. കെ.എം. മാണി
22. ശ്രീ. കെ. മുഹമ്മദാലി
23. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
24. ശ്രീ. എ.കെ. മണി
25. ശ്രീ. സി. മൊയിൻകുട്ടി
26. ശ്രീ. ആര്യാടൻ മുഹമ്മദ്
27. ശ്രീ. എം.കെ. മുനീർ
28. ശ്രീ. എം. മുരളി

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. കെ. നാരായണക്കുറുപ്പ്
30. ശ്രീ. ഉമ്മൻ ചാണ്ടി
31. ശ്രീ. വി.ജെ. പൗലോസ്
32. ശ്രീമതി രാധാ രാഘവൻ
33. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
34. ശ്രീമതി റോസമ്മ ചാക്കോ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീമതി ശോഭനാ ജോർജ്
37. ശ്രീ. നാലകത്ത് സൂപ്പി
38. ശ്രീ. കെ. സുധാകരൻ
39. ശ്രീ. പി.പി. തങ്കച്ചൻ
40. ശ്രീ. സി.എഫ്. തോമസ്
41. ശ്രീ. കെ.സി. വേണുഗോപാൽ
42. ശ്രീ. ബി. വിജയകുമാർ
43. ശ്രീ. കെ.പി. വിശ്വനാഥൻ

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	:	65
പ്രതികൂലിക്കുന്നവർ	:	43

നിക്ഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ഓർഡർ . . ഓർഡർ . . സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂൺ മാസം 30-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

അനുബന്ധം I

(29.6.99-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*180) ന്റെ ഉത്തരം കാണുക

1. ക്ലിനിക്കൽ ലബോറട്ടറി
2. അലോപ്പതി/ആയുർവേദ ക്ലിനിക്
3. ഫോട്ടോ/വീഡിയോ റിക്കാർഡിംഗ് സ്റ്റുഡിയോ
4. അപ്ഹോൾസ്റ്ററി യൂണിറ്റ്
5. ടൂറിസ്റ്റ് ടാക്സി കാർ

LIBRARY ARCHIVES Kerala Legislative Assembly